# ആദ്യഉടമ്പടി

JANATHA BOOKS
ERNAKULAM

മാത്യു.ജെ. പള്ളിത്താനം

## ശ്രീ. പള്ളിത്താനത്തിൻെറ മററു ചില പഠനങ്ങൾ

1 'കത്തോലിക്കരും സാമൂഹ്യപ്രവർത്തനവും'

''ക്രൈസ്തവ സാമൂഹിക ചിന്തയുടെ ഒരു സാക്ഷിപ്പവിശകലനം''

കെ. എം. ജോസഫ്
ദീപിക, കോട്ടയം

2 'ബൈബിളും ചില വസ്തുതകളും ഭാവരൂപങ്ങളും'

''ശാസ്ത്രീയമായി ബൈബിൾ പഠിക്കാനുള്ള കേരളസഭയുടെ ഉത്സാഹത്തിനു് ഒരു സാക്ഷി.''

സാമുവൽരായൻ എസ്. ജെ

''കേരളസഭയ്ക്കു് ശ്ലാഘനീയമായ സേവനം''

മോസ്റ്റ് റവ. ജോസഫ് കേളന്തറ

# ആദ്യഉടമ്പടി

## വാല്യം 1: ആദിമപിതാക്കൾ

NIHIL OBSTAT
Dr. Paul Kariamadam
Pontifical Seminary, Alwaye

IMPRIMATUR
† Mar George Punnakkottil
Bishop of Kothamangalam

JANATHA SERVICES
ERNAKULAM

# ആദ്യഉടമ്പടി വാല്യം 1

(ബൈബിൾ പഠനം)

മാത്യു ജെ. പള്ളിത്താനം

ആദ്യപതിപ്പ്: ഒക്ടോബർ 1982

കോപ്പികൾ: 1750

പകർപ്പവകാശം: ഗ്രന്ഥകർത്താവിന്

അച്ചടി: ജനതാ പ്രിൻറേഴ്സ്, ആലപ്പുഴ

പ്രസാധനം: ജനതാ സർവീസസ്, തേവര

വിതരണം: ജനതാ ബുക്ക്സ്റ്റാൾ
തേവര - എറണാകുളം - ആലുവ

വില രൂപ 15-00

M/220.82
PAL

ധനസഹായം: സഹൃദയ സർവ്വീസ് സൊസൈററി,
സി. എം. ഐ. പ്രോവിൻഷ്യൽ ഹൗസ്,
കളമശ്ശേരി

കല: രാജു

# ആദ്യഉടമ്പടി

## വാല്യം 1: ആദിമപിതാക്കൾ

ഗ്രന്ഥകർത്താവ്

മാത്യു ജെ. പള്ളിത്താനം

വിതരണം

ജനതാ ബുക്ക്സ്റ്റാൾ

തേവര

വില രൂപ 15-00

ACHARYA PAL... JEEVAS KENDRAM
LIBRARY
15829

## ഗ്രന്ഥകർത്താവിന്റെ ഏതാനും സുപ്രധാന പഠനങ്ങൾ;

1. Problems of the Catholic Church in Kerala-
   Forward Printers, Moovattupuzha. June 1961

2. Ecclesiastical Jurisdiction in Kerala-
   St. Antony's Press, Alleppey. July 1970

3. The Church and Education Struggle in Kerala-
   Vaidikamithram, Pattanakad. Aug: 1972

4. An Inter-continental Exodus-
   Journal Press, Alleppey. Feb: 1974

5. Articles in Vaidikamithram -
   Indian Liturgy — May 1969
   Clerical Celibacy — Oct: 1971
   The Church and Authority — June-July 1972

6. ഭൂനയവും കാർഷികപ്രശ്നങ്ങളും
   പി.എസ്.പി., കുട്ടനാട്ട താലൂക്കുകമ്മററി. ഏപ്രിൽ 1960

7. കൊട്ടിയൂർ പ്രക്ഷോഭണത്തിന്റെ പാഠങ്ങൾ
   അപ്നാദേശ്, കോട്ടയം. ഡിസംബർ 1961

8. ഭൂനിയമങ്ങൾ, പുതിയതും പഴയതും
   എ. കെ. സി. സി. ബുള്ളററിൻ. ജൂൺ 1963

9. കത്തോലിക്കരും സാമൂഹ്യപ്രവർത്തനവും
   സോഷ്യൽ അപ്പോസ്തലേററ് ലീഗ്, കോട്ടയം. ജൂൺ 1966

10. ബൈബിൾ, ചില വസ്തുതകളും ഭാവരൂപങ്ങളും
    ദീപിക ബുക്ക് ഹൗസ്, കോട്ടയം. ജൂലയ് 1971

11. യേശുക്രിസ്തു, വിരുദ്ധവീക്ഷണങ്ങളിൽ
    ജനതാബുക്ക്സ്റ്റാൾ, തേവര. നവംബർ 1978

12. അൽമായരും ക്രൈസ്തവദൗത്യവും
    ജനതാബുക്ക്സ്റ്റാൾ, തേവര. ഏപ്രിൽ 1982

# FOREWORD

*Fr. LUKE O. F. M. Cap., S. T. L., L. S. S., Ph. D. (Semitics)*

The first eleven chapters of the book of Genesis are generally known as prehistory: they purport to narrate the history of humanity in the span of time between its absolute beginnings at the moment of creation and the appearance of the patriarch Abraham on the scene of history. The chapters are quite fascinating, which is the reason why numerous studies of the section as a whole, or of individual items in the chapters, are appearing in the professional journals all over the world. Jews and Christians alike have published so many monographs and articles that it is altogether impossible for the individual specialist to go through all of them.

However, the first chapters of Genesis are full of difficulties, a fact that is openly avowed by professional scholars, and if these men have such an experience, one can easily imagine what will be the feelings of non-specialists as they open their Old Testament and start reading the book of Genesis. We know that some people close the Bible in disgust after they have read a few chapters, others are surprised at the old-fashioned, unscientific views regarding the origin of the world and man, still others get so frightened at the problems that they simply stop reading and thinking. In spite of all this we have to state that Gen. 1 - 11 is of paramount importance for our faith, and this part of the Scriptures must be read repeatedly and meditated upon in order that we may be able to draw from them nourishment for our spiritual life. To help the non-specialist to read this part of the Old Testament with profit and interest, and even enjoyment, there is need of books that are written in not too technical a style and offer accurate information. Mr. Pallithanam's "Adhya Utampadi, Part I" is a book that admirably answers the need of the times in the realm.

The author who is well known to the Catholic community needs no special introduction. Perhaps many people may not be aware that he, of his own initiative, has taken all the trouble to study biblical science, that he has given up all temporal occupations and work in order to devote all his time to the study of sacred sciences. Now he offers the Christian public of Kerala a fine synthesis of his studies dealing with Gen. 1-11 and its problems as well as the stories of the Patriarchs. Writing an exegetical work in Malayalam is something very difficult, but in spite of it Mr. Pallithanam has succeeded in producing a remarkably original work in our language, for which he deserves our gratitude and appreciation.

The auther gives a detailed exposition of the meaning of the sacred text, an expositicn that is technically accurate and is at the same time easily understandable to the non-specialist; it will help the readers to grasp the sense the sacred writer intends to convey. The meaning the inspired author wants to communicate to his readers, we must remember, is the very message of salvation that God communicates to us in and through. His Word-the Scriptures. I can say without the least exaggeration that Mr. Pallithanam has succeeded very well in highlighting the specific message of the opening chapters of the Bible.

The Bible is a book that is historically conditioned, and the Old Testament was composed by a group of people belonging to the Semitic family. Because of this the Semitic traditions of antiquity (which are known to us from the literatures of Mesopotamia and Cannan) have left a lasting imprint on the Old Testament; it must not be forgotten that Egyptian traditions too have exercised some sort of influence upon the sacred writers. Mr. Pallithanam has carefully discussed the non-biblical sources, clearly pointing out where they converge with, and where they diverge from the traditions of the people of Israel. His discussions on Enuma Elish, the Babylonian poem of creation, for example, should prove most fascinating to the reader.

Perhaps some readers may feel surprised and even scandalized at the modern way of interpreting Gen. 1-11, but they should bear in mind the fact that the conclusions specialists have arrived at are the result of careful study. Very often surprise and scandal are the outcome of ignorance, false notions regarding the Bible, or even prejudice, and if some of the statements in Mr. Pallithanam's book may appear startling to any reader, he should remember that they are made after deep study and mature deliberation.

In the West there are numerous laymen who are experts in theology, biblical science, etc., but uufortunately in India we do not have many people of that type, though in the Christian community there are eminent men who are experts in law, science, economics, and the like. Sacred sciences are not the monopoly of the clergy; they belong to the whole community of God's people, and though each and every member of the different Christian Churches may not be in a position to master them, the ideal is that they should be masters. Mr. Pallithanam has shown by his work how an educated and zealous layman can easily master the sacred sciences and make positive contributions in the field of biblical science. I congratulate him on the fine book he has written, and my advice to the faithful is "tolle et lege," "take and read." Reading alone is not enough: there is need of meditation and study. Every educated Christian in Kerala must procure for himself a copy of Mr. Pallithanam's book, and I can assure him that he will find it most fascinating. Finally I pray to God to bless our author, give him good health, help him to find joy in his work, and thus promote the cause of Christ and his Church.

Sd / Fr. LUKE.

Calvary Ashram,
Trichur - 680004.

# ഒരു ആസ്വാദനം

— ഷെവ. കെ. സി. ചാക്കൊ —
റിട്ട: പ്രൊ-വൈസ്ചാൻസലർ, കോഴിക്കോട്ട സർവ്വകലാശാല

ശ്രീ. മാത്യു പള്ളിത്താനത്തിൻെറ ''ആദ്യഉടമ്പടി'' എന്ന പുസ്തകം ഒന്നാംഭാഗത്തിൻെറ കയ്യെഴുത്തുപ്രതി വായിക്കുവാൻ എനിക്കവസരം ലഭിച്ചു. പഴയനിയമത്തിലെ ഉല്പത്തിഗ്രന്ഥം ഒരു വിമർശകൻെറ ദൃഷ്ടിയോടുകൂടി അതിൻെറ ചരിത്ര-സാംസ്കാരിക പശ്ചാത്തലത്തിലും രൂപാവിഷ്കരണപ്രക്രിയകളിലും പഠിച്ച് അതിൻെറ സത്ത പ്രകാശിപ്പിക്കുവാനാണ് ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കുക.

പഴയനിയമത്തിലെ സൃഷ്ടി, ജലപ്രളയം, സോദോം-ഗൊമേറയിലെ അഗ്നിവർഷം, ഗോത്രപിതാക്കന്മാരുടെ ജനന-മരണങ്ങൾ, ചെങ്കടലിൻെറ വിഭജനം, മന്നായുടെ പതനം തുടങ്ങിയ പല വിവരണങ്ങൾക്കും സൂചനാപരമായ (typical) വ്യാഖ്യാനങ്ങൾ നൽകിയാൽമതിയെന്ന് ചില ബൈബിൾ പണ്ഡിതർ പറയാറുണ്ട്. അങ്ങനെയുള്ള ഉപരിപ്ലവ സമീപനത്തേക്കാൾ ആഴമായി അവയുടെ വക്താക്കളെ ചരിത്രപരമായും സാംസ്കാരികമായും സ്വാധീനിച്ചിരിക്കാവുന്ന സ്വാഭാവിക സാഹചര്യങ്ങളെയുംകൂടി പര്യവേക്ഷണത്തിൽ ഉൾക്കൊള്ളിച്ചാണ് ശ്രീ പള്ളിത്താനം അവയെ പരാമർശിച്ചിരിക്കുക. മാത്രമല്ല, വിശ്വാസികൾക്ക് 'ദൈവവചനം' ആയ ഒരു ദിവ്യഗ്രന്ഥമാണ ബൈബിൾ എന്നനിലയ്ക്ക് സഭാശ്രേഷ്ഠന്മാരുടെ മാർഗ്ഗദർശനങ്ങൾ ആദരിച്ചും, ദൈവശാസ്ത്രപരവും ചരിത്രപരവും ശാസ്ത്രീയവും സാമാന്യജ്ഞാനസംബന്ധിയും ആയ മുപ്പത്തിയേഴോളം പ്രാമാണികഗ്രന്ഥങ്ങൾ സശ്രദ്ധം പഠിച്ചുമാണ് അദ്ദേഹം ഈ ഗ്രന്ഥത്തിനു രൂപം നൽകിയിരിക്കുന്നതെന്നും കാണുന്നു. അനന്യസാധാരണമായ പരിശ്രമത്തിൻെറ നേട്ടമാണ് അതെന്നും ശ്രദ്ധേയമാണ്.

വേദപുസ്തകപഠനവും സുവിശേഷഘോഷണവും വൈദിക—സന്യാസിവൃന്ദങ്ങളുടെ മാത്രം കാര്യമാണ് എന്ന സ്ഥിതിവിശേഷവും കാലഘട്ടവും കഴിഞ്ഞിരിക്കയാണ്. തികഞ്ഞ ഉത്തരവാദിത്വബോധത്തോടും സമർപ്പണബോധത്തോടും പക്വതയോടും ആ

ദൗത്യം ഏറ്റെടുക്കാൻ ഉൽബുദ്ധരായ അൽമായർ മുന്നോട്ടുവരുന്ന എന്നാണ് ശ്രീ പള്ളിത്താനത്തിന്റെ സംരംഭം സ്പഷ്ടമാക്കുക. ഇങ്ങനെ ത്യാഗോജ്ജ്വലമായ സേവനം നൽകാൻ മുന്നോട്ടുവരുന്ന വക്ക് സഭയിലും സമുദായത്തിലും വിവിധശ്രേണികളിലുള്ള ഘടകങ്ങളും വ്യക്തികളും അർഹമായ പ്രോത്സാഹനം നൽകുന്നുണ്ടോ? ശ്രീ പള്ളിത്താനത്തിന്റെ ഈ പഠനം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്താൻ അദ്ദേഹം എത്രനാൾ കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്? ഇതുപോലുള്ള ദൈവവിജ്ഞാനീയ പഠനങ്ങൾ സമൂഹം എത്രമാത്രം സ്വാഗതം ചെയ്യും? ഒട്ടും പ്രോത്സാഹനകരമല്ലാത്ത ഈ സാഹചര്യങ്ങളിൽ തീഷ്ണമായ ക്രിസ്തീയവിശ്വാസവും സുവിശേഷവൽകരണതൃഷ്ണയുമാണ് ശ്രമാവഹമായ ഈ യത്നത്തിന് ഗ്രന്ഥകാരനെ പ്രേരിപ്പിച്ചതെന്നു തീർത്തുപറയാം.

ഈ ഗ്രന്ഥരചനയിൽ സ്വീകരിച്ചിരിക്കുന്ന രീതിയും ആകർഷണീയമാണ്. അവശ്യം വേണ്ടിടത്തെല്ലാം വിശുദ്ധഗ്രന്ഥഭാഗങ്ങൾ അതേപടി നൽകിയും അല്ലാത്തിടത്തു സംഭവഘടനയ്ക്കുവിഘ്നം വരാത്തവിധം തന്മയത്വപൂർണ്ണമായി ബൈബിൾക്കഥകൾ വിവരിച്ചും അവയുടെ ഭാഷ്യങ്ങളിലേക്ക് അദ്ദേഹം വായനക്കാരുടെ ശ്രദ്ധ പിടിച്ചുപററുന്നു. അതിന്, ബൈബിൾ പ്രബോധകർക്ക് ആലംബമായിരുന്ന പാരമ്പര്യങ്ങൾ, ആ പ്രബോധനങ്ങളെ സ്വാധീനിച്ചിരിക്കാവുന്ന അന്യസങ്കല്പങ്ങൾ ഇതിഹാസ കഥകൾ മുതലായവ സന്ദർഭോചിതമായി അവതരിപ്പിക്കുന്നു. അങ്ങനെ, അജ്ഞാതനാമാക്കളായ വി: ഗ്രന്ഥകർത്താക്കൾ തങ്ങളുടെപ്രബോധനങ്ങളിൽ ഉന്നയിച്ച ദൈവികസന്ദേശം പ്രകാശിപ്പിക്കാൻ ഗ്രന്ഥകർത്താവു ശ്രമിക്കുന്നു. അവയുടെ ആനുകാലികസന്ദേശം അവിടവിടെ ''ആത്മദർശനം'' എന്ന ഉപശീർഷകങ്ങളിൽക്കൂടി സംഗ്രഹിച്ച് അവതരിപ്പിക്കയും ചെയ്യുന്നു. ഒരു നല്ല അദ്ധ്യാപകന്റെ സമീപനമാണിത്.

ഇതര മതദർശനങ്ങളും സാഹിത്യങ്ങളും 'ഉല്പത്തി' കർത്താക്കളെ എങ്ങനെ, എത്രമാത്രം സ്വാധീനിച്ചു എന്ന വസ്തുത ശ്രീ പള്ളിത്താനം പ്രതിപാദിക്കുന്നുണ്ട്. (അതിന്റെ ഏററവും നല്ല ഉദാഹരണമാണ് പ്രളയകഥയെ സംബന്ധിച്ച ഭാഗം). എന്നാൽ അതോടൊപ്പം അവരുടെ അന്യേതരമായ അദ്ധ്യാത്മിക ദർശനത്തിന്റെ ഉറവിടവും ശങ്കയെന്യേ എടുത്തുകാണിക്കുന്നു—അവരുടെ സത്യദർശ

നവും മതബോധനവും ദൈവാത്മപ്രേരണയാൽ നയിക്കപ്പെട്ടുകയും പരിരക്ഷിക്കപ്പെട്ടുകയും ചെയ്തിരുന്നു എന്നു്. ദൈവങ്ങളുടെ സ്പർദ്ധയും, സംഘട്ടനങ്ങളും അരാജകത്വവും അശ്ലീലതയും വിളിച്ചുപറയുന്ന കാനാന്യപുരാണങ്ങൾ എവിടെ? 'ഉണ്ടാകട്ടെ' എന്ന ഏകതിരുവചനത്താൽ സ്വന്ത നന്മയെ പങ്കുവച്ചുകൊണ്ടു് സമാധാനപരമായി പ്രപഞ്ചഘടകങ്ങൾക്കു് ആസ്തിക്യം നൽകുന്ന ബൈബിളിലെ പ്രഭാവപൂർണ്ണനായ ദൈവം എവിടെ? വിഷാദാത്മകരും ദോഷൈകദൃക്കുകളുമായ ഇരുപതാം നൂററാണ്ടിലെ തത്വചിന്തകരെയും സാഹിത്യകാരന്മാരെയും നിഷ്പ്രഭമാക്കിക്കൊണ്ടു് പഴയ നിയമകർത്താക്കൾ ജോബിൻെറ കഥയിൽ ദുഷ്ടതയുടെയും വേദനയുടെയും പ്രശ്നം അവതരിപ്പിച്ചു സമാധാനം നൽകുന്നതും, പ്രസംഗകനിൽ പ്രവചനം ചെയ്യപ്പെട്ടിരുന്നതും ക്രിസ്തുവിൽ അക്ഷരംപ്രതി നിറവേറിയതുമായ ''വേദനകളുടെ മനുഷ്യ''ൻെറ ചരിത്രം രചിക്കാനും ഒക്കെ ബൈബിൾ കർത്താക്കൾക്കു് എങ്ങനെ കഴിഞ്ഞു? അവർക്കു് ഈ വിവേകം—വിജ്ഞാനം—സിദ്ധി എവിടെനിന്നു ലഭിച്ചു? ഒരേയൊരുത്തരമേ ഉള്ളു—''വി: ഗ്രന്ഥം ദൈവനിവേശിതമാണു്. അതു സമകാലീനഭാഷയ്ക്കും സംസ്കാരത്തിനും പാരമ്പര്യത്തിനുംചേർന്ന വിധം രചിക്കുവാൻ വേണ്ട ജ്ഞാനവും പരിരക്ഷണവും തൽകർത്താക്കൾക്കു ദൈവം നൽകി.'' ഈ ഗ്രന്ഥം പഠിക്കുന്നവർക്കെല്ലാം അതു ബോദ്ധ്യമാകും.

ഉല്പത്തിഗ്രന്ഥവിവരണങ്ങളുടെ ചരിത്ര യാഥാർത്ഥ്യങ്ങളേയും ശ്രീ പള്ളിത്താനം അവശ്യം വിശകലനം ചെയ്യുന്നുണ്ടു്. ഉല്പത്തി 1 മുതൽ 11 വരെയുള്ള വിവരണങ്ങളെ സംബന്ധിച്ചു പൊന്തിഫിക്കൽ ബിബ്ളിക്കൽ കമ്മീഷൻെറ അഭിപ്രായം ഉദ്ധരിച്ചും, അനേകം ഉദാഹരണങ്ങൾ നൽകിയും ശ്രീ പള്ളിത്താനം ഉന്നയിക്കുന്ന നിഗമനം നോക്കുക:- ''ഏദൻവർണ്ണന, പ്രളയകഥ, ബാബേൽ സംഭവം മുതലായവയ്ക്കു ബാബിലോണ്യൻ പുരാണങ്ങളോടുള്ള സാമ്യത നാം കണ്ടു. സെമിററിക്ക്പുരാണങ്ങളിൽ മാത്രമല്ല, ഈജിപ്തിലും, സിറിയ, ഇറാൻ, ഇന്ത്യ, സൈബീരിയ തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിലും, ആസ്ട്രേലിയായിലും, യൂറോപ്പിലെ ഗ്രീക്ക്—ജർമ്മൻ — സ്ലാവ്വർഗ്ഗങ്ങളിലും താദൃശമായ പാരമ്പര്യകഥകൾ ഉണ്ടു്. ഇവയെല്ലാം ഒററതിരിഞ്ഞു് ഉടലെടുത്ത പ്രാദേശിക പാരമ്പര്യങ്ങളോ, അനുകൃതകഥകളോ അല്ല ഒരു പൊതുമൂലത്തിൽനിന്നു് ഉത്ഭവിച്ചിരിക്കാനാണു ന്യായം....അവയുടെ മൂല്യങ്ങളോടും യാഥാ

ത്ഥ്യങ്ങളോടും ഏററവും അടുത്തതും സംശുദ്ധവുമായ വിവരണങ്ങഠം ബൈബിളിലാണെന്നു് പണ്ഡിതലോകം നിഷ്കർഷിക്കുന്നു. എന്നാലും അവയുടെ ചരിത്രയാഥാത്ഥ്യങ്ങളല്ല, അദ്ധ്യാത്മികദൗത്യമാണു് മതവിശ്വാസികഠം മുന്നിൽ കാണേണ്ടതു്. ആദിമപിതാക്കഠം ഏദൻതോട്ടത്തിൽ കൃഷിചെയ്തുവോ, രണ്ടാംതലമുറക്കാർ നഗരങ്ങഠം നിർമ്മിച്ചുവോ, ഏഴാംതലമുറക്കാർ ലോഹത്തൊഴിലുകഠം ആരംഭിച്ചുവോ, പത്താം തലമുറയിൽ പ്രളയമുണ്ടായോ, പതിനഞ്ചാംതലമുറയിൽ ഭിന്നഭാഷകളും നാഗരികതകളും ഉത്ഭവിച്ചുവോ എന്നിത്യാദി വസ്തുതകഠംക്കല്ല പ്രസക്തി നൽകേണ്ടതു്. പ്രകൃതിയുടെയും ചരിത്രത്തിൻെറയും നിയാമകശക്തി എന്തു്? ലക്ഷ്യവും അത്ഥവും എന്തു് എന്നതാണു് ബോധനമൂല്യം. അതു സാക്ഷാത്കരിക്കുന്ന യഥാർത്ഥചരിത്രമാണു് ഇനി ബൈബിളിൽ നാം കാണുക''. ഇതേത്തുടന്നു് ക്രമാനുസരണം ലിഖിതചരിത്രരേഖകളുടെ വെളിച്ചത്തിൽ സംശയാതീതമായവിധം പല കഥാപാത്രങ്ങളുടെയും യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ സ്ഥാപിക്കപ്പെടുന്നു.

പഴയ നിയമത്തിൻെറ പ്രതിപാദനസ്വഭാവം അതു മുഴുവൻ വായിക്കാനും പഠിക്കാനും അതിൻെറ ചൈതന്യം ഉഠംക്കൊള്ളുവാനും പലക്കും അസാദ്ധ്യമാകുന്നു. ഈ ''ആദ്യഉടമ്പടി''പോലുള്ള നല്ല ഭാഷ്യങ്ങഠം ആ ക്ലിഷ്ടത ഒഴിവാക്കും: ''ദൈവവചനം'' അനുഭവസ്ഥമാക്കുവാനും വളരെ സഹായകമാകും. ശ്രീ പള്ളിത്താനത്തിൻെറ സാഹസികവും ദൈവഭക്തിപ്രകർഷകവും പ്രചോദനാത്മകവുമായ ഈ സംഭാവനയ്ക്കു ദൈവംതന്നെ പ്രതിഫലം നൽകട്ടെ.

കെ. സി. ചാക്കൊ (ഒപ്പു്)

# അഭിനന്ദനം! ആശംസ!

– റവ: ഡോ: പോൾ കാര്യാമഠം V. C , S. T. L., D. S. S. –
(പ്രൊഫസർ, പൊന്തിഫിക്കൽ സെമ്മിനാരി, ആലുവ)

പഞ്ചഗ്രന്ഥിയിലെ ആദ്യത്തെപുസ്തകമായ 'ഉൽപത്തി'യുടെ ഒരു വിശകലനമാണ് ശ്രീ. മാത്യു പള്ളിത്താനത്തിൻെറ ''ആദ്യ ഉടമ്പടി'' (ഒന്നാംഭാഗം). ഒരു അൽമായ ഗ്രന്ഥകാരൻെറ തീവ്ര തപസ്യയുടെ ഫലമെന്ന നിലയിൽ ഈ ഗ്രന്ഥം അഭിനന്ദനാർഹം തന്നെ. ഉൽപത്തിപുസ്തകത്തെക്കുറിച്ച് മലയാളഭാഷയിൽ ശാസ്ത്രീയമായ ഒരു വ്യഖ്യാനം ഇല്ല എന്ന വിടവു ശ്രീ. പള്ളിത്താനം നികത്തിയിരിക്കുന്നു എന്നതിലും ഏവർക്കും അഭിമാനിക്കാം.

ഉല്പത്തിപുസ്തകം ബോധപൂർവ്വം വായിക്കുന്നവർക്ക് ഒട്ടേറെ സംശയങ്ങളും ചിന്താക്കുഴപ്പവും ഉണ്ടാകും. ഈ ആദ്യഉടമ്പടി അവ വളരെ പരിഹരിക്കും. ബൈബിൾ പാരായണത്തിൽ ആനന്ദം കണ്ടെത്തേണ്ടതു് എങ്ങനെയെന്ന ഗ്രന്ഥകാരൻ നമുക്കു കാണിച്ചു തരുന്നു. മദ്ധ്യ–പൂർവ്വദേശത്തെ പുരാതന മതസാഹിത്യത്തിൻെറ വെളിച്ചത്തിൽ പഴയനിയമത്തിലെ പല വിവരണങ്ങളും പരിശോധിക്കുമ്പോൾ അവ പൂർവ്വോപരി സുഗ്രാഹ്യങ്ങളായി തീരുന്നു. ബാബിലോണ്യൻ – കാനാന്യപുരാണങ്ങളിൽനിന്നു ബൈബിൾ പ്രബോധനങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നെന്നു് ഗ്രന്ഥകാരൻ സ്പഷ്ടമാക്കുന്നുണ്ട്. ദൈവവിജ്ഞാനീയവും ശാസ്ത്രവിജ്ഞാനീയവും ഭംഗിയായി സമന്വയിച്ച് പരിണാമസിദ്ധാന്തം, മൊണോജനിസം, പോളിജനിസം, ഉത്ഭവപാപം, വെളിപാടുകളുടെ മനശാസ്ത്രം, ബൈബിളിൻെറ ചരിത്രസ്വഭാവം എന്നിങ്ങനെ പല വിഷയങ്ങൾ സന്ദർഭോചിതം ലളിതമായി വിശദീകരിച്ചിരിക്കുന്നതു് വായനക്കാർക്ക് ആസ്വാദ്യകരമാകും. അദ്ധ്യാത്മികവിചിന്തനത്തിനും പരിപോഷണത്തിനും പഠനത്തിനും പ്രചോദകമാണ് അവസരോചിതമായ ''ആത്മദർശന''ങ്ങൾ. ഇവയെല്ലാം ശ്രദ്ധാപൂർവ്വം പാരായണം ചെയ്യുന്നവർ ''പുതിയ ഉടമ്പടി''യിലും ''പുതിയ നിയമ''ത്തിലും അനുദിനം വളരുമെന്നതിനും സംശയമില്ല.

ഈ സദുദ്യമത്തിൽ ശ്രീ. പള്ളിത്താനത്തിന് ഹൃദയംഗമമായ അഭിനന്ദനം നേരുന്നു – ഈ ആദ്യ ഉടമ്പടിക്കു് പ്രചുരപ്രചാരവും ആശംസിക്കുന്നു.

ആലുവ, ഡോ: പോൾ കാര്യാമഠം
17–10–1982. (ഒപ്പ്)

# ആമുഖം

ക്രിസ്തീയജീവിതത്തിന്റെ പ്രമാണരേഖയാണു ബൈബിൾ. ''കർത്താവ് ദൈവം പറയുന്നു'', ''ഇതു കർത്താവിന്റെ അരുളപ്പാട്''' എന്നിങ്ങനെ @ 240 ഉദ്ധരണികൾ പഴയ ഉടമ്പടിയിൽ നമുക്കു കാണാം. പുതിയ ഉടമ്പടിയിലാകട്ടെ സുവിശേഷങ്ങളിൽ നല്ലൊരു ഭാഗം അവതരിച്ച ദൈവപുത്രനായ ക്രിസ്തുവിന്റെ പ്രഭാഷണങ്ങളും ആണല്ലോ! അങ്ങനെ ബൈബിൾ ഒന്നാകെ ''ദൈവവചനം'' ആയി ക്രൈസ്തവചരിത്രാരംഭം മുതൽ ക്രൈസ്തവസഭകളെല്ലാം ആദരിച്ചുപോന്നിട്ടുണ്ട്. ആ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിലിൽ സമ്മേളിച്ച 2344 കത്തോലിക്കാ സഭാദ്ധ്യക്ഷന്മാർ ഒത്തൊരുമിച്ച് അഭൂതപൂർവ്വമായൊരു പ്രഖ്യാപനം നടത്തി: സഭ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെതന്നെ ദൈവികലിഖിതങ്ങളെയും എക്കാലത്തും വണങ്ങിയിട്ടുണ്ട്-ക്രിസ്തുവിന്റെ തിരുശരീരംപോലെതന്നെ ദൈവവചനവും ജീവന്റെ ഭോജനം ആകുന്നു-എന്ന്.

ബൈബിൾ (ദൈവവചനം) ക്രിസ്തുവിന്റെ തിരുശരീരത്തിനു സമാനമാകുന്നതെങ്ങനെ? സർവ്വാധിനാഥനായ ദൈവത്തിന്റെ അപരിമേയപ്രഭാവത്തിൽ നിഷ്ഠമായ അല്പം പരിചിന്തനം ഇവിടെ നമുക്കാവശ്യമാണ്. ബൈബിളിൽത്തന്നെ നമുക്കു കാണാം-''വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്-പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചതാണ്''(2). വത്തിക്കാൻ കൗൺസിൽ രേഖയിൽ ഈ വിശ്വാസം ദൃഢമായി ആവർത്തിച്ചുകൊണ്ട് (3) സഭാദ്ധ്യക്ഷസമൂഹം പറയുന്നു-''വിശുദ്ധലിഖിതങ്ങളിൽ മനുഷ്യർ വഴിയായി മനുഷ്യഭാഷയിൽ ദൈവം സംസാരിക്കുന്നു'' (4). മനുഷ്യവചനത്തിന്റെ ധർമ്മങ്ങളിലൂടെ ദൈവവചനത്തിന്റെ ധർമ്മങ്ങൾ സമൂ

---

(1) ''ദൈവാവിഷ്കരണം'' — 6-21.

(2) II തിമോ: 3-16, II പീറ്റർ 1-20. (ഈ പരിശുദ്ധാത്മപ്രചോദനത്തെ സംബന്ധിച്ച സവിസ്തരമായ ഒരു പഠനം ''ബൈബിൾ ചിലവസ്തുതകളും ഭാവരൂപങ്ങളും'' എന്ന പഠനത്തിൽ [1971 - ദീപികബുക്ക്ഹൗസ്, കോട്ടയം. പേജ് 62-76] നൽകിയിട്ടുണ്ട്)

(3) ദൈവാവിഷ്കരണം 3-11

(4) ദൈവാവിഷ്കരണം 3-12

ത്തമായിത്തീരുന്ന പ്രതിഭാസമാണ്‌ ബൈബിൾ. മനുഷ്യവചനത്തിനാകട്ടെ രണ്ടു സുപ്രധാന ധർമ്മങ്ങളാണുള്ളത്‌, ഒന്ന്‌—ആത്മപ്രകാശനം, രണ്ട്‌—ആത്മദാനം. അവതന്നെയാണ്‌ ദൈവവചനം നിർവ്വഹിക്കുന്ന ധർമ്മങ്ങൾ—ദൈവാത്മപ്രകാശനവും ദൈവാത്മദാനവും. കർത്താവായ ദൈവത്തിന്റെ സ്വാത്മപ്രകാശനവും സ്വാത്മദാനവും മനുഷ്യഭാഷയോടു താദാത്മ്യം പ്രാപിച്ച നിഗൂഢയാഥാർത്ഥ്യമാണ്‌ ബൈബിൾ. അതേ ദൈവാത്മപ്രകാശനവും ദൈവാത്മദാനവും മാംസ—രക്തങ്ങളോടു താദാത്മ്യം പ്രാപിച്ച പരമയാഥാർത്ഥ്യമാണ്‌ ക്രിസ്തു! അതിനാലത്രെ ക്രിസ്തുവിന്റെ തിരുശരീരം പോലെ ദൈവവചനവും ജീവന്റെ ഭോജനമായിത്തീരുക.

പക്ഷെ നൂററാണ്ടുകൾക്കുമുമ്പ്‌ എബ്രായജനതയുടെ ചരിത്ര—സാംസ്കാരിക ഗതിവിഗതികളിൽ തലമുറകൾ തുടരെ എബ്രായഭാഷയിൽ അലിഞ്ഞുചേർന്ന പ്രക്രിയയിലൂടെയാണു ദൈവചനം ഭാവരൂപങ്ങൾ പൂണ്ടതു്‌ എന്നു നാം മനസിലാക്കിയിരിക്കണം-പൗരാണിക എബ്രായഗോത്രപിതാക്കൾക്കു്‌ ആ ദൈവാത്മപ്രകാശനവും ദൈവാത്മദാനവും സിദ്ധിച്ചു എങ്കിൽ അതു സമകാലീനർക്കു പങ്കുവയ്ക്കുവാൻ തങ്ങൾക്കും അവർക്കും സ്വായത്തവും സുപരിചിതവും ആയ ആശയങ്ങളിലും ഭാഷാരൂപങ്ങളിലും കൂടെയല്ലാതെ മററെങ്ങനെ കഴിയുമായിരുന്നു? ഈജിപ്തിൽനിന്ന്‌ ഇസ്രായേലിനെ മോചിപ്പിക്കുവാനും അവക്കു പ്രമാണങ്ങൾ നൽകുവാനും മോശക്കു്‌ ദൈവാനുഭവം പ്രേരകമായെങ്കിൽ ആ ദിവ്യാനുഭൂതി സമകലീനക്കു കൈമാറുവാൻ മോശക്കും മറെറങ്ങനെ കഴിയുമായിരുന്നു? തുടരെ, പ്രവാചകർക്കും പ്രഭാഷകർക്കും, അവതരിച്ച ദൈവപുത്രനായ യേശുവിനുപോലും, താന്താങ്ങളുടെ ചരിത്ര—സാംസ്കാരിക പരിമിതികളിൽ ഉൾച്ചേർന്നു നിന്നല്ലാതെ ദൈവാനുഭവം പങ്കുവയ്ക്കാനും പ്രബോധനങ്ങൾ നൽകാനും കഴിയുമായിരുന്നോ? രൂപഭദ്രതപൂണ്ട ഒരേയൊരു സനാതനഭാഷയാണ്‌ ഗോത്രപിതാവ്‌ അബ്രാഹത്തിന്റെ കാലം മുതൽ ക്രിസ്തുവരെ ഉണ്ടായിരുന്ന ഭാഷാമാധ്യമം എന്നു കരുതാൻ പഴുതില്ല.

മറെറാന്നു്‌: ലിഖിത ഭാഷ വിരളമായിരുന്ന കാലഘട്ടമായിരുന്നു അതെന്നും നാം ഓർക്കണം. തലമുറകൾ തുടരെ വാചികപാരമ്പര്യങ്ങളായേ ഏതു വിജ്ഞാനവും കൈമാറാനാവുമായിരുന്നുള്ളു. പ്രാചീന-സമകാലീന-മതസാഹിത്യങ്ങളുടെയെല്ലാം ഇതിഹാസഭാവങ്ങളും വക്താക്കളുടെ വ്യക്തിത്വവും ആ പ്രക്രിയയിൽ

ഉടനീളം കലരുക സ്വാഭാവികമായിരുന്നില്ലേ ? ലിഖിതഭാഷയുടെ വളർച്ചയിൽ ആ വാചികപാരമ്പര്യങ്ങൾ രചിച്ച ചേർത്തവരും പകർപ്പുകാരും പരിഭാഷകരും തെററുകളും ഭേദഗതികളും മിനുക്കു പണികളും വരുത്തിയിരിക്കയില്ലേ ? ആ കാലദേശാവസ്ഥകളിൽ നിന്നെല്ലാം മനുഷ്യവർഗ്ഗം എത്രമാത്രം അകന്നുപോന്നിരിക്കുന്നു! ഭാഷയിലും ആശയഗതികളിലും ചിന്താമാതൃക (thought patterns) കളിലും ഒക്കെ എത്രയേറെ മാററങ്ങൾ വന്നിരിക്കുന്നു!

ബൈബിൾ പഠനത്തിൽ അവശ്യം ബഹുമുഖ വിമർശനാത്മകമായ ഒരു സമീപനം കഴിഞ്ഞ നൂററാണ്ടിൻെറ അന്ത്യദശകളിലാണ് ആരംഭിച്ചതെന്നു ഏറെക്കുറെ പറയാം. പ്രോട്ടസ്റ്റൻറ് പണ്ഡിതരാണ് അതിനു മുൻപന്തിയിൽ നിന്നിരുന്നതെന്നും സമ്മതിക്കണം. ശാസ്ത്രീയ നിരൂപണം (scientific criticism), ചരിത്രനിരൂപണം (historic criticism), സാഹിത്യ നിരൂപണം (literary criticism), ഗ്രന്ഥ നിരൂപണം (textual criticism), മൂല നിരൂപണം (source criticism), രൂപനിരൂപണം (form criticism) എന്നിങ്ങനെ വിവിധ നിരൂപണ ശാഖകളിലൂടെ അവർ ചംക്രമണം ചെയ്തു കാടുകയറുന്നു എന്ന ഭീതിയാൽ വിശ്വാസ സംരക്ഷണാർത്ഥം വളരെ കരുതലോടുകൂടി നിരുത്സാഹപരമായ ഒരു സമീപനമാണ് ഈ നൂററാണ്ടിൻെറ ആദ്യ മൂന്നു ദശകത്തോളം കത്തോലിക്കാ സഭാദ്ധ്യക്ഷമണ്ഡലം പുലർത്തിയതെന്നും സമ്മതിക്കണം. പക്ഷെ ആ നിരൂപണശാഖകളെയെല്ലാം സമന്വയിച്ചുകൊണ്ടു് ദൈവവചനത്തിൻെറ ജീവൻ നുകരുവാനുള്ള തീവ്രയത്നങ്ങളിൽ സഭയുടെ സന്താനങ്ങൾ വ്യാപൃതരും ആയിരുന്നു. അതിന് അംഗീകാരവും പ്രോത്സാഹനവും നൽകുവാൻ ക്രമേണ സഭാനേതൃത്വം പ്രേരിതമാകുകയും ചെയ്തു. ബൈബിൾ സൂക്തങ്ങളുടെ സൂക്ഷ്മഭാവം ഗ്രഹിക്കുവാൻ ചരിത്ര പടുക്കളുടെയും ശാസ്ത്ര–സാഹിത്യ പണ്ഡിതരുടെയും ഭാഷാപണ്ഡിതരുടേയും ഉററപരിശ്രമവും പഠനവും കൂടിയേതീരൂ, അതിനു സഹായകമായി അവയെ വിശകലനം ചെയ്തും വിവേചിച്ചും കത്തോലിക്കാ ബുദ്ധിജീവികൾ വഴികാട്ടുകതന്നെ വേണം എന്നു് പീയൂസ് 12–ാം പാപ്പ 1943–ൽ (ദിവിനോ അഫ്‌ലാന്തെ സ്പിരിത്തു) പച്ചക്കൊടി പറത്തി. അതേത്തുടർന്നു പാശ്ചാത്യ കത്തോലിക്കാ ലോകത്തിൽ ബൈബിൾ പഠനത്തിലുണ്ടായ നേട്ടങ്ങൾ വിസ്മയനീയമാണ്. കേരളത്തിലോ?

സുരക്ഷിതമായും ഫലപ്രദമായും വിശുദ്ധലിഖിതങ്ങളുടെ അരൂപി സ്വാംശീകരിക്കത്തക്കവിധം മതിയായ ഭാഷ്യങ്ങളോടു കൂടിത്തന്നെ വിശുദ്ധഗ്രന്ഥം വിശ്വാസികൾക്ക്, അക്രൈസ്തവർക്കു പോലും, നൽകുവാൻ മെത്രാന്മാർക്കുള്ള ബാദ്ധ്യതയെ രണ്ടാം വത്തിക്കാൻ ഊന്നിപ്പറഞ്ഞിട്ടുണ്ട് (5). അതിനുശേഷം ഒരു ദശകമെങ്കിലും പിന്നിട്ടശേഷമാണ് ബൈബിൾ പ്രേഷിതത്തിൽ ഇവിടെ എന്തെങ്കിലും ഉണർവ്വ് ഉണ്ടായിരിക്കുക, ബൈബിൾ പഠനത്തിന് സെമ്മിനാരികളിൽ പോലും താരതമ്യേന അവശ്യം വേണ്ടത്ര പ്രാധാന്യം ഇന്നും നൽകപ്പെട്ടിട്ടുണ്ടെന്നു പറയാനാവില്ല. വിരലിലെണ്ണാൻ മാത്രം മാസികകൾ ബൈബിൾ ഭാഷ്യത്തിൽ പ്രത്യേകം ദത്തശ്രദ്ധമാണ്. എന്നാൽ കത്തോലിക്ക സമുദായത്തിൽ വേണ്ടത്ര സാമ്പത്തികശേഷിയുള്ള ഉന്നതശ്രേണിയിലുള്ളവർക്കല്ലാതെ അവയ്ക്കു വരിക്കാർ ആകാൻ സാദ്ധ്യമല്ല. അവരാകട്ടെ പൊതുവെ അതിലൊന്നും ഉത്സുകരല്ലതാനും. സഭയിലെ ദരിദ്രലക്ഷങ്ങൾക്കു ദൈവവചനം നിരന്തര ജീവാനുഭവമാകുവാൻ മുഖ്യ ഉപാധി അൾത്താരകളിലെ വചനപ്രഭാഷണങ്ങളാണ്. അതാകട്ടെ പൊതുവെ വിരസതയുളവാക്കുന്ന വിധമാണ് കൈകാര്യം ചെയ്യപ്പെടുക.

ഇത്ര ജാഗ്രത്തായ ഒരവബോധത്തോടു കൂടിയാണ് വിശുദ്ധഗ്രന്ഥത്തിലെ പ്രശ്നസങ്കീർണ്ണമായ 'പഞ്ചഗ്രന്ഥി' യെക്കുറിച്ചു ഒരു പഠനം നടത്താനും അതു ഗ്രന്ഥരൂപത്തിൽ ചമച്ചൊരുക്കാനും ഈ ഗ്രന്ഥകാരൻ ഉദ്യമിച്ചതെന്ന് അവകാശപ്പെടുന്നില്ല. സാഹചര്യങ്ങളിൽക്കൂടി ദൈവാരൂപി അതിലേക്കു നയിച്ചു. ദൈവവചനത്തിന്റെ ജീവനും മാധുര്യവും ഒന്നിനൊന്നു നുകരുവാനും ദൈവമക്കൾക്കു പങ്കുവയ്ക്കുവാനും ഈയുള്ളവനു കൃപചൊരിഞ്ഞ പരമകാരുണികനു സ്തോത്രം നേരുന്നു. അതിനു വഴിതെളിച്ച ചില വചനശുശ്രൂഷകരെ— പരേതനായ തിരുവനന്തപുരം ബിഷപ്പ് ഡോ. പി. ബി. പെരേര, നാഷനൽ ബിബ്ളിക്കൽ സെൻററിന്റെ മുൻ ഡയറക്ടർ റവ: ഡി. എസ്. അമലോർപവദാസ്, വടവാതൂർ സെമ്മിനാരി മുൻ ഡയറക്ടർ റവ: മോൺ. സഖറ്യാസ് വാഴപ്പള്ളി, വാഗമൺ കുരിശുമാല ആശ്രമശ്രേഷ്ഠൻ റവ: ഫ്രാൻസീസ് ആചാര്യ, ജീവധാരയുടെ എഡിറ്റർ റവ: കോൺസ്റ്റൻറയിൻ മണലേൽ,

(5) ദൈവവചനം 6-25

ചേർത്തല പട്ടണക്കാട്ട് റവ: ഫാ: വർഗീസ് ചാത്തപ്പറമ്പിൽ എന്നീ വന്ദ്യ പുരുഷന്മാരെ— ആദരവായ്പോടെ അനുസ്മരിക്കുകയും ചെയ്യുന്നു.

ഈ ആദ്യ ഉടമ്പടിയുടെ രണ്ടു വാല്യങ്ങളും, അഞ്ഞൂറിലധികം പേജുകൾ വരുന്ന കയ്യെഴുത്തുപ്രതി, ക്ഷമാപൂർവ്വം പരിശോധിച്ചും തിരുത്തിയും അവതാരികകളെഴുതിയ പ്രഗത്ഭ പണ്ഡിതനും സ്നേഹ നിധിയുമായ ലൂക്ക് അച്ചനോടുള്ള കടപ്പാട് അവാച്യമാണ്. ഈ ഒന്നാം വാല്യത്തിനു ഷെവ: ശ്രീ. കെ. സി. ചാക്കോയുടെ ആസ്വാദനവും ഉററ കൃതജ്ഞതയർഹിക്കുന്നു. ഇതു ഭംഗിയായി അച്ചടിച്ചുതന്ന ആലപ്പുഴ ജനതാപ്രസ്സ് ഉടമയോടും, സ്റ്റാഫിനോടും അകൈതവമായ നന്ദിയും രേഖപ്പെടുത്തുന്നു.

രാഷ്ട്രപിതാവായ ഗാന്ധിജി വിശുദ്ധഗ്രന്ഥത്തെക്കുറിച്ച് 62 വർഷം മുമ്പ് പറഞ്ഞതു് അനുസ്മരിച്ചാൽ ക്രൈസ്തവരായ നമുക്ക് വിശുദ്ധഗ്രന്ഥത്തോടുള്ള പ്രതിപത്തിയെക്കുറിച്ച് ലജ്ജി ക്കേണ്ടതായി വരും. ഗാന്ധിജി പറഞ്ഞു: ''ബൈബിൾ! ഏതു വഴിയിലേക്കു തിരിയണമെന്നു് എനിക്കു് അറിയാൻ വയ്യാത്ത പല ഘട്ടങ്ങളുമുണ്ടായി. എന്നാൽ ഞാൻ ബൈബിളിലേക്ക്— പ്രത്യേകിച്ച് പുതിയ ഉടമ്പടിയിലേക്ക്— തിരിയുകയും ശക്തി നേടുകയും ചെയ്തിട്ടുണ്ടു്...ബൈബിൾ പാരായണം എനിക്കു നിർ വൃതിനൽകുന്നു... ബൈബിളിനെ ഞാൻ വണങ്ങുന്നു... ക്രിസ്തു വിൻെറ ഗിരിപ്രഭാഷണം എനിക്കു സുഷുപ്തി (bliss) നൽകുന്നു. ആ മധുരോക്തികൾ ഇന്നും എൻെറ ആത്മവേദന പരിഹരിക്കാൻ ശക്തമായിരിക്കുന്നു'' (6). ബൈബിളിലെ അത്യന്തം സങ്കീർ ണ്ണവും പ്രശ്നജനകവുമായ വിവരണങ്ങളാണ് പഞ്ചഗ്രന്ഥിയിൽ ഉള്ളവ. അവയിൽ അന്തർലീനമായ ജീവാമൃതം നുകർന്നു് ആത്മനിർവൃതി ഉൾക്കൊള്ളുവാൻ ഈ പഠനം ഏവർക്കും സഹായ കമാകട്ടെയെന്ന പ്രാർത്ഥനയോടുകൂടി ഇതു് സഹൃദയസമക്ഷം സമർപ്പിക്കുകയാണ്.

ഗ്രന്ഥകർത്താ.

(6) യംഗ്ഇൻഡ്യ 25-2-1920, നവജീവൻ 31-10-1920 & 29-12-1920

# ഉള്ളടക്കം

പേജ്

**FOREWORD** V

ആസ്വാദനം VIII

അഭിനന്ദനം XII

ആമുഖം XIII

## പ്രാക്തനചരിതം

1 പ്രപഞ്ചസൃഷ്ടി: ഉല്പ: 1-2 4 പഞ്ചഗ്രന്ഥി, ശാസ്ത്രവസ്തുതകൾ, സെമിററിക്ക് സാഹിത്യം, പുരാണകഥകൾ, ബോധനമൂല്യങ്ങൾ, ആത്മദർശനം 5

2 ആദ്യമനുഷ്യർ: ഉല്പ; 2 7-25 ബോധനപാരമ്പര്യങ്ങൾ, മണ്ണിൽ നിന്നു്, വാരിയെല്ലിൽ നിന്നു്, ഏകപിതാവോ, ഭൗമികസ്വർഗ്ഗം, ആത്മദർശനം 14

3 പാപവും ശിക്ഷയും: ഉല്പ 3. 1-24. പ്രതിലോമശക്തി, സർപ്പവും കെരുബും, വൃക്ഷഫലം, ഉത്ഭവപാപം, ശിക്ഷയോ രക്ഷയോ, ആത്മദർശനം 25

4 സോദരവധം: ഉല്പ. 4.1-26 മരുഭൂമിയിലെ കൊല, അഭിനവകായേന്മാർ, പ്രാചീനചരിത്രം, ആത്മദർശനം 36

5 ജലപ്രളയം: ഉല്പ. 6-9 25. രക്ഷകസൂചനം, ഐതിഹാസിക വർണ്ണന, മൂലകഥ, നോഹിൻെറ അന്ത്യം, ആത്മദർശനം 43

6 ബാബേലിലെ ഗോപുരം: ഉല്പ. 11 2-9 വിവിധ ജനതകൾ, നാഗരികതയിലേക്കു്, ദൈവങ്ങളുടെ പടിവാതൽ. ആത്മദർശനം 51

## തെരഞ്ഞെടുപ്പിൻെറ മുഖവുര

7 ഊരിൽനിന്നു്: ഉല്പ: 11.10-32. ചരിത്രയുഗത്തിലേക്കു്, ഗോത്രപിതാവു്, ഊർനഗരം 58

8 വാഗ്ദാനഭൂമി: ഉല്പ: 12.1-20. യാവെയുടെ വിളി, ശേഖേം, നെഗേബ്, കാനാൻ ദേശം 64

9 നീതിമാൻെറ സമ്പാദ്യം: ഉല്പ: 13.1-18. വീണ്ടും ദർശനം, നീതിയുടെ നേട്ടം, സൗഭാഗ്യകേന്ദ്രം 74

10 രക്ഷയുടെ മുന്നോടി: ഉല്പ; 14.1-24. കലാപഘട്ടം, കഥാമൂലം, പഞ്ചനഗരങ്ങൾ, മോചനകർത്താക്കൾ 78

11 ദാസീപുത്രൻ: ഉല്പ: 16.1-16. ബഹുഭാര്യത്വം 84

12 രക്താർപ്പണം: ഉല്പ: 17 1-27. പരിച്ഛേദനം, വെളിപാടുകളുടെ മനശ്ശാസ്ത്രം 87

13 അതിഥിപൂജ: (ഉല്പ: 18-) 102

14 പുത്രബലി: ഉല്പ: 22.1-19. വിശ്വാസികളുടെ പിതാവ് 106

15 നിത്യശാന്തി: സാറായുടെ മരണം, ഇസഹാക്കിന്റെ വിവാഹം, നിത്യനിദ്ര, ഹിത്യന്റെ ഗുഹ 109

## സോദരദ്വന്ദികൾ:

16 ഇരട്ടകളുടെ വിക്രയം: ഉല്പ; 25 28-34 ഭാഗ്യദാനം 115

17 ആരണ്യനഗരം; ഉല്പ; 25.24-31. കാനാന്യമിത്രം, ബെർശേബ, എബ്രായരുടെ സത്യങ്ങൾ 119

18 യാക്കോബിന്റെ വിടുതി; (ഉല്പ; 28-30 ) വേർപാട്, ബഥേൽ, രണ്ടു ഭാര്യമാർ, സമ്പത്സമൃദ്ധി 124

19 പ്രത്യാഗമനം: (ഉല്പ; 31-35.) പലായനവും സന്ധിയും, സ്നേഹാഞ്ജലി, ശേഖേമിലെ കൊല 129

20 ചില ചരിത്രവസ്തുതകൾ; ഉല്പ: 36. ഏസാവും പിൻഗാമികളും, യാക്കോബിന്റെ ആസ്ഥിത്വം, ബൈബിളിന്റെ ചരിത്രസ്വഭാവം 136

## നൈൽനദീമുഖത്ത്:

21 രണ്ടു സ്വപ്നങ്ങളും ഒരു കച്ചവടവും; ഉല്പ; 37.28. വിദ്വേഷകാരണം, സോദരവഞ്ചന 147

22 വഴിയിലെ വേശ്യ; (ഉല്പ; 38) 151

23 കാരാഗൃഹത്തിൽനിന്നു കൊട്ടാരത്തിലേക്കു്; ഉല്പ; 39-40. ബന്ധനം, രണ്ടു ബന്ദികൾ, കൊട്ടാരകാര്യസ്ഥൻ 154

24 സമാഗമം: (ഉല്പ; 41-46.) കുററസമ്മതം, യൗസേപ്പും ബഞ്ചമിനും 158

25 ഗെശേനിലെ എബ്രായർ; (ഉല്പ: 47-50.) പുനരധിവാസം, ചരിത്രപശ്ചാത്തലം 162

## അനുബന്ധം;

ഉല്പത്തിഗ്രന്ഥത്തിൽ വിവിധ പ്രബോധന പാരമ്പര്യങ്ങളുടെ സങ്കലനം (ഏകദേശരൂപം) 166

ബൈബിൾ ഉദ്ധരണികൾ P. O. C. പരിഭാഷയിൽ നിന്നു്.

# ആദ്യഉടമ്പടി

**VOL: 1**

## – ആദിമപിതാക്കൾ –

# BIBLOGRAPHY


## General Commentaries & Studies:

1. John L. Mckenzie — Dictionary of the Bible
2. Raymond E. Brown S. S. & Others — The Jerome Biblical Commentary
3. Reginal C. Fuller & Others — A Cath lic Commentary on Holy-Sripture
4. John E. Steinmueler — A Catholic Biblical Encyclopedia
5. ,, — A Companion to Scripture Studies
6. H. H. Rowley — The Old Testament and Modern Studies
7. Wilfred J. Harrington — Record of Revelation
8. ,, — Record of Promise
9. Peter F. Ellis — The Men and Message of the Old Testament
10. J. B, Pritchard — Ancient Near Eastern Texts

## Theology:

II Vat — Dogmatic Constitution on Divine Revelation

Pius XII — Humani Generis

,, — Divino Afflante Spintu

11 John L. Mckenzie — The Two Edged Sword

12. ,, — Myth; and Realities

13. Paul Heinisch — Theology of the Old Testament

14. ,, — Christ in Prophecy

15. Peter De Rosa — Christ and Origiual Sin

16. P. Benoit — Biblical Inspiration

17. Bruce Pub. Co. — Theology Today

18. Baur — Encyclopedia of Biblical Theology

19. Pietro Parente — Dictionary of Dogmatic Theology

| | |
|---|---|
| 20. K. Luke | Studies on the Book of Genesis |
| 21. Jean Danilou | In the Begginning |
| 22. Charles Haurel | Begginnings |
| 23 Enoch | Evolution or Creation |
| 24. Bernard Ryan | The Evolutation of Man |
| 25. Raymond J. Nogar | The Wisdom of Evolution |
| 26. Lecomte du Nouy | Human Destiny |

## History:

| | |
|---|---|
| 27. R. De Vaux | Ancient Israel |
| 28. Paul Heinisch | A History of the Old Testament |
| 29. Frederic L. Moriarty | The Old Testament |
| 30. Richiotti | History of Israel |
| 31. W. F. Albright | The Archeology of Palestine |
| 32. G. E. Wright | Biblical Archeology |
| 33. J. B. Pritchard | Anticent Near East in Pictures |
| 34 L. H. Grollenberg | Atlas of the Bible |

# പ്രാക്തനചരിത്രം

## 1. പ്രപഞ്ചസൃഷ്ടി

ഉല്പ: 1—2.4

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു / ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം വെള്ളത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു /

ദൈവം അരുളിച്ചെയ്തു: വെളിച്ചമുണ്ടാകട്ടെ. വെളിച്ചം ഉണ്ടായി / വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്നു വെളിച്ചത്തെ ഇരുളിൽ നിന്നു വേർതിരിച്ചു / വെളിച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രിയെന്നും പേരിട്ടു. സന്ധ്യയായി പ്രഭാതമായി—ഒന്നാം ദിവസം /

ദൈവം വീണ്ടും അരുളിച്ചെയ്തു: ജലമദ്ധ്യത്തിൽ ഒരു വിതാനം ഉണ്ടാകട്ടെ. അതു ജലത്തെ രണ്ടായി തിരിക്കട്ടെ / ദൈവം വിതാനമുണ്ടാക്കുകയും അതിനു താഴെയുള്ള ജലത്തെ മുകളിലുള്ള ജലത്തിൽനിന്നു വേർതിരിക്കുകയും ചെയ്തു. അപ്രകാരം സംഭവിച്ചു / വിതാനത്തിന് അവിടുന്നു ആകാശം എന്നു പേരിട്ടു. സന്ധ്യയായി, പ്രഭാതമായി—രണ്ടാം ദിവസം /

ദൈവം വീണ്ടും അരുളിച്ചെയ്തു: ആകാശത്തിനു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒരുമിച്ചുകൂടട്ടെ; കര പ്രത്യക്ഷപ്പെടട്ടെ. അങ്ങനെ സംഭവിച്ചു / കരയ്ക്കു ഭൂമി എന്നും, ഒരുമിച്ചുകൂടിയ ജലത്തിനു കടൽ എന്നും ദൈവം പേരിട്ടു. അതു നല്ലതെന്ന് അവിടുന്നു കണ്ടു / ദൈവം അരുളിച്ചെയ്തു: ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും വിത്തുകൾക്കൊള്ളുന്ന ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളപ്പിക്കട്ടെ. അങ്ങനെ സംഭവിച്ചു / ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും വിത്തുള്ള

---

/ ഈ അടയാളം ബൈബിൾവാക്യങ്ങളെ വേർതിരിച്ചുകാണിക്കുന്നു

ഫലങ്ങളോടുകൂടിയ വൃക്ഷങ്ങളും മുളപ്പിച്ചു. അവ നല്ലതെന്നു ദൈവം കണ്ടു / സന്ധ്യയായി പ്രഭാതമായി—മൂന്നാം ദിവസം /

ദൈവം വീണ്ടും അരുളിച്ചെയ്തു: രാവും പകലും വേർതിരിക്കാൻ ആകാശവിതാനത്തിൽ പ്രകാശങ്ങൾ ഉണ്ടാകട്ടെ. അവ ഋതുക്കളും ദിനങ്ങളും വർഷങ്ങളും കുറിക്കുന്ന അടയാളങ്ങളായിരിക്കട്ടെ / ഭൂമിയിൽ പ്രകാശം ചൊരിയാൻവേണ്ടി അവ ആകാശവിതാനത്തിൽ ദീപങ്ങളായി നിൽക്കട്ടെ. അങ്ങനെ സംഭവിച്ചു / ദൈവം രണ്ടു മഹാദീപങ്ങൾ സൃഷ്ടിച്ചു: പകലിനെ നയിക്കാൻ വലുതു്, രാത്രിയെ നയിക്കാൻ ചെറുതു്. നക്ഷത്രങ്ങളെയും അവിടുന്നു സൃഷ്ടിച്ചു / ഭൂമിയിൽ പ്രകാശം ചൊരിയാനും രാവിനെയും പകലിനെയും നിയന്ത്രിക്കാനും വെളിച്ചത്തെ ഇരുളിൽ നിന്നു വേർതിരിക്കാനും ദൈവം അവയെ ആകാശത്തിൽ സ്ഥാപിച്ചു. അതു നല്ലതെന്നു ദൈവം കണ്ടു / സന്ധ്യയായി പ്രഭാതമായി—നാലാം ദിവസം /

ദൈവം വീണ്ടും അരുളിച്ചെയ്തു: വെള്ളത്തിൽ നിന്നു ജീവജാലങ്ങളുണ്ടാകട്ടെ. പക്ഷികൾ ഭൂമിക്കു മീതെ അകാശവിതാനത്തിൽ പറക്കുകയും ചെയ്യട്ടെ / അങ്ങനെ ദൈവം ഭീമാകാരങ്ങളായ ജലജന്തുക്കളെയും കടലിൽ പററം ചേർന്നു ചരിക്കുന്ന സകലവിധ ജീവികളെയും എല്ലാത്തരം പക്ഷികളെയും സൃഷ്ടിച്ചു. അവ നല്ലതെന്നു് അവിടുന്നു കണ്ടു / ദൈവം അവയെ ഇങ്ങനെ അനുഗ്രഹിച്ചു: സമൃദ്ധമായി പെരുകി കടലിൽ നിറയുവിൻ: പക്ഷികൾ ഭൂമിയിൽ പെരുകട്ടെ / സന്ധ്യയായി പ്രഭാതമായി—അഞ്ചാം ദിവസം /

ദൈവം വീണ്ടും അരുളിച്ചെയ്തു: ഭൂമി എല്ലാത്തരം ജീവജാലങ്ങളെയും—നാൽക്കാലികൾ, ഇഴജന്തുക്കൾ, കാട്ടുമൃഗങ്ങൾ എന്നിവയെ—പുറപ്പെടുവിക്കട്ടെ. അങ്ങനെ സംഭവിച്ചു / അങ്ങനെ ദൈവം എല്ലാ ഇനം കാട്ടുമൃഗങ്ങളെയും നാൽക്കാലികളെയും ഇഴജന്തുക്കളെയും സൃഷ്ടിച്ചു. അവ നല്ലതെന്നു് അവിടുന്നു കണ്ടു /

ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവൻെറയും ഭൂമിയിൽ ഇഴയുന്ന സർവ്വ

ജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ / അങ്ങനെ ദൈവം തൻെറ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻെറ ഛായയിൽ അവിടുന്ന അവനെ സൃഷ്ടിച്ചു. അവിടുന്ന സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു / ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞു് അതിനെ കീഴടക്കുവിൻ. കടലിലെമൽസ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകലജീവികളുടെയുംമേൽ നിങ്ങൾക്കു് ആധിപത്യം ഉണ്ടായിരിക്കട്ടെ/ ദൈവം അരുളിച്ചെയ്തു: ഭൂമുഖത്തുള്ള ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്ന പഴങ്ങൾ കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഞാൻ നിങ്ങൾക്ക ഭക്ഷണത്തിനായി തരുന്നു / ഭൂമിയിലെ മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഇഴജന്തുക്കൾക്കും—ജീവശ്വാസമുള്ള സകലതിനും—ആഹാരമായി ഹരിതസസ്യങ്ങൾ ഞാൻ നൽകയിരിക്കുന്നു. അങ്ങനെ സംഭവിച്ചു / താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു. സന്ധ്യയായി, പ്രഭാതമായി—ആറാംദിവസം.

അങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും പൂർണ്ണമായി / ദൈവം തൻെറ ജോലി ഏഴാംദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽനിന്നു വിരമിച്ചു് ഏഴാംദിവസം അവിടുന്നു വിശ്രമിച്ചു / സൃഷ്ടികർമ്മം പൂർത്തിയാക്കി തൻെറ പ്രവൃത്തികളിൽനിന്നു വിരമിച്ചു വിശ്രമിച്ച ഏഴാംദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി/ ഇതാണു് ആകാശത്തിൻെറയും ഭൂമിയുടേയും ഉല്പത്തിചരിത്രം,

x x x x

**പഞ്ചഗ്രന്ഥി:** പഴയ ഉടമ്പടിയിലെ ഉൽപത്തി, പുറപ്പാടു്, ലേവ്യർ, സംഖ്യകൾ, ആവർത്തനം എന്ന അഞ്ചു ഗ്രന്ഥങ്ങൾ പഞ്ചഗ്രന്ഥി എന്നറിയപ്പെടുന്നു. അവയുടെ രചയിതാവു് പ്രവാചകൻ മോശയാണെന്നു 17—ാം നൂററാണ്ടുവരെ വിശ്വസിക്കപ്പെട്ടിരുന്നു. എന്നാൽ പിന്നീടുണ്ടായ ഗവേഷണങ്ങൾ അതിൻെറ പല ഭാഗങ്ങളുടെയും കർത്താവു മോശയല്ലെന്നു വെളിവാക്കി. അതിൻെറ രചനാകാലം ഏതാണ്ടു ബി. സി. 10-ാം നൂററാണ്ടിൽ ആരംഭിച്ചു് ബി. സി. 5-ാം നൂററാണ്ടോടടുത്തു മാത്രമാണു പൂർത്തീകരിക്കപ്പെട്ടതു് എന്നത്രെ പണ്ഡിതാഭിപ്രായം. എങ്കിലും അതുൾക്കൊള്ളുന്ന

ബോധനപരമ്പരകളുടെ സാരാംശവും നിയമങ്ങളുടെസത്തയും ഇസ്രാ യേൽ ജനം ഈജിപ്റ്റിൽനിന്ന മോചനം നേടി ഒരു സ്വതന്ത്ര ജനത യായി രൂപംപ്രാപിച്ച കാലഘട്ടത്തെയാണ് ദ്യോതിപ്പിക്കുക. അവരുടെ മോചകനും നിയമനിർമ്മാതാവുമായി മോശ വിരാജി ക്കുന്നു. മോശയുടെ മതം അവരുടെ വിശ്വാസാചാരങ്ങളുടെ അത്താ ണിയാണ്; അദ്ദേഹത്തിൻെറ ശാസനങ്ങൾ അവരുടെ ജീവിത പ്രമാണങ്ങളുമാണ്. മോശയ്ക്കു മുമ്പുണ്ടായിരുന്ന ഗോത്രപാരമ്പര്യ ങ്ങളും (tribal traditions), അദ്ദേഹത്തിൻെറ മഹൽചരിതവും, അതിനോടുബന്ധപ്പെട്ടത്തി ചില പിൽക്കാലാനുഷ്ഠാനങ്ങളും ഒരു ദേശീയ വീരചരിതമായി പഞ്ചഗ്രന്ഥിയിൽ സംയോജിപ്പിക്ക പ്പെട്ടിരിക്കുന്നു. അതിലെ ചില വസ്തുതകൾ ആസ്പദമാക്കി 'മോശയുടെ നിയമങ്ങൾ', 'മോശയുടെ ഗ്രന്ഥം' എന്നെല്ലാം യേശുവും ശിഷ്യന്മാരും മററും പ്രസ്താവിച്ചതായി പുതിയ ഉടമ്പടി യിൽ കാണാം. പഞ്ചഗ്രന്ഥിയിലെ ബോധനപരമ്പരകളുടെയും നിയമങ്ങളുടെയും ഉത്ഭവവും ജീവനും മോശയിൽ നിന്നാകുന്നു എന്നതുമുൻനിർത്തി മാത്രമേ അതിൻെറ രചയിതാവായി മോശയെ പരിഗണിക്കേണ്ടൂ.

**ശാസ്ത്രവസ്തുതകൾ:** ദൈവം അഞ്ചുദിവസംകൊ ണ്ടു പ്രപഞ്ചഗ്രഹങ്ങളെയും ആറാംദിവസം മനുഷ്യനെയും സൃഷ്ടി ച്ചെന്നാണല്ലോ ബൈബിൾ ചിത്രീകരിക്കുക. ബൈബിൾ വിവ രണങ്ങളിലെ ആകെത്തുക നോക്കിയാൽ പ്രപഞ്ചത്തിനും മനുഷ്യ വർഗ്ഗത്തിനും ആറായിരമോ ഏഴായിരമോ വർഷത്തിൽ കൂടുതൽ പഴക്കം വരികയില്ല. പക്ഷെ, കത്തി ജ്വലിച്ചുകൊണ്ടിരുന്ന ധൂമ പിണ്ഡങ്ങൾ അനേകകോടി വർഷക്കാലത്തെ ശൈത്തീകരണ ത്താലും ചലനത്താലും മററും പ്രപഞ്ചഗോളങ്ങളായി രൂപംപ്രാപിച്ചു എന്നാണു ശാസ്ത്രസിദ്ധാന്തം. ഭൂമുഖത്ത് മനുഷ്യവർഗ്ഗത്തിനു് ആറു ലക്ഷം വർഷത്തിലധികം പഴക്കമുണ്ടെന്നാണു ശാസ്ത്രലോക ത്തിൻെറ അനുമാനം. ഇങ്ങനെയിരിക്കെ ലോകോല്പത്തിയെ സംബന്ധിച്ച ബൈബിൾക്കഥ ഇന്നത്തെ ശാസ്ത്രീയ മനുഷ്യനു് എങ്ങനെ സ്വീകാര്യമാകും? ആകാശവിതാനത്തിനു മുകളിലും താഴെയുമായി ജലത്തെ വേർതിരിച്ചുനിർത്തി എന്നു പറയുന്നതു പമ്പരവിഡ്ഢിത്തമല്ലേ? സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നാലാംദിവസമാണു സൃഷ്ടിച്ചതു് എന്നിരിക്കെ അതിനുമുമ്പു ദിവസങ്ങളും രാവും പകലും അന്തിയും പുലരിയും ഉണ്ടായിരുന്നു

JEEVA LIBRARY
15829

എന്ന പ്രസ്താവനകൾ ആരുടെയും യുക്തിബോധത്തെ ലജ്ജിപ്പിക്കുന്നവയല്ലേ?........ബൈബിൾ വിവരണങ്ങളുടെ ശാസ്ത്രീയതയെയും യുക്തിഭാവത്തെയും സംബന്ധിച്ച് ഇങ്ങനെ പല വിമർശനങ്ങളും ബൈബിൾവിശ്വാസികൾ നേരിടേണ്ടതായി വരുന്നുണ്ട്.

**സെമിററിക്ക് സാഹിത്യം:** ഏതാണ്ട ബി. സി. 5-ാം നൂററാണ്ടിൽ രചിക്കപ്പെട്ടതാണ് ഉല്പത്തി 1—ാം അദ്ധ്യായത്തിലെ സൃഷ്ടിവൎണ്ണന. അതിൻെറ ആന്തരാൎത്ഥം മനസ്സിലാക്കുവാൻ രചയിതാവിൻെറ ലക്ഷ്യത്തെയും അക്കാലത്തെ ജനങ്ങളുടെ ചിന്താഗതികളെയും സംബന്ധിച്ച വ്യക്തമായ ധാരണ ആവശ്യമാണ്. മെഡിററേനിയൻ തീരം മുതൽ കിഴക്കോട്ട സമീപപൂർവ്വദേശത്തു വസിച്ചിരുന്ന സെമിററിക്ക് ജനവർഗ്ഗത്തിലെ അംഗങ്ങളായിരുന്നു പാലസ്റ്റൈനിലെ എബ്രായർ—ബൈബിളിൻെറ ആദിമകൎത്താക്കളും വിശ്വാസികളും. മററു സെമിററിക്ക്ജനവിഭാഗങ്ങളെപ്പോലെ അവരും ആധുനികശാസ്ത്രത്തിൻെറയും യുക്തിചിന്തയുടെയും ബാലപാഠങ്ങളെങ്കിലും ഗ്രഹിച്ചിരുന്നവരല്ല. കണ്ണിനു കാണാവുന്നവയെ മാത്രം അടിസ്ഥാനമാക്കി പ്രപഞ്ചഘടനയെപ്പററി ചില സങ്കല്പങ്ങൾ അവൎക്കു പൊതുവെ ഉണ്ടായിരുന്നു. മഞ്ഞും മഴയും മുകളിൽനിന്നു താഴേയ്ക്കു വന്നിരുന്നതിനാൽ ആകാശവിതാനത്തിനുമുകളിൽ സമുദ്രങ്ങളുണ്ടെന്ന് അവർ വിശ്വസിച്ചു. സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ആകാശത്തിൽ പതിക്കപ്പെട്ടതായി അവർ സങ്കല്പിച്ചു. അവ ഒരു സേനാവ്യൂഹത്തെപ്പോലെ നീങ്ങുന്നതായി തോന്നുകയാൽ ആകാശസേനയെന്നുകൂടി അവ പറയപ്പെട്ടു. ഉദയാസ്തമനങ്ങൾക്കു മുമ്പും പിമ്പും അവയുടെ പ്രകാശം നിലനിൽക്കുകയാൽ വെളിച്ചം അവയോടുബന്ധമില്ലാത്ത ഒരു ശക്തിവിശേഷമായി കരുതപ്പെട്ടു. ഇമ്മാതിരി പ്രാകൃതാശയങ്ങൾ ബൈബിളിലും മററു സെമിററിക്ക് സാഹിത്യങ്ങളിലും പരക്കെ കാണാം.

ബൈബിൾകൎത്താക്കളുടെ ലക്ഷ്യം ശാസ്ത്രവ്യാഖ്യാനമല്ല, പ്രത്യുത സ്പഷ്ടമായ മതബോധനമായിരുന്നു എന്ന വസ്തുതയിൽ നാം മനസ്സിരുത്തണം. പ്രപഞ്ചഘടനയുടെ ശാസ്ത്രത്തെ വെളിവാക്കുക എന്നതല്ല, പ്രപഞ്ചകൎത്താവിൻെറ അനന്തഭാവങ്ങളെ പ്രഘോഷിക്കുക എന്നതായിരുന്നു അവരുടെദൗത്യം. തങ്ങളുടെ ആദ്ധ്യാത്മിക ദർശനങ്ങൾക്ക് എതിരില്ലാത്തിടത്തോളം പ്രചാരത്തിലിരുന്ന ആശയങ്ങളും ഭാഷയും ശൈലികളും ഉപയോഗിക്കാതെ മറെറവ്വിധം

അവക്കു് അതു നിവൎത്തിക്കാൻ കഴിയുമായിരുന്നു ? അമ്മാതിരി വർണ്ണനകൾ ശാസ്ത്രവിരുദ്ധമായി മുദ്രകുത്തുകയെന്നതല്ലേ യുക്തി ശൂന്യം ?

**പുരാണകഥകൾ.** ലോകോല്പത്തിയെസംബന്ധിച്ചു് അവരുടെ ചുററുപാടും പ്രചരിച്ചിരുന്ന സെമിററിക്കു് പുരാണകഥകളോടും വിശ്വാസാചാരങ്ങളോടും തുലനം ചെയ്യുമ്പോൾ മാത്രമേ ഈ ബൈബിൾ വർണ്ണനയുടെ സത്ത ശരിക്കും സ്പഷ്ടമാകൂ. പ്രകാശനരൂപങ്ങളിൽ അനരൂപണവും സാമ്യതകളും ഒട്ടേറെയുണ്ടു്: പക്ഷെ, അവയുടെ മൂലഭാവങ്ങളിൽ അന്യാദൃശമായ സവിശേഷതയും

1) ബാബിലോണ്യൻപുരാണം: ആദിമസമുദ്രത്തിന്റെ (Primordial deeps) ദൈവങ്ങളായ ദമ്പതികളായിരുന്ന അപ്സു (Apsu) തിയമാത്തു് (Tiamat) എന്നിവർ. അവരുടെ ലൈംഗിക ക്രീഡകളിൽനിന്നു ദൈവങ്ങളുടെ ഒരു പരമ്പര – സെമിററിക്കുകളുടെ ആരാധനാപാത്രങ്ങളായിരുന്ന നിരവധി പ്രകൃതിദൈവങ്ങൾ— ജനിച്ചു. അതിൽ ഒരു തലമുറയിലെ ദൈവങ്ങൾ അപ്സുവിനെയും തിയാമത്തിനെയും ധിക്കരിക്കുവാൻ തുടങ്ങി. അതു് അസഹ്യമായപ്പോൾ ആ കുട്ടിദൈവങ്ങളെയെല്ലാം സംഹരിക്കുന്നതിനു് അപ്സുവും ഭാര്യയും തീരുമാനിച്ചു. ആ വിവരം മനസ്സിലാക്കിയ സന്തതിദൈവങ്ങൾ ഒരുമിച്ചുകൂടി. അപ്സുവിനെ വകവരുത്തണം-അതായിരുന്നു അവരുടെ തീരുമാനം. അപ്രകാരം ശക്തനും തന്ത്രജ്ഞനുമായ ഇയാ (Ea) എന്ന ദൈവം ചില മാന്ത്രികാലാപങ്ങളാൽ അപ്സുവിനെ മയക്കി വധിച്ചു. അപ്സുവിന്റെ വധത്തിൽ തിയാമത്തിന്റെ പ്രതികാരചിന്ത കത്തിക്കാളി. അവൾ യുദ്ധസന്നദ്ധയായി അനേകം ഭീകരമൂർത്തികളെ സൃഷ്ടിച്ചു. സംഭ്രാന്തരായ കുട്ടിദൈവങ്ങൾ വീണ്ടും സഭകൂടി രക്ഷാമാർഗ്ഗങ്ങൾ ആലോചിച്ചു. അപ്പോൾ ഇയാവിന്റെ വത്സലപുത്രൻ മാർദ്ദൂക്കു്, തന്റെ പരമാധികാരം എല്ലാവരും അംഗീകരിക്കുന്നപക്ഷം തിയാമത്തിനെ വധിക്കാമെന്നു പ്രഖ്യാപിച്ചു. ദൈവങ്ങൾ എല്ലാവരും അതു സമ്മതിച്ചു മാർദ്ദൂക്കിനെ തങ്ങളുടെ നായകനായി വാഴിച്ചു. അതിനുശേഷം മാർദ്ദൂക്കു് തിയാമത്തിനെ ദ്വന്ദയുദ്ധത്തിൽ നേരിട്ടുവധിച്ചു. അവളുടെ ഭീമജഡം രണ്ടായി കീറി പകുതിഭാഗംകൊണ്ടു് ആകാശവിതാനത്തെയും ബാക്കികൊണ്ടു് ആകാശത്തിലും ഭൂമിയിലും ദൈവങ്ങൾക്കുള്ള ആസ്ഥാനങ്ങളെയും മാർദ്ദൂക്കു് സൃഷ്ടിച്ചു. തിയാമത്തിന്റെ സേനാനായക

നായിരുന്ന കിങ്ങുവിനെ എല്ലാവരുംകൂടി ബന്ധിച്ചു. അവൻെറ രക്തത്തിൽനിന്നു ദൈവങ്ങളുടെ പരിചരണത്തിനായി മനുഷ്യവർഗ്ഗത്തെയും മാർദൂക്ക് സൃഷ്ടിച്ചു.

2) *കാനാന്യപുരാണം: ഏൽ (El) -ൻെറയും അസേറ (Asherah) യുടെയും പുത്രനായ ബാൽ (Bal) എന്ന ദൈവം സമുദ്ര ദൈവമായ ലെവിയാഥനോടും (Leviathen), മോത്ത് (Mot) എന്ന മററൊരു ദൈവത്തോടും ഉള്ള യുദ്ധങ്ങളിൽകൂടിയാണു സൃഷ്ടികർമ്മം നിർവ്വഹിക്കുക. ബാൽ തൻെറ ശത്രുവായ മോത്തിനോട് ഏററുമുട്ടി മൃത്യുഗ്രസ്ഥനായി. അപ്പോൾ ബാലിൻെറഭാര്യ അനാത്ത് (Anath) മോത്തിനെ വധിച്ചു ബാലിനു ജീവൻ നൽകി. അനന്തരം ബാൽ തൻെറ ഭാര്യയെ പ്രാപിച്ചു സൃഷ്ടികർമ്മം നടത്തി. ബാൽ വർഷംതോറും ഇങ്ങനെ മരിക്കുകയും ഉയിർത്തെഴുന്നേററു സൃഷ്ടികർമ്മം നവീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. കാനാന്യജനതകളുടെ വിശ്വാസാചാരങ്ങളിൽ ഈ ചരിത്രചക്രമണം തുടരെ പൂജിക്കപ്പെട്ടിരുന്നു.

ഇപ്രകാരം പല സൃഷ്ടിപുരാണങ്ങളാണു് എബ്രായക്കു ചുററുപാടും പ്രാബല്യം നേടിയിരുന്നതു്. അവയുടെ വെളിച്ചത്തിൽ ദൈവങ്ങളുടെ ജീവിതംപോലും സുരക്ഷിതമല്ലായിരുന്നെങ്കിൽ മനുഷ്യജീവിതത്തിൽ എന്താശിക്കാനുണ്ടായിരുന്നു ? ദൈവങ്ങളുടെ സംഘട്ടനവും രക്തച്ചൊരിച്ചിലും നിമിത്തം സദാ അവ്യവസ്ഥിതവും ഉൽക്കണ്ഠാകുലവുമായിരുന്ന ജീവിതവീക്ഷണത്തിനു ബദലായി സമാധാനത്തിൻെറയും സുനിശ്ചിതത്വത്തിൻെറയും സന്ദേശങ്ങളാണു് ബൈബിൾകർത്താവു് ഇവിടെ ഉൽഘോഷിക്കുക. ആറു ദിവസം പണിയെടുത്തു്, ഏഴാംദിവസം വിശ്രമിക്കുന്ന ശില്പിയുടെയും വയലിലെ പശിമയുള്ള മണ്ണുകുഴച്ചു മൺപാത്രങ്ങൾ ചുട്ടെടുക്കുന്ന കുശവൻെറയും സമാധാനപൂർണ്ണവും വ്യവസ്ഥാപിതവുമായ ജീവിതക്രമം എബ്രായശിശുക്കൾക്കുപോലും സുഗ്രാഹ്യമായ ഒരു മാതൃകയായിരുന്നു - ഒപ്പം സാബത്തിനെ കേന്ദ്രീകരിച്ചുള്ള പരമ്പരാഗതമായ മതജീവിതവും. സെമിററിക്ക്പുരാണങ്ങളിലെ രക്തരൂക്ഷിത സംഘട്ടനത്തിൻെറയും അരാജകത്വത്തിൻെറയും സൃഷ്ടിവർണ്ണനക്കെതിരായി വ്യവസ്ഥയുടെയും സമാധാനത്തിൻെറയും സൃഷ്ടിദൗത്യം

---

*Cananite Mythology

നൽകുവാൻ ഇവയൊരു പ്രകടമാതൃകയായി (Model) ബൈബിരം കർത്താവു കണ്ടിരിക്കയില്ലേ ?

**ബോധനമൂല്യങ്ങൾ:** 1. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങരം മുതലായ ഓരോ പ്രകൃതിശക്തികളെ ദൈവങ്ങളായി മററു ജനങ്ങരം ആരാധിച്ചുപോന്നു. ബൈബിരംകർത്താക്കളാകട്ടെ സർവ്വശക്തനായ ഏക ദൈവത്തെ പ്രഖ്യാപിച്ചു. പ്രകൃതിശക്തികരം എല്ലാം ആ ദൈവത്തിൻെറ സൃഷ്ടികളും അവിടുത്തെ ആജ്ഞയ്ക്കു വിധേയവുമാണ്.

2. ദൈവങ്ങളും പ്രകൃതിയുമെല്ലാം ഒരു ആദ്യപദാർത്ഥത്തിൽ (Primordial matter) നിന്നുണ്ടായതാണെന്നു പൗരാണികർ വിശ്വസിച്ചുപോന്നു (ഇന്നത്തെ ഭൗതികവാദികളെപ്പോലെ). എന്നാൽ അതിനെ നിഷേധിച്ചുകൊണ്ടു് ''ആദിയിൽ ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചു'' എന്നും ബൈബിരംകർത്താവു് പ്രഖ്യാപിച്ചു. ദൈവം എല്ലാപദാർത്ഥങ്ങരംക്കും മുമ്പുള്ളവനും അവയുടെ അധിപനും അവയിൽനിന്നു് സ്വതന്ത്രനുമാണ്. പ്രകൃതിയ്ക്കു് ആരംഭമുണ്ടു്— ദൈവത്തിനു് ആരംഭമില്ല.

3. 'ഉണ്ടാകട്ടെ' എന്ന വചനത്താൽ മാത്രം ദൈവം സർവ്വത്തെയും സൃഷ്ടിക്കുകയാണ്—മററു യാതൊരു പ്രയത്നവും അതിനു വേണ്ടിവരുന്നില്ല. ദൈവം സർവ്വശക്തനാകുന്നു.

4. സൃഷ്ടിയുടെ ഓരോഘട്ടത്തിലും ''അതു നന്നു്'' എന്നു ദൈവം കണ്ടതായി ബൈബിരംകർത്താവു പറയുന്നു. ദൈവത്തിനു സൃഷ്ടികർമ്മത്തിലുള്ള—പ്രപഞ്ചാസ്ഥിത്വത്തിനുള്ള—ലക്ഷ്യം എന്തെന്നാണു വ്യക്തമാക്കപ്പെടുക. അതു നന്മയുടെ പൂർത്തീകരണമാണ്—അനന്തനന്മയാണു ദൈവം.

5. മനുഷ്യസൃഷ്ടിക്കൊരുങ്ങുമ്പോരം മാത്രം ''നമുക്കു്— ആലോചിക്കാം'' എന്നു ദൈവം കരുതേണ്ട ആവശ്യം എന്തു്? സൃഷ്ടവസ്തുക്കളിൽ മനുഷ്യനുള്ള പ്രാധാന്യം നാടകീയമായി ഉന്നയിക്കപ്പെടുകയാണ് ഇവിടെ. സൃഷ്ടികളുടെ മകുടമാണ് മനുഷ്യൻ. മററു സകലസൃഷ്ടികളുടെയും അധിപനായിരിക്കണം അവൻ എന്നാണ് ദൈവഹിതം. അതിനാൽ എല്ലാററിനും അതി

നാഥനായ ദൈവം തൻെറ സ്വന്തം പ്രതിഛായയിലാണു മനുഷ്യനെ സൃഷ്ടിക്കുന്നത്.

6. ഏഴാംദിവസം എന്തിനു ദൈവം വിശ്രമിച്ചു ? ഏഴാം ദിവസത്തെമാത്രം എന്തിനു സവിശേഷമായി അനുഗ്രഹിച്ചു ? ശാബത്തിൽ മാത്രമാണോ വിശുദ്ധിനേടാൻ കഴിയുക ? മനുഷ്യൻെറ എല്ലാ പ്രാപഞ്ചികവ്യവഹാരങ്ങളുടെയും ലക്ഷ്യവും അന്ത്യവും ദൈവമായിരിക്കണമെന്നതാണു് പ്രബോധനസത്ത.

ശാസ്ത്രം, ചരിത്രം, കല മുതലായ ഭൗതികസരണികളിൽ അയൽജനതകളേക്കാൾ എത്രയോ പിന്നിൽനിന്ന ഒരു സമൂഹമായിരുന്ന എബ്രായർ! പ്രാചീന മെഡിററേനിയൻ ജനതകളുടെ ചരിത്രം അതു സ്പഷ്ടമാക്കുന്നുണ്ടു്. എന്നാൽ അവരുടെ വിശ്വാസമൂല്യങ്ങളിൽ ഇത്ര വിശിഷ്ടമായ ആവിഷ്കാരത്തിനു കാരണമെന്തായിരുന്നു? കേവലം മാനുഷികസങ്കല്പമെങ്കിൽ അവയോടു കിടനിൽക്കത്തക്ക, അല്പ മേന്മയേറിയ, ഒരു സിദ്ധാന്തസംഹിതയ്ക്കു രൂപം നൽകുവാൻ മററു പരിഷ്കൃതജനതകൾക്കു സാദ്ധ്യമാകാതെ വന്നതിനു കാരണം എന്താണു്?

**ആത്മദർശനം:** അനന്തനന്മയുടെ കൂട്ടായ്മയാണു് ദൈവം. അവിടുത്തെ ആവിഷ്കാരമാണു വചനസൃഷ്ടമായ പ്രപഞ്ചവും മനുഷ്യനും. ആ വചനപ്രകാശത്തിൻെറ പൂർണ്ണിമയിലേക്കാണു ചരിത്രത്തിൻെറ വിളി.

❀❀❀

# 2. ആദ്യമനുഷ്യർ

ഉല്പ; 2-7-25

ദൈവമായകർത്താവ്* ഭൂമിയിലെ പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങിനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു / അവിടുന്ന് കിഴക്ക് ഏദനിൽ ഒരു തോട്ടം നിർമ്മിച്ച്, താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു / കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷങ്ങളും അവിടുന്നു മണ്ണിൽനിന്നു പുറപ്പെടുവിച്ചു. ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ അവിടുന്നു വളർത്തി / തോട്ടം നനയ്ക്കാൻ ഏദനിൽനിന്ന് ഒരു നദിപുറപ്പെട്ടു. അവിടെവച്ച് അതു നാലു കൈവഴികളായി പിരിഞ്ഞു / ഒന്നാമത്തേതിന്റെ പേർ പിഷോൺ. അത് സ്വർണ്ണത്തിന്റെ നാടായ ഹവിലാ മുഴുവൻ ചുററിയൊഴുകുന്നു / ആ നാട്ടിലെ സ്വർണ്ണം മേൽത്തരമാണ്. അവിടെ സുഗന്ധദ്രവ്യങ്ങളും പവിഴക്കല്ലുകളും ഉണ്ട് / രണ്ടാമത്തെ നദിയുടെ പേര് ഗിഹോൺ. അത് കുഷ് എന്ന നാടിനെ ചുററിയൊഴുകുന്നു / മൂന്നാമത്തെ നദിയുടെ പേര് ടൈഗ്രീസ്. അത് അസീറിയ്യയുടെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്നു. നാലാമത്തെ നദി യൂഫ്രട്ടീസ് / ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവു മനുഷ്യനെ അവിടെയാക്കി / അവിടുന്ന് അവനോടു കല്പിച്ചു: തോട്ടത്തിലെ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക / എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും /

ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനുചേർന്ന ഇണയെ ഞാൻ നൽകും / ദൈവമായ കർത്താവു ഭൂമിയിലെ സകല മൃഗങ്ങളേയും ആകാശത്തിലെ സകലപക്ഷികളേയും മണ്ണിൽനിന്നു രൂപപ്പെടുത്തി. അവയ്ക്കു മനുഷ്യൻ എന്തു പേരിടുമെന്നറിയാൻ അവിടുന്ന് അവയെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ വിളിച്ചത് അവയ്ക്കു പേരായിത്തീർന്നു /

---

* 'യാവെ' എന്ന മൂലപദം-'യഹോവ' എന്നു മുൻ പരിഭാഷകൾ

എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും വയലിലെ മൃഗങ്ങൾക്കും അവൻ പേരിട്ടു / എന്നാൽ തനിക്കിണങ്ങിയ തുണയെ കണ്ടില്ല / അതുകൊണ്ടു ദൈവമായ കർത്താവു് മനുഷ്യനെ ഗാഢനിദ്രയിലാക്കി, ഉറങ്ങിക്കിടന്ന അവൻെറ വാരിയെല്ലുകളിൽ ഒന്നു് എടുത്തതിനുശേഷം അവിടം മാംസംകൊണ്ടു മൂടി / മനുഷ്യനിൽനിന്നെടുത്ത വാരിയെല്ലുകൊണ്ടു് അവിടുന്നു് ഒരു സ്ത്രീക്കു രൂപം കൊടുത്തു. അവളെ അവൻെറ മുമ്പിൽ കൊണ്ടുവന്നു / അപ്പോൾ അവൻ പറഞ്ഞു: ഒടുവിൽ ഇതാ എൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. നരനിൽനിന്നു് എടുക്കപ്പെട്ടതുകൊണ്ടു് നാരിയെന്നു് ഇവൾ വിളിക്കപ്പെടും / അതിനാൽ പുരുഷൻ മാതാപിതാക്കളെവിട്ടു് ഭാര്യയോടു ചേരും. അവർ ഒററ ശരീരമായിത്തീരും / പുരുഷനും അവൻെറ ഭാര്യയും നഗ്നരായിരുന്നു. എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല.

× × × ×

**ബോധന പാരമ്പര്യങ്ങൾ:** മനുഷ്യസൃഷ്ടിയെക്കുറിച്ചു മുമ്പു നമ്മൾ കണ്ടതിലേറെ പുരാതനവും സവിസ്തരവുമായ ഒരു വർണ്ണനയാണു് ഇവിടെയുള്ളതു്. ആശയങ്ങളിലും പ്രതിപാദനത്തിലും വ്യത്യസ്ഥമായ ഭാവരൂപങ്ങളുമത്രെ ഇവിടെ കാണുക. 'യാവെ ദൈവം' (+) എന്നു തുടരെ ആവർത്തിക്കപ്പെടുന്ന ദൈവനാമമാണു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു സവിശേഷത. പഞ്ചഗ്രന്ഥിയുടെ പല ഭാഗങ്ങളിലും ഈ ദൈവനാമം കാണാം. സംഭവവർണ്ണനകളിലും അവിടവിടെ വ്യക്തമായ ചാതുര്യവും ശബളിമയും ഉണ്ടു്. പഞ്ചഗ്രന്ഥിയിലെ വ്യത്യസ്ഥ ബോധനപാരമ്പര്യങ്ങളെ ചൂണ്ടിക്കാണിക്കുന്ന ചില ഘടകങ്ങളാണു് അവ. അപ്രകാരം നാലു പ്രമുഖ പാരമ്പര്യങ്ങൾ പഞ്ചഗ്രന്ഥിയിൽ സങ്കലിച്ചിരിക്കുന്നതായും ഇന്നു് അനുമാനിക്കപ്പെടുന്നു.

1. യാവെയ പാരമ്പര്യം (Yahwhistic tradition—y): ബി. സി. പത്താം നൂററാണ്ടിൽ സോളമൻ രാജാവിൻെറ കാലത്തു് ഇസ്രായേൽ* ജനതയുടെ ചരിത്രകഥകൾ രചിക്കപ്പെട്ടു. സൃഷ്ടി

---

(+) 'യാവെ' എന്ന നാമപദത്തിൻെറ ഭാവരൂപങ്ങളെയും ഉൽപത്തിയെയും സംബന്ധിച്ച വിശകലനം പിന്നാലെ നൽകുന്നതാണു്.

* ഇസ്രായേൽ = ഇ. ജനം, ഇസ്രായൽ = ഇ. രാഷ്ട്രം

യുടെ ആരംഭവിവരണം മുതൽ യാവെ എന്ന ദൈവനാമം അതിൽ കാണുകയാൽ അതിനു 'യാവെയ പാരമ്പര്യം' എന്ന പേരു നൽക പ്പെട്ടിരിക്കുന്നു.

2. എലോഹിയ പാരമ്പര്യം (Elohistic tradition—E): സോളമന്റെ മരണാനന്തരം @ ബി. സി. 926-ൽ എബ്രായ സാമ്രാ ജ്യം പിളന്ന് വടക്കു ഇസ്രായൽ എന്നും, തെക്കു യൂദയാ എന്നും രണ്ടാ യിത്തീൻ. ഏതാണ്ട ബി. സി. എട്ടാംനൂററാണ്ടിൽ വടക്ക് ഇസ്രാ യലിൽ അതിന്റെ പൂർവ്വചരിത്രം രചിക്കപ്പെട്ടു. എല്ലാ മതസ്ഥരും പൊതുവായി സ്വീകരിച്ചിരുന്ന എലോഹിം (Elohim) എന്ന ദൈവനാമം അതിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ആ കാരണത്താൽ അതു് എലോഹിയ പാരമ്പര്യം എന്നു പറയപ്പെടുന്നു. ബി. സി. 722-നുശേഷം അസീറിയ ഇസ്രായലിനെ ആക്രമിച്ച തകത്തപ്പോൾ ആ ഗ്രന്ഥം തെക്കു യൂദയായിലേക്കു കൊണ്ടുപോകപ്പെടുകയും അവി ടെവച്ചു യാവെയപാരമ്പര്യത്തോടു സംയോജിക്കപ്പെടുകയും ചെയ്തു.

3. ആവത്തന പാരമ്പര്യം (Deuteronomic tradition-D): ഇസ്രായലിന്റെ തകർച്ചയ്ക്കുശേഷം ജറൂസലത്തേക്കുപോയ പുരോഹിതന്മാർ അവരുടെ പൂർവ്വചരിത്രത്തിനും കുറേ നിയമങ്ങൾ ക്കും വീണ്ടും ലിഖിതരൂപം നൽകി. അതു് ആവത്തന പാരമ്പര്യം എന്നു പറയപ്പെടുന്നു. ആവത്തനഗ്രന്ഥം പൂണ്ണമായും ഈ പാരമ്പര്യ ത്തിൽപ്പെട്ടതാണെന്നു പറയാം.

4. ആചാര്യ പാരമ്പര്യം (Priestly tradition — P): ലേവ്യർ, സംഖ്യകൾ എന്ന ഗ്രന്ഥങ്ങൾ രണ്ടും പൊതുവെ ഈ വിഭാ ഗത്തിൽപെട്ടവയാണു്. പുരോഹിതന്മാരുടെ പാരമ്പര്യാചാരങ്ങളും നടപടിക്രമങ്ങളുമാണു് ഇതിന്റെ പ്രധാനഉള്ളടക്കം. വളരെ പ്രാചീ നമൂലങ്ങളിൽനിന്നും ഇവ രചിക്കപ്പെട്ടെന്നനുമാനിക്കാം. ഏകദേശം ബി. സി. ആറാം-നൂററാണ്ടിൽ അതു് ഇന്നത്തെ രൂപം പ്രാപിച്ചു. മുമ്പേതന്നെ സംയോജിക്കപ്പെട്ടിരുന്ന രണ്ടു ആദ്യപാരമ്പര്യങ്ങളോടു് ഇതും ആവത്തനവും കൂട്ടിച്ചേർക്കപ്പെട്ടു. അതാണു് ഇന്നു പഞ്ചഗ്രന്ഥി യെന്നറിയപ്പെടുക.

**മണ്ണിൽനിന്നു്:** ദൈവം മണ്ണിൽനിന്നു മനുഷ്യനെ സൃ ഷ്ടിച്ചെന്നു് ക്രൈസ്തവശാസ്ത്രജ്ഞന്മാരും വിശ്വാസികളും അനേക നൂററാണ്ടുകാലം അക്ഷരാത്ഥം വിശ്വസിച്ചിരുന്നു. എന്നാൽ ഇന്നു്

ആ സ്ഥിതി പാടേ മാറിയിരിക്കയാണ്. പരിണാമസിദ്ധാന്തത്തിനു നാംക്കനാരം അംഗീകാരം ലഭിച്ചുവരുന്നു. അതിനോടുള്ള കക്ശമായ എതിർപ്പുകരം അവസാനിപ്പിച്ച് മനുഷ്യൻെറ ഉത്ഭവത്തെ സംബന്ധിച്ച ശാസ്ത്രീയവും ചരിത്രപരവും ദൈവശാസ്ത്രപരവുമായ വസ്തുതകളിലേക്ക് ചുഴിഞ്ഞുനോക്കുവാൻ ക്രൈസ്തവലോകം പ്രേരിതമായിട്ടുണ്ട്. ജീവശാസ്ത്രത്തിൻെറ വളർച്ചയും നിഗമനങ്ങളും പരിണാമസിദ്ധാന്തത്തെ ഭാഗികമായെങ്കിലും അംഗീകരിക്കാൻ പ്രേരകമായിരിക്കുന്നു. മനുഷ്യൻെറയും മൃഗങ്ങളുടെയും ശരീരപ്രകൃതികളിലുള്ള സാമ്യതകളുടെ പഠനം അവയുടെ ഉത്ഭവത്തിൽ ഒരു പൊതുവായമൂലത്തെ സ്പഷ്ടമാക്കിയിരിക്കുന്നു എന്നും, ഉയർന്നതരം കുരങ്ങു-(ഏപ്പ് - anthropoid ape) വർഗ്ഗത്തിൽ നിന്നു പരിണാമംപൂണ്ട ജീവിയാണു മനുഷ്യൻ എന്നും വിധിയെഴുതാൻ ശാസ്ത്രം മടിക്കുന്നില്ല. ഏപ്പ്വർഗ്ഗങ്ങളുടെയും മനുഷ്യജാതിയുടെയും ഇടയ്ക്കു് ഉണ്ടായിരുന്ന കണ്ണി എന്താണെന്നു കണ്ടുപിടിക്കാനും തെളിയിക്കാനും ശാസ്ത്രത്തിനു് ഇന്നുവരെ കഴിഞ്ഞിട്ടില്ലെങ്കിലും ഭാവിയിൽ അതു സാധ്യമായെന്നും വരാം.

എങ്കിലും ഇതോടൊപ്പം ഒരു ഗണ്യവിഭാഗം പരിണാമശാസ്ത്രജ്ഞരിൽ വളൎന്നുവന്നിട്ടുള്ള ഒരു വീക്ഷണഗതികൂടി നാം മനസിലാക്കേണ്ടതാണ്. പരിണാമത്തിൻെറ കാരണങ്ങളെയും വ്യത്യസ്ഥ ജീവവർഗ്ഗങ്ങളുടെ ഉത്ഭവത്തെയും മററും സംബന്ധിച്ച പ്രശ്നങ്ങരം വേഗത്തിൽ തെളിയിക്കാൻ കഴിയുമെന്ന് പരിണാമവാദത്തിൻെറ ആദ്യകർത്താക്കളും പ്രണേതാക്കളും കരുതിയിരുന്നു. പക്ഷെ അതു ജീവശാസ്ത്രത്തിനു് ഇന്നുവരെ സാധ്യമായിട്ടില്ല. പ്രകൃതിശാസ്ത്രത്തിനു് അതിൻെറതായ ഗവേഷണമാർഗ്ഗങ്ങളിൽകൂടി മാത്രം മനുഷ്യനെയോ—പ്രത്യേകിച്ച് അവൻെറ മാനസിക പ്രവണതകളെയോ—അവൻെറ ഉത്ഭവരഹസ്യത്തെയോ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുകയില്ലെന്നു ശാസ്ത്രപണ്ഡിതർ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. മറെറല്ലാ സൃഷ്ടികളെയും അപേക്ഷിച്ചു മനുഷ്യനിൽമാത്രം കാണുന്ന വിവേചനാശക്തിയുടെയും ബുദ്ധിപ്രഭാവത്തിൻെറയും കാരണം പരിണാമത്തിനു് അതീതമാണെന്നു് അംഗീകരിക്കാൻ അവർ ഒന്നിനൊന്നു സന്നദ്ധരായി വരികയാണ്. ആകയാൽ ഈ കാര്യത്തിൽ മററുവിജ്ഞാനോപാധികളെയും ആദരിക്കാൻ സന്മനസ്സും വളൎന്നുകൊണ്ടിരിക്കുന്നു.

മനുഷ്യശരീരം മററു ജീവികളിൽനിന്നു പരിണാമംപ്രാപിച്ചു എന്ന ശാസ്ത്രസിദ്ധാന്തത്തിനു വിരുദ്ധമായി മനുഷ്യൻ മണ്ണിൽനിന്നു നിർമ്മിക്കപ്പെട്ടു എന്നു് അക്ഷരാർത്ഥം ആവിഷ്കൃതസത്യമായി അംഗീകരിക്കാൻ കത്തോലിക്കസഭ ഇന്നാവശ്യപ്പെടുന്നില്ല. മററു ജീവികളിൽനിന്നു പരിണാമംപൂണ്ട ശരീരപ്രകൃതി മനുഷ്യനുലഭിച്ചു എന്നിരിക്കാമെങ്കിൽതന്നെയും എല്ലാ ജീവൻെറയും ദാതാവു് ആത്യന്തികമായി ദൈവം മാത്രമാണെന്നും പ്രത്യേകമായ ഒരു സൃഷ്ടികർമ്മത്താൽ ദൈവം തൻെറ അരൂപി മനുഷ്യശരീരത്തിൽ നിക്ഷേപിച്ചു എന്നുമാണു് സഭ വിശ്വാസസത്യമായി നിഷ്കർഷിക്കുക.

മനുഷ്യസൃഷ്ടിയെ സംബന്ധിച്ചു് ഉല്പ: ഒന്നാമദ്ധ്യായത്തിലെ സംക്ഷിപ്തവിവരണത്തോടു സാരാംശത്തിൽ പൊരുത്തപ്പെടാത്ത ഒന്നും ഈ ആദ്യപാരമ്പര്യത്തിൽ ഇല്ല. ഇതിൻെറ യാവെയരചയിതാവു് സ്വതസിദ്ധമായ ആലങ്കാരികശൈലിയിൽ സൃഷ്ടികർമ്മത്തിൽ ദൈവത്തിനുള്ള പരമകർത്തൃത്വം പ്രഖ്യാപിക്കയേ ചെയ്യുന്നുള്ളു.

**വാരിയെല്ലിൽനിന്നോ?** ദൈവം മൃഗങ്ങളെയും പക്ഷികളെയും മററും സൃഷ്ടിച്ചു് മനുഷ്യൻെറമുമ്പിൽ പ്രദർശിപ്പിക്കുന്ന വിവരണം രണ്ടാമതൊരു സൃഷ്ടികർമ്മത്തെയല്ല ഉന്നയിക്കുക. മററു സൃഷ്ടവസ്തുക്കളേക്കാൾ മനുഷ്യനുള്ള പ്രാധാന്യത്തെയും മനുഷ്യൻെറ വിവേചനാശക്തിയെയും സ്പഷ്ടമാക്കുന്ന ഒരു ഉപാധിയും സ്ത്രീയുടെ സൃഷ്ടിയെ മുൻനിർത്തിയുള്ള ഒരു പശ്ചാത്തലവർണ്ണനയുമാണതു്. സൃഷ്ടവസ്തുക്കളിൽ ഒന്നുംതന്നെ സ്വജീവിതപൂർണ്ണതയ്ക്കു സഹായകമായി മനുഷ്യൻ കാണുന്നില്ല. അവൻെറ ജീവിതാർത്ഥമായിട്ടാണു സ്ത്രീ സൃഷ്ടിക്കപ്പെടുന്നതു്. സ്വന്തം ഭോഗാസക്തിയെ തൃപ്തിപ്പെടുത്താനുള്ള ഒരു ഉപകരണമായിമാത്രം പുരുഷൻ സ്ത്രീയെ പരിഗണിച്ചിരുന്ന ഒരു വ്യവസ്ഥിതിയിലാണു് ദാമ്പത്യബന്ധത്തിൻെറ അഭേദ്യതയും സ്ത്രീയുടെ മഹത്വവും സ്പഷ്ടമാക്കുവാൻ പുരുഷൻെറ അസ്ഥിയിൽ നിന്നു സ്ത്രീയെ സൃഷ്ടിച്ചതായി ബൈബിൾകർത്താവു പ്രഘോഷിക്കുന്നതു്. ഭർത്താവിൻെറ മാംസത്തിൻെറ മാംസവും രക്തത്തിൻെറ രക്തവുമായിരിക്കേണ്ടവളാണു ഭാര്യ. കുടുംബജീവിതത്തിൽ അവർക്കുണ്ടായിരിക്കേണ്ട ഐക്യത്തിൻെറ പ്രതീകമാണു് ഈ സൃഷ്ടിവർണ്ണന. മനുഷ്യൻ മണ്ണിൽനിന്നു സൃഷ്ടിക്കപ്പെട്ടു; സ്ത്രീ പുരുഷൻെറ വാരിയെല്ലിൽനിന്നു സൃഷ്ടിക്കപ്പെട്ടു എന്നു രണ്ടു കഥകൾ വെവ്വേറെ എബ്രായർക്കുചുററുമുള്ള ജനങ്ങളിലും

പ്രചരിച്ചിരുന്നവയാണ്. അവയെ സംയോജിപ്പിച്ചുകൊണ്ടു പുരുഷൻെറയും സ്ത്രീയുടെയും പരമസ്രഷ്ടാവായി ദൈവത്തെ പ്രഖ്യാപിക്കുകകൂടിയാണ് പ്രബോധകൻ ചെയ്യുക.

ഏകപിതാവോ? ശാസ്ത്രപണ്ഡിതരും തത്വചിന്തകരും മററും ഈ സംഗതിയിൽ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ടു്. മനുഷ്യവർഗ്ഗത്തിൻെറ ഐക്യത്തെയും അന്യൂത്തെയും പൈതൃകമായ രക്തബന്ധത്തിലും കുടുംബപാരമ്പര്യത്തിലും കൂടിയല്ലാതെ ദർശിക്കുവാൻ കഴിവുള്ളവരല്ലായിരുന്ന സെമിററിക്ക് ജനതകൾ. അവരുടെ പ്രസ്തുത ചിന്താഗതികളും ബൈബിൾകർത്താവിൻെറ വർണ്ണനാചാതുര്യവും വച്ചുനോക്കിയാൽ മനുഷ്യവർഗ്ഗത്തിൻെറ ഐക്യത്തെ സൂചിപ്പിക്കുന്ന ഒരു അലങ്കാരപ്രയോഗമായിട്ടല്ലേ ഒരു പുരുഷനെയും അവനിൽനിന്നു ഒരു സ്ത്രീയെയും മാത്രം ദൈവം സൃഷ്ടിച്ചതായ വർണ്ണന സ്വീകരിക്കേണ്ടതു? ഈദൃശമായ വർണ്ണന ഇനിയും ഉല്പത്തിഗ്രന്ഥത്തിൽതന്നെയുണ്ടല്ലോ (ഉദാ: നോഹിൻെറ ചരിത്രം)? ആദ്യപുരുഷൻെറ സൃഷ്ടിയെ സംബന്ധിച്ച് പരിണാമവാദത്തിൽ നമുക്കു് അംഗീകരിക്കാവുന്നതു് ആദ്യസ്ത്രീയെ സംബന്ധിച്ചും എന്തുകൊണ്ടു് അംഗീകരിച്ചുകൂടാ ? ദൈവം ഒരേയൊരു ഘട്ടത്തിലോ പലഘട്ടങ്ങളിലായോ പൂർവ്വപിതാക്കളുടെ ഒരു ഗണത്തെത്തന്നെ സൃഷ്ടിച്ചിരിക്കാം എന്നതു സംഭവ്യമല്ലേ ? പല പൂർവ്വദമ്പതികളിൽനിന്നു മനുഷ്യവർഗ്ഗം പെരുകിവർദ്ധിച്ചു—പോളിജനിസം (polygenism) എന്നാണു് ഈ സിദ്ധാന്തത്തിൻെറ പേരു് — എന്നു കരുതിക്കൂടേ ? ഒരേഒരു മാതാവിലും പിതാവിലും നിന്നു് മനുഷ്യവർഗ്ഗം വികസിച്ചു — മൊണോജനിസം (monogenism),—എന്നതു വിശ്വാസസത്യമായി സ്വീകരിക്കണമോ ?

ഈ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനു് പ്രാരംഭമായി ഇക്കാര്യത്തിൽ ജീവശാസ്ത്രംതന്നെയും എവിടെ നിൽക്കുന്നു എന്നു് പരിശോധിക്കേണ്ടിയിരിക്കുന്നു. മനുഷ്യോൽപത്തിയെ സംബന്ധിച്ച പരിണാമസിദ്ധാന്തത്തിൽ രണ്ടു ചിന്താഗതികൾ ഉണ്ടു്. ഒന്നു്, ഏകവംശോല്പത്തി (മോണോഫൈലററിസം— monophyletism) മനുഷ്യൻ ഒരേയൊരു ജന്തുവർഗ്ഗത്തിൽനിന്നു്—വംശഛേദംവന്നുപോയിട്ടുള്ള അന്ത്രോപ്പോയിഡുകളുടെയും മനുഷ്യൻെറയും മൂലമായ ഒരു പൂർവ്വസൃഷ്ടിയിൽനിന്നു്—ഉത്ഭവിച്ചു എന്നാണു് ഈ സിദ്ധാന്തം. അപ്രകാരമല്ല— ഗറില്ല, ചെമ്പൻസി,

ഒറാംഗ്ഉട്ടാൻ മുതലായ പല വർഗ്ഗങ്ങളിൽനിന്നു വെളുത്തവരും മഞ്ഞനിറക്കാരും കറുത്തവരുമായ ഭിന്ന മനുഷ്യവർഗ്ഗങ്ങൾ ഉത്ഭവിച്ചു എന്ന ബഹുവംശോല്പത്തി — (പോളിഫൈലററിസം polyphyletism)— വാദമാകുന്നു മറ്റൊന്നു്. പോളിഫൈലററിസം അതിൽതന്നെ പോളിജനിസത്തെയും ഉൾക്കൊള്ളുന്നു. എന്നാൽ മൊണോഫൈലററിസമാകട്ടെ മൊണോജനിസത്തെയോ പോളിജനിസത്തെയോ പ്രത്യേകമായി ഉന്നയിക്കുന്നില്ല. ഒരേ ഒരു വർഗ്ഗത്തിൽ നിന്നുണ്ടായ പരിണാമഫലമായി ഒന്നോ അധികമോ മനുഷ്യവ്യക്തികൾ ഉത്ഭവിച്ചിരിക്കാമെന്നാണു മൊണോഫൈലററിസം വിവക്ഷിക്കുക.

പതിനെട്ടാംനൂററാണ്ടിൽ ഡാർവിൻ ഉൾപ്പെടെയുള്ള പരിണാമവാദികൾ മൊണോഫൈലററിസവാദികളായിരുന്നു. പത്തൊമ്പതാംനൂററാണ്ടിലാകട്ടെ വളരെ ചുരുക്കംപേർമാത്രം പോളിജനിസവും പോളിഫൈലററിസവും അംഗീകരിച്ചുതുടങ്ങി. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ ആ ചിന്താഗതികൾ കൂടുതൽ പ്രബലമായി. എന്നാൽ ഇന്നു ശാസ്ത്രലോകം പൊതുവെ മൊണോഫൈലററിസത്തെ അംഗീകരിക്കുന്ന സ്ഥിതിയാണുള്ളതു്. എന്നാൽതന്നെയും മൊണോജനിസവും പോളിജനിസവും തമ്മിൽ ഒന്നിനെ അംഗീകരിക്കുവാനോ മറ്റൊന്നിനെ നിഷേധിക്കുവാനോ സാധ്യമല്ലാത്ത ഒരവസ്ഥയിലാണു പ്രകൃതിശാസ്ത്രം നിൽക്കുന്നതു് അംഗീകൃതവസ്തുതകൾപോലും കേവലം അനുമാനസിദ്ധാന്തങ്ങളാണു്—പ്രത്യക്ഷമായ തെളിവുകൾ ഉള്ളവയല്ല. ആകയാൽ മററു ചിന്താഗതികൾക്കും അന്വേഷണമാർഗ്ഗങ്ങൾക്കും ഇവിടെ വേണ്ടത്ര പ്രസക്തിയുണ്ടു്—പ്രത്യേകിച്ചു ദൈവശാസ്ത്രത്തിനു്— കത്തോലിക്ക ദൈവശാസ്ത്രം ഇക്കാര്യത്തിൽ എന്തുപറയുന്നു എന്നറിയുവാൻ പ്രകൃതിശാസ്ത്രജ്ഞൎക്കു ജിജ്ഞാസയുണ്ടാകും—ക്രിസ്തുമതാനുയായികൾ അറിഞ്ഞിരിക്കേണ്ടതുമാണു്.

ബൈബിൾ ഭാഷ്യത്തിൽ പൊതുവെ സ്വീകരിക്കപ്പെടുന്ന ഒരു മാനദണ്ഡമുണ്ടു്—അതു് ബൈബിൾ ഉൾക്കൊള്ളുന്ന ദിവ്യസത്യങ്ങളുടെയെല്ലാം പരസ്പരബന്ധമാണു്. ആലങ്കാരികഭാഷയിൽ വ്യംഗ്യമായിമാത്രം പ്രസ്താവിക്കപ്പെടുന്ന വസ്തുതകളുണ്ടു്, സ്പഷ്ടമായി പ്രസ്താവിക്കപ്പെടുന്നവയുമുണ്ടു്. അവയെ പരസ്പരം പൊരുത്തപ്പെടുത്തിവേണം സത്യാന്വേഷണം നയിക്കുവാൻ. ഒററയ്ക്കൊററയ്ക്കു വിടർത്തിയെടുത്തു പൂൎണ്ണമായി വിശദീകരിക്കപ്പെടാവുന്നവയല്ല

പലതും, ഒരു പ്രകടസത്യം, പ്രത്യേകിച്ച് യേശുവിൻെറ അവതാരം (മനുഷ്യാവതാരം) എന്ന കേന്ദ്രസംഭവം, മററു പലതിനെയും വിശദമാക്കുന്നതിനു പലപ്പോഴും പര്യാപ്തവുമായിരിക്കും. ഈ പരസ്പര ബന്ധത്തിൽ സഭയുടെ പ്രബോധനാധികാരം നിഷ്കർഷിക്കുന്ന തൊഴികെ മററു സംഗതികളിൽ ബൈബിൾ പ്രസ്താവനകൾ അവയുടെ വാച്യാർത്ഥത്തിൽ സ്വീകരിക്കാനോ വ്യാഖ്യാനിക്കാനോ കത്തോലിക്കരെല്ലാം ബാദ്ധ്യസ്ഥരല്ല. മനുഷ്യശരീരത്തിൻെറ പരിണാമോല്പത്തിയും ലോകസൃഷ്ടിയും സംബന്ധിച്ച ശാസ്ത്രസിദ്ധാന്തങ്ങളോട് എത്രമാത്രം പൊരുത്തപ്പെട്ടുപോകാമെന്ന് ഇതിനുമുമ്പു നൽകിയിരിക്കുന്ന വിശദീകരണം കത്തോലിക്ക ദൈവശാസ്ത്രത്തിൻെറ ഗതി സ്പഷ്ടമാക്കുന്ന ഉദാഹരണമാണ്.

മൊണോജനിസത്തെയും പോളിജനിസത്തെയും സംബന്ധിച്ച ഖണ്ഡിതമായ ഒരു പ്രഖ്യാപനം സഭാധികാരത്തിൽനിന്നുണ്ടായിട്ടില്ലെന്നുതന്നെ പറയാം. എന്നിരിക്കിലും ആ വിഷയത്തിൽ കത്തോലിക്കദൈവശാസ്ത്രവിചിന്തകർക്ക് എന്തു നിലപാടു സ്വീകരിക്കാമെന്നു പീയൂസ് 12-ാംപാപ്പാ (ഹ്യൂമനി ജെനേരിസ്) വഴികാണിച്ചിട്ടുണ്ട്. മൊണോജനിസം ഒരു വിശ്വാസസത്യമായോ (dogma) പോളിജനിസം ഒരു പാഷണ്ഡത (heresy) ആയോ അദ്ദേഹം പറയുന്നില്ല. പോളിജനിസം സഭയുടെ വിശ്വാസമൂല്യങ്ങൾക്ക് എങ്ങനെ അനുയോജ്യമാകുമെന്നു കാണാൻ വിഷമമുണ്ടെന്നും പ്രസ്താവിക്കുന്നുണ്ട്. അന്വേഷണമാർഗ്ഗം ഇപ്പോഴും തുറന്നുകിടക്കുന്നു എന്നതാണു സ്ഥിതി.

മൊണോജനിസത്തെ ന്യായീകരിച്ചുകൊണ്ടു പ്രസിദ്ധ ആധുനിക ദൈവശാസ്ത്രജ്ഞനായ കാൾറാനർ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രബലമായ രണ്ടു വാദമുഖങ്ങൾ നമുക്കു കാണാം.

1: അവതരിച്ച ദൈവപുത്രനായ യേശുവിനോടു മനുഷ്യവർഗ്ഗത്തിനുള്ള ഭ്രാതൃത്വം. യേശു ഒരു മുഴുവൻ സമൂഹത്തിൻെറ, ഏക മനുഷ്യവർഗ്ഗത്തിൻെറ, അംഗമല്ലാത്തപക്ഷം ആ മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ രക്ഷകനും പ്രതിനിധിയുമായി പിതാവായ ദൈവത്തിൻെറപക്കൽ മദ്ധ്യസ്ഥനായിരിക്കാൻ എങ്ങനെ സാദ്ധ്യമാകും? അവിടുത്തെ പരിത്രാണകൃത്യത്തിനു നാം പൂർണ്ണാവകാശികളായിത്തീരുന്നതു് അവിടുത്തെ രക്തത്തിലും മാംസത്തിലും നമുക്കുള്ള ബന്ധം

വഴിയാണ്. ഒരു പൊതുപിതാവിൽനിന്നുള്ള പിന്തുടർച്ചയെ അനിവാര്യമാക്കുന്ന ഒരു വസ്തുതയാണ് ഇതു്.

2: ക്രിസ്തുവിൻെറ അവതാരവും ആദ്യപാപവും തമ്മിലുള്ള ബന്ധം. ആദ്യപാപത്തിൻെറ ദുഷ്ഫലങ്ങളിൽനിന്നു മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനാണ് പുത്രനായ ദൈവം അവതരിച്ചതു്. ആ ആദ്യപാപത്തിനു് ഒരേയൊരു പിതാവല്ല കാരണമാകുന്നതെങ്കിൽ ആ പാപത്തിൽ മനുഷ്യവർഗ്ഗമാകെ പങ്കാളികളാകുന്നതു് എങ്ങനെയാണ്? ആ പാപത്തിൻെറ കർത്താക്കളായ ആദ്യദമ്പതികൾ ദൈവശാസ്ത്രപരമായി മാത്രമല്ല ചരിത്രദൃഷ്ടിയിൽതന്നെയും മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ മൂലജനയിതാക്കളെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു.

മനുഷ്യസൃഷ്ടിയെ സംബന്ധിച്ച യാഥാസ്ഥിതിക കത്തോലിക്ക വിശ്വാസം അധുനാതനമായ യുക്തിഭാവങ്ങളോടുകൂടി പരിരക്ഷിക്കാൻ പണ്ഡിതവരേണ്യനായ റാനർ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തോളം പ്രശസ്തരല്ലെങ്കിലും, ആ ചിന്താഗതിയോടുയോജിക്കാതെ, പോളിജനിസം ഒരു ശാസ്ത്രയാഥാർത്ഥ്യമായി തെളിഞ്ഞാൽതന്നെയും ക്രൈസ്തവവിശ്വാസം തകരുവാൻ പാടുള്ളതല്ലെന്ന മുൻദൃഷ്ടിയോടുകൂടി ഈ പ്രശ്നം വിശകലനംചെയ്യുന്ന പ്രഗത്ഭ പണ്ഡിതരും വിരളമല്ല.

മനുഷ്യാവതാരം ആദിമദമ്പതികൾ നിമിത്തമുണ്ടായ ഉത്ഭവപാപത്തിൻെറ പരിഹാരത്തിനുവേണ്ടിയാണ് എന്ന പാരമ്പര്യസിദ്ധാന്തവും വിശ്വാസവും അടിസ്ഥാനമാക്കിയാണ് യാഥാസ്ഥിതികപക്ഷം ഈ പ്രശ്നം വിശകലനം ചെയ്തിട്ടുള്ളതെന്നു സ്പഷ്ടമാണ്. എന്നാൽ മനുഷ്യാവതാരത്തെ സംബന്ധിച്ച് സമഗ്രവും വിശാലവുമായ ഒരു വീക്ഷണത്തിൽ പോളിജനിസം സ്വീകാര്യമായിവരാം.

ഉല്പത്തിഗ്രന്ഥം രണ്ടു്, മൂന്നു് അദ്ധ്യായങ്ങളിലെ വിവരണങ്ങളും സെൻറ്പോളിൻെറ ലേഖനങ്ങളിലെ ഏതാനും പ്രസ്താവനകളുമൊഴിച്ചാൽ ബൈബിളിലാകെ മൊണോജനിസത്തെ ന്യായീകരിക്കാൻ മററൊന്നും കാര്യമായി കാണുകയില്ല — യേശുവിൻെറ പ്രബോധനങ്ങളിൽപ്പോലും. എബ്രായരെയും യഹൂദജനതയെയും വലയംചെയ്തിരുന്ന ചരിത്ര—സാംസ്കാരിക പശ്ചാത്തലവും ബൈ

ബിൾ രേഖകളും സൂക്ഷ്മാവലോകനം ചെയ്താൽ മനുഷ്യാവതാരത്തിൻെറ ലക്ഷ്യത്തിൽ മററു ഭാവങ്ങരം തെളിഞ്ഞുകാണാം. പ്രഥമവും പ്രധാനവുമായി സ്നേഹസ്വരൂപനായ ജഗദീശ്വരനെ, മനുഷ്യജീവിതത്തിൻെറ സമ്പൂർണ്ണ വിമോചനത്തിനും അനന്തവികാസത്തിനുംവേണ്ടി ആത്മദാനംചെയ്യുന്ന പ്രപഞ്ചകർത്താവിനെ, സാക്ഷാത്കരിക്കുകയെന്നതു് ദൈവാവിഷ്കരണത്തിൻെറ ബൃഹത്ലക്ഷ്യമായി പ്രശോഭിക്കും. മൊണോജനിസവും പോളിജനിസവും ആധാരമാക്കാതെ സ്വയം നിലനിൽക്കാൻ കെൽപ്പുള്ള ഉണ്മയായ വസ്തുതയാണു് ഈ ആത്മദാനം. ഈ പരമസത്യത്തിനു പരിവേഷമായി ബൈബിൾ രേഖകളെ വിശദീകരിക്കണോ, അതോ മററു് ആഗന്തുകങ്ങളെ ന്യായീകരിക്കാൻ ഈ കേന്ദ്രസത്യം വ്യാഖ്യാനിക്കണോ? യാഥാസ്ഥിതികപക്ഷം ഇതിൽ രണ്ടാമത്തെ വഴിയാണു സ്വീകരിച്ചിട്ടുള്ളതു്. പക്ഷെ, പുരോഗമനപക്ഷം ആദ്യത്തേതു സ്വീകരിച്ചുതുടങ്ങിയിരിക്കുന്നു.

ഭൗമികസ്വർഗ്ഗം: ആക്കേഡിയൻ ഭാഷയിലെ എഡിനു (Edinu) എന്ന മൂലപദത്തിൻെറ തൽഭവമാണു് ഏദൻ (Eden). സമതലം എന്നാണു് അതിൻെറ അർത്ഥം. ബൈബിളിലെ ഏദൻ തോട്ടം യൂഫ്രട്ടീസ്, ടൈഗ്രിസ് നദികളുടെ ഉത്ഭവസ്ഥാനത്തിനു സമീപമുള്ള 'വാൻ' തടാകത്തിൻെറ പരിസരങ്ങളിലായിരുന്നു എന്നും, അതല്ല, ആ രണ്ടു നദികൾക്കുമദ്ധ്യേ ബാബിലോണിലോ അതിനു സമീപമോ ആയിരുന്നു എന്നും സങ്കല്പങ്ങരം ഉണ്ടു്. ബൈബിളിലെ സ്ഥലവർണ്ണനയെ ആസ്പദമാക്കി അതിൻെറ സ്ഥാനം നിർണ്ണയിക്കുവാൻ ഇന്നുവരെ സാധ്യമായിട്ടില്ല. തോട്ടത്തിൽനിന്നു പുറപ്പെടുന്നതായിപ്പറയുന്ന നദികളിൽ രണ്ടു് യൂഫ്രട്ടീസ്, ടൈഗ്രിസ് എന്നിവയാണെന്നു പറയപ്പെടുന്നു. എന്നാൽ പിശോൻ, ഗിഹോൻ എന്നിവയെക്കുറിച്ചു് യാതൊരറിവുമില്ല. ജലപ്രളയത്താലോ ഭൂമിശാസ്ത്രപരമായ മററു വൈചിത്ര്യങ്ങളാലോ അവ തിരോഭവിച്ചതാകാം എന്നു് ഒരഭിപ്രായമുണ്ടു്. ഉല്പത്തിക്കുശേഷം മനുഷ്യവർഗ്ഗം കടന്നുപോന്നിട്ടുള്ള നിരവധി സഹസ്രാബ്ദങ്ങൾക്കിടയിൽ പ്രകൃതിക്ഷോഭത്താലും മററും ഭൂമിയുടെ ഉപരിതലത്തിൽ എന്തെല്ലാം മാററങ്ങരം വന്നിട്ടുണ്ടാകും ? ഭൂനിരപ്പിൽനിന്നു താഴേക്കു എത്രമാത്രം ഖനനം ചെയ്താണു് പല പ്രാചീനനഗരങ്ങളുടെയും അവശിഷ്ടങ്ങരം ഇന്നു കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതു്!

ആദ്യമനുഷ്യൻെറ അധിവാസസ്ഥാനത്തെക്കുറിച്ച പാരമ്പര്യമായി ലഭിച്ചിട്ടുള്ള അതിപ്രാചീനമായ ഒരു വിവരമാണ ബൈബിൾകർത്താവു നൽകുന്നതെന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. ഈ ഭൗമികസ്വർഗ്ഗത്തിൻെറ വർണ്ണന തികച്ചും സാങ്കല്പികം ആണെന്നു കരുതുന്നവരും ഉണ്ട്. അതിൽകാണുന്ന ജീവൻെറ വൃക്ഷം മുതലായ സങ്കല്പങ്ങൾ പുരാതന സെമിററിക്ക് ജനതകൾക്ക് സുപരിചിതങ്ങളായിരുന്നു എന്നു മററു പൗരാണികരേഖകൾ സ്പഷ്ടമാക്കുന്നുമുണ്ട്.

നമുക്ക് ഇവിടെ പ്രാധാന്യമർഹിക്കുന്നത് ഏദനിൽ വസിച്ചിരുന്നതായി ചിത്രീകരിക്കപ്പെടുന്ന ആദ്യ ദമ്പതികളുടെ ജീവിതാവസ്ഥയാണ്. മനുഷ്യന് അനശ്വരമായ സൗഭാഗ്യം ലക്ഷ്യമാക്കി ദൈവം തൻെറ അരൂപിയെ ആ ദമ്പതികളിൽ നിക്ഷേപിക്കുകയും പ്രസ്തുത സമ്പർക്കത്താൽ അതിവിശിഷ്ടമായ ഒരു സ്ഥിതി അവക്കു നൽകുകയും ചെയ്തു എന്നതാണ് പ്രസക്തമായ വിശ്വാസമൂല്യം. സൗന്ദര്യത്തിലും ആരോഗ്യത്തിലും മററും അവർ തികഞ്ഞവരും, ദുഃഖം, രോഗം, മരണം മുതലായ പ്രകൃതിപരിമിതികൾക്ക് അവർ അതീതരുമായിരുന്നു എന്ന ധാരണ ബൈബിൾ ഉളവാക്കും. പക്ഷെ അതു ബൈബിളിൻെറ മുഖ്യമീമാംസയോടു ബന്ധപ്പെടുത്തി നൂതനമായ ഒരു ഭാഷ്യമാണ് ഇന്നു ബൈബിൾപണ്ഡിതർ അതിനു നൽകിവരിക. മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം അതിൻെറ ഉത്ഭവം പോലെതന്നെ പ്രാധാന്യമുള്ള ഒരു യുഗാന്ത്യോൻമുഖ (eschatological) സന്ദേശവും ബൈബിളിനുണ്ട്. ആ ലക്ഷ്യസാക്ഷാത്കാരത്തിൻെറ പ്രതീകമായിട്ടാണ് ദൈവശാസ്ത്രജ്ഞർ ഈ ഭൗമികസ്വർഗ്ഗത്തെ ഇന്നു വിവക്ഷിക്കുക.

*  *  *  *

ആത്മദർശനം: സൗഭാഗ്യപൂർണ്ണിമയിലേക്കുള്ള ഏകമാർഗ്ഗം സ്ത്രീയും പുരുഷനും, വർണ്ണ–വർഗ്ഗഭേദമെന്യേ പ്രപഞ്ചകർത്താവിൽ സമാശ്രയിച്ച് പ്രയത്നിക്കുക എന്നതാണ്. ഏദനിലെ ഉദ്യാനജീവിതംപോലെ സ്വർഗ്ഗരാജ്യം കരഗതമാകും.

# 3. പാപവും ശിക്ഷയും

ഉല്പ; 3. 1.24

ദൈവമായ കത്താവു് സൃഷ്ടിച്ച എല്ലാ വന്യജീവികളിലും വച്ചു് കൗശലമേറിയവനായിരുന്നു പാമ്പു്. അതു സ്ത്രീയോടു ചോദിച്ചു: തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്നു ദൈവം കല്പിച്ചിട്ടുണ്ടോ ? / സ്ത്രീ പാമ്പിനോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം / എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുതു്; അതു തിന്നാൽ ഞങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ടു് / പാമ്പു സ്ത്രീയോടു പറഞ്ഞു: നിങ്ങൾ മരിക്കുകയില്ല / അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞു് നിങ്ങൾ ദൈവത്തെപ്പോലെയാകുമെന്നും ദൈവത്തിനറിയാം / ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നു മനസ്സിലായപ്പോൾ അവൾ അതു പറിച്ചു തിന്നു. ഭത്താവിനും കൊടുത്തു. അവനുംതിന്നു/ ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്നു് അവർ അറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി /

വെയിലാറിയപ്പോൾ ദൈവമായ കത്താവു തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽനിന്നു മാറി തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിച്ചു/ അവിടുന്നു പുരുഷനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണു്? / അവൻ മറുപടിപറഞ്ഞു: തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ടു് ഭയന്നു് ഒളിച്ചതാണു്/ അവിടുന്നു ചോദിച്ചു: നീ നഗ്നനാണെന്നു നിന്നോടു് ആർ പറഞ്ഞു? തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?/ അവൻ പറഞ്ഞു: അങ്ങു് എനിക്കു കൂട്ടിനുതന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കുതന്നു. ഞാൻ അതു തിന്നു/ ദൈവമായ കത്താവു സ്ത്രീയോടു ചോദിച്ചു: നീ എന്താണു് ഈ ചെയ്തതു്? അവൾ പറഞ്ഞു: പാമ്പു് എന്നെ വഞ്ചിച്ചു. ഞാൻ പഴം തിന്നു /

ദൈവമായ കത്താവു പാമ്പിനോടു പറഞ്ഞു: ഇതു ചെയ്തതുകൊണ്ടു നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയുമിടയിൽ

ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞുനടക്കും. ജീവിതകാലംമുഴുവൻ പൊടിതിന്നുകയും ചെയ്യും / നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും / അവിടുന്നു സ്ത്രീയോടു പറഞ്ഞു: നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും നിനക്കു ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും / ആദാമിനോടു അവിടുന്നു പറഞ്ഞു: തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ടു നീ തിന്നതുകൊണ്ട് നീമൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലംമുഴുവൻ കഠിനാദ്ധ്വാനംകൊണ്ട് നീ അതിൽ നിന്നു കാലയാപനം ചെയ്യും/ അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും/ മണ്ണിൽ നിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കു മടങ്ങുകയും ചെയ്യും /

ആദാം തന്റെ ഭാര്യയെ ഹവ്വ എന്നു വിളിച്ചു. കാരണം, അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ്/ ദൈവമായകർത്താവു തോലുകൊണ്ടു ഉടയാട ഉണ്ടാക്കി ആദത്തെയും അവന്റെഭാര്യയെയും ധരിപ്പിച്ചു/ അനന്തരം അവിടുന്നു പറഞ്ഞു: മനുഷ്യൻ ഇതാ നന്മയും തിന്മയും തിരിച്ചറിയാൻ കഴിയുംവിധം നമ്മിലൊരുവനെപ്പോലെ ആയിരിക്കുന്നു. ഇനി അവൻ കൈനീട്ടി ജീവന്റെ വൃക്ഷത്തിൽ നിന്ന് പറിച്ചുതിന്ന് അമർത്ത്യനാകുകകൂടിചെയ്തേക്കും/ അതുകൊണ്ട് കർത്താവ് അവരെ ഏദൻതോട്ടത്തിൽനിന്നും പുറത്താക്കുകയും മണ്ണിൽനിന്നെടുത്ത മനുഷ്യനെ മണ്ണിനോടുമല്ലിടാൻ വിടുകയും ചെയ്തു / മനുഷ്യനെ പുറത്താക്കിയശേഷം ജീവന്റെ വൃക്ഷത്തിലേക്കുള്ള വഴികാക്കാൻ ഏദൻതോട്ടത്തിനുകിഴക്ക് അവിടുന്നു കെരുബുകളെ കാവൽ നിർത്തി. എല്ലാ വശത്തേക്കും കറങ്ങുന്നതും തീ ജ്വലിക്കുന്നതുമായ ഒരു വാളും അവിടുന്നു സ്ഥാപിച്ചു.

* * * *

**പ്രതിലോമശക്തി.** ശാന്തിയും സൗഭാഗ്യവും നിറഞ്ഞ അനശ്വരജീവിതത്തിനു ദൈവാരൂപിയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ! യഹൂദക്രൈസ്തവ മതചിന്തകളിൽ മാത്രമല്ല മററു പല മത

മീമാംസകളിലും ഈ ദർശനം ഉണ്ട്. പക്ഷെ മനുഷ്യജീവിതം ക്ലേശ ഭൂയിഷ്ഠമല്ലാതെ മറെറന്താണ്? അതിനു കാരണമെന്ത്? പാപത്തിന്റെ ഫലമാണെന്നു മതങ്ങൾ വ്യവഹരിക്കുന്നു.

എന്താണ് പാപം? അനന്തനന്മയായ ദൈവത്തിന്റെ സൃഷ്ടിയിൽ പാപവും ഉത്ഭവിക്കയോ?

ക്രൈസ്തവവിശ്വാസത്തിനു് അതിന്റേതായ ഒരുദർശനമുണ്ട് ഈ സംഗതിയിൽ. പുരാതന സെമിററിക്ക് സാഹിത്യത്തിലെ മിഴിവുററ രൂപാലങ്കാരങ്ങളും യാവെയപ്രബോധകന്റെ സമകാലികാനുഭവങ്ങളും ഒത്തിണങ്ങു് സമാഹരിച്ച് ഉല്പത്തിഗ്രന്ഥം മൂന്നാം അദ്ധ്യായത്തിൽ തിന്മയുടെ ആവിർഭാവം നാടകീയമായി അവതരിപ്പിക്കപ്പെടുന്നു. പ്രസ്തുത പ്രമാണലംഘന കഥയിൽ അന്തർലീനവും അതിൽനിന്നു വികസിതവുമാണ് പാപത്തെ സംബന്ധിച്ച ക്രിസ്തീയാവബോധം.

**സർപ്പവും കെരൂബും:** പ്രഹസനം ആരംഭിക്കുന്നതു കുടിലമതിയായ സർപ്പത്തോടുകൂടിയാണെങ്കിൽ അവസാനിക്കുന്നതു് ജ്വലിക്കുന്ന തീവാളുകളോടുകൂടിയ കെരൂബുകളിലാണ്.

സാത്താന്റെ പ്രതീകമായിട്ടാണ് ക്രൈസ്തവ ദൈവശാസ്ത്രം ഈ സർപ്പത്തെ ഇന്നോളം വിവക്ഷിച്ചിട്ടുള്ളതു് — കെരൂബുകളെ ദൈവദൂതരായ മാലാഖമാരായും. പക്ഷെ സംഭവരചയിതാവിന്റെ ഭാവനകൾ അത്ര വ്യക്തമായിരുന്നെന്നു പറയാൻവയ്യ – ഒട്ടുവളരെ വ്യത്യസ്ഥമായിരുന്നെന്നും അനുമാനിക്കാൻ ന്യായമുണ്ട്. കാരണം, സാത്താൻ എന്ന ദുഷ്ടാരൂപിയുടെയും മാലാഖമാർ എന്ന ദൈവദൂതരുടെയും ഭാവാവിഷ്കരണം യേശുവിന്റെ ജീവിതത്തോടും ബൈബിളിന്റെ അന്ത്യത്തോടുംകൂടി മാത്രമെ പൂർത്തീകരിക്കപ്പെടുന്നുള്ളു.

മത്സരോദ്യുക്തരായ വാനാരൂപികളെ ദൈവം ശിക്ഷിക്കുന്നതിനെസംബന്ധിച്ച് പത്രോസിന്റെ രണ്ടാം ലേഖനവും (2.24) യൂദായുടെ ലേഖനവും (6) മത്തായിയുടെ സുവിശേഷവും സൂചിപ്പിക്കുന്നുണ്ട്. യോഹന്നാന്റെ വെളിപാടുകളിൽ. (12.7–9) അതു വിശദമായി പ്രസ്താവിക്കപ്പെടുന്നു. ലോകത്തെമുഴവൻ വഴിതെററിക്കുന്ന പിശാചും സാത്താനും എന്നറിയപ്പെടുന്ന ''മഹാസർപ്പ''ത്തെയും

അവനോടുകൂടി അവൻെറ ദൂതന്മാരെയും മിഖായേലും അനുയായികളും പൊരുതി തോല്പിച്ച് ഭൂമിയിലേക്ക തള്ളിക്കളയുന്നതായിട്ടാണ് ഈ വെളിപാട്.

ഈ ദൂതവൃന്ദങ്ങളുടെ സൃഷ്ടിയെയും അവരിൽ ഒരു വിഭാഗത്തിന് ശാപത്തിനും ശിക്ഷയ്ക്കും ഇടയാക്കിയ കാരണത്തെയും സംബന്ധിച്ച ബൈബിൾ പ്രത്യക്ഷമായ വിവരം ഒന്നും നൽകുന്നില്ല. എന്നാൽ അവരുടെ പ്രകൃതിയെയും പ്രവൃത്തികളെയും സംബന്ധിച്ച ധാരാളം വിവരങ്ങൾ ഉണ്ട്. ദൈവം തൻെറ സൃഷ്ടികർമ്മം ലോകത്തിൽമാത്രമല്ല സ്വർഗ്ഗത്തിലും നിർവ്വഹിച്ചതായി മത്തായിയുടെ സുവിശേഷം സൂചിപ്പിക്കുന്നു. (മാ. 25.31, 41). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യരും അദൃശ്യരുമായ സൃഷ്ടികളെക്കുറിച്ച് പൗലോസിൻെറ കൊളോസ്യർക്കുള്ള ലേഖനം പ്രസ്താവിക്കുന്നു (1.16). ദൈവത്തെ അഭിമുഖമായി ദർശിച്ചുകൊണ്ടിരിക്കുന്ന സ്വർഗ്ഗീയ സൃഷ്ടികളാണ് മാലാഖമാർ (മാ. 18.10, ഗലേഷ്യൻ 1.8). ശരീരമില്ലാത്ത അരൂപികളാണ് അവർ (എബ്ര.1.7-14, ലൂക്ക. 24-39, എഫേ. 6.12). സ്വാതന്ത്ര്യമനസ്സും മനുഷ്യരെ കവിയുന്ന ശക്തിയും പ്രതാപവും ജ്ഞാനവും വിശുദ്ധിയും മററുപല ദൈവിക സിദ്ധികളും അവർക്കുള്ളതായി അനേകം സാക്ഷ്യങ്ങൾ ഉണ്ട്. സ്വർഗ്ഗത്തിൽ ദൈവത്തെ ആരാധിക്കുകയും ദൈവിക തിരുച്ചിത്തം നിർവ്വഹിക്കുകയും, ദൈവിക ദൗത്യങ്ങൾ വഹിക്കുകയും ആണ് അവർക്ക ദൈവത്തോടുള്ള പ്രധാനകടമകൾ. മനുഷ്യസൃഷ്ടികളുടെ പരിപാലനത്തിനും മററും മനുഷ്യരെ സംബന്ധിച്ച ചില ചുമതലകളും അവർക്ക ദൈവം നിശ്ചയിച്ചിട്ടുള്ളതായും ബൈബിൾ പറയുന്നുണ്ട്.

സെമിററിക്ക് പുരാണങ്ങളിൽ സുപരിചിതമായ ഒരു സങ്കല്പമാണ് കെരുബുകൾ—നാലുകാലുകളും സിംഹത്തിൻെറ തലയും ചിറകുകളും ഉള്ള ഒരു വിചിത്രസൃഷ്ടി. പക്ഷെ ബൈബിളിലെ ആവിഷ്കരണ പൂർണ്ണതയിൽ അവ എത്ര സൗഷ്ഠവവും യാഥാർത്ഥ്യവും പൂണ്ടിരിക്കുന്നു! ഏദനിൽ ജീവൻെറ വൃക്ഷത്തിലേക്കുള്ള വഴികാക്കുവാൻ ദൈവം കെരുബുകളെ നിയോഗിച്ച എന്നതു് മനുഷ്യനു വിശുദ്ധിയുടെയും നിത്യജീവിതത്തിൻെറയും സമ്പാദനത്തിനു മാർഗ്ഗദർശികളായി ദൈവം തൻെറ വിശ്വസ്ത ശുശ്രൂഷികളായ വാനാരൂപികളെ നിയോഗിച്ചിരിക്കുന്നു എന്നതിൻെറ പ്രതീകമായി നമുക്കുകരുതാം.

**വൃക്ഷഫലം:** ഭൂമിയെ കീഴടക്കി ദൈവികനന്മയെ സാക്ഷാത്കരിക്കാൻ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. എന്നിട്ടു? വിജ്ഞാനദായകമായ ഒരു വൃക്ഷഫലം അവനു വിലക്കപ്പെട്ടു: ആ വിലക്കപ്പെട്ടകനി ഭക്ഷിക്കുകനിമിത്തം അവനു നിത്യസൗഭാഗ്യം നിരാകരിക്കപ്പെട്ടു എന്നോ ?

പ്രകൃതിയെ ജയിക്കുന്നതിനുള്ള സ്വാതന്ത്ര്യകഴിവുകളോടുകൂടി യല്ല മനുഷ്യനെ ദൈവം സൃഷ്ടിച്ചതെങ്കിൽ ആയതിൽ ഏതൊരു വീഴ്ചയ്ക്കാണു അവൻ സ്വയമേവ ഉത്തരവാദിയാവുക? ആദ്യ മനുഷ്യസൃഷ്ടികൾക്കു അതിനു വേണ്ടത്ര അദ്ധ്യാത്മിക-മാന സിക സത്തകൾ ദൈവം നൽകി—പക്ഷെ അവർ ദൈവിക പ്രേരണകളെ സ്വമനസാ നിരാകരിച്ചു പ്രകൃതിശക്തികൾക്കു ദാസ്യം വരിച്ചു—ഇത്രമാത്രമാണു പാപത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച വിശ്വാസമൂല്യം. ഉദ്യാനവും വൃക്ഷഫലവുമെല്ലാം അതിന്റെ വർണ്ണനാരൂപങ്ങൾമാത്രം.

ആ കല്പന എന്തായിരുന്നു, അതിന്റെ ലംഘനം എപ്രകാര മായിരുന്നു എന്നീ വസ്തുതകൾ ക്രൈസ്തവാചാര്യന്മാരുടെയും പണ്ഡി തരുടെയും ഇടയിൽ നിലയ്ക്കാത്ത ചർച്ചകൾ ഉളവാക്കിയിട്ടുണ്ടു. നന്മ യും തിന്മയും തിരിച്ചറിഞ്ഞു ദൈവത്തെപ്പോലെ ആകും എന്നാണ ല്ലോ സാത്താൻ പ്രലോഭിപ്പിക്കുന്നതു. എങ്കിൽതന്നെയും ദൈവ ത്തെപ്പോലെ ആയിത്തീരണം, ദൈവത്തിൽനിന്നും ദൈവകല്പന കളിൽനിന്നും സ്വതന്ത്രമാകണം എന്ന ചിന്തയാണോ യഥാർത്ഥ ത്തിൽ ആ കല്പനാലംഘനത്തിനു പ്രേരകമായിക്കാണുക ? ദൈവ ത്തെപ്പോലെ ആകും എന്ന സൂചന ആകർഷകമായിരുന്നെങ്കിലും, 'നന്മയും തിന്മയും തിരിച്ചറിയാം' എന്ന പ്രേരണയിൽനിന്നു എന്താണു അനുമാനിക്കേണ്ടതു ? നന്മ-തിന്മകളെ സംബന്ധിച്ച യാതൊരറിവും അവർക്കു ദൈവം നൽകിയിരുന്നില്ലെങ്കിൽ അവരെ എന്തിനു പഴിക്കണം ? നന്മ-തിന്മകളെ അറിയാനുള്ള ആഗ്രഹം, പൊതുവെ പറഞ്ഞാൽ വിജ്ഞാനതൃഷ്ണ, അവർക്കുണ്ടായെങ്കിൽ തന്നെ അതു ഒരു പാപമാകുമോ ? അല്പജ്ഞാനം അഹങ്കാരത്തിനു വഴിതെളിക്കുകയും, അഹങ്കാരം ദൈവികനിയുക്തമായ ജീവിതല ക്ഷ്യത്തെ—വികാസത്തെ—നിഹനിക്കുകയും ചെയ്യുമ്പോഴാണു അതു പാപമായിത്തീരുക.

ആദിമദമ്പതികളുടെ പ്രവൎത്തിയിൽ മുന്നിട്ടുനിൽക്കുന്നതായി വിവരിക്കപ്പെടുന്നതു വിജ്ഞാനതൃഷ്ണയാണോ അഹങ്കാരമാണോ? അഹങ്കാരപ്രമത്തതയ്ക്കു ദൈവം ശിക്ഷിക്കുന്ന മററു ഉദാഹരണങ്ങൾ ബൈബിളിൽ ഉണ്ടു്. ബാബേലിലെ ഗോപുരനിർമ്മാണത്തിനു മുഖ്യ പ്രേരകമായി സ്വൎഗ്ഗംവരെ എത്തിച്ചേരുവാൻ—ദൈവതുല്യരാകുവാൻ—ഉള്ള ആഗ്രഹം അതിൻെറ കൎത്താക്കളെക്കൊണ്ടു തന്നെ ബൈബിൾകൎത്താവു പറയിക്കുന്നുണ്ടു്. എന്നാൽ ഇവിടെയോ? ''വൃക്ഷഫലവും രുചികരവും ഭംഗിയുള്ളതും അതു നൽകുന്ന ജ്ഞാനം അഭിലഷണീയവുമാണെന്നു സ്ത്രീ കണ്ടു. അവൾ അതിൻെറ കനികൾ അടൎത്തി തിന്നു'' എന്നാണല്ലോ ബൈബിൾകൎത്താവു പറയുക. ദൈവത്തെപ്പോലെ ആകാനുള്ള ആഗ്രഹമോ ദൈവനിന്ദാപരമായ എന്തെങ്കിലും ചിന്താഗതിയോ സ്ത്രീയെ പ്രേരിപ്പിക്കുന്നതായി വ്യംഗമായിപ്പോലും ഇവിടെ കാണാൻവയ്യ. ജഡികമായ ആകർഷകത്വമാണു് മുന്നിട്ടു നിൽക്കുക, മാത്രമല്ല, ജീവൻെറ വൃ്ക്ഷവും വിജ്ഞാനവൃ്ക്ഷവും രൂപകപ്രധാനങ്ങളായ അലങ്കാരപ്രയോഗങ്ങളായി കരുതിയാൽ ഈ ആജ്ഞാലംഘനത്തിനുള്ള പ്രേരണാശക്തി ബുദ്ധിപരമായ അഹങ്കാരമായിരുന്നു എന്നുപറയാൻ ഒട്ടുംവയ്യ. ഈ കഥയുടെ ആദ്യകൎത്താക്കളും ശ്രോതാക്കളും ഇതുസംബന്ധിച്ചു് എന്തു മനസിലാക്കിയിരിക്കാം എന്ന പരിശോധനയാണു് ഇവിടെ സംഗതമാവുക.

സർപ്പം ഒരു ലൈംഗികചിഹ്നമായി സെമിററിക്കുകൾ കരുതിയിരുന്നു എന്നു വിശ്വസിക്കാൻ മതിയായ തെളിവുകൾ—പ്രതിമകൾ, ശില്പങ്ങൾ മുതലായവ—അടുത്തകാലത്തു കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്. ലൈംഗികബന്ധങ്ങളെ സൂചിപ്പിക്കുന്ന സാഹചര്യങ്ങളിൽ കലാശില്പങ്ങളിലെന്നതുപോലെ സാഹിത്യവൎണ്ണനയിലും സർപ്പത്തെ ചിത്രീകരിച്ചിട്ടുണ്ടെങ്കിൽ അതിനു മറെറാരൎത്ഥവും അവർ നൽകിയിരിക്കയില്ല. സ്ത്രീ-പുരുഷ സൃഷ്ടിയെ സംബന്ധിച്ച വിവരണത്തെ തുടൎന്നു് സർപ്പത്തിൻെറ ചിത്രീകരണം ലൈംഗികബന്ധങ്ങളുടെ സൂചനയായി മാത്രമെ അവർ ധരിച്ചിരിക്കൂ. സർപ്പത്തിൻെറ വഞ്ചനയിൽപെട്ടശേഷം ഉടനെയുണ്ടാകുന്ന ലജ്ജാബോധം; സർപ്പവും സ്ത്രീയും തമ്മിലുള്ള ശാശ്വതവൈരാഗ്യത്തിൻെറ പ്രഖ്യാപനം; സന്താനോല്പാദനം, പുരുഷനോടുള്ള അഭിനിവേശം വിധേയത്വം എന്നിവയിൽ സ്ത്രീക്കു നൽകുന്ന ശിക്ഷ—ഇവയെല്ലാം അഴിഞ്ഞുതകർന്ന ലൈംഗികബന്ധത്തിൻെറ ഫലമായേ അവർ

കണ്ടിരിക്കു. അത്ര ഉഗ്രമായ ലൈംഗികാധഃപതനമാണ് അവക്കു ചുററുപാടും ഉണ്ടായിരുന്നതു് — ലൈംഗികഭോഗത്തിൽ മതിമറന്ന മദോന്മത്തമായ ജീവിതം. ജീവൻെറ ഉറവിടവും ലൈംഗികാനുഭൂതികളുടെ മൂത്തിയുമായ സ്ത്രീ അവരുടെ ഭാവനാദേവതയായിരുന്നു— ഫലപുഷ്ടിയുടെ പൂജാദൈവം (Goddess of Fertility). ബലിപീഠസന്നിധിയിൽ പുരോഹിതകളോടും ദേവദാസികളോടുമുള്ള സംഭോഗംപോലും അവക്കു ഫലപുഷ്ടിയുടെ ദൈവത്തോടുള്ള സംയോഗമായിരുന്നു. അതിൻെറ ഓരോ ആവത്തനത്തിലും അവർ കണ്ടതു് ആ ഇഷ്ടദൈവത്തിൻെറ വെളിപാടായിരുന്നു. അന്ധവിശ്വാസവും പ്രകൃതിപൂജയുംകൂടി ദൈവികതയിലേക്കുയത്തിയ ആ ലൈംഗികാരാധനയോടു ബൈബിൾഗ്രന്ഥകത്താക്കൾക്കും എബ്രായമതബോധകക്കും ഉണ്ടായ മനോഭാവം എന്തായിരിക്കണം? അനിയന്ത്രിതമായ ജഡികാസക്തിയുടെയും തജ്ജന്യമായ ദൈവനിന്ദനത്തിൻെറയും അടയാളമായേ സർപ്പത്തിൻെറ പ്രേരണയും വൃക്ഷഫലാസ്വാദനവും അവർ കണ്ടിരിക്കു. ഭാര്യാ—ഭർതൃ സംയോഗംപോലും അശുദ്ധതയായി മോശയുടെ നിയമങ്ങളുടെ പേരിൽ വിലക്കുവാൻ പിൽക്കാലത്തു് അവർ മടിക്കയുണ്ടായില്ലല്ലോ?

ഈ എബ്രായചിന്താഗതിയുടെ പാരമ്പര്യസ്വാധീനം ക്രൈസ്തവവിശ്വാസത്തിലും ഒട്ടേറെ നിലനിന്നുപോന്നു—പക്ഷെ അല്പം പരിഷ്കൃതരൂപത്തിൽ മാത്രം—എന്ന വസ്തുത മറച്ചിട്ടു കാര്യമില്ല. വിജ്ഞാനവൃക്ഷം ലൈംഗികജ്ഞാനത്തെയാണ് സൂചിപ്പിക്കുന്നതെന്നും, ആദ്യദമ്പതികളുടെ പ്രമാണലംഘനം ലൈംഗിക സംയോഗമായിരുന്നു എന്നും ഒരു വ്യാഖ്യാനം ആദിമക്രിസ്തീയശതകങ്ങളിൽ ജൂലിയസ് കസ്യാനോസും അനുയായികളും ഉന്നയിച്ചു. എന്നാൽ യേശുവിൻെറ മനുഷ്യസ്വഭാവത്തെ പാടേ നിഷേധിക്കുന്ന ഡോസററിക്ക് പാഷണ്ഡത (Docetism) യിലാണ് അവർ പതിച്ചതു്, ക്രൈസ്തവസഭാചാര്യന്മാർ സംഘടിതമായി ആ ചിന്താഗതിയെ എതിത്തുതള്ളി. ആദ്യദമ്പതികളുടെ ലൈംഗികസംയോഗത്തെയാണ് ദൈവം വിലക്കിയതു് എന്ന ആശയം വി. അഗസ്റ്റീനോസ് നിഷേധിച്ചതായികാണാം. എന്നാൽ അതു് ഒരു ലൈംഗികപ്രവത്തിയായിരുന്നെന്നു് വെറോണ മെത്രാൻ വി. സീനോയും (St. Zeno) പണ്ഡിതനായ ക്ലമൻറും (Clement of Alexandria) അഭിപ്രായപ്പെട്ടിട്ടുണ്ടു്. പക്ഷെ അതിൻെറ യഥാത്ഥ സ്വഭാവം എന്തായിരുന്നെന്നു് വ്യക്തമായ യാതൊരഭിപ്രായവും അവർ പ്രകടിപ്പിച്ചതായി അറിവില്ല.

**ഉത്ഭവപാപം.** കത്തോലിക്കസഭയുടെ ചരിത്രത്തിൽ പുനഃപരിശോധനയുടെയും നവീകരണത്തിൻെറയും ഒരു യുഗം പിറന്നിരിക്കയാണ്. നൂററാണ്ടുകളായി വിശ്വാസമൂല്യങ്ങളെന്നു പരിഗണിക്കപ്പെട്ടിരുന്ന പലതും യേശുവിൻെറ അവതാരമെന്ന ക്രിസ്തുരഹസ്യത്തെ കേന്ദ്രീകരിച്ചു പുനഃപ്രകാശനത്തിനു വിഷയമായിരിക്കുന്നു. ദൈവവചനമായി പൂജിക്കപ്പെടുന്ന ബൈബിൾ പോലും രചനാപരിധികളുടെ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടുമ്പോൾ പാപ്പാമാരുടെയും സാർവ്വത്രികസൂനഹദോസുകളുടെയും പ്രഖ്യാപനപരിധികളെസംബന്ധിച്ചു പറയേണ്ടതില്ലല്ലോ? ചരിത്രം, ശാസ്ത്രം, യുക്തിവാദം, തത്വചിന്ത, ബൈബിൾ വിജ്ഞാനീയം മുതലായവയുടെ പുരോഗതിക്കനുസരണമായി വിശ്വാസമൂല്യങ്ങളെ സംബന്ധിച്ചു ജാഗ്രതയോടുകൂടിയ ഗവേഷകപഠനം ഒരു നവോത്ഥാനത്തിനു് വഴിതെളിയിക്കുകയാണ്. അങ്ങനെ ദൈവശാസ്ത്രപാതയിൽ ഇന്നു് യാഥാസ്ഥിതിക—പുരോഗമനചേരികൾ ഉണ്ടെന്നുപറയുന്നതു അനുചിതമായിരിക്കയില്ല.

ആദ്യപാപത്തെ സംബന്ധിച്ച വീക്ഷണത്തിലും ഈ വൈരുദ്ധ്യാത്മക-ദ്വന്ദാത്മക-വികാസം **(dialectical growth)** സ്പഷ്ടമാണ്.

ദൈവസൃഷ്ടരായ ഏകദമ്പതികൾ; അതിസ്വാഭാവികവരങ്ങളാൽ തിന്മയിലേക്കുള്ള ആകർഷണത്തിനു് **(concupiscence)** അവർ അതീതരായിരുന്നു; പൈശാചികപ്രേരണയ്ക്കുവഴങ്ങി അവർ ദൈവപ്രമാണം ലംഘിച്ചു. അതിനാൽ അവരുടെ അതിസ്വാഭാവിക വരങ്ങൾ നഷ്ടപ്പെട്ടു് അവർ സ്വർഗ്ഗീയജീവിതത്തിനു് അനർഹരായി. അവരുടെ സന്തതിപരമ്പരകൾ പാപക്കറ (ഉത്ഭവപാപം) യോടുകൂടി ജനിക്കുന്നു. അവരും സ്വർഗ്ഗീയജീവിതത്തിനു് അനർഹർ തന്നെ—ഇതാണ് യാഥാസ്ഥിതികപക്ഷം. ഇതിനാധാരമായ ന്യായങ്ങളോ ? (1) ഭൂമിയുടെ അധിപനായിരിക്കുക എന്നു് അനുഗ്രഹിക്കപ്പെട്ട മനുഷ്യൻ പ്രകൃതിയുടെയും തൻെറയും നാഥനായ ദൈവത്തിൻെറ തിരുച്ചിത്തം ലംഘിച്ചില്ലെങ്കിൽ പ്രകൃതിശക്തികൾക്കു അടിമപ്പെടേണ്ട കാരണം എന്തായിരുന്നു? (2) ദൈവത്തോടുള്ള ഐക്യത്താൽ ദൈവത്താൽമാത്രം അതിസ്വാഭാവികമായ പ്രസാദവരം അവർക്കു നൽകപ്പെട്ടിരുന്നില്ലെങ്കിൽ അവർക്കും പിൻഗാമികൾക്കും സ്വന്തം പ്രയത്നത്താൽ വീണ്ടെടുക്കാവുന്നതല്ലാതെ

മറെറന്താണു പാപം നിമിത്തം നഷ്ടപ്പെടാനുണ്ടായിരുന്നത്? (3) പുത്രനായ ദൈവം അവതരിച്ചു കുരിശുമരണംവരിച്ചു മരണത്തെ കീഴടക്കിയതെന്തിന് ? മനുഷ്യവർഗ്ഗത്തിൻെറ അധ:പതനത്തിനു മാനുഷികവും ചരിത്രപരവുമായ ഒരു മൂലകാരണം—ആദ്യമനുഷ്യ ദമ്പതികളുടെ പ്രമാണലംഘനവും ശിക്ഷയും എന്നാണു മറുപടി.

മാതാപിതാക്കളുടെ ജീനസ്സുകൾ(genus) സന്താനങ്ങളിലേക്കു പകരുക പ്രകൃതിയുടെ നിയമമാണ്. ഭക്ഷ്യസാധനങ്ങളുടെ സ്വഭാവമനുസരിച്ച് ഈ ജീനസ്സുകൾക്കു ഗർഭസ്ഥശിശുവിൻെറ ശരീരഘടനയ്ക്കും മാററം വരാം—വരുത്താം—എന്നു ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. പക്ഷെ ഒരുവൻെറ കുററത്തിന് അപരൻ, പിതാവിൻെറ പാപത്തിനു പുത്രൻ, ശിക്ഷിക്കപ്പെടുകയോ ? മാനുഷികനീതികൾപോലും ഇതു യോജിക്കയില്ലല്ലോ! ഉത്ഭവപാപത്തെയും അതിൻെറ മൂലകാരണമായി പറയപ്പെടുന്ന ആദ്യപാപത്തെയും സംബന്ധിച്ച പാരമ്പര്യഭാഷ്യം ചോദ്യം ചെയ്യാൻ പ്രേരിപ്പിച്ചിട്ടുള്ള ഘടകങ്ങളിൽ ഒന്നാണ് ഇത്—തത്വചിന്ത. മറെറാന്ന്, മനശാസ്ത്രം—മാനസിക വ്യാപാരങ്ങളെ സംബന്ധിച്ച ഗവേഷക പഠനങ്ങളും മനുഷ്യമനസ്സാക്ഷിയുടെ രൂപീകരണത്തിൽ മനുഷ്യനു സ്വയമേവയും സമൂഹത്തിനും ഉള്ളപങ്കും. വേറൊന്ന്, ശാസ്ത്രം—പോളിജനിസം ഒരു യാഥാർത്ഥ്യമായി തെളിയിക്കപ്പെടാമെന്ന വസ്തുത. എല്ലാററിലുമുപരിയായി നവീന ബൈബിൾവിജ്ഞാനീയവും മനുഷ്യാവതാരത്തെ സംബന്ധിച്ച വിശാല ദർശനങ്ങളും. ഇവയുടെ വിശദാംശങ്ങളിലേക്കു പ്രവേശിക്കാതെ ഇവയുടെ പശ്ചാത്തലത്തിൽ ആദ്യപാപത്തെയും ഉത്ഭവപാപത്തെയും സംബന്ധിച്ച ഒരു സംക്ഷിപ്തവീക്ഷണം രേഖപ്പെടുത്തുകയാണ്.

മനുഷ്യാവതാരത്തെ സംബന്ധിച്ചിടത്തോളം മൊണോജനിസമോ പോളിജനിസമോ അല്ല നിർണ്ണായക ഘടകം. ത്യാഗബദ്ധമായ അനന്തനന്മയുടെ സാക്ഷാത്കാരവും പൂർത്തീകരണവുമാണ് മുഖ്യഘടകം. പാപപരിഹാരം അതിൻെറ ആഗന്തുക ഫലങ്ങളിൽ ഒന്നുമാത്രം. മനുഷ്യനു സ്വന്തം പരിശ്രമത്താൽ മാത്രം നന്മയുടെ പൂർണ്ണതയിലെത്തുവാൻ—ദൈവരാജ്യം നേടുവാൻ—പ്രതിബന്ധമായി, സാത്താൻെറ പ്രതിലോമ ശക്തിയാൽതന്നെ ആയിരിക്കട്ടെ, നിൽക്കുന്ന ഒരു സ്ഥിതിവിശേഷം(ഉത്ഭവപാപം) മാനവജീവിതാരംഭത്തിൽ തന്നെ സംജാതമായെന്നു വച്ചുകൊള്ളൂ,

എങ്കിൽ തന്നെയും മനുഷ്യാവതാരത്തിന്റെ മൗലിക സന്ദേശവും ലക്ഷ്യവും അഭംഗുരമായി നിലനിൽക്കും—അല്ല, ഒന്നുകൂടി അർത്ഥസംപുഷ്ടമാകും. മനുഷ്യോൽപത്തിമുതൽ വ്യക്തികളും സമൂഹങ്ങളും പരമ്പരയായി പ്രവർത്തിക്കുന്ന തിന്മകളിൽനിന്നും, അവ സൃഷ്ടിക്കുന്ന ആഘാത(ഉത്ഭവപാപം)ത്തിൽ നിന്നും യേശുവിന്റെ പരിത്രാണം മനുഷ്യകുലത്തെയാകെ മോചിപ്പിക്കുന്നു. ആദ്യദമ്പതികളുടെ അതിസ്വാഭാവികവരങ്ങളും, ദുഃഖത്തിനും രോഗത്തിനും മരണത്തിനും അതീതമായ പ്രാരംഭജീവിതവും യേശുവിന്റെ പരിത്രാണത്താൽ ലഭ്യമാകുന്ന യുഗാന്ത്യ (eschatological) ജീവിതത്തിന്റെ പ്രതീകമായി കരുതിയാൽമതി.

**ശിക്ഷയോ രക്ഷയോ.** പ്രമാണലംഘന കഥ ഒരു സങ്കല്പസൃഷ്ടിയാണെന്നിരിക്കട്ടെ. എങ്കിലും അതിനു ജീവസ്പർശിയായ സന്ദേശം എന്തെങ്കിലുമുണ്ടോ ?

ദൈവകല്പനയെ ലംഘിച്ച മനുഷ്യദമ്പതികൾ ഏദനിലെ സൗഭാഗ്യജീവിതത്തിൽനിന്നും പുറന്തള്ളപ്പെടുകയാണല്ലോ. വിശുദ്ധിയും സമാധാനവും അവർക്കു നഷ്ടപ്പെടുന്നു. പ്രകൃതിയും ലജ്ജാബോധവും അവരെ കീഴടക്കുന്നു. തിന്മയുടെ വശ്യതയും ആധിപത്യവും അവരുടെ സന്താനങ്ങളിൽ ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതു് ഇനി നമുക്കു കാണാം. നന്മയും തിന്മയും തമ്മിലുള്ള ഉഗ്രസംഘട്ടനങ്ങൾ, ചരിത്രം മുന്നോട്ടുപോകുംതോറും ശക്തമായിത്തീരുന്ന തിന്മ, പ്രകൃതിയുടെ ക്രൂരതകളും ജീവനാശങ്ങളും, യുദ്ധങ്ങളും സംഹാരങ്ങളും, അടിമത്വവും യാതനകളും എല്ലാംആണു് പഴയഉടമ്പടിയിലെ ചില മുഖ്യദൃശ്യങ്ങൾ. മനുഷ്യജീവിതം അതിന്റെ ദുരന്തദുരിതങ്ങളോടെ നമ്മുടെ മുമ്പിൽവരും. ഇടിയുടെയും മിന്നലിന്റെയും, അഗ്നിവർഷത്തിന്റെയും പ്രളയത്തിന്റെയും ഉഗ്രമൂർത്തിയായ ഒരു പ്രതികാരദൈവത്തെയാണു് അതു ചില രംഗങ്ങളിൽ ആവിഷ്കരിക്കുക. എന്തു്, ദൈവം ഒരു പ്രതികാരമൂർത്തിയോ? സ്വന്തമക്കളുടെ ദുഃഖത്തിൽ സന്തുഷ്ടനാകുന്ന പിതാവെന്നോ? അവിടുന്നു നീതിയുടെ വിധിയാളനാണു്, അതിലേറെ നിത്യജീവന്റെ രക്തദാനംചെയ്യുന്ന കാരുണ്യമൂർത്തിയാണു്. വിശേഷോത്തരമായ ആ പ്രേമപൂജാർപ്പണത്തിന്റെ മധുരമന്ദ്രഗാനം ഏദനിൽ സമാരംഭിക്കുകയായി; വിശുദ്ധഗ്രന്ഥത്തിലാകെ അതു മാറെറാലിക്കൊള്ളും; സിയോനിലെ ഭോജനശാലയിലും കാൽവരിയുടെ മുകൾപ്പരപ്പിലും സഞ്ചയിക്കപ്പെടും!

പാപത്തിനു മരണം ശിക്ഷയായി മുന്നറിയിപ്പുനൽകിയ ജഗൽപിതാവിൻെറ സാന്ത്വനസമീപനം നോക്കു—''നീ വൃക്ഷ ഫലം തിന്നോ? എന്തിനു നീ അതു തിന്നു?''

ഭീരുത്വവും ലജ്ജയും ഒരുനിമിഷത്തേയ്ക്കു് ആ ദമ്പതികളെ വിട്ടൊഴിയുകയായി. അവർ കളവുപറയുകയോ തങ്ങളുടെ കുററ കരമായ പ്രവർത്തി മറച്ചുവെയ്ക്കുകയോ ചെയ്യുന്നില്ല. നിരാശയുടെ നെടുവീർപ്പുകളല്ല, പശ്ചാത്താപത്തിൻെറ തപ്തബാഷ്പങ്ങളാണു് അവരിൽനിന്നു് ഉതിർന്നുവരിക. അപ്പോഴിതാ അവക്കു മരണ ത്തിനുപകരം നിത്യസൗഭാഗ്യത്തിൻെറ വാഗ്ദാനം വരികയായി— വഞ്ചകനായ സർപ്പത്തിനു ശാപവും. ''നിനക്കും സ്ത്രീക്കും തമ്മിൽ, നിൻെറ സന്തതിയും അവളുടെ സന്തതിയും തമ്മിൽ, ഞാൻ ശത്രുത ഉളവാക്കും...അവൻ നിൻെറ തല തകക്കും''! അതിൻെറ പൊ രുരം അവർ മനസിലാക്കിയോ ? എവ്വിധമായാലും തങ്ങളുടെ സ്രഷ്ടാവിൻെറ കാരുണ്യവായ്പിൽ നിറഞ്ഞ പ്രത്യാശകളോടുകൂടി യാണു് അവർ ഏദനിൽനിന്നു കണ്ണുനീരിൻെറ പെരുവഴിയിലേക്കു് ഇറങ്ങിപ്പോവുക.

*    *    *    *

**ആത്മദർശനം.** സ്വതന്ത്രമനസാ പ്രകൃതിയെ അധീന മാക്കി നിത്യസൗഭാഗ്യം നേടേണ്ടതിനുപകരം മനുഷ്യൻ തൻെറ ജഡത്വം അതൃപ്തിയും പ്രകൃതിക്കു ദാസ്യപ്പെടുത്തി ജീവിതം ദുഃഖ സന്തപ്തമാക്കുന്നു. എങ്കിലും അവൻെറ മോചനത്തിനു് നാഥനായ ദൈവം ജാഗരൂകനായി വത്തിക്കുന്നു.

—

# 4. സോദരവധം

ഉല്പ: 4. 1-26

ആദാം തൻെറ ഭാര്യയായ ഹവ്വായോടുചേൎന്നു. അവരം ഗർഭം ധരിച്ച കായേനെ പ്രസവിച്ചു. അവരം പറഞ്ഞു: കൎത്താവു കടാക്ഷിച്ചു് എനിക്കു് ഒരു ആൺകുട്ടിയെ ലഭിച്ചിരിക്കുന്നു/ പിന്നീടു് അവരം കായേൻെറ സഹോദരൻ ആബേലിനെ പ്രസവിച്ചു. ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനും ആയിരുന്നു / ഒരിക്കൽ കായേൻ തൻെറ വിളവിൽ ഒരുഭാഗം കൎത്താവിനു കാഴ്ച സമർപ്പിച്ചു / ആബേൽ തൻെറ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽ കുഞ്ഞുങ്ങളെയെടുത്തു് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങരം അവിടുത്തേക്കു കാഴ്ചവച്ചു. ആബേലിലും അവൻെറ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു / എന്നാൽ കായേനിലും അവൻെറ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല. ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവൻെറ മുഖം കറുത്തു / കൎത്താവ് കായേനോടു ചോദിച്ചു: നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ടു് ? നിൻെറ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ടു് ? / ഉചിതമായി പ്രവൎത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ ? നല്ലതുചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്നു് ഓൎക്കണം. അതു നിന്നിൽ താല്പര്യം വച്ചിരിക്കയാണു്. നീ അതിനെ കീഴടക്കണം /

ഒരുദിവസം കായേൻ തൻെറ സഹോദരൻ ആബേലിനോടു പറഞ്ഞു: നമുക്കു വയലിലേക്കു പോകാം. അവർ വയലിലായിരിക്കെ കായേൻ ആബേലിനോടു കയൎക്കുകയും അവനെ കൊല്ലുകയും ചെയ്തു / കൎത്താവ് കായേനോടു ചോദിച്ചു: നിൻെറ സഹോദരൻ ആബേൽ എവിടെ? അവൻ പറഞ്ഞു: എനിക്കറിഞ്ഞുകൂടാ. സഹോദരൻെറ കാവൽക്കാരനാണോ ഞാൻ? എന്നാൽ കൎത്താവ് പറഞ്ഞു: നീ എന്താണ് ചെയ്തതു്? നിൻെറ സഹോദരൻെറ രക്തം മണ്ണിൽനിന്നു് എന്നെ വിളിച്ചു കരയുന്നു / നിൻെറ കയ്യിൽനിന്നു് നിൻെറ സഹോദരൻെറ രക്തംകുടിക്കാൻ വാപിളൎന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും / കൃഷിചെയ്യുമ്പോരം മണ്ണു് നിനക്കു ഫലം തരില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവനായിത്തീരും / കായേൻ കൎത്താവിനോടുപറഞ്ഞു: എനിക്കു

വഹിക്കാവുന്നതിലും വലുതാണു് ഈ ശിക്ഷ / ഇന്നു് അവിടുന്നു് എന്നെ ഈ സ്ഥലത്തുനിന്നു് ആട്ടിപ്പായിച്ചിരിക്കുന്നു. അവിടുത്തെ സന്നിധിയിൽനിന്നു ഞാൻ ഒളിച്ചുനടക്കണം. ഞാൻ ഭൂമിയിൽ ഉഴലുന്നവനായിരിക്കും. കാണുന്നവരെല്ലാം എന്നെ കൊല്ലാൻനോക്കും / കർത്താവുപറഞ്ഞു : ഒരിക്കലുമില്ല. കായേനെ കൊല്ലുന്നവൻെറമേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരംചെയ്യും. ആരും കായേനെ നിഹനിക്കാതിരിക്കാൻ കർത്താവ് അവൻെറമേൽ ഒരു അടയാളംപതിച്ചു / കായേൻ കർത്താവിൻെറ സന്നിധിവിട്ടു് ഏദനു കിഴക്കുള്ള നോദ് എന്ന സ്ഥലത്തു വാസമുറപ്പിച്ചു /

കായേൻ തൻെറ ഭാര്യയുമായി ചേരുകയും അവൾ ഗർഭം ധരിച്ചു് ഹെനോക്കിനെ പ്രസവിക്കയുംചെയ്തു. കായേൻ ഒരു നഗരം പണിതു. ഹെനോക്ക് എന്ന തൻെറ മകൻെറ പേരുതന്നെ അതിനു നൽകി / ഹെനോക്കിനു് ഈരാദും, ഇരാദിനു് മെഹൂയാ യേലും ജനിച്ചു. മെഹൂയായേലിനു് മെഥൂശായേലും, മെഥൂശായേലിനു് ലാമെക്കും ജനിച്ചു / ലാമെക്കിനു രണ്ടു ഭാര്യമാരുണ്ടായിരുന്നു — ആദായും സില്ലായും / ആദായുടെ മകനായിരുന്നു യാബേൽ / കൂടാരവാസികളുടെയും അജപാലകരുടെയും പിതാവായിരുന്നു അവൻ / അവൻെറ സഹോദരൻെറ പേര് യൂബാൽ. കിന്നരവും വേണുവും വായിക്കുന്നവരുടെ പിതാവായിരുന്നു അവൻ / സില്ലാമ്ക്കും ഒരു പുത്രൻ ഉണ്ടായി, തൂബൽകയീൻ. ചെമ്പുപണിക്കാരുടെയും ഇരുമ്പുപണിക്കാരുടെയും ഗുരുനാഥനായിരുന്നു അവൻ. തൂബൽകയീനു് നാമാ എന്നൊരു സഹോദരി ഉണ്ടായിരുന്നു / ലാമെക്ക് തൻെറ ഭാര്യമാരോടു പറഞ്ഞു : ആദായേ, സില്ലായേ ഞാൻ പറയുന്നതു കേൾക്കുവിൻ. ലാമെക്കിൻെറ ഭാര്യമാരെ, എനിക്കു ചെവിതരുവിൻ. എന്നെ മുറിപ്പെടുത്തിയ ഒരുവനെയും എന്നെ അടിച്ച ഒരു ചെറുപ്പക്കാരനെയും ഞാൻ കൊന്നുകളഞ്ഞു / കായേൻെറ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമെക്കിൻേറതു് എഴുപതിരട്ടിയായിരിക്കും /

ആദാം വീണ്ടും തൻെറ ഭാര്യയോടു ചേരുകയും അവൾ ഒരു പുത്രനെ പ്രസവിക്കുകയുംചെയ്തു. സേത്ത് എന്നു് അവനു പേരിട്ടു. കാരണം, കായേൻ കൊന്ന ആബേലിനു പകരം എനിക്കു ദൈവം തന്നതാണു് അവൻ എന്നു് അവൾ പറഞ്ഞു / സേത്തിനും ഒരു പുത്രൻ ജനിച്ചു. സേത്ത് അവനെ എനോഷ് എന്നു വിളിച്ചു.

അക്കാലത്തു് മനുഷ്യർ കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുവാൻ തുടങ്ങി.

*　　　*　　　*

**മരുഭൂമിയിലെ കൊല.** ആദ്യമാതാപിതാക്കളെപ്പോലെ സന്താനങ്ങളും തിന്മയ്ക്കുവിധേയരായിരുന്നു. പൈശാചിക ശക്തിയെ ജയിക്കാൻ അപ്രാപ്തരായിരുന്നു. എങ്കിലും ദൈവം കായേൻെറ ദുഷ്ടതയ്ക്കു ക്രൂരമായി ശിക്ഷിക്കാതെ രക്ഷയുടെ മുദ്ര നൽകിയെന്നതാണു് കഥാസത്ത.

കായേനു തൻെറ സഹോദരൻ ആബേലിൻെറ സമൃദ്ധിയിൽ അസൂയയും വിദ്വേഷവും കത്തിക്കാളി പാപം അവനെ നശിപ്പിക്കുവാൻ പതിയിരിക്കുന്നു എന്നു ദൈവം മുന്നറിയിപ്പു നൽകി. അന്യായപ്രവർത്തികൾക്കൊരുങ്ങുന്നവർക്കെല്ലാം അമ്മാതിരി മുന്നറിയിപ്പുകൾ മനസാക്ഷിയിൽ നിന്നുണ്ടാകും. പക്ഷെ കായേനു് അവൻെറ വിദ്വേഷം അമർത്താൻ കഴിഞ്ഞില്ല. അവൻ വികാരങ്ങൾക്കു് അടിമയായി ആബേലിനെ വധിച്ചു.

നിൻെറ അനുജൻ എവിടെ ? — ദൈവചോദ്യം അവനെ തട്ടിയുണർത്താനെത്തി. സ്വന്തം ക്രൂരകൃത്യത്തെപ്പററി പശ്ചാത്താപമല്ല ''ഞാൻ എൻെറ സഹോദരൻെറ കാവൽക്കാരനോ'' എന്ന ഔദ്ധത്യമാണു് അവനു മുന്നിട്ടു നിൽക്കുക. ക്രൂരമായ ശിക്ഷാവിധിക്കു് അവൻ സ്വയം അർഹനാക്കി — മരണശിക്ഷയ്ക്കുതന്നെ. സ്വന്തം പാതകത്തിൽ പശ്ചാത്താപിക്കാതെ മരണത്തെ ഭയപ്പെടുന്ന അധമ ചിത്തവൃത്തിയല്ലേ അവനുണ്ടാവുക ? അന്യരാരും അവനെ കൊല്ലുവാൻ ഇടയാകരുതെന്നല്ലേ ദൈവത്തോടു പ്രാർത്ഥനയുള്ളു ? എന്നിട്ടും മാനുഷിക നീതിയെ അതിലംഘിക്കുന്ന കരുണയുടെ രക്ഷാചിഹ്നമാണു് ദൈവം കായേനു നൽകുക.

**അഭിനവകായേന്മാർ.** കായേൻെറ പ്രവർത്തി ക്രൂരമായിരുന്നു. അതിൻെറ കാഠിന്യത്തെ ഒരുവനും നിഷേധിക്കയില്ല. എന്നാൽ. ഇന്നു ലോകമാകെ നടമാടുന്ന നരഹത്യയോ ? നമ്മുടെ നിസ്സാര തിന്മകളേക്കാൾ ക്ഷന്തവ്യമായിരുന്നില്ലേ കായേൻെറ ഉഗ്രപാപം. തിന്മയുടെ പാരമ്പര്യഫലങ്ങളിൽനിന്നു് യേശു നമ്മെ മോചിപ്പിച്ചിരിക്കുന്നു. അദ്ധ്യാത്മികമായി കൂടുതൽ ശക്തിയാർജ്ജിക്കുന്നതിനുള്ള ദിവ്യോപാധികളും നൽകിയിരിക്കുന്നു; പാപ

ത്തിൻെറ ആക്രമണത്തെ ചെറുക്കാൻ മാർഗ്ഗദർശകങ്ങളായ നിയമങ്ങളും ഉണ്ട്. അവയെല്ലാം ധിക്കരിച്ചാണ് നാം പാപംചെയ്യുക. പാപത്തിൻെറ ഫലം കൺമുമ്പിലുണ്ടായിട്ടും ഹൃദയകാഠിന്യത്തോടുകൂടി തിന്മയിൽ ഉറച്ചുനിൽക്കുകയും കായേനെ അധികരിക്കുന്ന ധിക്കാരത്തോടുകൂടി ദൈവത്തെ വെല്ലുവിളിക്കുകയുമല്ലേ ക്രൈസ്തവർ ചെയ്യുക! യേശുവിനെ അറിഞ്ഞിട്ടില്ലാത്തവരോ ? അവരുടെ അദ്ധ്യാത്മിക ദാരിദ്ര്യത്തിലും അജ്ഞതയിലും ചെയ്യുന്ന തിന്മകൾ ദൈവദൃഷ്ടിയിൽ കൂടുതൽ ക്ഷന്തവ്യങ്ങളായിരിക്കയില്ലേ?

കായേൻെറ ഏററവുംവലിയ കുററം അവൻ സ്വസഹോദരനെ വധിച്ചു എന്നതല്ല, ദൈവത്തിൻെറ കരുണയിൽ അവിശ്വസിക്കുകയും ദൈവിക നിർദ്ദേശങ്ങളെ ധിക്കരിക്കയും ചെയ്തുഎന്നതായിരുന്നു എന്നു പുതിയ ഉടമ്പടി സൂചിപ്പിക്കുന്നു (എബ്രാ.11.4). ആ ധിക്കാരവും അഹങ്കാരവും അവൻെറ പിൻഗാമിയായ ലാമെക്കിൽ മൂർത്തീകരിച്ചതായിട്ടാണു നാം കാണുക. ''കായേനെ വധിച്ചതിനു് ഏഴിരട്ടി പകരംവീട്ടി, എന്നാൽ ലാമെക്കിനുവേണ്ടി എഴുപത്തേഴിരട്ടി!'' എന്ന ലാമെക്കിൻെറ പ്രലപനം ഉദ്ധതമായ ദൈവനിന്ദനത്തിൻെറ പ്രതിഫലനമല്ലാതെ മററന്താണ് ? കായേനെ വധിക്കുന്നവക്കു ശിക്ഷകല്പിക്കുന്നതു് ഉടയവനായ ദൈവമാണു് ; ശിക്ഷാവിധികളുള്ള പരമാധികാരം അവിടത്തേക്കല്ലാതെ മററാക്കാണുള്ളതു്? ദൈവത്തെ നിഷേധിച്ചു സ്വന്തസഹോദരങ്ങളെ ന്യായവിധിചെയ്യുന്ന കൊട്ടംപാപികളെയാണു ലാമെക്ക് പ്രതിനിധാനംചെയ്യുക. അവരുടെ സന്തതിപരമ്പരകൾക്കുപോലും ദൈവത്തിൻെറ കരുണലഭിയ്ക്കയില്ലെന്നാണ് ഇനിയുള്ള പാഠം.

**പ്രാചീനചരിത്രം.** ഭൗതികമാത്രമായ പുരോഗതിയുടെ ഒരു സംക്ഷിപ്തചിത്രീകരണം കായേൻെറ പിൻഗാമികളിൽ കാണാം. കാർഷികവൃത്തി, ഭവനനിർമ്മാണം, കാലിവളർത്തൽ, വാദ്യകല മുതലായവയിൽ അവർ അഭിവൃദ്ധിപ്രാപിക്കുന്നു. എന്നാൽ അതോടൊപ്പം വഷളത്തങ്ങളിലും. സ്ത്രീലോലുപത, ജഡികാസക്തി, അഹങ്കാരം, വിദ്വേഷം എന്നിവയും ഒന്നിനൊന്നു മൂർഛിക്കും. നാടകീയമായ ഒരു രക്ഷാകർമ്മത്തിൻെറ പ്രാരംഭസംവിധാനമാണു് ഇവിടെ കാണുക—പ്രളയനാശവും നോഹിൻെറ രക്ഷണവും ഇതാവരികയായി.

ഈ വംശപരമ്പരയിൽ ചിലർ, പ്രത്യേകിച്ച ലാമെക്കും മക്കളും പ്രാചീന ലോഹയുഗാരംഭകാലത്തെ ചില ഗോത്രനേതാക്കളെയാണ സൂചിപ്പിക്കുന്നതെന്നു ചില വ്യാഖ്യാതാക്കാം പറയുന്നു. ലോഹത്തൊഴിൽക്കാരുടെ ഗോത്രപിതാവ് തൂബൽകായീനല്ല ലാമെക്കുതന്നെ ആയിരുന്നു എന്നും അവൻെറ പക്കലുണ്ടായിരുന്ന ലോഹായുധങ്ങളുടെ ഊററമാണ് എഴുപത്തേഴിരട്ടി പ്രതികാരത്തെക്കുറിച്ച ഭീഷണിയിറക്കുവാൻ പ്രേരകമായതെന്നുമാണ് അവരുടെ നിഗമനം. വൈരസ്യം ജനിപ്പിക്കുന്ന ഈ മനുഷ്യനിൽനിന്നു ബൈബിറംകർത്താവു നമ്മുടെ ശ്രദ്ധയെ തിരിച്ചുവിടുന്നതു് സമാശ്വാസകരമായ ഒരു വസ്തുതയിലേക്കാണ് – ആദാമിൻെറ പൗത്രനായ ഏനേശ്ശ് കർത്താവിൻെറ തിരുനാമം ഉച്ചരിക്കുവാൻ തുടങ്ങുകയായി. പരസ്യമായ ദൈവാരാധനയുടെ ഉത്ഭവമായി ചിലർ അതു വീക്ഷിക്കുന്നു. മററുചിലർ ''യാവെ'' എന്ന തിരുനാമത്തിൻെറ ആദ്യവെളിപാടിനെ സൂചിപ്പിക്കുന്നതായും കരുതുന്നു.

ആദാംമുതൽ ഏനേശ്ശ്‌വഴി നോഹ വരെ ദീർഘായുഷ്മരായ പത്തു് ആദ്യപിതാക്കന്മാരുടെയും അവരുടെ സന്താനങ്ങളുടെയും ഒരു ശൃംഘല ഉല്പത്തി അഞ്ചാം അധ്യായത്തിൽ നൽകപ്പെട്ടിട്ടുണ്ട്. ഏതാണ്ട് അതുപോലെ മറെറാരു വംശാവലി നോഹ മുതൽ അബ്രാഹംവരെ ഉല്പത്തി പതിമൂന്നാം അദ്ധ്യായത്തിലും കാണാം. അബ്രാഹത്തിനു ശേഷമുണ്ടായ മററു ഗോത്രപിതാക്കന്മാരുടെയും, ഈജിപ്റ്റിലെ അടിമത്തത്തിൻെറയും, ന്യായാധിപന്മാരുടെയും, ഇസ്രായേൽ രാജാക്കന്മാരുടെയും എല്ലാം കാലദൈർഘ്യം സംബന്ധിച്ചും വിവരണങ്ങാം പുറകെയുണ്ട്. അവയുടെ കൃത്യസംഖ്യകാം പഴയ ഉടമ്പടിയുടെ വിവിധ മൂലഗ്രന്ഥങ്ങളിൽ അല്പാല്പം വ്യത്യസ്ഥങ്ങളാണെങ്കിലും ആദാംമുതൽ ക്രിസ്തുവരെയുള്ള കാലദൈർഘ്യം പരമാവധി 5000 വർഷംമാത്രമാകുന്നു. ആദാമിൻെറ സൃഷ്ടിമുതൽ പ്രളയംവരെ 1307വർഷം (സമേറിയൻ ഗ്രന്ഥമനുസരിച്ച്) അല്ലെങ്കിൽ 2262 വർഷം (സെപ്റ്റ്വജിന്റ്) കഴിഞ്ഞതായി കാണാം. 2256—ാം വർഷത്തിലായിരുന്നു പ്രളയം എന്നാണ് യഹൂദചരിത്രകാരൻ ജോസഫൂസിൻെറ പക്ഷം. ഈ വിവരണങ്ങാം യഥാർത്ഥ ചരിത്ര വസ്തുതകളായി സ്വീകരിക്കണോ ?

ഈജിപ്റ്റിൻെറയും ബാബിലോണ്യയുടെയും പൂർവ്വചരിത്രത്തിൽ ബി. സി. 3000നും 4000നും ഇടയ്ക്കുള്ള പലസംഭവങ്ങളും

ഇന്നു് അറിയപ്പെടുന്നു. സാംസ്കാരികമായും ചരിത്രപരമായും വളരെ പുരോഗതിപ്രാപിച്ച ജനപദങ്ങളെയും രാഷ്ട്രങ്ങളെയു മാണു് ആ കാലഘട്ടത്തിൽ അവിടെയെല്ലാം കാണുന്നതു്. ഉല്പ ത്തിഗ്രന്ഥത്തിൽ പറയുന്നമാതിരി സാർവ്വത്രികമായ ഒരു പ്രളയം ആ കാലത്തെങ്ങും സംഭവിച്ചതായി കരുതുവാൻ യാതൊരുതെളിവും ന്യായവും ഇല്ല.

മറെറാരു കുഴപ്പവുമുണ്ടു്. അതു് ആദാമിൻെറയും പിൻ ഗാമികളുടെയും ജീവിതദൈർഘ്യമാണു്. ആദാം 930 വർഷം, ശേത്തു് 912 വർഷം, ഏനേശു് 905 വർഷം, കേനാൻ 910... ഇങ്ങനെ പോകുന്നു ആ പട്ടിക. പക്ഷെ ചരിത്രാതീതകാലത്തെ മനുഷ്യൻെറ ആയുർദൈർഘ്യം 60 വർഷത്തോടു അടുത്തായിരു ന്നെന്നു അസ്ഥിനിക്ഷേപങ്ങളുടെ പഠനത്തിൽ നിന്നനുമാനിക്ക പ്പെടുന്നു. ആദാമും പിൻഗാമികളും അനേകനൂററാണ്ടുകൾ ജീവിച്ചു എന്നതു് പ്രഥമദൃഷ്ടിയിൽ പരിഹസിച്ചുതള്ളാൻ പലരും മടി ക്കയില്ല. പക്ഷെ ഈ വർണ്ണനാസമ്പ്രദായം ബൈബിളിൽ മാത്ര മല്ല മററു ബാബിലോണ്യൻ ചരിത്രകഥകളിലും ഉണ്ടു്. ഭാരതീയ പാരമ്പര്യങ്ങളിലും ദൃശ്യമാണു്. പുരാതന ബാബിലോണ്യൻ ചരി ത്രകഥകളിൽ വമ്പിച്ച ഒരു പ്രളയത്തിനുമുമ്പു് അനേകനൂററാണ്ടു കാലം ജീവിച്ച പത്തു രാജാക്കന്മാരുടെ ഒരു പട്ടിക ഉണ്ടു്. കാല നിർണ്ണയത്തിൽ നമുക്കു വ്യക്തമല്ലാത്ത ഏതോ ഒരു സമ്പ്രദായം പുരാതന സെമിററിക്കുകൾക്കുണ്ടായിരുന്നെന്നു ചില ബൈബിൾ പണ്ഡിതർ പ്രസ്താവിക്കുന്നു.

ഉല്പത്തി 1—മുതൽ 11—ാം അദ്ധ്യായം വരെയുള്ള സംഭവ വിവരണങ്ങളുടെ ചരിത്രസ്വഭാവം സംബന്ധിച്ചു പൊണ്ടിഫി ക്കൽ ബിബ്ലിക്കൽ കമ്മീഷൻ നൽകിയിട്ടുള്ള വിശദീകരണം ശ്രദ്ധാർഹമാണു്. ചരിത്രം എന്ന പദം ഇന്നു വിവക്ഷിക്കുന്ന മാതിരി ഒരു ചരിത്രം ഈ വിവരണങ്ങൾ ഉൾക്കൊള്ളുന്നില്ല എന്നു പറയുന്നപക്ഷം അതിൽ യാതൊരു ചരിത്രവസ്തുതയുമില്ല എന്നു ധരിക്കപ്പെട്ടും. എന്നാൽ മനുഷ്യസമൂഹത്തിനു് അതിൻെറ വളർച്ചയുടെ ഒരു താഴ്ന്നദശയിൽ വേഗത്തിൽ ഗ്രഹിക്കത്തക്ക വിധം നിത്യരക്ഷയുടെ ദൈവിക പദ്ധതിയിലെ ചില മൗലിക സത്യങ്ങളെ ലളിതമായും ആലങ്കാരികഭാഷയിലും വിവരിക്കു കയും, മനുഷ്യവർഗ്ഗത്തിൻെറയും തെരഞ്ഞെടുക്കപ്പെട്ട ജനതയുടെയും

ഉത്ഭവം സാമാന്യമായി ചിത്രീകരിക്കുകയുമാണ് തൽക്കർത്താക്കൾ ചെയ്തിട്ടുള്ളത് എന്നു കമ്മീഷൻ പ്രസ്താവിക്കുന്നു. മനുഷ്യസമൂഹം പൊതുവെ ഒന്നിനൊന്ന് അധഃപതിച്ച തിന്മയുടെ സംഘാതശക്തി വർദ്ധിച്ച വരികെത്തന്നെ ഏവരുടെയും നിത്യനന്മയ്ക്കുള്ള മനുഷ്യാവതാരത്തിനു വഴിയൊരുക്കുവാൻ താരതമ്യേന മാതൃകായോഗ്യമായ ഒരു വംശപരമ്പരയെ ദൈവം സവിശേഷമായി പരിരക്ഷിച്ചു എന്നാണ് അതിന്റെ ചരിത്രസത്ത. ആ ഗോത്രപിതാക്കളുടെ ദീർഘായുസ്സ് ആ ഗോത്രപരമ്പരകളുടെ ഐക്യത്തിന്റെ പ്രതീകമായും സ്വീകരിക്കാം.

ഈ വംശാവലിയിൽ നോഹ വരെയുള്ളവരിൽ ഏററവും വിശിഷ്ട പുരുഷൻ യാരെദിന്റെ മകൻ ഹാനോക്ക് ആകുന്നു. ''ഹാനോക്ക് ദൈവത്തോടുകൂടി നടന്നു'' എന്നു പല പ്രസ്താവനകൾ ബൈബിളിൽ ഉണ്ട്. മററുപലരും വാർദ്ധക്യത്തിൽ മരണം പ്രാപിച്ചു എങ്കിൽ ഹാനോക്കിനെ 'ദൈവം എടുത്തതിനാൽ കാണാതെയായി' എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ജീവിത വൈശിഷ്ട്യത്താൽ മരണത്തിനു വിധേയനാക്കപ്പെടാതെ ശരീരത്തോടുകൂടി ഭൂമിയിൽനിന്ന് എടുക്കപ്പെട്ടു എന്നാണ് എബ്രായ–യഹൂദപാരമ്പര്യങ്ങൾ. ക്രൈസ്തവ പുനരുത്ഥാനത്തിന്റെ പ്രഥമ പ്രതീകമാണ് ഹാനോക്ക്.

* * *

ആത്മദർശനം. വലത്തു കൈകൊണ്ട് ഹിംസിക്കുക–ഇടത്തുകൈകൊണ്ട് ബലിയർപ്പിക്കുക–എന്താണ് ദൈവാരാധന?

**

# 5. ജലപ്രളയം

ഉല്പ: 6. 1—9.29

മനുഷ്യർ ഭൂമിയിൽ പെരുകുവാൻ തുടങ്ങുകയും / അവർക്ക പുത്രിമാർ ജനിക്കുകയും ചെയ്തപ്പോഠം മനുഷ്യപുത്രിമാർ അഴകുള്ള വരാണെന്നുകണ്ടു ദൈവപുത്രന്മാർ തങ്ങഠംക്കു് ഇഷ്ടപ്പെട്ടവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു / അപ്പോഠം ദൈവമായ കർത്താവു് പറഞ്ഞു: എൻെറ ചൈതന്യം എന്നേക്കും മനുഷ്യനിൽ നില നിൽക്കുകയില്ല. അവൻ ജഡമാണു്. അവൻെറ ആയുസ്സു് നൂററി യിരുപതു വർഷമായിരിക്കും / ദൈവപുത്രന്മാർ മനുഷ്യപുത്രിമാരു മായി ചേരുകയും അവർക്ക മക്കളുണ്ടാവുകയും ചെയ്തിരുന്ന അക്കാ ലത്തും പിന്നീടും ഭൂമിയിൽ അതികായന്മാർ ഉണ്ടായിരുന്നു. അവ രാണു് പുരാതനകാലത്തെ പ്രസിദ്ധിയാർജ്ജിച്ച പ്രബലന്മാർ /

ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവൻെറ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷി ച്ചതുമാത്രമാണെന്നും കർത്താവു് കണ്ടു / ഭൂമുഖത്തു മനുഷ്യനെ സൃഷ്ടി ച്ചതിൽ കർത്താവു പരിതപിച്ചു. അതു് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു / കർത്താവു് അരുളിച്ചെയ്തു: എൻെറ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്നു ഞാൻ തുടച്ചുമാററും. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയുമെ ല്ലാം ഞാൻ നാമാവശേഷമാക്കും. അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു / എന്നാൽ നോഹ കർത്താവിൻെറ പ്രീതിക്കു പാത്ര മായി / ഇതാണു് നോഹയുടെ വംശാവലി. നോഹ നീതിമാനാ യിരുന്നു. ആ തലമുറയിലെ കറയററ മനുഷ്യനും ആയിരുന്നു / അവൻ ദൈവത്തിൻെറ മാർഗ്ഗത്തിലൂടെ നടന്നു. നോഹയ്ക്കു മൂന്നു പുത്രന്മാരുണ്ടായി — ഷേം, ഹാം, യാഫെത്തു് / ...11—12... /

ദൈവം നോഹയോടു് അരുളിച്ചെയ്തു: മനുഷ്യവർഗ്ഗത്തെ നശിപ്പിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. അവർമൂലം ലോകം അധർമ്മംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭൂമിയോടുകൂടി അവരെ ഞാൻ നശിപ്പിക്കും / ഗോഫെർമരംകൊണ്ടു നീയൊരു പെട്ടകമുണ്ടാക്കുക. അതിൽ മുറികഠം തിരിക്കുക. അതിൻെറ അകത്തും പുറത്തും കീലുതേക്കണം / ഇങ്ങനെയാണു് അതുണ്ടാക്കേണ്ടതു്. മുന്നൂറുമുഴം

നീളം, അമ്പതു മുഴംവീതി, മുപ്പതുമുഴം ഉയരം / മേൽക്കൂരയിൽനിന്നു് ഒരുമുഴം താഴെ പെട്ടകത്തിനു് ഒരു ജന്നലും വശത്തു് ഒരു വാതിലും വയ്ക്കണം. താഴെയും മേലെയും നടുവിലുമായി മൂന്നു തട്ടായിവേണം പെട്ടകം ഉണ്ടാക്കാൻ / ഭൂതലത്തിലെല്ലാം ഞാൻ ഒരു ജലപ്രളയം വരുത്താൻപോവുകയാണു്. ആകാശത്തിനുകീഴെ ജീവശ്വാസമുള്ള എല്ലാജഡവും ഞാൻ നശിപ്പിക്കും. ഭൂമുഖത്തുള്ളതെല്ലാം നശിപ്പിക്കും / എന്നാൽ നീയുമായി ഞാൻ എന്റെ ഉടമ്പടി ഉറപ്പിക്കും. നീ പെട്ടകത്തിൽ കയറണം : നിന്റെകൂടെ നിന്റെ ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും. എല്ലാജീവജാലങ്ങളിലും നിന്നു് ആണും പെണ്ണുമായി ഈരണ്ടെണ്ണത്തെയും നീ പെട്ടകത്തിൽ കയററി സൂക്ഷിക്കണം / എല്ലായിനം പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും സംരക്ഷിക്കപ്പെടേണ്ടതിനു് ഈരണ്ടെണ്ണം നിന്റെകൂടെവരട്ടെ / നിനക്കും അവയ്ക്കും ആഹാരത്തിനുവേണ്ടി എല്ലാത്തരം ഭക്ഷണവും ശേഖരിച്ചു വയ്ക്കണം / ദൈവം കൽപിച്ചതുപോലെതന്നെ നോഹ പ്രവർത്തിച്ചു /

നോഹയ്ക്കു് അറുനൂറു വയസ്സുള്ളപ്പോഴാണു് ഭൂമുഖത്തു വെള്ളപ്പൊക്കമുണ്ടായതു് / വെള്ളപ്പൊക്കത്തിൽനിന്നു രക്ഷപെടുവാൻ നോഹയും ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും പെട്ടകത്തിൽ കയറി / ദൈവം കല്പിച്ചതുപോലെ ശുദ്ധിയുള്ളവയും അല്ലാത്തവയുമായ മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും ആണും പെണ്ണുമായി ഈരണ്ടുവീതം നോഹയോടുകൂടി പെട്ടകത്തിൽകയറി / ഏഴുദിവസം കഴിഞ്ഞപ്പോൾ ഭൂമിയിൽ വെള്ളം പൊങ്ങിത്തുടങ്ങി / നോഹയുടെ ജീവിതത്തിന്റെ അറുനൂറാം വർഷം രണ്ടാം മാസം പതിനേഴാം ദിവസമാണു് അഗാധങ്ങളിലെ ഉറവകൾ പൊട്ടിയൊഴുകിയതും ആകാശത്തിന്റെ ജാലകങ്ങൾ തുറന്നതും / നാല്പതു രാവും നാല്പതു പകലും മഴപെയ്തുകൊണ്ടിരുന്നു / അന്നുതന്നെ നോഹയും ഭാര്യയും അവന്റെ പുത്രന്മാരായ ഷേം, ഹാം, യാഫെത്തു് എന്നിവരും അവരുടെ ഭാര്യമാരും പെട്ടകത്തിൽ കയറി / അവരോടൊത്തു് എല്ലായിനം വന്യമൃഗങ്ങളും, കന്നുകാലികളും, ഇഴജന്തുക്കളും പക്ഷികളും പെട്ടകത്തിൽ കടന്നു / ജീവനുള്ള സകലജഡത്തിലുംനിന്നു് ഈരണ്ടുവീതം നോഹയോടുകൂടി പെട്ടകത്തിൽ കടന്നു / സകല ജീവജാലങ്ങളും നോഹയോടു ദൈവം കല്പിച്ചിരുന്നതുപോലെ ആണും പെണ്ണുമായാണു് അകത്തു കടന്നതു്. കർത്താവു നോഹയെ പെട്ടകത്തിലടച്ചു /

വെള്ളപ്പൊക്കം നാല്പതുനാൾ തുടർന്നു. ജലനിരപ്പ് ഉയർന്നു; പെട്ടകം പൊങ്ങി ഭൂമിക്കു മുകളിലായി / ഭൂമിയിൽ ജലം വർദ്ധിച്ചു കൊണ്ടിരുന്നു. പെട്ടകം വെള്ളത്തിനുമീതെ ഒഴുകി / ജലനിരപ്പു വളരെ ഉയർന്നു: ആകാശത്തിനുകീഴ് തല ഉയർത്തിനിന്ന സകല പർവ്വതങ്ങളും വെള്ളത്തിനടിയിലായി / പർവ്വതങ്ങൾക്കുമുകളിൽ പതിനഞ്ചുമുഴം വരെ വെള്ളം ഉയർന്നു ഭൂമുഖത്തു ചരിക്കുന്ന എല്ലാ ജീവജാലങ്ങളും—പക്ഷികളും, കന്നുകാലികളും, കാട്ടുമൃഗങ്ങളും, ഇഴജന്തുക്കളും, മനുഷ്യരും—ചത്തൊടുങ്ങി / കരയിൽ വസിച്ചിരുന്ന പ്രാണനുള്ളവയെല്ലാം ചത്തു / ഭൂമുഖത്തുനിന്നു ജീവനുള്ളവയെ എല്ലാം — മനുഷ്യനെയും മൃഗങ്ങളെയും ആകാശത്തിലെ പക്ഷികളെയും കരയിലെ ഇഴജന്തുക്കളെയും — അവിടുന്നു തുടച്ചുമാററി. നോഹയും അവനോടൊപ്പം പെട്ടകത്തിലുണ്ടായിരുന്നവരുംമാത്രം അവശേഷിച്ചു / വെള്ളപ്പൊക്കം നൂററമ്പതുദിവസം നീണ്ടുനിന്നു.

നോഹയെയും പെട്ടകത്തിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളെയും കന്നുകാലികളെയും ദൈവം ഓർത്തു / അവിടുന്നു ഭൂമിയിൽ കാററുവീശി; വെള്ളം ഇറങ്ങി. അഗാധങ്ങളിലെ ഉറവകൾ നിലച്ചു; ആകാശത്തിന്റെ ജാലകങ്ങൾ അടഞ്ഞു മഴ നിലയ്ക്കുകയും ചെയ്തു / ജലം പിൻവാങ്ങിക്കൊണ്ടിരുന്നു. നൂററമ്പതു ദിവസം കഴിഞ്ഞപ്പോൾ വെള്ളം വളരെ കുറഞ്ഞു. ഏഴാംമാസം പതിനേഴാംദിവസം പെട്ടകം അറാറാത്തു പർവ്വതത്തിൽ ഉറച്ചു / ...8. 5–6... നോഹ പെട്ടകത്തിൽ താനുണ്ടാക്കിയിരുന്ന കിളിവാതിൽ തുറന്ന് / ഒരു മലങ്കാക്കയെ പുറത്തുവിട്ടു. വെള്ളം വററുവോളം അതു അങ്ങുമിങ്ങും പറന്നുനടന്നു / ഭൂമിയിൽ വെള്ളം ഇറങ്ങിയോ എന്നറിയാൻ അവൻ ഒരു പ്രാവിനെയുംവിട്ടു. കാലുകുത്താൻ ഇടംകാണാതെ പ്രാവ് പെട്ടകത്തിലേക്കുതന്നെ തിരിച്ചു വന്നു. ഭൂമുഖത്തെല്ലാം അപ്പോഴും വെള്ളമുണ്ടായിരുന്നു / അവൻ കൈനീട്ടി പ്രാവിനെ പിടിച്ച് പെട്ടകത്തിലാക്കി / ഏഴുദിവസം കൂടി കാത്തിട്ട് വീണ്ടും അവൻ പ്രാവിനെ പെട്ടകത്തിനു പുറത്തുവിട്ടു / വൈകുന്നേരമായപ്പോൾ പ്രാവു തിരിച്ചു വന്നു. കൊത്തിയെടുത്ത ഒരു ഒലീവ് ഇല അതിന്റെ ചുണ്ടിൽ ഉണ്ടായിരുന്നു. വെള്ളം ഇറങ്ങിയെന്നു നോഹയ്ക്കു മനസ്സിലായി / ഏഴുനാൾകൂടി കഴിഞ്ഞ് അവൻ വീണ്ടും പ്രാവിനെ പുറത്തുവിട്ടു. അതുപിന്നെ തിരിച്ചുവന്നില്ല / നോഹയുടെ ജീവിതത്തിന്റെ അറുനൂററിയൊന്നാംവർഷം ഒന്നാംമാസം ഒന്നാംദിവസം ഭൂമുഖത്തെ വെള്ളം വററിതീർന്നു. നോഹ പെട്ടകത്തിലെ മേൽക്കൂര പൊക്കി നോക്കി. ഭൂതലമെല്ലാം ഉണങ്ങിയിരിക്കുന്നു / 8.14- /

ദൈവം നോഹയോട് പറഞ്ഞു : ഭാര്യ, പുത്രന്മാർ, അവരുടെ ഭാര്യമാർ എന്നിവരോടുകൂടി പെട്ടകത്തിൽനിന്ന പുറത്തിറങ്ങുക / പെട്ടകത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും എല്ലാം പുറത്തുകൊണ്ടുവരുക. സമൃദ്ധമായി പെരുകി അവ ഭൂമിയിൽ നിറയട്ടെ / ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരുമൊത്ത് നോഹ പെട്ടകത്തിൽനന്ന പുറത്തുവന്ന / പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും ഭൂമുഖത്തു ചലിക്കുന്നവയൊക്കെയും ഇനംതിരിഞ്ഞു പുറത്തേക്ക പോയി /

നോഹ കർത്താവിന് ഒരു ബലിപീഠം നിർമ്മിച്ചു. ശുദ്ധിയുള്ള എല്ലാമൃഗങ്ങളിലും പക്ഷികളിലുംനിന്ന് അവൻ അവിടുത്തേക്ക് ദഹനബലി അർപ്പിച്ചു / ആ ഹൃദ്യമായ സുഗന്ധം ആസ്വദിച്ചപ്പോൾ കർത്താവ് പ്രസാദിച്ചരുളി : മനുഷ്യൻ കാരണം ഭൂമിയെ ഇനിയൊരിക്കലും ഞാൻ ശപിക്കുകയില്ല. എന്തെന്നാൽ തുടക്കംമുതലേ അവൻെറ അന്തരംഗം തിന്മയിലേക്ക ചാഞ്ഞിരിക്കയാണ്. ഇപ്പോൾ ചെയ്തതുപോലെ ജീവജാലങ്ങളെയെല്ലാം ഇനിയൊരിക്കലും ഞാൻ നശിപ്പിക്കയില്ല / ഭൂമിയുള്ളിടത്തോളംകാലം വിതയും കൊയ്ത്തും, ചൂടും തണുപ്പും, വേനലും വർഷവും, രാവും പകലും നിലയ്ക്കുകയില്ല /

നോഹയെയും പുത്രന്മാരെയും അനുഗ്രഹിച്ചുകൊണ്ടു ദൈവം പറഞ്ഞു : സന്താനപുഷ്ടിയുണ്ടായി, പെരുകി, ഭൂമിയിൽ നിറയുക / സകല ജീവികൾക്കും — ഭൂമിയിലെ മൃഗങ്ങൾക്കും, ആകാശത്തിലെ പക്ഷികൾക്കും, മണ്ണിലെ ഇഴജന്തുക്കൾക്കും, വെള്ളത്തിലെ മത്സ്യങ്ങൾക്കും — നിങ്ങളെ ഭയമായിരിക്കും. അവയെല്ലാം ഞാൻ നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന / ചരിക്കുന്ന ജീവികളെല്ലാം നിങ്ങൾക്ക് ആഹാരമായിത്തീരും. ഹരിതസസ്യങ്ങൾ നൽകിയതുപോലെ ഇവയും നിങ്ങൾക്ക ഞാൻ തരുന്ന / എന്നാൽ ജീവനോടുകൂടിയ — അതായത്, രക്തത്തോടുകൂടിയ മാംസം ഭക്ഷിക്കരുത് / ജീവരക്തത്തിന് മനുഷ്യനോടും മൃഗത്തോടും ഞാൻ കണക്കുചോദിക്കും / മനുഷ്യരക്തം ചൊരിയുന്നവൻെറ രക്തം മനുഷ്യൻതന്നെ ചൊരിയും. കാരണം, എൻെറ ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചത് / സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ /

നോഹയോടും പുത്രന്മാരോടും ദൈവം വീണ്ടും അരുളിച്ചെയ്തു / -9.10- / നിങ്ങളുമായുള്ള എന്റെ ഉടമ്പടി ഞാൻ ഉറപ്പിക്കുന്നു. ഇനിയൊരിക്കലും വെള്ളപ്പൊക്കംകൊണ്ടു് ജീവജാലങ്ങളെല്ലാം നശിക്കാൻ ഇടവരികയില്ല / ദൈവം തുടർന്നരുളിച്ചെയ്തു : എല്ലാ തലമുറകൾക്കുംവേണ്ടി നിങ്ങളും സകലജീവജാലങ്ങളുമായി ഞാൻ സ്ഥാപിക്കുന്ന എന്റെ ഉടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ എന്റെ വില്ലു ഞാൻ സ്ഥാപിക്കുന്നു / -14-29-

* * * *

രക്ഷക സേചനം. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത—മനുഷ്യകുലത്തിന്റെ നിത്യനായകത്വം വാഗ്ദാനം ചെയ്യപ്പെട്ട അഭിജാതസമൂഹം—എന്ന വിശ്വാസം എബ്രായ ചരിത്രത്തിന്റെ ജീവതന്തുവായിരുന്നു. അറിയപ്പെട്ട അയൽജനതകളോടെല്ലാം ബന്ധപ്പെടുത്തി തങ്ങളുടെ ഉത്ഭവവൈശിഷ്ട്യത്തെയും ഗോത്രമാഹാത്മ്യങ്ങളെയും അവർ സദാ പ്രഘോഷിച്ചു. മനുഷ്യോല്പത്തിമുതലേ അതു പ്രഖ്യാപിക്കുന്ന മറെറാരു ഇതിഹാസ കഥയാണു് നോഹിന്റേതു്.

ആദാമിന്റെ പിൻഗാമികളിൽ ചിലർ സൽപുരുഷന്മാരെങ്കിൽ മററനേകർ തികച്ചും ദുർവൃത്തരായിരുന്നു. സുകൃതജീവിതത്തിനുള്ള വിശിഷ്ടാനുഗ്രഹമായിരുന്നു ദീർഘായുസ്—ദുർവൃത്തികളുടെ തിക്തകഫലം അല്പായുസ്സും. സ്ത്രീസൗന്ദര്യത്തിന്റെ മാദകവശ്യതയിൽ സജ്ജനങ്ങൾ(ദൈവമക്കൾ)പോലും കുടുങ്ങി സൗന്ദര്യവതികളായ അനേകം വിജാതീയസ്ത്രീകളെ ഭാര്യമാരാക്കി.(വംശപരമ്പരകളുടെ രക്തപരിശുദ്ധി നിലനിർത്താൻ സ്വന്തഗോത്രത്തിൽതന്നെ വിവാഹങ്ങൾ നടത്തണമെന്നു് ഇസ്രായേലിനു നിഷ്കർഷയുണ്ടായിരുന്നു. എന്നാൽ അതിനെ ലംഘിച്ചുകൊണ്ടു് പലരും മററുജനതകളിൽനിന്നു സ്ത്രീകളെ ഭാര്യമാരാക്കിയെടുത്തു നിയമഭ്രംശം ചെയ്തിരുന്ന സാമൂഹ്യപശ്ചാത്തലമാകാം ഇതിന്റെ പിന്നിലുള്ളതു്). അവരുടെ സന്താനങ്ങൾ പലരും കായികശക്തിയിലും യുദ്ധപാടവത്തിലും ഖ്യാതിനേടി. പക്ഷെ തിന്മയുടെ ശക്തിയും അധികരിച്ചുതന്നെ വന്നു. മാംസലോലതയും കാമിനികൾക്കുവേണ്ടിയുള്ള ശണ്ഠകളും കൊലപാതകങ്ങളും കൊടുമ്പിരിക്കൊണ്ടു. മനുഷ്യവർഗ്ഗത്തെ ഒന്നാകെ നശിപ്പിക്കുവാൻ ദൈവം പ്രേരിതനാകത്തക്കവിധം ദുഷ്ടത അതിന്റെ പാരമ്യത്തിലെത്തി. എങ്കിലും സുകൃതജീവിതം നയിച്ച

ഒരേയൊരു കുടുംബമുണ്ടായിരുന്നു—പൗരാണികപിതാവായ നോഹി ന്റേതു്. എബ്രായജനതയുടെ വിശുദ്ധ ഉത്ഭവകഥനത്തോടൊപ്പം മനുഷ്യചരിത്രത്തിൽ രക്ഷാകരമായ ദൈവപരിപാലനയുടെ അമൂല്യ സന്ദേശംകൂടിയാണു് നോഹിന്റെ ജീവിതകഥ സമുന്നയിക്കുക. പഞ്ചഗ്രന്ഥിക്കഥകളിൽ പലയിടത്തും ഈ സവിശേഷത കാണാം.

ഐതിഹാസികവർണ്ണന. സാർവ്വത്രികമായ ഒരു ജല പ്രളയം: ദൈവിക മുന്നറിയിപ്പുകളാലും പരിരക്ഷണത്താലും നോഹയും കുടുംബാംഗങ്ങളും അതിനെ അതിജീവിക്കുന്നു. പ്രതിഭാ സമ്പന്നമായ വർണ്ണനകളിലൂടെ ഉല്പത്തി 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ അതു് അവതരിപ്പിക്കപ്പെടുന്നു.

ഒരേയൊരു കഥയുടെ യാഹ്വെയ പാരമ്പര്യത്തിലും ആചാര്യ പാരമ്പര്യത്തിലും ഉള്ള രണ്ടുവർണ്ണനകൾ അതിൽ കൂടികലർന്നിരി ക്കുന്നു. പ്രളയത്തിന്റെ കാലദൈർഘ്യം, നോഹ പെട്ടകത്തിലേക്കു കയററിയ ജന്തുക്കളുടെ എണ്ണം മുതലായവയിലുള്ള വൈപരീത്യ ങ്ങൾ വർണ്ണനകളിൽ കാണുന്നതു് അക്കാരണത്താലാണു്.

പ്രതിപാദ്യസംഭവം ഒരു ചരിത്രയാഥാർത്ഥ്യമായി പണ്ഡി തലോകം കരുതുന്നില്ല. ലോകചരിത്രത്തിലെങ്ങും ഭൂതലമാകെ മുക്കിയ ഒരു പ്രളയമുണ്ടായതായി യാതൊരു തെളിവുമില്ല. അതു മെസൊപ്പൊട്ടേമ്യയെ മാത്രം ബാധിച്ച ഒരു പൗരാണികപ്രളയ ത്തിന്റെ ഐതിഹാസിക വർണ്ണനയാകാമെന്നാണു പണ്ഡിതമതം. ഏഷ്യയും ആഫ്രിക്കയും യൂറോപ്പും മാത്രമാണു് ലോകഭൂഖണ്ഡങ്ങൾ എന്നു കരുതപ്പെട്ട നൂററാണ്ടുകൾ നമുക്കു് അധികം പിന്നിലുള്ള വയല്ലല്ലോ! അങ്ങനെയെങ്കിൽ അതിപ്രാചീന മനുഷ്യരുടെ കാഴ്ച പ്പാടിൽ ലോകം എത്ര പരിമിതമായിരുന്നില്ല? പാരമ്പര്യകഥ നത്തിൽ അതിശയോക്തികലർന്ന, ചരിത്രാതീതകാലത്തെ ഭീകര മായ ഒരു പ്രളയത്തിന്റെ സ്മരണ ഈ പ്രളയകഥ നിലനിർ ത്തുന്നു എന്നതു സംശയാതീതമാണെന്നു ചില പ്രമുഖ ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

മെസൊപ്പൊട്ടേമ്യൻ പുരാണങ്ങളിലെ ഒരു പ്രളയകഥ യോടു ഈ ബൈബിൾകഥയ്ക്കു് ഉററ സാമ്യതയുണ്ടു്. മററുപല സംഭവ വിവരണങ്ങളിലും ഇമ്മാതിരി സാമ്യതകൾ കാണാം. ബൈബിൾപാരമ്പര്യങ്ങളിൽ പലതിന്റെയും ഉത്ഭവസ്ഥാനം

അബ്രാഹത്തിൻെറ ജന്മദേശമായ മെസൊപ്പൊട്ടേമ്യ ആയിരുന്നതിനാൽ അതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ബൈബിൾകഥകളുടെ അദ്ധ്യാത്മികസത്ത അവയുടെ ആവിഷ്കൃതസ്വഭാവത്തെ എപ്പോഴും വിളിച്ചറിയിക്കുന്നവയാണ്. ഇവിടെയും അതു സ്പഷ്ടമാണ്.

**മൂലകഥ.** ഭൂമുഖമാകെ മൂടിയ ഒരു ജലപ്രളയത്തെ സംബന്ധിച്ച പല മെസൊപ്പൊട്ടേമ്യൻ കഥകൾ ഉണ്ട്. അവയിൽ മുഴുവനായി അറിയപ്പെടുന്നതു് ''ഗിൽഗമേഷ്'' പുരാണങ്ങളിലുള്ളതാണ്. അതിൻെറ രത്നച്ചുരുക്കം നോക്കാം.

ദൈവങ്ങൾ എല്ലാവരും സഭചേർന്ന് ഒരു ജലപ്രളയംകൊണ്ടു മനുഷ്യവർഗ്ഗത്തെയാകെ നശിപ്പിക്കുവാൻ തീർച്ചയാക്കുന്നു. ആ തീരുമാനം രഹസ്യമായി സൂക്ഷിക്കുവാൻ അവർ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഇയ എന്ന ദൈവം 'ഉത്നപിഷ്തിം' എന്നയാളെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു. രഹസ്യപാലനത്തിനുള്ള ബാദ്ധ്യതനിമിത്തം ഇയ ഒരു പനമ്പുചുമരിൻെറ മറയിൽ നിന്നുകൊണ്ടു് കഥാനായകനായ ഉത്നപിഷ്തിമിനു പ്രളയത്തെപ്പററി മുന്നറിവു നൽകുന്നു. വലിയൊരു നൗകയുണ്ടാക്കി അതിൽകയറി രക്ഷപെടാൻ നായകൻ നിർദ്ദേശിക്കപ്പെടുന്നു. നൗക സംരക്ഷിക്കുന്നതിനു് അതിൻെറ പണിക്കാരെയും, അതു നിയന്ത്രിക്കാൻ ഒരു നാവികനെയും കൂടി കയററുവാൻ നിർദ്ദേശിക്കപ്പെടുന്നു. അപ്രകാരമെല്ലാം അദ്ദേഹം ചെയ്യുന്നു. ആറു രാവും പകലും തുടരെ പ്രളയം ഉണ്ടാകുന്നു. ഒടുവിൽ നൗക നിസിർപർവ്വതത്തിൽ ഉറയ്ക്കുകയും നായകൻ ചില പക്ഷികളെ വെളിയിൽവിട്ടു് പ്രളയം അവസാനിച്ച കാര്യം മനസ്സിലാക്കുകയും ചെയ്യുന്നു. (ഇത്രത്തോളം ബൈബിൾകഥയ്ക്കു് ഒട്ടേറെ സാമ്യതകളുണ്ട്. — ഇനിയങ്ങോട്ടു പ്രകടവൈരുദ്ധ്യവും.)

എന്നാൽ കഥാനായകൻ രക്ഷപെട്ടതിൽ രോഷാകുലരായ ദൈവങ്ങൾ പരസ്പരം പഴിക്കുകയായി. പ്രളയം അയയ്ക്കാതെ എന്തെങ്കിലും പകർച്ചവ്യാധികളെയോ, ചെന്നായ്ക്കളെയോ, മററു ശിക്ഷകളെയോ അയച്ചാൽമതിയെന്നായി ചിലർ. ഏതായാലും പ്രളയത്തിൽനിന്നുരക്ഷപെട്ട നായകനും ഭാര്യയ്ക്കും അമർത്ത്യതനല്കി അവരെ വീണ്ടും ഭൂമിയിലേക്കു് അയയ്ക്കാതെ വിദൂരമായ ഒരുസ്ഥലത്തു വസിപ്പിക്കാനാണു തീരുമാനം.

പരിണാമമൂല്യം: ഇതിനോട്ട ബൈബിൾകഥയ്ക്കുള്ള കട പ്പാട്ട വിശകലനം ചെയ്യേണ്ടതില്ല. കഥയുടെ പരിണാമത്തിലേ ക്കാണ സവിശേഷമായി ശ്രദ്ധിക്കേണ്ടതു്.

ഋതുക്കളും പ്രകൃതിക്ഷോഭങ്ങളും മററും ഓരോരോ കാലങ്ങളിൽ ദൈവങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു മാറിമാറി വന്നതായി മററു സെമിററിക്ക്മതങ്ങളും പുരാണങ്ങളും പഠിപ്പിച്ചു. ബൈബിൾ കഥയാകട്ടെ പ്രകൃതിക്കുമേൽ സുനിശ്ചിതമായ ദൈവപരിപാല നയെ പ്രബോധിപ്പിച്ചു. സാർവ്വത്രികമായ ഒരു പ്രളയശിക്ഷ ഉണ്ടാ കയില്ലെന്ന നോഹിനു നൽകപ്പെടുന്ന വാഗ്ദാനത്തിൻെറ അർത്ഥം മറെറന്തല്ല! മനുഷ്യൻ പ്രകൃതിപരിമിതികൾക്കു് എത്രയേറെ അടിമ പ്പെട്ടുപോയാലും അവനിലുള്ള നന്മയ്ക്കു നിത്യമായി വളർന്നു വിക സിക്കത്തക്കവിധം ദൈവം അവനെ പരിപാലിക്കുന്നു എന്നാണ് ഇവിടെയുള്ള മൗലിക സന്ദേശം.

മനുഷ്യജീവൻെറ മാഹാത്മ്യത്തെ ഊന്നിപ്പറഞ്ഞുകൊണ്ടും കൊല്ലും കൊലയും നിരോധിച്ചുകൊണ്ടുമുള്ള ഒരു കല്പനയാണ് പ്രള യാന്ത്യത്തിൽ നോഹിനു ദൈവം നൽകുക. ആധുനികലോകത്തിലെ പ്രവണതകൾവച്ചുനോക്കിയാൽ ആ പൗരാണിക കാടൻസംസ്കാര ദശയിൽ ഈ ഭാവാവിഷ്ക്കരണത്തിൻെറ ഉറവിടം എന്തായിരു ന്നെന്നു വിധിയെഴുതണം?

**നോഹിൻെറ അന്ത്യം:** പ്രളയാനന്തരം നോഹ തൻെറ അന്ത്യകാലത്തു് ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു എന്ന വർണ്ണന വഴിയായി മനുഷ്യയത്നത്തിൽ കാർഷികവൃത്തി ആരംഭിച്ച ഒരു ഘട്ടത്തിലേക്കു് ബൈബിൾകർത്താവു നമ്മെ കൂട്ടിക്കൊണ്ടുവന്നിരി ക്കയാണ്. അടുത്ത അദ്ധ്യായത്തിൽ കാണാം, പരിഷ്കൃത ഭവന നിർമ്മാണവും നഗരരാഷ്ട്രജീവിതവും നാഗരിക ജീവിതത്തിലെ അന്തഃഛിദ്രങ്ങളും. പിന്നീടു് യഥാർത്ഥ ചരിത്രദശയിലേക്കു നാം പ്രവേശിക്കയായി. നോഹിൻെറ പ്രവചനാത്മകമായ അന്ത്യവച സുകൾ അപ്പോൾ യാഥാർത്ഥ്യം പ്രാപിക്കയുമായി. ദൈവമായ യാ വേയുടെ തിരുനാമത്തിൽ നോഹിനാൽ അനുഗ്രഹിക്കപ്പെട്ട ശേമി ൻെറ ഗോത്രജനായിട്ടാണ് ബൈബിളിലെ ആദ്യ ചരിത്രപുരുഷ നും എബ്രായഗോത്രപിതാവുമായ അബ്രാഹം രംഗപ്രവേശംചെയ്യുക.

* * * *

**ആത്മദർശനം.** പ്രാപഞ്ചികശക്തികൾ എത്ര പ്രതി കൂലമായാലും ദൈവകൃപയാൽ മനുഷ്യൻ അവയെ അതിജീവിച്ചു നിത്യസൗഭാഗ്യം നേടും.

# 6, ബാബേലിലെ ഗോപുരം

ഉല്പ: 11.2.9

കിഴക്കനിന്നു വന്നവർ ഷിനാറിൽ ഒരു സമതലപ്രദേശം കണ്ടെത്തി: അവിടെ പാർപ്പുറപ്പിച്ചു / നമുക്കു് ഇഷ്ടിക ഉണ്ടാക്കി ചുട്ടെടുക്കാം എന്നു് അവർ പറഞ്ഞു. അങ്ങനെ കല്ലിനു പകരം ഇഷ്ടികയും കുമ്മായത്തിനുപകരം കളിമണ്ണും അവർ ഉപയോഗിച്ചു / അവർ പരസ്പരം പറഞ്ഞു: നമുക്കു് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും തീർത്തു പ്രശസ്തി നിലനിർത്താം. അല്ലെങ്കിൽ നാം ഭൂമുഖത്തൊക്കെ ചിന്നിച്ചിതറിപ്പോകും / മനുഷ്യർ നിർമ്മിച്ച നഗരവും ഗോപുരവും കാണാൻ കർത്താവു് ഇറങ്ങിവന്നു / അവിടുന്നു പറഞ്ഞു: അവരിപ്പോൾ ഒരു ജനതയാണു്; അവർക്കു് ഒരു ഭാഷയും. അവർ ചെയ്യാനിരിക്കുന്നതിൻെറ തുടക്കമേ ആയിട്ടുള്ളു. ചെയ്യാൻ ഒരുമ്പെടുന്നതൊന്നും അവർക്കിനി അസാദ്ധ്യമായിരിക്കില്ല/ നമുക്കു് ഇറങ്ങിച്ചെന്നു് അവരുടെഭാഷ, പരസ്പരം ഗ്രഹിക്കാനാകാത്തവിധം ഭിന്നിപ്പിക്കാം / അങ്ങനെ കർത്താവു് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു. അവർ പട്ടണംപണി ഉപേക്ഷിച്ചു / അതുകൊണ്ടാണ് ആ സ്ഥലത്തിനു ബാബേൽ എന്നു പേരുണ്ടായതു്. അവിടെവച്ചാണു് കർത്താവു ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ചതും അവരെ നാടാകെ ചിതറിച്ചതും.

* * *

വിവിധജനതകൾ. നോഹിൻെറ പുത്രന്മാരുടെയും അവരുടെ സന്താനപരമ്പരകളുടെയും വികസനം ഉല്പത്തി 10-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നുണ്ടു്. ആ വംശാവലിയിൽ 72 പേരുകൾ കാണാം. അവയിൽ ശേം, ഹാം, യാഫേത്തു്, നിംറോദ് എന്നിവയൊഴിച്ചു ബാക്കിയധികവും മനുഷ്യവ്യക്തികളെയെന്നതിൽകൂടുതലായി മെഡിററേനിയൻതീരത്തുണ്ടായിരുന്ന ഓരോരോ ദേശങ്ങളെയും ജനപദങ്ങളെയുമാണു് പ്രതിനിധാനം ചെയ്യുക. യാഫേത്തിൻെറ പിൻഗാമികൾ മെസൊപ്പൊട്ടേമ്യയുടെ വടക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിലേക്കും ഹാമിൻെറ പിൻഗാമികൾ പാലസ്റ്റൈനിലും അതിൻെറ തെക്കൻപ്രദേശങ്ങളിൽ ഈജിപ്തു് വരെയും ശേമിൻെറ പിൻഗാമികൾ കിഴക്കോട്ടും വ്യാപിച്ചുതായും

പല ജനതകളും ഭാഷകളും രൂപം പ്രാപിച്ചതായും പ്രസ്താവിക്കപ്പെടുന്നു. ഈ വിശകലനം വംശപരമെന്നതിനേക്കാൾ ഭൂമിശാസ്ത്രപരവും സാംസ്കാരികവും രാഷ്ട്രീയവുമായ പരിഗണനകളെ ആസ്പദമാക്കിയതാണെന്നു പണ്ഡിതന്മാർ കരുതുന്നു. ഹാമിന്റെ രണ്ടാം തലമുറക്കാരനായ നിംറോദ് ഭൂമിയിലെ ആദ്യയുദ്ധവീരനും സാമ്രാജ്യസ്ഥാപകനുമായി ചിത്രീകരിക്കപ്പെട്ടിരിക്കയാണ്. ബാബിലോണ്യൻ യുദ്ധദൈവമായ നിനുർത്ത (Ninurta) യെ ഈ പേരു സൂചിപ്പിക്കുന്നുണ്ട്. ഒരുപക്ഷെ മെസൊപ്പൊട്ടേമ്യയിൽ ആദ്യമായി ഒരു സാമ്രാജ്യസ്ഥാപനവും യുദ്ധങ്ങളും തുടങ്ങുന്ന ഒരു കാലഘട്ടത്തിലെ ഒരു പ്രമുഖ ഗോത്രനേതാവായിരിക്കാം ഈ നിംറോദ്.

സെമിററിക്ക് ജനതകളും പ്രാചീന ഈജിപ്ഷ്യരും ഇൻഡോജർമ്മാനിക്ക് വർഗ്ഗങ്ങളും തമ്മിൽ ഉററബന്ധങ്ങൾ ഉണ്ടായിരുന്നതായി അറിയപ്പെട്ടുവരുന്നു. ലോകജനപദങ്ങൾ തമ്മിൽ ബാഹ്യപ്രകൃതിയിലും മററും പല വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അവരെല്ലാം പൊതുവായ ഒരു പിതൃഭൂമിയിൽനിന്നു പിരിഞ്ഞുപോയവരാണെന്നും ചില പണ്ഡിതന്മാർ അനുമാനിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഈ ഐക്യത്തെയും പൊതുവായ ഉത്ഭവത്തെയും സംബന്ധിച്ച എബ്രായവിശ്വാസപ്രഖ്യാപനമാകാം പത്താമദ്ധ്യായത്തിലെ വംശവിവരണങ്ങളിൽ അന്തർഭവിച്ചിരിക്കുക.

നോഹിന്റെ കനിഷ്ഠപുത്രനായിട്ടാണ് ശേം ആദ്യം അവതരിപ്പിക്കപ്പെടുന്നതെങ്കിലും ഈ വംശവിവരണങ്ങളിൽ മൂന്നാമതായിട്ടാണു ശേമിനെക്കുറിച്ചു പറയുക. മററുള്ളവരുടെ വിവരം സംക്ഷിപ്തമായി പറഞ്ഞ് അവരെ ഒഴിച്ചുവിട്ടുകൊണ്ട് കഥാഗതിയിൽ പ്രധാനപാത്രങ്ങളെയും സംഭവങ്ങളെയും തമ്മിൽ ബന്ധിക്കയൊവാം കഥാകൃത്തു ചെയ്തിരിക്കുക. ശേമിന്റെ മൂന്നാം തലമുറക്കാരനായ ഏബേരാണ് എബ്രായഗോത്രപിതാവായ അബ്രാഹത്തിന്റെ മൂലപിതാവായി കാണപ്പെടുക.

വംശപാരമ്പര്യമനുസരിച്ചു നോക്കിയാൽ എബ്രായവർഗ്ഗത്തിൽപെടേണ്ട പല ജനവിഭാഗങ്ങളും ഉണ്ടെങ്കിലും ഇസ്രായേലിനെ മാത്രമാണ് എബ്രായവർഗ്ഗമായി പഴയ ഉടമ്പടി പൊതുവെ വീക്ഷിച്ചുകാണുക. ''എബ്രായരുടെ ദൈവമായ യാവെ'' എന്നാണല്ലോ ഇസ്രായേൽജനം തങ്ങളുടെ ദൈവത്തെപ്പററി അഭിമാനിച്ചിരുന്നതു്,

തങ്ങൾ മാത്രമാണ് എബ്രായവംശജരെന്ന് അവർ അവകാശപ്പെട്ടു. മററാരെയും ആ വിവക്ഷയിൽ ഉൾക്കൊള്ളിച്ചിരുന്നില്ലഎന്ന് അതു വ്യംഗമാകുന്നുണ്ട്. ഏബേരിന്റെ പുത്രൻ പെലേഗിന്റെകാലത്ത് ഭൂവാസികൾ കലഹിച്ചു പിരിഞ്ഞു എന്ന പ്രസ്താവന (10.15) ഗുരുതരമായ ഒരു അഭ്യന്തരകലാപത്തിന്റെ സൂചനയാണെന്നും അങ്ങനെ ഭിന്നിച്ചു പിരിഞ്ഞുപോകയാൽ പലർക്കും പിൽക്കാലത്ത് ഗോത്രബന്ധം നിഷേധിക്കപ്പെട്ടെന്നും വരാം. ഒരുപക്ഷെ ബാബേലിലെ ഗോപുരകഥ ആ കലാപത്തിൽ അധിഷ്ഠിതമല്ലേയെന്നും സംശയിക്കാം.

**നാഗരികതയിലേക്ക്:** നോഹിന്റെ സന്താനപരമ്പരകൾ വർദ്ധിച്ചതോടുകൂടി അവർക്ക് എത്തിച്ചേരാവുന്ന ദേശങ്ങളിലേക്കെല്ലാം പരന്നു. അവരിൽ ഒരു വിഭാഗം, പ്രത്യേകിച്ചു ശേമിന്റെയും ഹാമിന്റെയും പിൻഗാമികൾ, യൂഫ്രട്ടീസ് ടൈഗ്രിസ് നദികൾക്കിടയ്ക്കു് ഷിനാർ എന്നുപറയുന്ന ബാബിലോണ്യൻ പ്രദേശത്ത് വാസമുറപ്പിച്ചു. ഗൃഹനിർമ്മാണത്തിനു ശിലകൾ ലഭിക്കാത്ത ഒരു പ്രദേശം. പശിമയുള്ള മണ്ണുകൊണ്ട് ഇഷ്ടിക ചുട്ടെടുക്കാനും ഗൃഹങ്ങൾ നിർമ്മിക്കാനും അവർ പഠിച്ചു. പാലസ്റ്റൈൻ സാംസ്കാരിക ചരിത്രത്തിലെ നൂതന ശിലായുഗം (ബി. സി. 12-ാം സഹസ്രാബ്ദം) ആയിരിക്കാം ഈകാലഘട്ടം. ഗൃഹനിർമ്മാണത്തോടൊപ്പം കാർഷികവൃത്തിയും കാലിവളർത്തലും നഗരജീവിതവും അഭിവൃദ്ധി പ്രാപിച്ചിരിക്കണം. സമ്പത്സമൃദ്ധിയോടൊപ്പം സാമ്രാജ്യമോഹങ്ങളും, മദ്യാസക്തിയോടൊപ്പം മാനസികോന്മത്തതയും വളർന്നു വന്നിരിക്കാം.

സ്വർഗ്ഗത്തോളമെത്തുന്ന ഒരു ഗോപുരം നിർമ്മിക്കാൻ ഷിനാർ നിവാസികൾ ശ്രമിച്ചു. പക്ഷെ അതുപൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഗുരുതരമായ അഭ്യന്തരകലാപമുണ്ടായിക്കാണണം. നദീതടങ്ങളിലെ സമ്പന്നജീവിതം ക്ഷണിച്ചുവരുത്തുന്ന ബാഹ്യാക്രമണവും അരക്ഷിതത്വവും കാരണമായിട്ടുണ്ടാകാം-അവർ നാനാഭാഗത്തേക്കും ചിതറിക്കപ്പെട്ടു.

പ്രളയകഥനത്തിലെന്നതുപോലെതന്നെ മെസൊപ്പൊട്ടേമ്യയിൽ പ്രചാരം സിദ്ധിച്ചിരുന്ന മറെറാരു പാരമ്പര്യകഥയുടെ അനുകൃത രൂപമാണ് ഈ ബാബേൽ ഗോപുരകഥ. വിവിധ ഭാഷകളുടെ

ഉത്ഭവത്തെ സംബന്ധിച്ച പുരാതന സെമിററിക്കുകൾ പരമാർത്ഥമെന്നു വിശ്വസിച്ചിരുന്ന ഒന്നാണു്, ബാബേലിലെ ഗോപുര നിർമ്മാണത്തിനൊരുങ്ങിയവരെ ദൈവങ്ങൾ ഭിന്നിപ്പിച്ച വിവിധ ഭാഷക്കാരാക്കി എന്നതു്. എന്നാൽ ദൈവികത്തിരുച്ചിത്തമാണു് എല്ലാ പുരോഗതികളുടെയും സംസ്കാരങ്ങളുടെയും നിദാനംഎന്നാണു് ബൈബിൾകഥയുടെ സാധകപാഠം.

ദൈവങ്ങളുടെ പടിവാതൽ. ഹിബ്രു ഭാഷയിലെ 'ബാബേൽ' എന്ന പദം ആക്കേഡിയൻ ഭാഷയിലെ 'ബാബിലു' എന്ന മൂലത്തോടു ബന്ധപ്പെട്ടതാണു്. ബാബിലു = ദൈവത്തിൻെറ പടിവാതൽ, ബാബിലാനി = ബാബിലോൺ = ദൈവങ്ങളുടെ പടിവാതൽ എന്നാണു് അന്വയിക്കപ്പെടുക. അഗ്രഭാഗത്തു പ്രതിഷ്ഠകളോടുകൂടി 'സിഗ്ഗുറാത്തു്' (Zigurat) എന്നു പറയപ്പെടുന്ന ഉന്നത ഗോപുരങ്ങൾ ബാബിലോണ്യൻ ക്ഷേത്രങ്ങളുടെ പ്രത്യേകതയായിരുന്നു. അവ ദൈവങ്ങൾക്കു സമ്മേളിക്കുവാനും ഭൂമിയിലേക്കു വരുവാനുമുള്ള ഉന്നത ഗിരിശൃംഖങ്ങളെ ദ്യോതിപ്പിച്ചിരുന്നു എന്നാണു പാരമ്പര്യം. അങ്ങനെ ദൈവങ്ങളുടെ പടിവാതൽ എന്നർത്ഥമുള്ള ബാബിലോൺ എന്നപേരു് ആ നഗരത്തിനു സിദ്ധിക്കുകയും അതിനോടുചേർന്ന വിസ്തൃതമായ പ്രദേശം ബാബിലോണ്യ എന്നറിയപ്പെടുകയുംചെയ്തു.

ബൈബിൾകഥയിൽ പരാമർശിക്കപ്പെടുന്ന ഗോപുരം ബാബിലോണിലെ മുഖ്യ ദൈവമായ മാർദ്ദൂക്കിൻെറ ക്ഷേത്രത്തോടു ചേർന്ന 'എററമെനാങ്കി' എന്ന സിഗ്ഗുറാത്തു് ആയിരുന്നെന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. അതിൻെറ അവശിഷ്ടങ്ങൾ ആധുനിക ചരിത്രഗവേഷകൎക്കു ലഭ്യമായിട്ടുണ്ടു്. പുരാതന ചരിത്രകാരനായ ഹെറോഡോട്ടസ് അതിൻെറ വിവരങ്ങൾ നൽകുന്നുണ്ടു്. ഇരുന്നൂററിമുപ്പതു് അടി സമചതുരം; മുന്നൂറു് അടിയോളം പൊക്കം; ഏഴു നിലകൾ; ഓരോ നിലയും ഓരോ പ്രത്യേക നിറമുള്ള ഇഷ്ടികയാൽ പണിയപ്പെട്ടിരുന്നു എന്നും മററുമാണു് അദ്ദേഹം വിവരിക്കുക. നിർമ്മാണം പൂർത്തിയാകാത്ത മററു പല സിഗ്ഗുറാത്തുകളും ഉൾപ്പെടെ ഏകദേശം അൻപത്തിമൂന്നു സിഗ്ഗുറാത്തുകൾ പ്രാചീന ബാബിലോൺ നഗരാതൃത്തികളുള്ളിൽ ഉണ്ടായിരുന്നതായി അനുമാനിക്കപ്പെടുന്നു. ആക്കേഡിയൻ സാമ്രാട്ടായിരുന്ന മഹാനായ സാരഗൺ (ബി. സി. 2350-2294) തൻെറ പുതിയ തലസ്ഥാന നഗ

രത്തെ പ്രതിഷ്ഠിക്കുന്നതിനു് മാർദ്ദുക്കിന്റെ ഈ വിശുദ്ധ നഗരത്തിലെ മണ്ണു് ആക്കാദിലേക്കു കൊണ്ടുപോയതായി രേഖയുണ്ടു്. അങ്ങനെയെങ്കിൽ ബാബിലോൺ ആക്കാദിനേക്കാൾ എത്ര പഴക്കവും പ്രാധാന്യവുമുള്ള ഒരു പുണ്യസ്ഥലമായി കരുതപ്പെട്ടിരുന്നെന്നും സ്പഷ്ടമാണല്ലൊ? മെസൊപ്പൊട്ടേമ്യയിലെ ഏററവും പ്രധാനമായ വാണിജ്യകേന്ദ്രം കൂടിയായിരുന്നു ബാബിലോൺ. കിഴക്കും പടിഞ്ഞാറും നിന്നു നാനാഭാഷകൾ സംസാരിച്ചിരുന്ന ജനങ്ങൾ സദാ അവിടെ തിങ്ങിക്കൂടിയിരുന്നു. അങ്ങിനെ വ്യത്യസ്ഥഭാഷകൾ സംസാരിക്കുന്ന പല ജനതകളുടെയും ഒരു സംഗമസ്ഥാനമായിരുന്നതിനാൽ വ്യത്യസ്ഥഭാഷകളുടെ ഉത്ഭവം അവിടെനിന്നായിരുന്നെന്നു പൗരാണികർ കരുതിയെങ്കിൽ ആശ്ചര്യപ്പെടാനില്ല.

മാനവസംസ്കാരത്തിന്റെ പള്ളിത്തൊട്ടിലായിരുന്നു ബാബിലോണ്യ എന്നു ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പ്രാചീനനാഗരികതകളെല്ലാംതന്നെ വലിയ നദീതടങ്ങളിൽ ഉത്ഭവിച്ചു വളർന്നതായി ചരിത്രം തെളിവു നൽകുന്നു. പുരാതന സിന്ധുനദീതടസംസ്കാരം, നൈൽനദീതടസംസ്കാരം എന്നിവ അതിനുദാഹരണങ്ങളാണു്. യൂഫ്രട്ടീസ് ടൈഗ്രിസ് നദികളുടെ ഇടയ്ക്കു് ഏതാണ്ടു് അവയുടെ മദ്ധ്യഭാഗത്തുനിന്നു തെക്കോട്ടു് സംഗമസ്ഥാനംവരെ വിസ്തൃതമായി കിടക്കുന്ന സമതലപ്രദേശമാണു് പ്രാചീന ബാബിലോണ്യ. സുബേര്യർ (Suberians) എന്നറിയപ്പെടുന്ന അവിടത്തെ ആദിവാസികളെ കീഴടക്കി ബി. സി. നാലാം സഹസ്രാബ്ദത്തിൽ സുമേര്യർ (Sumerians) അവിടെ വാസമുറപ്പിച്ചു. പല നഗരരാഷ്ട്രങ്ങളും അവിടെ വളർന്നുവന്നു. ഊർ, ലാർസ, എറെക്കു്, ലാഗാഷു്, കിഷു് മുതലായവ അവയിൽ പ്രധാനമാണു്. അവ തമ്മിൽ പരസ്പരാധിപത്യം നേടാൻ ഒട്ടേറെ മത്സരങ്ങളും യുദ്ധങ്ങളും ഉണ്ടായി. എങ്കിലും അതിനിടയിൽ ഗണ്യമായ സാംസ്കാരിക പുരോഗതി നേടാൻ അവക്കു കഴിഞ്ഞു. ഈർപ്പമുള്ള മൺതകിടുകളിൽ കുണേയിഫോം (Cuneiform) ലിപികളിലുള്ള ഒരു രചനാസമ്പ്രദായം അവർ ആവിഷ്കരിച്ചു. ആ രേഖകളുടെ അവശിഷ്ടങ്ങൾ പലതും കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്.

പിൽക്കാലത്തു ശക്തരായ സെമിററിക്കു് വർഗ്ഗക്കാർ ഇരച്ചുകയറി സുമേര്യരെ കീഴടക്കുകയും അവരുടെ പുരാതന സാംസ്കാരികനേട്ടങ്ങൾ സ്വായത്തമാക്കി സംപുഷ്ടമാക്കുകയുംചെയ്തു. ബി. സി. 2350-നോടുകൂടി മഹാനായ സാരഗൺ ബാബിലോണ്യ മുഴുവൻ

ആക്രമിച്ചു കീഴടക്കി. അദ്ദേഹത്തിൻെറ കാലത്തേതാണ് ബാബിലോൺ നഗരത്തെപ്പററി ലഭ്യമായിട്ടുള്ള ആദ്യരേഖ. ഉദ്ദേശം ബി. സി. 1830—ൽ ബാബേലിൽത്തന്നെ ഒരു അമേറ്യരാജവംശം ഉയൎന്നുവന്നു. ആ വംശത്തിൽപ്പെട്ട മഹാനായ ഹമുറബിയുടെ കാലത്തു് (ബി. സി. 1728—1686) ബാബിലോണ്യൻസാമ്രാജ്യം അതിൻെറ ആദ്യപ്രതാപത്തിലെത്തി. ബാബിലോണ്യൻസംസ്കാരം അതിൻെറ പൂൎണ്ണതയിലെത്തിയതും ആ കാലത്താണ്. അതിൻെറ ഉജ്ജ്വല നേട്ടമാണ് ഹമുറബിയുടെ ലിഖിതനിയമങ്ങൾ. സ്വകാര്യസ്വത്തു്, ഭൂഉടമ, വാണിജ്യം, കൃഷി, വേലക്കൂലി, ഉടമ്പടികൾ, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ മുതലായി ജീവിതത്തിൻെറ നിരവധി മണ്ഡലങ്ങളെ ബാധിക്കുന്ന ഒരു നിയമസംഹിതയാണ് അവർ ആവിഷ്കരിച്ചതു്. ഇസ്രായേലിൽ പിന്നീടുണ്ടായ മോശയുടെ നിയമങ്ങൾക്ക് ഹമുറബിയുടെ നിയമങ്ങളോടു സവിശേഷമായ സാമ്യതകൾ ദൃശ്യമാണ്. സാഹിത്യം കല, ജ്യോതിശാസ്ത്രം മുതലായവയിലും ബാബിലോൺ വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. പശ്ചിമഏഷ്യൻ സംസ്കാരങ്ങളിലും യൂറോപ്യൻ സംസ്കാരങ്ങളിലും ബാബിലോണ്യൻ സംസ്കാരത്തിൻെറ സ്വാധീനം പതിഞ്ഞു കാണാം.

ബി. സി. 1530 മുതൽ 1160 വരെയുള്ള കാലത്തിനിടയിൽ കാസ്സയിററ് (Kassite) വൎഗ്ഗക്കാർ ബാബിലോണ്യൻ സാമ്രാജ്യം അധീനമാക്കി. ബാബിലോണ്യൻ ചരിത്രത്തിലെ ഒരു ഇരുണ്ട കാലഘട്ടമാണ് അതു്. ആ വംശത്തിലെ പ്രസിദ്ധനായ രാജാവാണ് നബുക്കദ്നാസർ രണ്ടാമൻ (ബി. സി. 605—562) അദ്ദേഹത്തിൻെറ കാലത്താണ് ബാബിലോണിൻെറ പ്രതാപം ഉച്ചകോടിയിലെത്തുക. ബി. സി. 597-ൽ നബുക്കദ്നാസർ ജറൂസലം ആക്രമിച്ചു കീഴടക്കിയതും പിന്നീടു നശിപ്പിച്ചതും (@587-ൽ) എല്ലാം പഴയ ഉടമ്പടിയിൽ കാണാം. അദ്ദേഹത്തിൻെറ പിൻഗാമികളുടെ കാലത്തു്, ബി. സി. @ 550-ൽ, ആൻസാനിലെ സൈറസ് ബാബിലോൺ ആക്രമിച്ചു കീഴടക്കി. പിന്നീടു ബാബിലോൺ ക്രമേണ നാമാവശേഷമായി. പഴയ ഉടമ്പടിയുടെ മൂലപാരമ്പര്യത്തിൽ ഇത്ര സ്വാധീനംചെലുത്തിയ മററു ജനവിഭാഗങ്ങളും ഇല്ലെന്നു തീൎത്തുപറയാം.

* * * * * * *

**ആത്മദർശനം.** ചരിത്രവും പുരോഗതിയും ദൈവപരിപാലനയിൽ അധിഷ്ഠിതമാണ്; സാംസ്കാരിക വൈചിത്ര്യങ്ങൾ ആ പരമസത്തയുടെ രൂപാവിഷ്ക്കരണങ്ങളുമാണ്. അവയുടെ സമഞ്ജസമായ ഐക്യമത്രെ ദൈവരാജ്യത്തിൻെറ ഭൗമികപ്രതീകം.

# തെരഞ്ഞെടുപ്പിൻെറ മുഖവുര

മനുഷ്യജീവിതത്തിൽ അതിപൗരാണികകാലം മുതലുള്ള തിന്മയുടെയും ദുരിതങ്ങളുടെയും ഉത്ഭവദർശനവും ദൈവികപരിരക്ഷണവിശ്വാസവും നിത്യ പരിത്രാണത്തിൻെറ ചരിത്രഘട്ടങ്ങളും കണ്ടുതുടങ്ങുന്നു. അധ:പതനത്തിൻെറ മൂലകാരണം ദൈവതിരുച്ചിത്തത്തിൻെറ നിഷേധമാണെങ്കിൽ സൗഭാഗ്യത്തിലേക്കുള്ള സോപാനം ദൈവികാരുപിയോടുള്ള നിരങ്കുശമായ വിധേയത്വമാണ്. ആ രക്ഷാകരസന്ദേശത്തിൻെറ പ്രഥമ സംവാഹകനും മുഖ്യമാതൃകയുമായി ഗോത്രങ്ങളുടെ പിതാവായ അബ്രാഹം ചരിത്രപ്രവേശം ചെയ്യുകയായി. ആ മഹത്ചരിതൻെറ ജീവിതമാണ് ഉൽപത്തി 11 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങളിൽ വിരചിതമായിരിക്കുക.

# 7 ഊരിൽനിന്നു്

ഉല്പ: 11.10-32

......ഷേമിന്റെ വംശാവലി: അവനു നൂറു വയസ്സായപ്പോൾ അർപ്പക്ഷാദ് ജനിച്ചു. ജലപ്രളയം കഴിഞ്ഞു് രണ്ടാം വർഷമായിരുന്നു അതു് / അർപ്പക്ഷാദിന്റെ ജനനത്തിനുശേഷം ഷേം അഞ്ഞൂറു വർഷംകൂടി ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / മുപ്പത്തഞ്ചു വയസ്സായപ്പോൾ അർപ്പക്ഷാദിനു ഷേലാഹ് ജനിച്ചു / ഷേലാഹിന്റെ ജനനത്തിനുശേഷം ഏബർ ജനിച്ചു / ഏബർ ജനിച്ചതിനു ശേഷം നാനൂററിമൂന്നു വർഷംകൂടി ഷേലാഹ് ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / മുപ്പത്തിനാലു വയസ്സായപ്പോൾ ഏബറിനു പേലെഗ് ജനിച്ചു / പേലെഗിന്റെ ജനനത്തിനുശേഷം ഏബർ നാനൂററിമുപ്പതു വർഷംകൂടി ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / മുപ്പതു വയസ്സായപ്പോൾ പേലെഗിനു റെവു ജനിച്ചു / റെവുവിന്റെ ജനനത്തിനു ശേഷം പേലെഗ് ഇരുനൂററിയമ്പതു വർഷംകൂടി ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരുംപുത്രിമാരും ഉണ്ടായി / മുപ്പത്തിരണ്ടു വയസ്സായപ്പോൾ റെവുവിനു സെരുഗ് ജനിച്ചു / സെരുഗിന്റെ ജനനത്തിനുശേഷം റെവു ഇരുനൂറേറഴ വർഷം കൂടി ജീവിച്ചിരുന്നു. അവനു വേറേയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / മുപ്പതാം വയസ്സിൽ സെരുഗ് നാഹോറിന്റെ പിതാവായി / നാഹോറിന്റെ ജനനത്തിനുശേഷം സെരുഗ് ഇരുനൂറു വർഷം കൂടി ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / ഇരുപത്തൊമ്പതാം വയസ്സിൽ നാഹോർ തേരാഹിന്റെ പിതാവായി / തേരാഹിന്റെ ജനനത്തിനുശേഷം നാഹോർ നൂററിപ്പത്തൊമ്പതു വർഷംകൂടി ജീവിച്ചിരുന്നു. അവനു വേറെയും പുത്രന്മാരും പുത്രിമാരും ഉണ്ടായി / എഴുപതു വയസ്സെത്തിയതിനുശേഷം തേരാഹിനു് അബ്രാം, നാഹോർ, ഹാരാൻ എന്നീ പുത്രന്മാർ ജനിച്ചു / തേരാഹിന്റെ പിൻമുറക്കാർ ഇവരാണു്: തേരാഹിന്റെ പുത്രന്മാരാണു് അബ്രാമും നാഹോറും ഹാരാനും / ഹാരാന്റെ പുത്രനാണു് ലോത്തു്. തന്റെ പിതാവായ തേരാഹ് മരിക്കുന്നതിനു മുമ്പു് ഹാരാൻ ജന്മനാടായ കൽദായരുടെ ഊരിൽ വച്ചു് ചരമമടഞ്ഞു / അബ്രാമും നാഹോറും വിവാഹം കഴിച്ചു.

അബ്രാമിൻെറ ഭാര്യയുടെപേരു് സാറായി—നാഹോറിൻെറ ഭാര്യയുടെ പേരു് മിൽക്ക. അവരം മിൽക്കയുടെയും ഇസ്ക്കയുടെയും പിതാവായ ഹാരാൻെറ മകളാണു്/ സാറായി വന്ധ്യയായിരുന്നു/ അവരംക്ക മക്കളുണ്ടായില്ല / തേരാഹ് കൽദായരുടെ ഊരിൽനിന്നു കാനാൻ ദേശത്തേക്ക യാത്ര പുറപ്പെട്ടു. മകൻ അബ്രാമിനെയും, പേരക്കിടാവും ഹാരാൻെറ മകനുമായ ലോത്തിനെയും, അബ്രാമിൻെറ ഭാര്യയും തൻെറ മരുമകളുമായ സാറായിയെയും അവൻ കൂടെ കൊണ്ടുപോയി. അവർ ഹാരാനിലെത്തി അവിടെ വാസമുറപ്പിച്ചു/ തേരാഹ് ഇരുന്നൂററഞ്ചുവർഷം ജീവിച്ചിരുന്നു. അവൻ ഹാരാനിൽ വച്ചു മൃതിയടഞ്ഞു.

* * * *

**ചരിത്രയുഗത്തിലേക്കു്:** ലിഖിതരേഖകളുള്ള ചരിത്രയുഗത്തിലേക്കാണു് ഉല്പത്തി 11-ാം അദ്ധ്യായത്തിൻെറ അവസാനഭാഗം വന്നിരിക്കുക. അതിലേക്ക പ്രവേശിക്കുന്നതിനുമുമ്പു പൂർവ്വകാലത്തെ സംബന്ധിച്ച ചില വസ്തുതകരം അവശ്യം അനുസ്മരിപ്പിക്കുകയാണു്.

നോഹിൻെറ വംശാവലിയിൽ ഹാമിൻെറ പിൻഗാമിയായ നിംറോദിനെ സംബന്ധിച്ച പാരമ്പര്യം നാം കാണുകയുണ്ടായല്ലോ. നോഹിൻെറ മൂന്നാമത്തെ പുത്രൻ യാഫെത്തിനെയും ഗ്രീക്ക ചരിത്രത്തിലെ ഒരു പൗരാണിക പുരുഷനായ ജാഫെറേറാസിനോടു ചിലർ ബന്ധപ്പെടുത്തിയിട്ടുണ്ടു്. ഇൻഡോ-ജർമ്മാനിക്ക് വർഗ്ഗങ്ങളുടെയും സെമിററിക്ക്വർഗ്ഗങ്ങളുടെയും വേർതിരിവിനുമുമ്പുള്ള അതിപ്രാചീനമായ ഒരു പാരമ്പര്യത്തെയാണു് ഇതു ചൂണ്ടിക്കാണിക്കുന്നതെന്നു ചില പണ്ഡിതന്മാർ പ്രസ്താവിക്കുന്നു.

ഏദൻവർണ്ണന, പ്രളയകഥ, ബാബേൽസംഭവം മുതലായ വസ്തു ബാബിലോണ്യൻ പുരാണങ്ങളോടുള്ള സാമ്യതകളും നമ്മരം കണ്ടു. സെമിററിക്ക് പുരാണങ്ങളിൽ മാത്രമല്ല, ഈജിപ്പിലും, സിറിയ, ഇറാൻ, ഇൻഡ്യ, സൈബീര്യ മുതലായ ഏഷ്യൻ രാജ്യങ്ങളിലും ആസ്ത്രേല്യയിലും യൂറോപ്പിലെ ഗ്രീക്ക്-ജർമ്മൻ-സ്ലാവ് വർഗ്ഗങ്ങളിലും താദൃശമായ പാരമ്പര്യകഥകരം ഉണ്ടു്. ഇവയെല്ലാം ഒററതിരിഞ്ഞു് ഉടലെടുത്ത പ്രാദേശിക പാരമ്പര്യങ്ങളോ അനുകൃതകഥകളോ അല്ല, ഒരു പൊതുമൂലത്തിൽനിന്നുത്ഭവിച്ചിരിക്കാനാണു ന്യായം.

ചരിത്രാതീത സഹസ്രാബ്ദങ്ങളിലെ മനുഷ്യരുടെ മതപരവും മാനസികവുമായ പ്രവണതകളെക്കുറിച്ചു വളരെ കുറച്ചേ നമുക്കറിയാവൂ. അതിനു നമുക്കാലംബം മതപുരാണങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പാരമ്പര്യകഥകളാണ്. അവയുടെ മൂലങ്ങളോടും യാഥാർത്ഥ്യങ്ങളോടും ഏററം അടുത്തതും സംശുദ്ധവുമായ വിവരണങ്ങൾ ബൈബിളിലാണുള്ളതെന്നു പണ്ഡിതലോകം നിഷ്കർഷിക്കുന്നു. പക്ഷെ അവയുടെ ചരിത്ര യാഥാർത്ഥ്യങ്ങളല്ല ആദ്ധ്യാത്മിക ദൗത്യമാണ് മതവിശ്വാസികൾ മുന്നിൽ കാണേണ്ടതു്. ആദിമപിതാക്കൾ ഏദൻതോട്ടത്തിൽ കൃഷിപ്പണിചെയ്തുവോ; രണ്ടാംതലമുറക്കാർ നഗരങ്ങൾ നിർമ്മിച്ചുവോ; ഏഴാംതലമുറക്കാർ ലോഹത്തൊഴിലുകൾ ആരംഭിച്ചുവോ; പത്താംതലമുറയിൽ പ്രളയമുണ്ടായോ; പതിനഞ്ചാം തലമുറയിൽ ഭിന്ന ഭാഷകളും നാഗരികതകളും ഉത്ഭവിച്ചോ എന്നിത്യാദി വസ്തുതകൾക്കല്ല പ്രസക്തിനൽകേണ്ടതു്. പ്രകൃതിയുടെയും ചരിത്രത്തിൻെറയും നിയാമകശക്തി എന്തു് - ലക്ഷ്യവും അർത്ഥവും എന്തു? എന്നതാണു ബോധനമൂല്യം. അതു സാക്ഷാത്കരിക്കുന്ന യഥാർത്ഥചരിത്രമാണ് ഇനി ബൈബിളിൽ നാം കാണുക.

ഗോത്രപിതാവു്: നോഹിൻെറ പിൻഗാമികളിൽ ഒരു വിഭാഗം ബാബിലോണ്യൻ സമതലങ്ങളിൽ വാസമുറപ്പിച്ചെന്നും അവർ ഭൗതികപുരോഗതിയോടൊപ്പം തിന്മയിലും വളൎന്നു ദൈവദ്രോഹികളായിത്തീർന്നെന്നുമുള്ള ചിത്രീകരണങ്ങൾ നാംകണ്ടു. ചരിത്രവും സംസ്കാരവും മുന്നേറുന്തോറും തിന്മയുടെ വശ്യതയിലും ദുഷ്ഫലങ്ങളിലുംനിന്നു സ്വയം രക്ഷപെടുവാൻ മനുഷ്യനസാദ്ധ്യമായിട്ടില്ല— പക്ഷേ ദൈവികമോചനംലഭിക്കും എന്ന പ്രാരംഭസുവിശേഷമാണ് ആകെക്കൂടി ഇതുവരെ നാം ഗ്രഹിച്ചിരിക്കുക. അമാനുഷികമായ ഒരു പരിത്രാണ യജ്ഞത്തിനു വഴിയൊരുക്കുവാൻ ഒരു ജനത സജ്ജമാക്കപ്പെടുകയാണ് ഇനി. അനുഗ്രഹീതനായ ഷേമിൻെറ വംശജനും ചരിത്രപുരുഷനുമായ അബ്രാഹത്തിൽ അവരുടെ പൈതൃകം ദത്തമാക്കപ്പെടുന്നു. നിത്യസൗഭാഗ്യത്തിലേക്കുള്ള രക്ഷാകരമാൎഗ്ഗം അബ്രാഹത്തിനും പിൻഗാമികൾക്കും ക്രമേണ വെളിവാക്കപ്പെട്ടു. അനുഗ്രഹിച്ചും ശാസിച്ചും ശിക്ഷിച്ചും അവരുടെ ഉയർച്ചയിലും താഴ്ചയിലും ദൈവം അവർക്കു മാൎഗ്ഗദർശനം നൽകും. ആ ചരിത്രമാണു് പഴയ ഉടമ്പടികളിൽ ഇനി ദൃശ്യമാവുക. ലോകരാഷ്ട്രങ്ങളുടെ വളർച്ചയ്ക്കും നാശത്തിനുമനുസരിച്ച് ഓരോ ജനതകളുടെ

സംസ്കാരവും മതവും വളരുന്നതും നശിക്കുന്നതുമാണ് മനുഷ്യ ചരിത്രത്തിലെ മുഖ്യദൃശ്യം. പക്ഷെ ഈ ജനതയുടെ മതവിശ്വാസമോ? ചരിത്രത്തിൻെറ തകർച്ചയുടെ മൂർദ്ധന്യത്തിലാണ് അവരുടെ മതബോധവും ആദ്ധ്യാത്മിക പ്രഭാവവും സർവ്വോജ്ജ്വലമാവുക.

ബൈബിൾ മീമാംസയിൽ ആദാം മുതൽ മോശവരെയുള്ള പൂർവ്വപിതാക്കളെയെല്ലാം ഗോത്രപിതാക്കൾ എന്നു പൊതുവെ പറയുന്നുണ്ടെങ്കിലും അറിയപ്പെടുന്നത്രയും അവരിൽ ആദ്യചരിത്ര പുരുഷനാണ് അബ്രാഹം. പുരാതന കാലം മുതൽക്കേ ആദ്യ ഗോത്രപിതാവ് എന്ന നിലയിൽ അദ്ദേഹം ബഹുമാനിക്കപ്പെട്ടിട്ടുള്ളതും യഥായോഗ്യമത്രെ. ചരിത്രദൃഷ്ട്യാ വീക്ഷിച്ചാൽ ദൈവിക വെളിപാടുകൾ ലഭിച്ച ആദ്യ ബൈബിൾ പുരുഷനും അബ്രാഹമാകുന്നു.

അബ്രാഹം ഒരു ചരിത്രപുരുഷനാണെന്നു പറയപ്പെടുമ്പോൾ ബൈബിളിനു വെളിയിൽ തത്സംബന്ധമായി ലിഖിതരേഖകളുണ്ടെന്നല്ല വിവക്ഷ. അബ്രാഹത്തിൻെറയും പിൻഗാമികളായ മററു ഗോത്രപിതാക്കളുടെയും നടപടികളും ആചാരങ്ങളും പാലസ്റ്റൈനിലെയും സമീപദേശങ്ങളിലെയും സമകാലീന സ്ഥിതിഗതികളോടു സവിശേഷമായി പൊരുത്തപ്പെടുന്നു എന്നതിനു തെളിവുകളുണ്ട്. അതാണ് അവരുടെ ചരിത്രാസ്ഥിത്വത്തിനുള്ള അന്യനിദാനം. അവയുടെ വിശദാംശങ്ങൾ സന്ദർഭാനുസരണം പിന്നാലെ വ്യക്തമാക്കപ്പെടും.

**ഊർനഗരം:** ബാബിലോണിൻെറ തെക്കുകിഴക്കുഭാഗത്തു് യൂഫ്രട്ടീസ് നദിയുടെ സംഗമസ്ഥാനത്തിനു സമീപം ഇന്നു ''ടെൽ മുഹർ'' എന്നറിയപ്പെടുന്ന സ്ഥലമാണ് പുരാതന ഊർനഗരം. പ്രാചീന ബാബിലോണ്യയിലെ സുമേര്യൻ നഗരരാഷ്ട്രങ്ങളിൽ സുപ്രധാനമായ ഒന്നായിരുന്നു ഊർ. ഏകദേശം ബി. സി. 4000-നും 3000-നും ഇടയ്ക്കു് അവിടെ ജനവാസമുറപ്പിക്കപ്പെട്ടു. ബി. സി. 2700-നോടു് അടുത്തു് അവിടെ ഒരു രാജവംശം സ്ഥാപിതമായി. ബി. സി. 1950 വരെ മൂന്നു രാജവംശങ്ങൾ അവിടെ ആധിപത്യം വഹിച്ചതായി കാണുന്നു. ബി. സി. 1950-നോടു്അടുത്തു് ഏലാം **(Elam)** രാജാക്കളുടെ ആക്രമണത്താൽ ഊരിലെ മൂന്നാം രാജവംശം

തകരുകയും നഗരം കുറേ നശിക്കുകയുംചെയ്തു. പിന്നെയും പല ആക്രമണങ്ങറം ഉണ്ടായിക്കൊണ്ടിരുന്നു. ബി. സി. 1830–ൽ ബാബിലോണ്യയിലെ ഒന്നാം അമോര്യൻ രാജവംശത്തിൻെറ ഉത്ഭവത്തോടുകൂടി ഊർ അമോര്യക്ക് അധീനമായി, ക്രമേണ ഊരിൻെറ പ്രാധാന്യം അസ്തമിക്കയുംചെയ്തു.

പ്രസ്തുത അമോര്യൻ രാജവംശത്തിലെ സിൻമുബാലിത്തു് (Sin Mubalit) ൻെറ നേതൃത്വത്തിലുണ്ടായ ആക്രമണങ്ങളും കൂട്ടക്കൊലകളും (ബി. സി. 1748–1729) നിമിത്തം അബ്രാഹവും കുടുംബാംഗങ്ങളും ഊർവിട്ടുപോകയാണുണ്ടായതെന്നു് അതിൻെറ ചരിത്രഘട്ടത്തെപ്പററി ചില വ്യാഖ്യാതാക്കറം പറയുന്നുണ്ടു്. എന്നാൽ കാനാൻദേശത്തേയ്ക്കുള്ള യാത്രാമദ്ധ്യേ അവർ 'ഹാരാൻ' നഗരത്തിൽ വാസമുറപ്പിച്ചു എന്ന ബൈബിറം രേഖവച്ചുനോക്കുമ്പോറം ഈ അഭിപ്രായം സ്വീകരിക്കാൻവയ്യ. കാരണം, ഹാരാൻ ഒരുകാലത്തു് ഊരിനു് അധീനമായിരുന്നെന്നും, അമോര്യർ ഊർ അധീനമാക്കുന്നതിനു മുമ്പുതന്നെ ഹാരാൻ കൈവശപ്പെടുത്തി എന്നുമാണു് കാണുക. ഊരിൽ അമോര്യരുടെ ആക്രമണങ്ങറംനിമിത്തം പലായനംചെയ്തതാണെങ്കിൽ ആ ശത്രുക്കളുടെ മറെറാരു സങ്കേതത്തിൽതന്നെ വീണ്ടും സ്വമനസ്സാ ചെന്നുചാടുകയില്ലല്ലോ. ഊരിൽനിന്നു കാനാൻദേശത്തേക്കുള്ള സുഗമമാർഗ്ഗം ഹാരാനിൽക്കൂടി ആയിരുന്നു എങ്കിലും അബ്രാഹവും കുടുംബാംഗങ്ങളും അമോര്യരുടെ ശത്രുത ഭയന്നിരുന്നെങ്കിൽ മററുവഴിക്കോ അല്ലെങ്കിൽ ഹാരാനിൽ വാസമുറപ്പിക്കാതെ നേരെതന്നെയോ കാനാൻദേശത്തേക്കു പോകുമായിരുന്നു. മാത്രമല്ല അബ്ഹാമിന്നും അദ്ദേഹത്തിൻെറ വംശജക്കും അമോര്യരുമായി ഉററ സൗഹാർദ്ദവും സമ്പക്ക്വുമാണു് ഉണ്ടായിരുന്നതെന്നും കാണാം. ആകയാൽ അബ്രാഹവും കുടുംബാംഗങ്ങളും ഊർവിട്ടുപോകാനിടയായ കാലവും ചരിത്രസാഹചര്യങ്ങളും വേറെയായിരുന്നെന്നു തീൎത്തുപറയാം. ഉല്പത്തി 14–ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്ന പഞ്ചനഗരാക്രമണകഥകൂടി കണക്കിലെടുത്താൽ അമോര്യരാജവാഴ്ച പ്രബലമാകുന്നതിനുമുമ്പു് ഏലാംരാജാവും മററു കിഴക്കൻരാജാക്കളും പ്രബലരായിരുന്ന ഒരു കാലഘട്ടംകൂടി ആയിരുന്നു അതെന്നും തീൎച്ചയാക്കാം. ഊരിലെ മൂന്നാം രാജവംശക്കാലത്തു് ഏലാംരാജാക്കളുടെ ആക്രമണംനിമിത്തം അബ്രാഹവും കുടുംബാംഗങ്ങളും ഊർവിട്ടുപോയി എന്നതിനാകാം കൂടുതൽ പ്രസക്തിയുള്ളതു്. അപ്രകാരമെങ്കിൽ ബി, സി. 20–ാംനൂററാണ്ടിൻെറ ആദ്യാർദ്ധത്തിലോ 19–ാം

ന്നൂററാണ്ടിൻെറ അന്ത്യദശകങ്ങളിലോആകാം സംഭവകാലം. അബ്രാഹത്തിൻെറ ജീവിതകാലം ബി. സി. 19—ാംശതാബ്ദമോ 20—ാം ശതാബ്ദമോ ആയിരുന്നതായി കരുതണമെന്നു പ്രസിദ്ധ ചരിത്ര പണ്ഡിതനായ പ്രൊഫസർ ആൽബ്രൈററ് പറയുന്നു. പുരാതന ചരിത്രാന്വേഷകനായ നെൽസൺ ഗ്ലൂവക്കിൻെറയും പ്രൊഫസർ ആൽബ്രൈററിൻെറയും അഭിപ്രായങ്ങളും, ഈജിപ്ഷ്യൻ ചരിത്ര രേഖകളുംമററും ആസ്പദമാക്കി അബ്റാഹത്തിൻെറ കാലഘട്ടം ബി. സി. 19—ാംന്നൂററാണ്ടായിരുന്നെന്നു ഖണ്ഡിതമായി പല ബൈബിൾ പണ്ഡിതരും അഭിപ്രായപ്പെടുന്നുണ്ട്.

അറേബ്യൻ മണലാരണ്യങ്ങളിൽനിന്നു് ഓരോരോ കാലഘട്ടങ്ങളിൽ ബാബിലോണിലേക്കും സമീപ പ്രദേശങ്ങളിലേക്കും കുടിയേറിപ്പാർത്ത പല നാടോടിവർഗ്ഗങ്ങളെയുംസംബന്ധിച്ച ചരിത്ര രേഖകൾ ഇന്നു ലഭ്യമാണ്. അപ്രകാരം ''ഹബിറു'' എന്ന ഒരു അർദ്ധനാടോടിവർഗ്ഗത്തിൻെറ തലവനായിരുന്നു അബ്റാഹം എന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്. അബ്റാഹത്തെ സംബന്ധിച്ച ഇസ്ലാമികപാരമ്പര്യങ്ങൾ അതിനു് ഉപോത്ബലകങ്ങളുമാണ്. അവയിൽചിലതെല്ലാം യഹൂദപാരമ്പര്യങ്ങളുടെ അനുകൃതരൂപങ്ങളാണെന്നു തോന്നാമെങ്കിലും അബ്റാഹത്തിൻെറ ചരിത്രാസ്ഥിത്വത്തിനു് ഉറപ്പു നൽകുന്നവയത്രെ.

# 8. വാഗ്ദാനഭൂമി

ഉല്പ: 12.1-30

കർത്താവ് അബ്റാമിനോട് അരുളിച്ചെയ്തു: നിൻെറ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയുംവിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക / ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിൻെറ പേരു ഞാൻ മഹത്താക്കും. അങ്ങിനെ നീ ഒരു അനുഗ്രഹമായിരിക്കും / നിന്നെ അനുഗ്രഹിക്കുന്നവരെ ഞാനും അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാനും ശപിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും /

കർത്താവു കല്പിച്ചതനുസരിച്ച് അബ്റാം പുറപ്പെട്ടു. ലോത്തും അവൻെറകൂടെ തിരിച്ചു. ഹാരാൻദേശത്തോട് വിടപറഞ്ഞപ്പോൾ അബ്റാമിനു് എഴുപത്തഞ്ചുവയസ്സു പ്രായമായിരുന്നു/ അബ്റാം ഭാര്യ സാറായിയെയും സഹോദരപുത്രൻ ലോത്തിനെയും കൂടെ കൊണ്ടുപോയി. ഹാരാനിൽ തങ്ങൾ നേടിയ സമ്പത്തും ആളുകളുമായി അവർ കാനാൻദേശത്തേക്കു പുറപ്പെട്ട് അവിടെ എത്തിച്ചേർന്നു / അബ്റാം കരയിലൂടെ ശേഖേം എന്ന സ്ഥലത്തേക്കും മോറെയിലുള്ള സമതലത്തിലേക്കും കടന്നു. അക്കാലത്തു കാനാൻകാർ അവിടെ പാർത്തിരുന്നു / കർത്താവ് അബ്റാമിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തു: ഈ നാട് നിൻെറ സന്തതികൾക്കു ഞാൻ കൊടുക്കും. തനിക്കു പ്രത്യക്ഷപ്പെട്ട കർത്താവിനു അബ്റാം അവിടെ ഒരു ബലിപീഠം പണിതു / അവിടെനിന്ന് അവൻ ബഥേലിനു കിഴക്കുള്ള മലമ്പ്രദേശത്തേക്കുകടന്ന്, അവിടെ ബഥേലിനു കിഴക്കും ഹായിക്കു പടിഞ്ഞാറുമായി താവളമടിച്ച് അവിടെ ഒരു ബലിപീഠം പണിതു കർത്താവിനെ ആരാധിച്ചു / അവിടെനിന്ന് അബ്റാം നെഗേബിനുനേരെ യാത്ര തുടർന്നു/

അവിടെ ഒരു ക്ഷാമമുണ്ടായി. കടുത്ത ക്ഷാമമായിരുന്നതിനാൽ ഈജിപ്തിൽപോയി പാർക്കാമെന്നു കരുതി അബ്റാം അങ്ങോട്ടുതിരിച്ചു / ഈജിപ്തിലെത്താറായപ്പോൾ ഭാര്യ സാറായിയെ വിളിച്ച് അവൻ പറഞ്ഞു: നിന്നെ കാണുമ്പോൾ ഈജിപ്തുകാർ പറയും: ഇവൾ അവൻെറ ഭാര്യയാണ്. എന്നിട്ട് എന്നെ അവർ കൊന്നുകളയും. നിന്നെ ജീവിക്കാൻ അനുവദിക്കയും ചെയ്യും /

നീ മൂലം എനിക്കു് ആപത്തുണ്ടാകാതിരിക്കാൻ നീ എന്റെ സഹോദരിയാണെന്നു പറയണം / അവർ ഈജിപ്തിലെത്തി. അവൾ കാണുവാൻ വളരെ അഴകുള്ളവളാണെന്നു ഈജിപ്ററുകാക്കു മനസ്സിലായി / അവളെ കണ്ടപ്പോൾ ഫറവോയുടെ സേവകന്മാർ അവളെപ്പററി ഫറവോയോടു പുകഴ്ത്തിപ്പറഞ്ഞു. അവൾ ഫറവോയുടെ കൊട്ടാരത്തിലേക്കു നയിക്കപ്പെട്ടു/ ഫറവോ അവളെപ്രതി അബ്റാമിനോടു നന്നായി പെരുമാറി. അവനു് ആടുകൾ, കാളകൾ, കഴുതകൾ, ഒട്ടകങ്ങൾ, വേലക്കാർ, വേലക്കാരികൾ എന്നിവ ലഭിച്ചു /

പക്ഷെ അബ്റാമിന്റെ ഭാര്യ സാറായിയെപ്രതി കർത്താവു് ഫറവോയെയും കുടുംബത്തെയും കഠിനമായിപീഡിപ്പിച്ചു/ തൻമൂലം ഫറവോ അബ്റാമിനെ വിളിച്ചുപറഞ്ഞു: നീ ചെയ്തതു് എന്താണു്? അവൾ നിന്റെ ഭാര്യയാണെന്നു് എന്നോടു പറയാതിരുന്നതു് എന്തുകൊണ്ടു്? / അവൾ സഹോദരിയാണു് എന്നു നീ പറഞ്ഞതു് എന്തിനു്? അതുകൊണ്ടല്ലേ ഞാൻ അവളെ ഭാര്യയായി സ്വീകരിച്ചതു്? ഇതാ നിന്റെ ഭാര്യ. അവളെയുംകൊണ്ടു സ്ഥലംവിടുക / ഫറവോ തന്റെ ആൾക്കാർക്കു് അബ്റാമിനെക്കുറിച്ചു് കല്പന കൊടുത്തു. അവർ അവനെയും ഭാര്യയെയും അവന്റെ വസ്തുവകകളോടുകൂടി യാത്രയാക്കി.

*　　*　　*

**യാവെയുടെ വിളി:** മനുഷ്യന്റെ സുഖദുഖങ്ങൾക്കെല്ലാം പൂർണ്ണനിയന്താവു ദൈവമാണെന്നു വിശ്വസിച്ച ഒരു സമൂഹമായിരുന്നു എബ്റായർ. ജീവിതാനുഭവങ്ങളുടെ ദൃശ്യവും അദൃശ്യവുമായ എല്ലാ കാരണങ്ങളും അവർ ദൈവപരിപാലനയോടു ബന്ധപ്പെടുത്തി. തികച്ചും സ്വാഭാവികവും പ്രകൃതിസഹജവുമായ വസ്തുതകൾപോലും ദൈവത്തിന്റെ പ്രവൃത്തികളായല്ലാതെ കാണാൻ അവർക്കു കഴിഞ്ഞിരുന്നില്ല. വ്യക്തികളുടെയും സമൂഹത്തിന്റെയും അനുഭവങ്ങളിൽക്കൂടി തങ്ങളുടെ ദൈവികതെരഞ്ഞെടുപ്പു വിളിച്ചറിയിക്കുക എന്നതിൽകവിഞ്ഞ ചരിത്രലക്ഷ്യം സ്വന്തം പാരമ്പര്യ കഥാകഥനത്തിൽ അവർക്കുണ്ടായിരുന്നില്ല. കാലാനുക്രമമായി മുമ്പും പിമ്പും നോക്കാതെയും അതിശയോക്തി കലർന്നും യുക്തിശൂന്യമായും ആവർത്തിച്ചും പല വിവരണങ്ങൾ അതിൽ കാണാം. അബ്രാഹത്തിന്റെ ജീവിതകഥയിൽ മുകളിൽ വിവരിക്കപ്പെട്ടിട്ടുള്ള ചിലതെല്ലാം ഇതിനുദാഹരണങ്ങളാണു്.

ഒന്നു്, ദേശാടനം:— അബ്രാഹം കാനാൻദേശത്തേക്ക പുറപ്പെട്ടതു് ഊർ നഗരത്തിൽനിന്നായിരുന്നെന്നു് മുൻ അദ്ധ്യായത്തിൽ (11-31) പറയുന്നുണ്ടല്ലോ. അതിനുള്ള ദൈവികാഹ്വാനം അബ്രാഹത്തിനു ലഭിച്ചതു് ഊരിൽ വച്ചാണെന്നു് മററു രേഖകൾ പറയുന്നു (ഉല്പ.15-7; അപ്പ: നടപടി 7.2—4). കാലികളെമേച്ചു കാലയാപനം ചെയ്തിരുന്ന ഒരു അർദ്ധനാടോടി ഗോത്രത്തലവൻെറ പ്രതീതിയാണു് അബ്രാഹത്തിൻെറ ജീവിതത്തിൽ മുഴച്ചുകാണുക. സാഹചര്യാനുസരണം അദ്ദേഹം പലേടത്തും മാറിമാറി താവളമടിച്ചു ജീവിച്ചിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടാനില്ല. ഊരിലെ നാഗരികജീവിതംവിട്ടോടിയതാണെങ്കിൽ അതിനു ചരിത്രകാരണങ്ങളുമുണ്ടായിരിക്കാം. അങ്ങനെയിരിക്കെ ഈ ദൈവവിളിയുടെ സാംഗത്യമെന്താണു്? വിമർശകദൃഷ്ടിയിൽ പല അപാകതകളും അതിനുണ്ടു്. പക്ഷെ അവയെ എല്ലാം അതിജീവിക്കുന്ന ഒരു ന്യായീകരണവും ഉണ്ടു്. അതു് എബ്രായരുടെ ചരിത്രവീക്ഷണമാണു്. യാവെ ദൈവമാണു് അവരുടെ ചരിത്രനായകൻ. യാവെയുടെ തിരുവുള്ളമാണു് എല്ലാററിൻെറയും നിർണ്ണായകഘടകം. അതു തങ്ങളിലേക്കാണു് സൃഷ്ടി മുതൽ വേരൂന്നിയതു്. അബ്രാഹത്തിൻെറകാലത്തു ചരിത്ര പ്രകാശനം കണ്ടുതുടങ്ങി; പിന്നീടു് ഒന്നിനൊന്നു പ്രോജ്വലമായി—സഫലമായി.

രണ്ടു്, ഫറവോൻ കഥ:— ഈജിപ്തിൽ സാറായിക്കുണ്ടായ അനുഭവംതന്നെ ഗരാറിൽവച്ചു് അബിമലേക്കിൽനിന്നുണ്ടായതായി ആവത്തിക്കപ്പെട്ടു. ഇവിടെയും ബൈബിൾകത്താക്കൾക്ക വിളിച്ചു പറയാനുള്ളതു് ഒരേയൊരുസംഗതിമാത്രം—തങ്ങളുടെ ഗോത്രശുദ്ധി—ദൈവികപാലന.

മൂന്നു്, മോരെയിലെ പുണ്യവൃക്ഷം:— മോരെയിലെ ഒരു വൃക്ഷച്ചുവട്ടിൽ അബ്രാഹം ബലിയർപ്പിച്ചു അല്ലെങ്കിൽ ഈശ്വരാരാധന നടത്തിയെന്നതു യാഥാത്ഥ്യമായിരിക്കാം. വൃക്ഷച്ചുവടുകളിലും വള്ളിക്കാവുകളിലും പൂജാർച്ചനകൾ നടത്തുകയെന്നതു് ഇന്നും പല ജനതകൾക്കും ഒരു മതാചാരമായി നിലനിൽക്കുന്നുണ്ടല്ലോ; ഇസ്രായേൽ രാജവാഴ്ചയുടെ കാലത്തും അവരുടെ ഗോത്രപിതാക്കളുടെ കാലത്തും അതു നിലനിന്നിരുന്നെങ്കിൽ എന്തിനു് അത്ഭുതപ്പെടണം. അബ്രാഹത്തിൻെറ വിശ്വാസപരിവത്തനത്തിൻെറ പ്രഥമഘട്ടമാണു സംഭവകാലം. രാജവാഴ്ചയുടെകാലത്തു് ഈ വൃക്ഷവന്ദനത്തിനെതിരായി പല പ്രവാചകരും ഉഗ്രഭത്സനമുയത്തിയെന്നതും സ്മരണീയമാണു്.

ശേഖേം: പാലസ്റ്റൈനിൻെറ മദ്ധ്യഭാഗത്തു്, ജറൂസലേമിൽനിന്നു നാല്പതു മൈലോളം വടക്കു്, ഉത്തര പാലസ്റ്റൈനിലേക്കുള്ള പാതയ്ക്കു സമീപം ഇന്നു ''ടെൽബലാത്ത'' (Tell Balatah) എന്നറിയപ്പെടുന്ന സ്ഥലമാണു് പുരാതന ശേഖേം. ബി. സി. മൂന്നാം സഹസ്രാബ്ദത്തിൻെറ ആരംഭംമുതൽ അവിടെ ഒരു നഗരമുണ്ടായിരുന്നതായി കാണുന്നു. ബി. സി. രണ്ടും മൂന്നും സഹസ്രാബ്ദങ്ങളിൽ പാലസ്റ്റൈനിൽ പലയിടത്തും കാനാന്യവർഗ്ഗക്കാർക്കുണ്ടായിരുന്ന പ്രബല നഗരരാഷ്ട്രങ്ങളിൽ ഒന്നാണു് ശേഖേം. ബി. സി. 18—ാംനൂറ്റാണ്ടിൽ ഫറവോൻ സെസോസ്ത്രിസ് മൂന്നാമൻ ഈ നഗരം പിടിച്ചടക്കിയതായി രേഖയുണ്ടു്. ഈ നഗരത്തോടു് അബ്രാഹത്തിനും പിൻഗാമികൾക്കുമുണ്ടായിരുന്ന ബന്ധം സമ്മിശ്രമായ പല പാരമ്പര്യങ്ങൾക്കും ഇടയാക്കിയിട്ടുണ്ടു്. എ. ഡി. 1925 മുതൽ 1934 വരെ ഒരു ജർമ്മൻ ഗവേഷകസംഘവും 1956—ൽ ഒരു അമേരിക്കൻ ഗവേഷകസംഘവും നടത്തിയ അന്വേഷണങ്ങളുടെ ഫലമായി ഈ നഗരത്തെ സംബന്ധിച്ചു പല വിവരങ്ങളും ലഭ്യമായിരിക്കുന്നു.

നെഗേബ്: ശേഖേമിൽനിന്നു തെക്കോട്ടു ജറൂസലേം കഴിഞ്ഞു് ഈജിപ്തിലേക്കുള്ള പ്രയാണമാർഗ്ഗ പ്രദേശമായിരുന്നു നെഗേബ് — പാലസ്റ്റൈൻെറ തെക്കുഭാഗത്തു് ഹെബ്രോൻ മുതൽ കാദേശ് വരെയുള്ള ഭൂവിഭാഗം. കൽക്കെട്ടുകൾ നിറഞ്ഞ സ്ഥലം. മഴ കുറവെങ്കിലും നല്ല ഉറവകളും ധാരാളം ചെറിയ അരുവികളുംഉള്ള പ്രദേശം. യൂദയാ മരുഭൂമിയും അറേബ്യൻ മണലാരണ്യങ്ങളുംകടന്നു് ഈജിപ്തിലേക്കും അവിടെനിന്നു മടങ്ങിയും യാത്രചെയ്തിരുന്ന പുരാതന കാരവാൻ സംഘങ്ങൾക്കു് യാത്രയ്ക്കും താവളങ്ങൾക്കും ഏററം സൗകര്യപ്രദം. ബി. സി. 20, 19 നൂററാണ്ടുകളിൽ അവിടെ നല്ല ജനവാസമുണ്ടായിരുന്നതായി കാണുന്നു. ഉല്പത്തി 20—ാം അദ്ധ്യായത്തിൽ വർണ്ണിക്കപ്പെടുന്ന സാറായി — അബിമലേക്ക് കഥയിൽ അബിമലേക്കിൻെറ ആസ്ഥാനമായ ഗരാറും ആ പ്രദേശത്തുതന്നെ. പിൽക്കാലത്തു് ഈജിപ്തിൽ ഫറവോൻെറ അടിമത്തത്തിൽനിന്നും മോചനംനേടി പാലസ്റ്റൈനിലേക്കു പുറപ്പെട്ട ഇസ്രായേൽജനം കുറേക്കാലം അവിടെ വസിച്ചതായി കരുതപ്പെടുന്നു. സോളമൻ രാജാവിൻെറ കാലത്തു് അവിടെനിന്നു ചെമ്പും മററുലോഹങ്ങളും ധാരാളം ഖനനം ചെയ്യപ്പെട്ടതായും പറയുന്നുണ്ടു്.

കാനാൻദേശം: ബൈബിളിൽ പ്രസ്താവിക്കപ്പെടുന്ന സ്ഥലങ്ങളുടെ സ്ഥാനനിർണ്ണയം ചരിത്രപണ്ഡിതർക്ക് വളരെ ദുഷ്കരമാണ്. ജറൂസലേം, ബത്‌ലഹം മുതലായ ചില നഗരങ്ങളൊഴിച്ചാൽ മററനേകം സ്ഥലങ്ങൾ ഇനിയും കൃത്യമായി നിർണ്ണയിക്കപ്പെടാനുണ്ട്. പാലസ്റ്റൈനിലെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകളാൽ പണ്ടേക്കുപണ്ടേ തിരോധാനംചെയ്ത നഗരരാഷ്ട്രങ്ങളാണു പലതും. വെറും മൊട്ടക്കുന്നുകളായാണ് അവ ഇന്നും അവശേഷിക്കുക. അറബി ഭാഷയിലും ഹിബ്രു ഭാഷയിലും ''ടെൽ'' എന്നാണ് അവ അറിയപ്പെടുക.

അതിപ്രാചീനകാലംമുതൽക്കേ യോർദ്ദാൻ നദീതീരത്തെയും സമീപസ്ഥലങ്ങളിലെയും ഫലപുഷ്ടമായ ഭൂപ്രകൃതി പല നാടോടിവർഗ്ഗങ്ങളെയും സദാ ആകർഷിച്ചുകൊണ്ടിരുന്ന ഒന്നാണ്. തെക്ക് ഈജിപ്റ്റിനെയും വടക്കും കിഴക്കും അസീറിയയെയും മററും ബന്ധിക്കുന്ന പ്രധാനഗതാഗതമാർഗ്ഗം പാലസ്റ്റൈനിൽക്കൂടിയായിരുന്നു. ആ ദേശങ്ങൾക്കെല്ലാം യൂറോപ്യൻ ഭൂഖണ്ഡത്തിലേക്കുള്ള പ്രധാന ഫൊനീഷ്യൻതുറമുഖങ്ങളുടെ പാശ്ചാൽപ്രദേശവുമായിരുന്നു പാലസ്റ്റൈൻ. ആകയാൽ ഈജിപ്റ്റ്, ബാബിലോണ്യ, അസീറ്യ, ഗ്രീസ്, റോമ്മ മുതലായ പല സാമ്രാജ്യങ്ങളുടെയും ഒരു സംഘട്ടനരംഗവുമായിരുന്നു പാലസ്റ്റൈൻ. തന്നിമിത്തം പാലസ്റ്റൈൻ നഗരങ്ങൾക്കു സ്ഥിരമായി നിലനിൽക്കാൻ കഴിഞ്ഞില്ല. ഒരു ജനത അധിവാസമുറപ്പിച്ചു വളർന്നുവരുന്ന ഘട്ടത്തിലായിരിക്കും പകർച്ചവ്യാധിയാലോ, ക്ഷാമത്താലോ, യുദ്ധങ്ങളാലൊ, അവർക്ക് അവിടം വിടേണ്ടിവരിക. കല്ലും മണ്ണും കൊണ്ടുള്ള തറകളും, വെയിലിൽ ഉണക്കിയ മണ്ണിഷ്ടികഭിത്തികളും, ഞാങ്കണകൾ നിരത്തി മണ്ണുപൂശിയ മേൽക്കൂരകളും ഉള്ള വീടുകളിലാണ് അവർ വസിച്ചിരുന്നതു്. അവ ശൂന്യമായപ്പോൾ ഇടിഞ്ഞുവീണ കുന്നുകളായിക്കിടക്കും. വീണ്ടും അവിടെ ജനവാസമുണ്ടാവുക ആ കുമ്പലുകൾക്കു മുകളിലാണ്. ഈ പ്രക്രിയ തുടരെ ആവർത്തിക്കപ്പെട്ട രൂപംകൊണ്ടവയാണ് ടെല്ലുകൾ. പത്തും ഇരുപതും അധിവാസഘട്ടങ്ങൾ ചില ടെല്ലുകളിൽ കാണുന്നു. പല ഘട്ടങ്ങളിലും വ്യത്യസ്തമായ സാംസ്കാരികമുദ്രകളും സ്പഷ്ടമാണ്.

കാലക്രമേണ സ്ഥലനാമങ്ങൾ മാറിമാറി വന്നിട്ടുള്ളതിനാലും അറബികളുടെ ആധിപത്യത്തിനുശേഷം ഭാഷാപരമായ പ്രത്യേക

തകളാൽ പേരുകൾക്കു സാമ്യതയുള്ളതിനാലും മററും പല സ്ഥലങ്ങളും നിർണ്ണയിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടു്. ദീർഘവും ക്ഷമാപൂർണ്ണവും വ്യയഹേതുകവുമായ ഗവേഷണങ്ങളുടെ ഫലമായിട്ടാണു് പല പ്രാചീന നഗരങ്ങളുടെയും വിവരങ്ങൾ കുറെയൊക്കെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. തുടരെയുള്ള ഗവേഷണങ്ങൾ ആ പൂർവ്വചരിത്രത്തിലേക്കു കൂടുതൽ കൂടുതൽ വെളിച്ചം നല്കുമെന്നും ബൈബിൾ രേഖകളെ പൂർവ്വവൽ പ്രകാശിപ്പിക്കുമെന്നും കരുതാം. യാവെദൈവം അബ്രാഹത്തിനു വാഗ്ദാനംചെയ്തതും, അബ്രാഹത്തിന്റെ പിൻഗാമികളായ ഇസ്രായേൽ ജനത അധീനമാക്കിയതും. യേശുവിന്റെ രക്തപാതത്താൽ പരിപാവനമാക്കപ്പെട്ടതുമായ ആ പുണ്യഭൂമിയുടെ പുരാതന ചരിത്രത്തിലേക്കു് ഒരു വിഹഗവീക്ഷണം യുക്തമായിരിക്കും.

മെഡിററേനിയൻ കടലിന്റെ തെക്കുകിഴക്കേ തീരത്തു്, അറേബ്യൻ മണലാരണ്യത്തിനു വടക്കുപടിഞ്ഞാറു്, സിറിയ മുതൽ തെക്കോട്ടു ഈജിപ്തുവരെ ഏഷ്യാഭൂഖണ്ഡത്തെയും ആഫ്രിക്കാഭൂഖണ്ഡത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രദേശമാണു് പഴയ ഉടമ്പടിയിലെ കാനാൻദേശം — ഇന്നത്തെ പാലസ്റ്റൈൻ. ഭൂഗർഭശാസ്ത്രമനുസരിച്ചു് മെസോസോയിക്കു് (Mesozoic) യുഗം എന്നു പറയപ്പെടുന്ന അതിപ്രാചീനകാലത്തു പാലസ്റ്റൈൻ മദ്ധ്യധരണ്യാഴിയാൽ മൂടപ്പെട്ടിരുന്നു. അക്കാലത്തെ സമുദ്രധാതു നിക്ഷേപങ്ങൾ മദ്ധ്യപാലസ്റ്റൈനിൽ ഒരു മൈലോളം ഘനത്തിൽ അടിഞ്ഞുചേർന്നിട്ടുണ്ടു്. ഏകദേശം അഞ്ചുകോടി വർഷംമുമ്പു് ആരംഭിച്ച ടെർഷ്യറി (Tertiary, യുഗത്തിൽ പാലസ്റ്റൈൻ ക്രമേണ സമുദ്രനിരപ്പിൽനിന്നുയർന്നു് ഇപ്പോഴത്തെ അതിരുകളിൽ ഉറച്ചു. എന്നാൽ ഇന്നത്തെ യോർദ്ദാൻതടമോ ചാവുകടലോ അന്നുണ്ടായിരുന്നില്ല. വളരെ വ്യത്യസ്ഥമായിരുന്നു അതിന്റെ ഭൂപ്രകൃതി. ഏറെക്കുറെ രണ്ടുകോടി വർഷംമുമ്പു് ഭൂചലനങ്ങൾ നിമിത്തം യോർദ്ദാൻപ്രദേശങ്ങൾ കീഴോട്ടുതാഴുകയും അതിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഗിരിപ്രദേശങ്ങൾ ഉയൻനുവരികയും ചെയ്തു. പത്തുലക്ഷം വർഷത്തോളംമുമ്പു് ആരംഭിച്ച ഹിമയുഗത്തിലെ ശീതകാലങ്ങളിൽ യോർദ്ദാൻതടം മദ്ധ്യധരണ്യാഴിയോടു ചേൻനുകിടന്നതായും ഇടക്കാലങ്ങളിൽ ആ ബന്ധം വേർപെട്ടിരുന്നതായും കരുതാം. ഇന്നു സമുദ്രനിരപ്പിൽനിന്നു് 1300 അടിയോളം താണുകിടക്കുന്ന ചാവുകടലും അതിനു വടക്കോട്ടുള്ള താഴ്വരയും പിന്നീടു് തീർത്തും വിച്ഛേദിക്കപ്പെട്ടു് ഇന്നത്തെ രൂപം പ്രാപിച്ചതായും ആണു് പണ്ഡിതമതം,

മനുഷ്യവർഗ്ഗത്തിൻെറ ചരിത്രാതീതകാലം സംബന്ധിച്ച വളരെ വെളിച്ചം നൽകിയിട്ടുള്ള ഒരു പ്രദേശമാണ് പാലസ്റ്റൈൻ. ശീതോഷ്ണാവസ്ഥയനുസരിച്ച 10 ലക്ഷം വർഷംമുമ്പുമുതൽ ബി. സി. 12-ാം സഹസ്രാബ്ദം വരെയുള്ള ഹിമയുഗത്തിലെ വിവിധ ഘട്ടങ്ങളെ ആസ്പദമാക്കിയാണ ചരിത്രാതീതകാലത്തെ സാംസ്കാരിക ദശകൾ ഇന്നു നിർണ്ണയിക്കപ്പെടുന്നത്. ഹിമയുഗം പൊതുവെ നാലു ശീതകാലങ്ങളായും (Glacial) അവയ്ക്കിടെ മൂന്നു ഹിമാന്തര/ഉഷ്ണ-കാലങ്ങളായും (Inter Glacial) വിഭജിക്കപ്പെടുന്നു. ഈ ശീതകാലങ്ങളിൽ ഉത്തര അക്ഷാംശങ്ങൾ (ഉദാ: ആൽപ്പയിൻ പ്രദേശങ്ങൾ) കഠിനമായ ഹിമപാതത്താലും പാലസ്റ്റൈൻ അക്ഷാംശവും തെക്കോട്ടും ശക്തമായ വർഷപാതത്താലും മുഖരിതമായിരുന്നു. പൊതുവെ ഈ കാലഘട്ടങ്ങളാകെ സാംസ്കാരികമായി പ്രാചീന ശിലായുഗം എന്നു ചരിത്രത്തിൽ പറയപ്പെടുന്നു.

പാലസ്റ്റൈനിൽനിന്നു ലഭിച്ചിട്ടുള്ള ഏററവും പഴക്കമേറിയ ശിലായുധങ്ങൾ സുമാർ അഞ്ചരലക്ഷം വർഷംമുമ്പ് ആരംഭിച്ച ഒന്നാം ഹിമാന്തരകാലത്തേതാണെന്നു പുരാവസ്തു ഗവേഷകപണ്ഡിതർ അഭിപ്രായപ്പെടുന്നു. നദീതടങ്ങളിൽനിന്നും തുറസ്സായ മററു സ്ഥലങ്ങളിൽനിന്നുമാണ് അവ കണ്ടെടുക്കപ്പെട്ടിട്ടുള്ളത്. വായ്ത്തല പരന്ന കൈമഴുവുകളുടെ രൂപമാണ് അവയ്ക്കുള്ളത്. രണ്ടാം ശീതകാലത്തിൻെറ ആരംഭത്തോടുകൂടി മനുഷ്യവാസം ഗുഹാതലങ്ങളിലേക്കു മാറിത്തുടങ്ങിയതായും പിന്നീടു ഗുഹകളിൽ സ്ഥിരമാക്കപ്പെട്ടതായും അനുമാനിക്കപ്പെടുന്നു. പാലസ്റ്റൈനിലെ ഗുഹകളിൽനിന്നു ലഭിച്ചിട്ടുള്ള പ്രാചീന ശിലായുധങ്ങൾ 230000 മുതൽ 180000 വർഷം മുമ്പു വരെ നീണ്ടുനിന്ന മൂന്നാം ശീതകാലത്തുള്ളവയാണ്. അതേ കാലയളവിൽത്തന്നെ ജീവിച്ചിരുന്ന കാണ്ടാമൃഗം, നീർക്കുതിര മുതലായ ഭീകരജന്തുക്കളുടെ അസ്ഥിനിക്ഷേപങ്ങളും അവിടെനിന്നു ലഭിച്ചിട്ടുണ്ട്. ഈ ഭീകരജന്തുക്കളോടൊന്നിച്ച് കൽമഴുവുകൾകൊണ്ടു ജീവിതായോധനം ചെയ്ത പ്രാചീനമനുഷ്യരുടെ വർഗ്ഗവും രൂപവും എന്തായിരുന്നെന്ന് അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. 60000 മുതൽ 12000 വർഷം മുമ്പുവരെ നിലനിന്ന നാലാം ശീതകാലത്തിലെ അവശിഷ്ടങ്ങൾ കുറേക്കൂടി പരിഷ്കൃതമായ ആയുധങ്ങളാണ് നൽകിയിരിക്കുക. അററംകൂർത്ത മൂർച്ചയുള്ള ശിലായുധങ്ങളാണ് അവ,

ഗലീലിയൻ ഗുഹകളിൽനിന്നു കണ്ടെടുക്കപ്പെട്ടിട്ടുള്ള മനുഷ്യാസ്ഥിനിക്ഷേപങ്ങൾ മൂന്നാം ഹിമാന്തരകാലത്തെതാണെന്ന് ആദ്യം കരുതപ്പെട്ടിരുന്നെങ്കിലും അവ 50000/40000 വർഷംമാത്രം പഴക്കമുള്ളവയാണെന്ന് ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. 'കർമ്മൽ മനുഷ്യൻ' എന്നുപറയപ്പെടുന്ന ആ സമൂഹത്തിന്റെ ശരീരപ്രകൃതികൾ മനുഷ്യവർഗ്ഗത്തിന്റെ ഏക വംശോത്ഭവത്തിനു് (മൊണോഫൈലററിസം) തെളിവുകളായി പല നരവംശ ശാസ്ത്രജ്ഞരും പ്രകൃതി ശാസ്ത്രജ്ഞരും പരിഗണിക്കുന്നുണ്ടു്. ലെവാലെ-മൗസ്തേര്യൻ (1 evallioe Mousterian) എന്നു പറയപ്പെടുന്ന ഒരു സങ്കര സംസ്കാരമാണു് ആ കാലത്തേതു്. അതേത്തുടന്നു് 35000 മുതൽ 15000 വർഷം മുമ്പുവരെ നിലനിന്ന ആറിഗ്നേസ്യൻ ശിലാസംസ്കാരം (Aurignacian Flint Culture) എന്ന ഘട്ടത്തിന്റെ പ്രത്യേകതകളും പാലസ്റ്റൈനിൽ കാണാം. ആശ്ചര്യകരമായ ചിത്രരചനയാണു് ഈ സംസ്കാരത്തിന്റെ സവിശേഷതയായി യൂറോപ്യൻ ഗുഹാതലങ്ങളിൽ കാണുക. പക്ഷെ അതു പാലസ്റ്റൈനിൽ കാണാനില്ല. അന്നു പാലസ്റ്റൈൻസംസ്കാരം യൂറോപ്പിന്റേതിൽ നിന്നു വളരെ വ്യത്യസ്തവും മെച്ചവുമായിരുന്നിരിക്കാമെന്നു ചില പ്രമുഖ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ബി. സി. 12-ാംസഹസ്രാബ്ദം പാലസ്റ്റൈനിൽ നൂതന ശിലായുഗത്തിന്റെ ആരംഭം കുറിച്ചതായി കരുതാം. ബി. സി. 8-ാംസഹസ്രാബ്ദത്തിൽ നത്തുഫ്യൻ (Natufian) സംസ്കാരം എന്നു പറയപ്പെടുന്ന ഘട്ടത്തിലാണു് പാലസ്റ്റൈനിൽ നൂതനശിലായുഗം പൂർണ്ണവികാസം പ്രാപിച്ചുകാണുന്നതു്. അന്നത്തെ സാംസ്കാരികാവശിഷ്ടങ്ങൾ ചരിത്രഗവേഷകർ സമൃദ്ധമായി കണ്ടെടുത്തിട്ടുണ്ടു്. മനുഷ്യൻ കാർഷികവൃത്തിയിലേക്കും ഭവനനിർമ്മാണത്തിലേക്കും പ്രവേശിച്ച കാലഘട്ടമാണതു്. സെമിററിക്ക്-ഹാമിററിക്ക് വർഗ്ഗത്തിൽപെട്ട ഹ്രസ്വകായരായ (അഞ്ചടി പൊക്കം) ഒരു ജനതയാണു് അവിടെ വസിച്ചിരുന്നതായി കാണപ്പെടുന്നതു്. ഗാർഹികോപയോഗങ്ങൾക്കുള്ള മൺപാത്രങ്ങളുടെ നിർമ്മാണത്തിൽ മററുപ്രദേശങ്ങളേക്കാൾമുമ്പ് നൂതനശിലായുഗപാലസ്റ്റൈൻ പ്രവേശിച്ചതായി തെളിഞ്ഞിരിക്കുന്നു. അതിനുശേഷം പാലസ്റ്റൈൻ സംസ്കാരത്തിന്റെ നാഴികക്കല്ലുകളായിട്ടാണു് മൺപാത്രനിർമ്മാണം വഴികാട്ടുക. ബി. സി. 5-ാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ പാലസ്റ്റൈനിൽ വെങ്കലയുഗത്തിന്റെ (Calcolithic age) ആരംഭം

കാണുകയായി—പിന്നീടങ്ങോട്ട് സമീപപൂർവ്വദേശമാകെ ത്വരിത ഗതിയിലുള്ള സാംസ്കാരികമുന്നേററവും.

പ്രാചീന ജറിക്കോനഗരത്തെസംബന്ധിച്ച ഗവേഷണങ്ങൾ ബി. സി. 7800ലോ അതിനുമുമ്പുതന്നെയോ മതിലുകളാൽ ചുററപ്പെട്ട നഗരങ്ങൾ പാലസ്റ്റൈനിൽ ഉണ്ടായിരുന്നതായി തെളിയിച്ചിരിക്കുന്നു. ലോകചരിത്രത്തിലെ ഏററവും പ്രാചീന ഭവനങ്ങളുടെ അവശിഷ്ടങ്ങളും (ബി. സി. 8—ാംസഹസ്രാബ്ദത്തിലുള്ളവ) ജറിക്കോയിൽനിന്നു ലഭിച്ചിട്ടുണ്ട്. മണ്ണും ഇഷ്ടികയും കൊണ്ടുള്ള ഭിത്തികളാൽ അവ നിർമ്മിക്കപ്പെട്ടിരുന്നതായി കാണുന്നു. ആട്, പന്നി മുതലായവയുടെ പ്രതിമകൾ അവിടെ ഒരു ആരാധനാലയത്തിൻെറ അവശിഷ്ടമെന്നു കരുതപ്പെടുന്നിടത്തുനിന്നു ലഭിച്ചിട്ടുണ്ട്. പുരുഷലിംഗത്തിൻെറ പ്ലാസ്റ്റർ മാതൃകയിലുള്ള അവശിഷ്ടങ്ങളും ഉണ്ട്. ആ കാലത്തു് പുരുഷലിംഗാരാധന ഒരു മതാചാരമായി പാലസ്റ്റൈനിൽ പ്രചരിച്ചിരുന്നുവെന്നതിനു വേറെയും തെളിവുകളുണ്ട്.

ബി. സി. ആറാംസഹസ്രാബ്ദത്തിൽ പാലസ്റ്റൈനിൽ പല ഭാഗങ്ങളിലും സെമിററിക്ക് വർഗ്ഗത്തിൽപെട്ടവരും അല്ലാത്തവരുമായി രണ്ടു ജനവിഭാഗങ്ങൾ ജീവിച്ചിരുന്നതായി തെളിയുന്നു. ബി. സി. മൂന്നാം സഹസ്രാബ്ദത്തിൻെറ ആദ്യം തെക്കുനിന്നു കാനാന്യവർഗ്ഗക്കാരും പിന്നീടു വടക്കുനിന്നു് അമോര്യരും അവിടെ കുടിയേറിപാർത്തു. കാനാന്യരുടെ പല നഗരങ്ങളും അവിടെ വളരുകയായി. എന്നാൽ ബി. സി. 21—20 നൂററാണ്ടുകളിൽ പാലസ്റ്റൈനിലെ ജനസംഖ്യ കുറഞ്ഞുവന്നതായും പല നഗരങ്ങളും നശിപ്പിക്കപ്പെട്ടതായും തെളിയുന്നു. വടക്കുനിന്നും അമോര്യരുടെ ആക്രമണങ്ങൾനിമിത്തം കാനാന്യർ തെക്കോട്ടു നീങ്ങിപ്പോയതാകാം അതിനു കാരണം. അമോര്യർ ക്രമേണ കിഴക്കോട്ടും വ്യാപിച്ച് ബി. സി. 1830-ൽ ബാബിലോണ്യൻസാമ്രാജ്യം സ്ഥാപിച്ചു.

ബി. സി. 20 മുതൽ 18 വരെയുള്ള നൂററാണ്ടുകളിൽ ഈജിപ്തിലെ മദ്ധ്യസാമ്രാജ്യം **(The Middle Kingdom B. C. 2052-1778)** പ്രതാപത്തിലിരുന്ന കാലമാണ്. അക്കാലത്തു കാനാൻ ദേശത്തിൻെറ പല ഭാഗങ്ങളും ഈജിപ്തിനു് അധീനമായിരുന്നു. കിഴക്കു ബാബിലോണ്യയിൽനിന്നും മററുസമീപദേശങ്ങളിൽനിന്നുമെല്ലാം ഈജിപ്തുമായി ധാരാളം വാണിജ്യബന്ധങ്ങളും ഉണ്ടായിരുന്നു. ഈജിപ്തിൻെറ സുവർണ്ണകാലമെന്നാണ് ആ കാലഘട്ടം

പരിഗണിക്കപ്പെടുക. ബാബിലോണ്യയിലാകട്ടെ രാഷ്ട്രീയ കലാപങ്ങളാംനിറഞ്ഞ അവസരവുമായിരുന്നു. ഈ സമയത്തു പാലസ്റ്റൈനിലെ ജനവാസത്തിൻെറ വദ്ധനവുംമററും സംബന്ധിച്ച തെളിവുകളാം പാലസ്ററൈനിലേക്കു കൂടുതൽ കൂടുതൽ കുടിയേററങ്ങളാം നടന്നതായി സ്പഷ്ടമാകുന്നു. ഈ കാലത്താവണം അബ്രാഹവും കുടുംബാംഗങ്ങളും പാലസ്റ്റൈനിൽ പ്രവേശിച്ചതു്. ബി. സി. 17–ാംനൂററാണ്ടിൽ ഈജിപ്റ്റിലെ ആഭ്യന്തര കലാപങ്ങളും, വടക്കുനിന്നു് ഈജിപ്റ്റിൻെറ നേക്കുണ്ടായ ആക്രമണങ്ങളും, ഹിക്സോസുകളുടെ (Hyksos) ഈജിപ്ഷ്യൻ ഭരണവും, 16-ാംനൂററാണ്ടിൽ ഈജിപ്ഷ്യൻ സാമ്രാജ്യത്തിൻെറ (The New Kingdom) പുനസ്ഥാപനവുമെല്ലാം പാലസ്റ്റൈനിൽ സൈ്വര്യതയ്ക്കു് ഇടനല്കിയില്ല. ഈജിപ്റ്റിലും ബാബിലോണ്യയിലും മററു ചുററുപാടുമുള്ള സാമ്രാജ്യങ്ങളാം ഒരുമിച്ചു തകരുന്ന ഒരവസരത്തിലേ പാലസ്റ്റൈനിൽ ഒരു രാഷ്ട്രവും ഉറച്ച ഒരു ഭരണകൂടവും രൂപംപ്രാപിക്കാൻ സാദ്ധ്യമായിരുന്നുള്ളു. ബി. സി. 13 മുതൽ 11 വരെ നൂററാണ്ടുകളിൽ ഈജിപ്തും ബാബിലോണ്യയും ഒരുപോലെ തകർച്ചയിലേക്കുനീങ്ങി. ആ ചരിത്രദശയിലാണ് ഇസ്രായേൽജനം അവരുടെ പ്രതാപത്തിലേക്കുയൎന്നുവന്നതു്. അതും അല്പകാലത്തേക്കുമാത്രം. അതിനുശേഷം യേശുവിൻെറ കാലംവരെയുള്ള പാലസ്റ്റൈൻചരിത്രം ഇസ്രായേലിൻെറ ഭാഗ്യനിർഭാഗ്യങ്ങളോടു ഗാഢമായി ബന്ധപ്പെട്ടിരുന്നു. ഈജിപ്റ്റിനെയും, ബാബിലോണ്യയെയും, ഗ്രീസിനെയുംപോലെ സാമ്രാജ്യങ്ങളുടെയും ഭൗതിക പ്രതാപത്തിൻെറയും ഒരു കേന്ദ്രമായിത്തീരാൻ സഹായകമായ ഭൂപ്രകൃതിയും വിഭവങ്ങളും സ്ഥാനവും സാഹചര്യങ്ങളുമല്ല പാലസ്റ്റൈനു ലഭിച്ചതു്. പക്ഷെ അതിലേറെ അമൂല്യവും അനശ്വരവും വിശേഷാത്തരവുമായ ഒരു ദിവ്യദൗത്യത്തിൻെറ ഉറവിടമാവുക എന്നതായിരുന്നു പാലസ്റ്റൈനിൻെറ ഭാഗധേയം.

# 9. നീതിമാൻെറ സമ്പാദ്യം

ഉല്പ: 13 1-18

അബ്രാം ഭാര്യയോടും സ്വന്തമായ സകലത്തോടുംകൂടി ഈജിപ്തിൽനിന്നു നെഗേബിലേയ്ക്കു പോയി. ലോത്തും കൂടെയുണ്ടായിരുന്നു/ അബ്ഹാമിനു ധാരാളം കന്നുകാലികളും സ്വർണ്ണവും വെള്ളിയും ഉണ്ടായിരുന്നു / അവൻ നെഗേബിൽനിന്ന് ബഥേൽവരെയും, / ബഥേലിനും ഹായിക്കും ഇടയ്ക്കു മുമ്പു താൻ കൂടാരമടിച്ചതും ബലിപീഠം പണിതതുമായ സ്ഥലംവരെയും യാത്രചെയ്തു. അവിടെ അബ്രാം കർത്താവിൻെറ നാമം വിളിച്ചപേക്ഷിച്ചു / അവൻെറകൂടെ പുറപ്പെട്ട ലോത്തിനും ആട്ടിൻപററങ്ങളും കന്നുകാലിക്കൂട്ടങ്ങളും കൂടാരങ്ങളും ഉണ്ടായിരുന്നു / അവർക്ക് ഒന്നിച്ചു താമസിക്കാൻ ആ ദേശം മതിയായില്ല. കാരണം അവർക്കു വളരെയേറെ സമ്പത്ത് ഉണ്ടായിരുന്നു. ഒന്നിച്ചു പാർക്കുക വയ്യാതായി / അബ്രാമിൻെറയും ലോത്തിൻെറയും കന്നുകാലികളെ മേയ്ക്കുന്നവർ തമ്മിൽ കലഹമുണ്ടായി. അക്കാലത്ത് കാനാൻകാരും പെരീസ്യരും അന്നാട്ടിൽ പാർത്തിരുന്നു/

അബ്രാം ലോത്തിനോടു പറഞ്ഞു: നമ്മളും തമ്മിലും നമ്മുടെ ഇടയന്മാർതമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ് / ഇതാ! ദേശമെല്ലാം നിൻെറ കൺമുമ്പിലുണ്ടല്ലോ. എന്നെ പിരിഞ്ഞുപോവുക. ഇടത്തുഭാഗമാണ് നിനക്കുവേണ്ടതെങ്കിൽ ഞാൻ വലത്തേക്കു പൊയ്ക്കൊള്ളാം / വലത്തു ഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്കു പൊയ്ക്കൊള്ളാം / ജോർദ്ദാൻസമതലം മുഴുവൻ ജലപുഷ്ടിയുള്ള ഭൂമിയാണെന്നു ലോത്ത് കണ്ടു. അതു കർത്താവിൻെറ തോട്ടംപോലെയും സോവാറിനു നേരെയുള്ള ഈജിപ്തിലെ മണ്ണുപോലെയുമായിരുന്നു. കർത്താവു സോദോമും ഗൊമേറയും നശിപ്പിക്കുന്നതിനുമുമ്പുള്ള അവസ്ഥയായിരുന്നു അത്/ ലോത്ത് ജോർദ്ദാൻ സമതലം തിരഞ്ഞെടുത്തു. അവൻ കിഴക്കോട്ടു യാത്രതിരിച്ചു. അങ്ങനെ അവർ തമ്മിൽ പിരിഞ്ഞു / അബ്രാം കാനാൻദേശത്തു താമസമാക്കി. ലോത്ത് സമതലത്തിലെ നഗരങ്ങളിലും വസിച്ചു. അവൻ സോദോമിനടുത്തു കൂടാരമടിച്ചു / സോദോമിലെ ആളുകൾ ദുഷ്ടന്മാരും കർത്താവിൻെറ മുമ്പിൽ മഹാപാപികളുമായിരുന്നു /

അബ്രാം ലോത്തിൽനിന്നു വേർപെട്ടതിനുശേഷം കർത്താവ് അബ്രാമിനോടു പറഞ്ഞു: നീ തല ഉയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക / നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും/ ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും. പൂഴി ആർക്കെങ്കിലും എണ്ണിത്തീർക്കാമെങ്കിൽ നിന്റെ സന്തതികളെയും എണ്ണാനാവും / എഴുന്നേററ് ഈ ഭൂമിക്കു നെടുകെയും കുറുകെയും നടക്കുക. അതു നിനക്കു ഞാൻ തരും / അബ്റാം തന്റെ കൂടാരം മാററി ഹെബ്റോണിലുള്ള മാമ്രേയിലെ ഓക്കു മരങ്ങൾക്കു സമീപം താമസമാക്കി. അവിടെ അവൻ കർത്താവിനു് ഒരു ബലിപീഠം നിർമ്മിച്ചു.

* * * *

**വീണ്ടും ദർശനം:** അബ്റാഹം ഈജിപ്തിലേക്കു പോയ വഴിയെതന്നെ കാനാൻദേശത്തേക്കു മടങ്ങി. തന്റെ അധിവാസത്തിനു് ഏററവും അനുയോജ്യമായ സ്ഥലം അതുതന്നെയെന്നു് അത്രയുംകാലത്തെ സഞ്ചാരങ്ങളിൽനിന്നു ബോദ്ധ്യമായിരിക്കണം. അദ്ദേഹം ഹാരാനിൽനിന്നു കാനാൻദേശത്തേക്കു പ്രവേശിച്ചപ്പോൾ ബഥേലിന്റെയും ഹായിയുടെയും ഇടയ്ക്കു കൂടാരമടിച്ച ദിക്കിൽ യാവെയുടെ ദർശനം ലഭിച്ചതായും ബലിപീഠം ഉണ്ടാക്കി ദൈവാരാധനനടത്തിയതായും മുമ്പു നമ്മൾ കാണുകയുണ്ടായല്ലോ. ഇപ്പോൾ ഈജിപ്തിൽനിന്നു കാനാൻദേശത്തു തിരിച്ചെത്തുമ്പോഴും അതേ സ്ഥലത്തുതന്നെ ദൈവാരാധനയും യാവെയുടെ ദർശനാനുഗ്രഹങ്ങളും ആവർത്തിക്കുകയുണ്ടായി. എന്താണ് ഇതിന്റെ അർത്ഥം, ഇതെല്ലാം യഥാർത്ഥ ചരിത്രസംഭവങ്ങളാണോ?

ഭക്ഷ്യക്ഷാമവും ശത്രുഭീഷണിയുംമററും നിമിത്തം സദാ ക്ലേശസങ്കുലമായിരുന്ന നാടോടിജീവിതത്തിൽ അബ്റാഹത്തിനു മുഖ്യാവലംബമായിരുന്നതു് ദൈവപരിപാലനയിലുള്ള അചഞ്ചലമായ ആത്മസമർപ്പണമായിരുന്നു. അതു നാൾക്കുനാൾ പ്രഫുല്ലമായി വരും; തത്ഫലമായി സന്താനസമ്പത്സമൃദ്ധിയും വിശ്വാസികളുടെ പിതൃസ്ഥാനവും.

ചരിത്രദൃഷ്ട്യാ മററു ചില സ്വഭാവങ്ങളും ഈ ദർശനകഥയിൽ ഉന്നയിക്കപ്പെടുന്നുണ്ടാകാം. പിൽക്കാലത്തു് ഇസ്രായേലിനു്

ഏകദൈവവിശ്വാസംപോലെതന്നെ നിയമബദ്ധമായിരുന്ന ജറൂസലേമിലെ ഏകദേവാലയംഎന്നതും. എന്നാൽ അവരുടെ സാമ്രാജ്യം വിഭജിക്കപ്പെട്ടശേഷം വടക്ക് ഇസ്രായേലിൽ ഒന്നോ അതിലധികമോ ദേവാലയങ്ങളും ബലിവേദികളും ഉണ്ടാകയും ചെയ്തിരിക്കാം. അപ്രകാരമൊരു ദേവാലയത്തിൻെറയും ബലിപീഠത്തിൻെറയും ആസ്ഥിക്യം ന്യായീകരിക്കുന്നതിനുള്ള ശ്രമവും ഈ ദർശന കഥകളിൽ ഉണ്ടാവാം.

മണൽത്തരികളുടെ എണ്ണത്തെ കവരുന്നവിധം സന്തതിബാഹുല്യത്തിനുള്ള വാഗ്ദാനമോ? നാടോടിഗോത്രങ്ങളുടെ ഭദ്രതയ്ക്കും ശ്രേയസിനും അത്യന്താപേക്ഷിതമായിരുന്ന മാനുഷിക ശക്തിയും സംഖ്യാബലവും. പുരാതന സാമ്രാജ്യങ്ങൾക്കും അപ്രകാരംതന്നെ. അതിനുള്ള ഉൽക്കടമായ അഭിവാഞ്ഛയും പിൽക്കാലശ്രേയസ്സും ഇവിടെ ന്യായീകരിക്കപ്പെടുന്നുണ്ടാകും.

നീതിയുടെ നേട്ടം: അബ്രാഹത്തിൻെറ സ്വഭാവമേന്മയും തത്ഫലമായ സൗഭാഗ്യാവസ്ഥയും പ്രകീർത്തിക്കുന്ന ഒരു മാതൃകാസംഭവമായിവേണം ഭ്രാതൃപുത്രനായ ലോത്തിൻെറ വേർപാട് കണക്കാക്കുവാൻ. കിടയററ നീതിബോധവും നിസ്വാർത്ഥതയുമാണ് അതു പ്രദ്യോതിപ്പിക്കുക. ക്ലേശം നിറഞ്ഞ നാടോടിജീവിതത്തിൽ സന്തതസഹചാരിയായിരുന്ന ആ സോദരപുത്രനെ അബ്രഹാം എത്രയോ സ്നേഹിച്ചിരുന്നു! പക്ഷെ തങ്ങളുടെ കാലിപ്പററങ്ങൾ പെരുകി മേച്ചിൽസ്ഥലം മതിയാകാതെ വരികയും ഇടയന്മാർ തമ്മിൽ ശണ്ഠകൾ ഉണ്ടാകയും ചെയ്തപ്പോൾ ആ സ്നേഹസമ്പന്നൻ എത്ര ദുഃഖിക്കുകയും ചെയ്തിരിക്കും! അതുല്യമായ ഹൃദയവിശാലതയോടും നിസ്വാർത്ഥതയോടുംകൂടിയാണ് അദ്ദേഹം ലോത്തുമായി ദേശം പങ്കിടുക. സ്വന്ത ജീവിതശ്രേയസ്സിന് ഏററവും ഫലസമ്പന്നമായ ദേശവും മേച്ചിൽസ്ഥലങ്ങളും തെരഞ്ഞെടുത്തുകൊള്ളാൻ ലോത്തിനെ പ്രേരിപ്പിക്കുകകൂടിയല്ലേ? ലോത്തു് അപ്രകാരംതന്നെ ചെയ്തു. പക്ഷെ ഇരുവരുടെയും അന്ത്യം എന്തായിരുന്നു? ത്യാഗമോ സ്വാർത്ഥതയോ അന്ത്യമായി വിജയിക്കുക? അബ്രാഹം സംതൃപ്തിയിലും സൗഭാഗ്യത്തിലും നിർവൃതി നേടുമ്പോൾ ലോത്തു് ശത്രുപീഢനത്തിലും പ്രകൃതിക്ഷോഭത്തിലും നിന്നു പലായനംചെയ്തു സ്വപുത്രന്മാരിൽ ഒരുവനാൽ നിന്ദിതനായി ദുഃഖിച്ചു മരണമടയുന്നതിൻെറ ഗുണപാഠവും മറെറന്തല്ല?

**സൗഭാഗ്യകേന്ദ്രം:** ഹായിയുടെയും ബഥേലിന്റെയും ഇടയ്ക്കുള്ള പ്രദേശത്തുവച്ചാണല്ലോ അബ്രാഹമും ലോത്തും വേർപെട്ടത്. ജറൂസലത്തുനിന്ന് പത്തുമൈലോളം വടക്ക് എൽ–ടെൽ (Ell-Tell) എന്നറിയപ്പെടുന്ന സ്ഥലമാണ് ഹായി. ഈ രണ്ടു പേരുകളുടെയും വാച്യാർത്ഥം അവശിഷ്ടം എന്നാകുന്നു. ഹായിക്കു രണ്ടു മൈൽ പടിഞ്ഞാറുഭാഗത്താണ് ബഥേൽ.

ജോഷ്വയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം പിടിച്ചടക്കിയ രണ്ടാമത്തെ നഗരമായാണ് ഹായി ജോഷ്വയുടെ ജീവിതകഥയിൽ സ്ഥാനം പിടിച്ചിരിക്കുക. പക്ഷെ അബ്രാഹത്തിനു വളരെമുമ്പേ ജനശൂന്യമായ ഒരു നഗരമായിരുന്നു അതെന്നും, ബി. സി. 3000 മുതൽ 2400 വരെയും പിന്നീട് ബി.സി. 1000നുശേഷവുമേ അവിടെ ജനവാസമുണ്ടായിരുന്നുള്ളെന്നും ചരിത്രഗവേഷണങ്ങൾ തെളിയിക്കുന്നു. ജോഷ്വയുടെ ആക്രമണകഥ യഥാർത്ഥത്തിൽ ബഥേലിന്റനേക്കണ്ടായ ആക്രമണത്തെ സംബന്ധിച്ചായിരിക്കാമെന്നു പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു.

ലോത്തിന്റെ വേർപാടിനുശേഷം അബ്രാഹം ചുററുപാടും സഞ്ചരിച്ച് വാസമുറപ്പിച്ച മാമ്രെയുടെ തോപ്പും ഹെബ്രോൺ നഗരവും ഇന്നത്തെ ഹെബ്രോണും പരിസരങ്ങളും തന്നെയെന്ന് അനുമാനിക്കപ്പെടുന്നു. ജറൂസലത്തിനു് ഇരുപതുമൈലോളം തെക്കുമാറിയാണ് അതു സ്ഥിതിചെയ്യുന്നതു്. അറബിഭാഷയിൽ എൽ-കലീൽ (El-Kalil) എന്നാണ് അതിന്റെ പേര്—വാച്യാർത്ഥം 'ആ സ്നേഹിതൻ'—ദൈവത്തിന്റെ സ്നേഹിതൻ എന്നു് ക്രൈസ്തവരും യഹൂദരും കരുതിവരുന്ന അബ്രാഹത്തിന്റെ സ്മരണയെ അതു നിലനിർത്തുന്നു. അവിടെ 'ഹാരാം എൽ കലീൽ' എന്ന പേരുള്ള ബ്രഹ്മാണ്ഡമായ ഒരു മുസ്ലിംദേവാലയത്തിന്റെ പരിധിക്കുള്ളിലാണ് അബ്രാഹത്തിന്റെ ശവകുടീരമെന്നും വിശ്വസിക്കപ്പെടുന്നു. അവിടെനിന്നു രണ്ടു മൈൽ വടക്ക് ''രമേത്ത് എൽകലീൽ''—ആ സ്നേഹിതന്റെ കുന്ന്—എന്ന പേരോടുകൂടി ഒരു ക്രൈസ്തവദേവാലയത്തിന്റെ അവശിഷ്ടങ്ങളുണ്ട്. അബ്രാഹം വാസമുറപ്പിച്ച മാമ്രെയുടെ തോപ്പ് അവിടായിരുന്നെന്നുമത്രെ അനുമാനിക്കപ്പെടുക.

# 10. രക്ഷയുടെ മുന്നോടികൾ

ഉല്പ; 14.1-24

ഷീനാറിലെ രാജാവായ അംറാഫേൽ, എല്ലാസറിലെ രാജാവായ അരിയോക്ക്, ഏലാമിലെ രാജാവായ കെദോർലാവോമർ, ഗോയീമിലെ രാജാവായ തീദാൽ എന്നിവർ/ തങ്ങളുടെഭരണകാലത്തു് സോദോമിലെ രാജാവായ ബേര, ഗൊമോറയിലെ രാജാവായ ബിർഷ, അദ്മായിലെ രാജാവായ ഷീനാബ്, സെബോയിമിലെ രാജാവായ ഷെമെബർ, ബേലയിലെ—അതായതു് സോവറിലെ—രാജാവു് എന്നിവരോട്ട യുദ്ധംചെയ്തു / ഇവർ സിദ്ദിം താഴ്വരയിൽ അണിനിരന്നു. അതു് ഇപ്പോരം ഉപ്പുകടലാണു് / ഇവർ പന്ത്രണ്ടു വർഷം കെദോർലാവോമറിന്നു കീഴടങ്ങിക്കഴിയുകയായിരുന്നു. എന്നാൽ പതിമൂന്നാംവർഷം അവർ അവനെതിരെ പ്രക്ഷോഭംകൂട്ടി/ പതിനാലാംവർഷം കെദോർലാവോമറും കൂടെയുണ്ടായിരുന്ന രാജാക്കന്മാരുംചേന്നു് അഷ്തരോത്ത് കർണ്ണായിമിലെ റഫായിമുകളെയും, ഹാമിലെ സൂസിമുകളെയും, ഷാവെകിരിയാത്തായിമിലെ എമീമുകളെയും, സേയിർമലകളിലെ ഹോര്യരെയും അടിച്ചമർത്തി. അവർ മരുഭൂമിയുടെ അതിർത്തിയിലുള്ള ഏൽപാരാൻവരെ എത്തി / അവർ പിന്തിരിഞ്ഞു് എൻമിഷ്പാത്തിൽ — അതായതു് കാദേഷിൽ—ചെന്നു് അമലേക്യരുടെ നാട്ട കീഴടക്കി. ഹസസോൻതാമാറിൽ പാർത്തിരുന്ന അമോര്യരെയുംതോല്പിച്ചു / അപ്പോരം സോദോം, ഗൊമേറ, അദ്മാ, സെബോയിം, ബേല—അതായതു് സോവാർ—എന്നിവിടങ്ങളിലെ രാജാക്കന്മാർ സിദ്ദിം താഴ്വരയിൽ ഏലാം രാജാവായ കെദോർലവോമർ, ഗോയീം രാജാവായ തീദാൽ, ഷീനാർ രാജാവായ അംറാഫേൽ, എല്ലാസർ രാജാവായ അരിയോക്ക് എന്നിവർക്കെതിരെ യുദ്ധത്തിനായി അണിനിരന്നു — നാലു രാജാക്കന്മാർ അഞ്ചു രാജാക്കന്മാർക്കെതിരെ / സിദ്ദിം താഴ്വര നിറയെ ചെളി(കീൽ)ക്കണ്ടുകളായിരുന്നു. സോദോമിലെയും ഗൊമേറയിലെയും രാജാക്കന്മാർ പിന്തിരിഞ്ഞോടിയപ്പോരം ഈ കുഴികളിൽവീണു. ശേഷിച്ചവർ മലയിലേക്കു് ഓടിപ്പോയി / സോദോമിലെയും ഗൊമേറയിലെയും സർവ്വസമ്പത്തും ഭക്ഷണസാധനങ്ങളും കവന്നുകൊണ്ടു് ശത്രുക്കരം സ്ഥലംവിട്ടു / സോദോമിൽ പാർത്തിരുന്ന അബ്രാമിൻെറ സഹോദരപുത്രനായ ലോത്തിനെയും അവൻെറ സ്വത്തുക്കളോടൊപ്പം അവർ പിടിച്ചുകൊണ്ടുപോയി /

രക്ഷപെട്ട ഒരുവൻവന്നു് എബ്രായനായ അബ്രാമിനെ വിവരമറിയിച്ചു. താനുമായി സഖ്യത്തിലായിരുന്ന എഷ്ക്കോലിൻെറയും ആനെറിൻെറയും സഹോദരനായ മാമ്രേ എന്ന അമോര്യൻെറ ഓക്കുമരത്തോപ്പിനടുത്താണു് അബ്രാം താമസിച്ചിരുന്നതു് / സഹോദരൻ തടവുകാരനാക്കപ്പെട്ടു എന്നുകേട്ടപ്പോഠം തൻെറ വീട്ടിൽത്തന്നെ ജനിച്ചുവളർന്നവരും പയററിത്തെളിഞ്ഞവരുമായ മുന്നൂററിപ്പതിനെട്ടുപേരോടൊപ്പം അബ്രാം ദാൻവരെ അവരെ പിന്തുടർന്നു / രാത്രി അവൻ തൻെറ ആളുകളെ പല ഗണങ്ങളായി തിരിച്ചു് ശത്രുക്കളെ ആക്രമിച്ചുതോല്പിച്ചു ദമാസ്ക്കസിനു വടക്കുള്ള ഹോബാവരെ ഓടിച്ചു / അവൻ സമ്പത്തൊക്കെയും വീണ്ടെടുത്തു. സഹോദരനായ ലോത്തിനെയും അവൻെറ വസ്തുവകകളെയും സ്ത്രീകളെയും ജനങ്ങളെയും തിരികെ കൊണ്ടുവന്നു /

കെദോർലാവോമറെയും കൂടെയുണ്ടായിരുന്ന രാജാക്കന്മാരെയും തോല്പിച്ചു മടങ്ങിവന്ന അബ്രാമിനെ എതിരേൽക്കാൻ സോദോമിലെ രാജാവു്, രാജാവിൻെറ താഴ്വര എന്നറിയപ്പെടുന്ന ഷാവെ താഴ്വരയിലേക്കുചെന്നു / ഷാലേമിലെ രാജാവായ മെൽക്കിസദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു. അത്യുന്നതനായ ദൈവത്തിൻെറ പുരോഹിതനായിരുന്നു അവൻ / അവൻ അബ്രാമിനെ ആശീർവദിച്ചുകൊണ്ടു പറഞ്ഞു: ആകാശത്തിൻെറയും ഭൂമിയുടെയും നാഥനായ അത്യുന്നതദൈവത്തിൻെറ കൃപാകടാക്ഷം നിൻെറ മേലുണ്ടാകട്ടെ! / ശത്രുക്കളെ നിൻെറ കയ്യിലേൽപ്പിച്ച അത്യുന്നത ദൈവം അനുഗ്രഹീതൻ. അബ്രാം എല്ലാററിൻെറയും ദശാംശം അവനു കൊടുത്തു / സോദോമിലെ രാജാവു് അബ്രാമിനോടു പറഞ്ഞു: ആളുകളെ എനിക്കുവിട്ടുതരിക, സമ്പത്തെല്ലാം നീ എടുത്തു കൊള്ളുക / അബ്രാം സോദോമിലെ രാജാവിനോടു പറഞ്ഞു: ഞാൻ കർത്താവിൻെറമുമ്പിൽ, ആകാശത്തിൻെറയും ഭൂമിയുടെയും സ്രഷ്ടാവായ അത്യുന്നതദൈവത്തിൻെറമുമ്പിൽ ശപഥംചെയ്യുന്നു:/ നിങ്ങളുടേതായ ഒരു ചരടോ ചെരുപ്പിൻെറ വാറോ ഒന്നുംതന്നെ ഞാൻ എടുക്കുകയില്ല. ഞാൻ അബ്രാമിനെ സമ്പന്നനാക്കി എന്നു നിങ്ങഠം പറയരുതല്ലോ / യുവാക്കഠം ഭക്ഷിച്ചതും എൻെറകൂടെ വന്നവരുടെ പങ്കും മാത്രമേ എനിക്കു വേണ്ടു. ആനെറും എഷ്ക്കോലും മാമ്രേയും തങ്ങളുടെ പങ്കു് എടുത്തുകൊള്ളട്ടെ.

* * *

**കലാപശ്ചാത്തലം:** ബാബിലോണ്യൻ സമതലത്തിന്റെ വടക്കുകിഴക്കു ഭാഗത്തു ടൈഗ്രിസ് നദിയുടെ കരയിൽ സാഗോർ പർവ്വതങ്ങളുടെ സമീപമുള്ള ഒരു പ്രദേശമായിരുന്നു ഏലാം. ഇടയ്ക്കിടെ പ്രബലരായ ചില തദ്ദേശ നാടുവാഴികൾ അതിന്റെ ആധിപത്യം നേടിയിരുന്നു. ബി. സി. 20-ാം നൂററാണ്ടിൽ ഊരിലെ മൂന്നാം രാജവംശത്തിന്റെ തകർച്ചയോടുകൂടി ബാബിലോണ്യയിലെ വിവിധ നഗരരാഷ്ട്രങ്ങൾ തമ്മിലുണ്ടായ മത്സരങ്ങൾക്കിടയിൽ ഏലാം ശക്തിപ്രാപിച്ചു പല നഗരങ്ങളെ അധീനമാക്കി. പടിഞ്ഞാറു കാനാൻദേശം ഈജിപ്തിന് അധീനമായിരുന്നതിനാൽ അവിടത്തെ സാമന്തനഗരാധിപന്മാർ പ്രായേണ ദുർബ്ബലരായിരുന്നു, പക്ഷെ വളരെ ധനികരും. അതു് ഏലാം ദേശാധിപന്മാരെ അത്യധികം ആകർഷിച്ചിരിക്കണം. എങ്കിലും ഈജിപ്തിന്റെ സൈന്യശക്തിയെ കവർന്നു് കാനാൻദേശം ദീർഘകാലം അധീനമാക്കി വയ്ക്കാൻ തക്ക ബലം ഏലാമിനുണ്ടായിരുന്നില്ല. ചില മിന്നലാക്രമണങ്ങളാൽ ഏതാനും പ്രദേശങ്ങൾ കൊള്ളയടിക്കാനും കുറച്ചുകാലത്തേക്കു കൈയ്യടക്കാനും കഴിയുകയും ചെയ്തിരിക്കാം. അപ്രകാരമൊരു മിന്നൽകൊള്ളയുടെയും പ്രത്യാക്രമണത്തിന്റെയും പശ്ചാത്തലത്തിൽ അബ്രാഹത്തിനെ ഒരു വീരപുരുഷനായി ആവിഷ്ക്കരിച്ചിരിക്കയാണു് എബ്രായവക്താക്കൾ.

**കഥാമൂലം:** പഞ്ചഗ്രന്ഥയിൽ പ്രധാനമായി കാണുന്ന നാലു വിവരണധാരകളിൽ ഒന്നിലുംപെടാത്ത ഒരു മൂലകത്തിൽനിന്നാണു് ഈ സംഭവവർണ്ണനയെന്നു ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഏലാം സൈന്യത്തിന്റെ യാത്രാവിവരണവും, വ്യക്തികളുടെയും സ്ഥലങ്ങളുടെയും പേരുകളുംമററും എബ്രായരുടേതല്ലാത്ത രൂപഭാവങ്ങളാണു് ദ്യോതിപ്പിക്കുക. സംഭവകഥാമൂലം ജറൂസലേമിലെ പ്രാചീന രേഖാശേഖരത്തിൽനിന്നെടുത്തിട്ടുള്ളതും മോശയുടെ കഥകളിലേക്കു പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതുമാണെന്നു പരിഗണിക്കപ്പെടുന്നു.

**പഞ്ചനഗരങ്ങൾ:** ചാവുകടലിന്റെ തെക്കേ അററത്തുള്ള എൽലിസാൻ ഉപദ്വീപിന്റെ തെക്കുഭാഗം പുരാതനകാലത്തു ജനവാസമുള്ള ഒരു സമതലമായിരുന്നെന്നു ചരിത്രപക്ഷമുണ്ടു്. സോദോം, ഗൊമോറ, ആദ്മാ, സെബോയിം, സെഗോർ എന്ന അഞ്ചു നഗരങ്ങളുടെ ആസ്ഥാനം അവിടെ ആയിരുന്നു. പ്രകൃതിക്ഷോഭത്താൽ

ആ നഗരങ്ങഠം നശിച്ച ഭൂമി താണു ചാവുകടൽ കയ്യേറി എന്നാണ് അനുമാനം. ആ നാശത്തോടു ബന്ധപ്പെടുത്തി ലോത്തിൻെറ ജീവിതത്തിൽ രസകരമായ മറെറാരു കഥയു. പിന്നാലെ നമുക്കു കാണാം.

**മോചനകത്താക്കൾ:** എബ്ʼറായവക്താക്കഠം തങ്ങളുടെ പൂർവ്വപിതാവിൻെറ സ്വഭാവമേന്മയും യോഗ്യതകളും പ്രകീർത്തിക്കുന്ന ഒരു സംഭവമായിട്ടാവാം ഏലാംദേശാധിപനോടും അനുചരന്മാരോടു മുള്ള അബ്ʼറാഹത്തിൻെറ പോരാട്ടം ഉന്നയിച്ചിരിക്കുക. ഊരിൽ ഏലാമിൻെറ ആക്രമണം നിമിത്തമാണ് അബ്ʼറാഹവും ഗോത്രവും കാനാൻദേശത്തേക്കു കുടിയേറിയതു് എന്നതു് ഒരു ചരിത്രവസ്തുതയാണെങ്കിൽ ഈ പോരാട്ടകഥയ്ക്കു നല്ല പ്രസക്തിയും ഉണ്ടു്.

അബ്ʼറാഹം ഒരു സൈന്യാധിപനോ യുദ്ധവീരനോ എന്ന നിലയിൽ മററു യാതൊരു ചിത്രീകരണവും ബൈബിളിൽ ഇല്ല. ഈജിപ്തിലെ ആഠംമാറാട്ടക്കഥ സത്യമെങ്കിൽ അല്പം ഭീരുത്വംകൂടി അദ്ദേഹത്തിൽ ആരോപിക്കാം. പക്ഷെ കാനാൻദേശത്തു വാസമാക്കിയശേഷമുണ്ടായ ശ്രേയസ്സും പരിസരവാസികളുമായുള്ള മൈത്രിയും ലോത്തിൻെറ ആപൽസന്ധിയിൽ അദ്ദേഹത്തെ പ്രബുദ്ധനും കർമ്മധീരനും ആക്കിയിട്ടുണ്ടാകും. സിദ്ദിം താഴ്ʼവരയിലെ ഏററു മുട്ടലും ദീർഘയാത്രയുംമററും നിമിത്തം ക്ഷീണിതമായിരുന്ന ശത്രു സംഘത്തെ അപ്രതീക്ഷിതമായി രാത്രിയിൽ ആക്രമിച്ചു പരക്കം പായിക്കാനും ലോത്തിനെയു.മററും വീണ്ടെടുക്കാനും അബ്ʼറാഹത്തിനും അനുചരന്മാക്കും പ്രയാസം വന്നിരിക്കയുമില്ല. അബ്ʼറാഹത്തിൻെറ ജീവിതത്തിൽ ഒററപ്പെട്ടുകാണുന്ന ഈ പോരാട്ടവും ബന്ധുമോചനവും പിശാചിൻെറ ദാസ്യത്തിൽനിന്നു നരകുലത്തിനു മോചനം നൽകിയ യേശുവിൻെറ ജീവിതപ്രതീകമായി ചില ദൈവ ശാസ്ത്രജ്ഞന്മാർ വ്യാഖ്യാനിച്ചിട്ടുണ്ടു്.

എന്നാൽ ക്രൈസ്തവ ദൈവശാസ്ത്രത്തിലും ബൈബിഠംഭാഷ്യത്തിലും ഇതിലേറെ പ്രാധാന്യം നേടിയിട്ടുള്ളതു ശാവെ താഴ്ʼവരയിൽ അബ്ʼറാഹത്തെ സ്വീകരിച്ച മെൽക്കിസദക്കിൻെറ ഭാവാവിഷ്ക്കരണമാണ്. രാജാക്കന്മാരുടെ താഴ്ʼവരയെന്നു പറയപ്പെടുന്ന ശാവെ താഴ്ʼവര ജറൂസലമിൻെറ പരിസരത്തായിരുന്നെന്നു ചരിത്രകാരനായ ജോസഫൂസ് രേഖപ്പെടുത്തിയിട്ടുണ്ടു്. പിൽക്കാലത്തു് ഇസ്രായേൽ ജനതയുടെ വിശുദ്ധ കേന്ദ്രമായിത്തീർന്ന ജറൂസലം തന്നെയാണു ശാലേം. അബ്ʼറാഹത്തിൻെറകാലത്തു് അതു പ്രബല

മായ ഒരു കാനാന്യനഗരമായിരുന്നു. അവിടത്തെ മഹാ പുരോഹിതനും രാജാവുമായിരുന്നു മെൽക്കിസദക്ക്. ഇസ്രായേൽ വക്താക്കൾക്ക് കാനാന്യമതാചാരങ്ങളോടുണ്ടായിരുന്ന വെറുപ്പും എതൃപ്പും പരിഗണിക്കുമ്പോൾ അവരുടെ പൂർവ്വപിതാവ് ആ കാനാന്യപുരോഹിതൻെറ അനുഗ്രഹങ്ങൾ സ്വീകരിക്കയും അദ്ദേഹത്തിനു ദശാംശം നൽകയുംചെയ്ത വസ്തുത പ്രഥമദൃഷ്ടിയിൽ ഒരു വിരോധാഭാസമായി തോന്നാം. പക്ഷെ പഴയ ഉടമ്പടിയിൽ മെൽക്കിസദക്കിനെ സംബന്ധിച്ചുള്ള മററ് ഒരേയൊരു സൂചനയുമായി ഈ സംഭവം ബന്ധപ്പെടുത്തിനോക്കിയാൽ ഇതിന് ഉത്തുംഗമായ മറെറാരുഭാവം ദർശിക്കാം. ദാവീദിൻെറ സങ്കീർത്തനത്തിൽ (110.4) പൗരോഹിത്യത്തെ സംബന്ധിച്ച ആവിഷ്ക്കരണത്തിലാണ് പ്രസ്തുത സൂചന. ആ സങ്കീർത്തനഭാഗം ദാവീദും അദ്ദേഹത്തിൻെറ പുരോഹിതനായ സാദോക്കും തമ്മിലുള്ള ഒരു പ്രവാദമായി വ്യാഖ്യാനിക്കപ്പെടുന്നു. മെൽക്കിസദക്കിനെസംബന്ധിച്ച് അവിടെയുള്ള സൂചന ജറൂസലം പൗരോഹിത്യത്തിൻെറ പൗരാണികതയ്ക്കും പരിശുദ്ധിക്കും ദാവീദു നൽകിയ അംഗീകാരമായും അന്വയിക്കപ്പെടുന്നു. അതിനോടു ബന്ധപ്പെടുത്തിയാൽ അബ്റാഹവും മെൽക്കിസദക്കും തമ്മിലുള്ള സമ്മേളനം സമുചിതമായികാണാം. അബ്റാഹം ശത്രുക്കളെ പരാജയപ്പെടുത്തി സ്വജനങ്ങളെ വീണ്ടെടുത്തു ജറൂസലമിനു സമിപമെത്തുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ ജറൂസലമിലെ രാജപുരോഹിതൻെറ ആഗമനം ഇരുവർക്കും, പിൻഗാമികൾക്കും ബഹുമാനദായകമല്ലേ? ഇസ്രായേലിൻെറ ആരാധനാകേന്ദ്രത്തോടു തങ്ങളുടെ ഗോത്രപിതാവിനുണ്ടായിരുന്ന വേഴ്ച ജറൂസലം പൗരോഹിത്യത്തിൻെറ ഔന്നത്യസ്ഥാപനാർത്ഥമാണു കഥയിൽ ഉന്നയിക്കപ്പെട്ടിരിക്കുക. മെൽക്കിസദക്കിൻെറ 'അത്യുന്നതനായ ദൈവം' (El Elion) അബ്റാഹത്തിൻെറയും ദൈവംതന്നെ. മററു കാനാന്യദൈവങ്ങളോടൊന്നും ബന്ധമില്ലാത്ത അത്യുന്നതനായ ഏക ദൈവത്തെയാണ് ഇരുവരും ആരാധിക്കുക. അവിടന്നു തൻെറ തിരുനാമം 'യാവെ' എന്നു വെളിപ്പെടുത്തിയതു മോശയ്ക്കായിരുന്നു എന്നുവച്ചാൽതന്നെയും അദ്ദേഹത്തോടൊപ്പം അബ്രാഹത്തിൻെറയും മററു ഗോത്രപിതാക്കളുടെയും ദൈവമാണെന്നും വെളിപ്പെടുത്തുകയുണ്ടായല്ലോ. ആ സത്യദൈവത്തെയാണ് ജറൂസലം പുരോഹിതന്മാർ പ്രാചീനകാലംമുതൽക്കേ ആരാധിച്ചിരുന്നതെന്നു സ്ഥാപിക്കാനുള്ള പ്രവണതയും ഇവിടെ ഉണ്ട്.

പുതിയ ഉടമ്പടിയിൽ വി. പൗലോസ് യേശുവിനെ മെൽക്കിസദക്കിനോടു സാമ്യപ്പെടുത്തിയിട്ടുണ്ട് (എബ്രാ. 5.10). വ്യാമിശ്രമായ പല ഭാവങ്ങളും പൗലോസിൻെറ ചിത്രീകരണത്തിൽ കാണാം. അതിൽ കാതലായ ഒന്നു്, രാജാവും പുരോഹിതനുമായ മെൽക്കിസദക്കിനെപ്പോലെ യേശുവും അനന്തമായ രാജത്വവും പൗരോഹിത്യവും തന്നിൽ ഉൾക്കൊണ്ടു എന്നതാണ്. മററൊന്നു്: പഴയ ഉടമ്പടിയിൽ ഗോത്രബന്ധങ്ങളോ മുൻപാരമ്പര്യമോ കൂടാതെ പെട്ടെന്നു പ്രത്യക്ഷനാവുകയും മറയുകയും ചെയ്യുന്ന മഹാപുരോഹിതനാണു് മെൽക്കിസദക്ക്. ഇസ്രയേലിൻെറ പൗരോഹിത്യം അഹറോനിൽനിന്നു പിന്തുടർച്ചയായി ലഭിച്ചതും കേവലം മനുഷ്യസ്ഥാപിതവുമാണു്. ആ മാനുഷിക പാരമ്പര്യങ്ങൾക്കു് അതീതവും ചരിത്രത്തിൻെറയും കാലത്തിൻെറയും പരിധികളിൽ ഒതുങ്ങിനിൽക്കാത്തതുമായ യേശുവിൻെറ നിത്യപൗരോഹിത്യത്തിൻെറ പ്രതീകവും മുന്നോടിയുമാണ് മെൽക്കിസദക്ക്.

ക്രൈസ്തവപൂജകളുടെ റോമ്മൻ കാനോനയിലും മെൽക്കിസദക്കിനു പ്രകടമായ അംഗീകാരം നൽകിയിട്ടുണ്ടു്. പക്ഷെ അതിനു വഴിതെളിച്ചതു ആദിമസഭാപിതാക്കളായ വി. സിപ്രിയനും ക്ലമൻറും (അലക്സാൺട്രിയ) ആണു്. മെൽക്കിസദക്ക് കഥയിലെ അപ്പവും വീഞ്ഞും യേശുവിൻെറ പെസഹാബലിവസ്തുക്കളോടു് അവർ സാമ്യപ്പെടുത്തി-മെൽക്കിസദക്ക് അവകൊണ്ടു ബലിയർപ്പിച്ചതായി മൂലസംഭവവിവരണത്തിൽ ഇല്ലെങ്കിലും അങ്ങനെ ക്രൈസ്തവ പൂജാനുഷ്ഠാനങ്ങളിലും മെൽക്കിസദക്ക് സ്മർത്തവ്യനായിത്തീൎന്നു.

# 11. ദാസിപുത്രൻ

ഉല്പ: 16 1-16

അബ്ʼറാമിനു ഭാര്യ സാറായിയിൽ കുട്ടികളുണ്ടായില്ല. അവൾക്ക ഹാഗാർ എന്നു പേരുള്ള ഒരു ദാസിയുണ്ടായിരുന്നു / സാറായി അബ്ʼറാമിനോടു പറഞ്ഞു: മക്കളുണ്ടാകുവാൻ ദൈവം എനിക്കു വരം തന്നിട്ടില്ല. നിങ്ങൾ എന്റെ ദാസിയെ പ്രാപിക്കുക. ഒരുപക്ഷെ അവൾമൂലം എനിക്കു കുഞ്ഞുങ്ങൾ ഉണ്ടായേക്കാം. അബ്രാം സാറായിയുടെ വാക്ക് അനുസരിച്ചു / കാനാൻദേശത്തു പത്തുവർഷം താമസിച്ചുകഴിഞ്ഞപ്പോൾ അവന്റെ ഭാര്യ സാറായി ദാസിയായ ഈജിപ്ʼതുകാരി ഹാഗാറിനെ തന്റെ ഭർത്താവിനു ഭാര്യയായി നൽകി / അബ്രാം അവളെ പ്രാപിക്കുകയും അവൾ ഗർഭം ധരിക്കുകയുംചെയ്തു. താൻ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ യജമാനത്തിയെ അവൾ നിന്ദയോടെ വീക്ഷിച്ചു / സാറായി അബ്രാമിനോടു പറഞ്ഞു: എന്റെ ദുരിതത്തിനു നിങ്ങളാണ് കാരണക്കാരൻ. ഞാനാണ് എന്റെ ദാസിയെ നിങ്ങളുടെ ആശ്ലേഷത്തിനു വിട്ടുതന്നതു്. പക്ഷെ താൻ ഗർഭിണിയാണെന്നു കണ്ടപ്പോൾ അവൾക്കു ഞാൻ നിന്ദ്യയായി / എനിക്കും നിങ്ങൾക്കും മദ്ധ്യേ കർത്താവുതന്നെ വിധിയാളനാവട്ടെ / അബ്രാം പറഞ്ഞു: നിന്റെ ദാസി ഇപ്പോഴും നിന്റെ കീഴിലാണ്. നിന്റെ ഇഷ്ʼടംപോലെ അവളോടു പെരുമാറിക്കൊള്ളുക. സാറായി അവളോടു കഠിനമായി പെരുമാറാൻ തുടങ്ങി. അപ്പോൾ അവൾ സാറായിയെവിട്ട് ഓടിപ്പോയി /

എന്നാൽ കർത്താവിന്റെ ദൂതൻ ഷൂറിലേക്കുള്ള വഴിയിൽ മരുഭൂമിയിലുള്ള ഒരു നീരുറവയുടെഅടുത്തുവച്ച് അവളെ കണ്ടെത്തി/ ...8.../ കർത്താവന്റെ ദൂതൻ അവളോടു പറഞ്ഞു: നീ യജമാനത്തിയുടെ അടുത്തേക്കുപോയി അവൾക്കുകീഴ്പ്പെട്ടിരിക്കുക/...10-14.../ ഹാഗാറിൽ അബ്രാമിന് ഒരു പുത്രൻ ജനിച്ചു / ഹാഗാർ പ്രസവിച്ച മകന് അബ്രാം ഇസ്ʼമായേൽ എന്നു പേരിട്ടു. ഹാഗാർ ഇസ്ʼമായേലിനെ പ്രസവിച്ചപ്പോൾ അബ്ʼറാമിന് എൺപത്തിയാറു വയസ്സായിരുന്നു.

* * *

**ബഹുഭാര്യത്വം:** അബ്റാഹത്തിൻെറ സ്വകാര്യജീവിതത്തിലെ ഒരു പ്രധാനസംഭവമാണ് മുകളിൽ വിവരിക്കപ്പെട്ടുന്നതു്. അദ്ദേഹത്തിൻെറ സ്വഭാവശുദ്ധിയെ സംബന്ധിച്ചും, സംഭവ യാഥാർത്ഥ്യം സംബന്ധിച്ചും ചില വിവാദങ്ങൾക്കിടനൽകുന്ന ഒരു കഥയുമാണതു്.

സാറായുടെയും അബ്റാഹത്തിൻെറയും ദാമ്പത്യജീവിതത്തിൽ സന്താനങ്ങളുണ്ടാകേണ്ട കാലം കഴിയാറായി. ഇതുവരെയും സാറ പ്രസവിച്ചിട്ടില്ല—ഭാവിയിൽ വലിയ പ്രതീക്ഷയ്ക്കും വകയില്ല. ഇനി സ്വവംശത്തെ നിലനിത്താനുള്ള മാർഗ്ഗമെന്താണ്? ആ പ്രശ്നം ഇരുവരെയും ചിന്താകുലരാക്കിയിരിക്കും. വന്ധ്യയായിരിക്കുക എന്നതു് ഗോത്രനായികയായ തനിക്കു് ഒരു മാനഹാനിയും കൂടിയായി സാറ കണ്ടിരിക്കണം. രണ്ടുവഴികളാണ് അവരുടെ മുമ്പിലുണ്ടായിരുന്നതു്. ഒന്നു്, ആചാര്യമര്യാദകളനുസരിച്ച് ആരെയെങ്കിലും ദത്തുപുത്രനായി സ്വീകരിക്കാം. രണ്ടു്, ബഹുഭാര്യത്വം നാട്ടാചാരങ്ങളനുവദിച്ചിരുന്നു. ഗോത്രനായികയായ പ്രധാനപത്നിയുടെ പദവിക്കു ഹാനികരമാകാതെതന്നെ ഉപപത്നികളെ സ്വീകരിക്കാമായിരുന്നു. സമ്പാദ്യങ്ങളും ഗോത്രാധികാരങ്ങളും ഭർതൃരക്തത്തിൽ ഉളവായ സന്തതികളിൽതന്നെ ലയിക്കയല്ലേ നല്ലതു്? രണ്ടാമത്തെ മാർഗ്ഗമാണ് സ്വീകാര്യമായി ഗോത്രനായിക കണ്ടതു്.

സപത്നിയായിവരുന്നതു് ഒരു വിജാതീയ ദാസിയാണെങ്കിൽ സ്വന്തസ്ഥാനമാനങ്ങൾക്കു യാതൊരു ഗ്ലാനിയുമുണ്ടാവില്ലെന്നു കൂടി സാറ കരുതിക്കാണും. പക്ഷെ അനുഭവം മറിച്ചായി. ദാസി സപത്നിത്വത്തിലേക്കുയൻ ഗർഭിണിയുംകൂടി ആയപ്പോൾ മുൻ സ്വാമിനിയെ നിന്ദിക്കാൻപോന്നവളായി. അതു സ്വാഭാവികമാണെതാനും. അവളെ ചൊല്ലടിയിൽ നിർത്തേണ്ടതു ഗോത്രനായികയുടെ പദവിക്കു് ആവശ്യവുമായിരുന്നു. അതിനു് അബ്റാഹത്തിൻെറ അനുവാദവും വേണ്ടിയിരുന്നു. ദൈവനാമത്തിലാണ് സാറാ സ്വന്തം അധികാരാവകാശങ്ങൾ ഉന്നയിച്ചതു്. എന്താണ് അബ്റാഹം ചെയ്യുക? അഗ്നിപരീക്ഷണമായിരുന്നു. സൗന്ദര്യത്തിൻെറ മൂർത്തീഭാവവും ഗോത്രനായികയുമായ ഭാര്യ ദൈവനാമത്തിൽ നീതിചോദിക്കുന്നു. പ്രതിക്കൂട്ടിൽ ദാസിയെങ്കിലും ഗർഭിണിയായ ഉപപത്നി, അവളുടെ ശിശുവിൻെറ അവകാശങ്ങൾ ആചാരനിയമങ്ങളാൽ ഭദ്രവുമായിരുന്നു. അബ്റാഹം ന്യായാന്യായ വിധിയിൽനിന്നു്

ഒഴിഞ്ഞുമാറി രക്ഷപെടുകയാണെന്നു പഴിക്കാൻ വിമർശനട്ടക്കുകൾ മടിക്കുകയില്ല. പക്ഷെ അവിടെ യാവെയുടെ ആജ്ഞാശക്തിയും സംരക്ഷണവും പ്രകടമാവുകയായി.

സാറാ ഹാഗാറിനോടു കഠിന കൈകൾ ചെയ്തുകാണും. ഹാഗാർ നാടുവിട്ടോടി. പക്ഷെ ദൈവപരിപാലനസ്സു വഴങ്ങി അവൾ തിരിച്ചെത്തിയപ്പോൾ അബ്റാഹം അവളെ സന്തോഷ പൂർവ്വം സ്വീകരിച്ചു സ്വപുത്രനെ പരിരക്ഷിച്ചു. പിന്നീടു സാറാ ഇസഹാക്കിനെ പ്രസവിച്ചശേഷം കുടുംബജീവിതത്തിൽ സംഘഷം വളർന്നപ്പോൾ അബ്റാഹം അവളെയും ഇശ്മായലിനെയും പിരി ച്ചയക്കുന്നുണ്ടെങ്കിലും ദൈവികനിയോഗത്താൽ അപ്രകാരം ചെയ്യു ന്നതായിട്ടാണ് നാം കാണുക.

ഒരിക്കൽ ഹാഗാറിനെ സ്വീകരിക്കാനും പിന്നീടു പരിത്യജി ക്കാനും പ്രേരിപ്പിക്കുന്ന ദൈവപരിപാലനയുടെ വൈരുദ്ധ്യത്തെ നമ്മൾ ഇന്നു ചോദ്യംചെയ്യും. പക്ഷെ ആമാതിരി യുക്തിബോധ മൊന്നും പുരാതനസെമിററിക്കുകൾക്കോ ഇസ്രായേലിനോ ഉണ്ടായി രുന്നില്ലല്ലോ. ഇസ്രായേൽ—ഇശ്മായേൽ ഗോത്രബന്ധങ്ങളിലെ ചില അടുപ്പവും അകൽച്ചയുമാണ് ഈ ഹാഗാർകഥയുടെ പിന്നിലുള്ള ചരിത്രതന്തുവായി ബൈബിൾ ചരിത്രകാരന്മാർ സമീക്ഷിക്കുക. അതെങ്ങനെയുമാകട്ടെ, അബ്റാഹം ഒരു സാങ്കല്പിക പുരുഷനല്ലാ യിരുന്നു എന്നതിന് ഒന്നാംതരം തെളിവാണ് ഈ കഥ. ഒരു കല്പിതകഥാപുരുഷനെങ്കിൽ അദ്ദേഹത്തിൻെറ ദൗർബ്ബല്യങ്ങളെ മറച്ചുവച്ചു സമാരാദ്ധ്യനായ ഒരു അതിമാനുഷനായി തങ്ങളുടെ പൂർവ്വപിതാവിനെ ഇസ്രായേൽ വക്താക്കൾ ചിത്രീകരിക്കുമായിരു ന്നില്ലേ? കാമക്രോധാദികളെ ജയിച്ച ഒരു യതിവര്യനല്ലായിരുന്നു അബ്റാഹം - തൻെറ കാലഘട്ടത്തിലെ ഒരുത്തമ മനുഷ്യൻമാത്രം. ചുററുപാടുമുണ്ടായിരുന്നതിൽകവിഞ്ഞ നിയമവിരുദ്ധമായ അസാ ന്മാർഗ്ഗികത അദ്ദേഹത്തിൽ പിൻഗാമികൾ കണ്ടില്ല. മനോധർമ്മവും അലങ്കാരപ്രയോഗവുംകൂടാതെ പാരമ്പര്യചരിത്രം അതേപടി രേഖ പ്പെടുത്തുകയേ അവർ ചെയ്തിട്ടുള്ളു. അബ്റാഹത്തിൻെറ മാത്രമല്ല അദ്ദേഹത്തിൻെറ പിൻഗാമികളായ മററു സമുന്നതവ്യക്തികളുടെയും സ്വഭാവദൗർബ്ബല്യങ്ങൾ അവരുടെ മാനുഷിക യാഥാർത്ഥ്യങ്ങ ളെയും ചരിത്രാസ്തിത്വത്തെയും ദൃഢവൽക്കരിക്കുന്നതായി വേണം കരുതുവാൻ.

# 12. രക്താർപ്പണം

ഉല്പ; 17.1-27

അബ്രാമിനു തൊണ്ണൂററൊമ്പതു വയസ്സായപ്പോഠ കർത്താവു പ്രത്യക്ഷപ്പെട്ടു് അവനോടരുളിച്ചെയ്തു: സർവ്വശക്തനായ ദൈവമാണു ഞാൻ: എന്റെ മുമ്പിൽ വ്യാപരിക്കുക: കുററമററവനായി വർത്തിക്കുക / നീയുമായി ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ നിനക്കു വളരെയേറെ സന്തതികളെ നൽകും. അപ്പോഠ അബ്ററാം സാഷ്ടാംഗം പ്രണമിച്ചു / ദൈവം തുടന്നുപറഞ്ഞു: ഇതാ നീയുമായുള്ള എന്റെ ഉടമ്പടി: നീ അനവധി ജനതകഠക്കു പിതാവായിരിക്കും / ഇനിമേൽ നീ അബ്ററാം എന്നു വിളിക്കപ്പെടുകയില്ല. നിന്റെ പേരു് അബ്രാഹം എന്നായിരിക്കും. ഞാൻ നിന്നെ അനവധി ജനതകളുടെ പിതാവാക്കിയിരിക്കുന്നു / നീ സന്താനപുഷ്ടിയുള്ളവനാകും. നിന്നിൽനിന്നു് ജനതകഠ പുറപ്പെടും / രാജാക്കന്മാരും നിന്നിൽനിന്നു് ഉത്ഭവിക്കും. ഞാനും നീയും നിനക്കുശേഷം നിന്റെ സന്തതികളും തമ്മിൽ തലമുറ തലമുറയായി എന്നേക്കും ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ എന്നേക്കും നിനക്കും നിന്റെ സന്തതികഠക്കും ദൈവമായിരിക്കും / നീ പരദേശിയായി പാക്കുന്ന ഈ കാനാൻദേശം മുഴുവൻ നിനക്കും നിനക്കുശേഷം നിന്റെസന്തതികഠക്കുമായി ഞാൻ തരും. എന്നെന്നും അതു് അവരുടേതായിരിക്കും. ഞാൻ അവക്കു ദൈവമായിരിക്കുകയും ചെയ്യും /

ദൈവം അബ്രാഹത്തോടു കല്പിച്ചു: നീയും നിന്റെ സന്താനങ്ങളും തലമുറതോറും എന്റെ ഉടമ്പടി പാലിക്കണം / നിങ്ങഠ പാലിക്കേണ്ട ഉടമ്പടി ഇതാണ്: നിങ്ങളിൽ പുരുഷന്മാരെല്ലാവരും പരിച്ഛേദനം ചെയ്യണം / നിങ്ങഠ അഗ്രചർമ്മം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുടെ അടയാളമായിരിക്കും അതു് / നിങ്ങളിൽ എട്ടുദിവസം പ്രായമായ ആൺകുട്ടി പരിച്ഛേദനം ചെയ്യണം. നിന്റെ വീട്ടിൽ പിറന്നവനോ, നിന്റെ സന്താനങ്ങളിൽ പെടാത്ത വിലയ്ക്കുവാങ്ങിയ പരദേശിയോ ആകട്ടെ, തലമുറതോറും എല്ലാ പുരുഷന്മാർക്കും പരിച്ഛേദനം ചെയ്യണം / നിന്റെ വീട്ടിൽ പിറന്നവനും നീ വിലയ്ക്കുവാങ്ങിയവനും പരിച്ഛേദനം ചെയ്യപ്പെടണം. അങ്ങിനെ എന്റെ ഉടമ്പടി നിന്റെമാംസത്തിൽ ശാശ്വതമായ ഒരു ഉടമ്പടിയായി നിലനില്ക്കും / പരിച്ഛേദനം ചെയ്യപ്പെടാത്ത

പുരുഷനെ സമൂഹത്തിൽനിന്നു പുറന്തള്ളണം. അവർ എൻെറ ഉട മ്പടി ലംഘിച്ചിരിക്കുന്നു/

ദൈവം അബ്രാഹത്തോട്ട് അരുളിച്ചെയ്തു: നിൻെറ ഭാര്യ സാറായിയെ ഇനിമേൽ സാറായി എന്നല്ല വിളിക്കേണ്ടതു്. അവ ളുടെ പേരു് സാറാ എന്നായിരിക്കും / ഞാൻ അവളെ അനുഗ്രഹി ക്കും. അവളിൽനിന്നു് ഞാൻ നിനക്കു് ഒരു പുത്രനെ തരും. അവളെ ഞാൻ അനുഗ്രഹിക്കും: അവൾ ജനതകളുടെ മാതാവാകും. അവളിൽ നിന്നു ജനതകളുടെ രാജാക്കന്മാർ ഉത്ഭവിക്കും/ അപ്പോൾ അബ്രാഹം കമിഴ്ന്നുവീണു് ചിരിച്ചുകൊണ്ടു് ആത്മഗതംചെയ്തു; നൂറു വയസ്സു തികഞ്ഞവനു കുഞ്ഞുജനിക്കുമോ? തൊണ്ണൂറെത്തിയ സാറാ ഇനി പ്രസവിക്കുമോ? / അബ്രാഹം ദൈവത്തോടുപറഞ്ഞു: ഇസ്മായേൽ അങ്ങയുടെ തിരുമുമ്പിൽ ജീവിച്ചിരുന്നാൽ മതി / ദൈവം അരുളി ച്ചെയ്തു: നിൻെറ ഭാര്യ സാറാതന്നെ നിനക്കൊരു പുത്രനെ പ്രസവി ക്കും. നീ അവനെ ഇസഹാക്ക് എന്നു വിളിക്കണം. അവനുമായും അവൻെറസന്തതികളുമായും ഞാൻ നിത്യമായ ഒരു ഉടമ്പടി സ്ഥാ പിക്കും / ഇസ്മായേലിനുവേണ്ടിയുള്ള നിൻെറ പ്രാർത്ഥനയും ഞാൻ ചെവിക്കൊണ്ടിരിക്കുന്നു. ഞാൻ അവനെ അനുഗ്രഹിച്ചിരി ക്കുന്നു. ഞാൻ അവനെ സന്താനപുഷ്ടിയുള്ളവനാക്കി, അവൻെറ സന്തതികളെ വർദ്ധിപ്പിക്കും. അവൻ പന്ത്രണ്ടു രാജാക്കന്മാർക്കു പി താവായിരിക്കും. അവനിൽനിന്നു ഞാൻ ഒരു വലിയജനതയെ പുറ പ്പെടുവിക്കും / എന്നാൽ, സാറായിൽനിന്നു് അടുത്തവർഷം ഈ സമയത്തു് നിനക്കു ജനിക്കാൻപോകുന്ന ഇസഹാക്കുമായിട്ടാണ് എൻെറ ഉടമ്പടി ഞാൻ സ്ഥാപിക്കുക / അബ്രാഹത്തോടു സംസാരി ച്ചുകഴിഞ്ഞു് ദൈവം അവനെ വിട്ടുപോയി/

ദൈവം കല്പിച്ചതുപോലെ ആ ദിവസംതന്നെ അബ്രാഹം മകൻ ഇസ്മായേലിനെയും തൻെറവീട്ടിൽപിറന്നവരും താൻ വില കൊടുത്തു വാങ്ങിയവരുമായ സകല പുരുഷന്മാരെയും പരിഛേദനം ചെയ്തു / പരിഛേദനസമയത്തു് അബ്രാഹത്തിനു തൊണ്ണൂറെറാമ്പതു വയസ്സും ഇസ്മായേലിനു പതിമൂന്നു വയസ്സും ഉണ്ടായിരുന്നു / അന്നു തന്നെ അബ്രാഹവും മകൻ ഇസ്മായേലും പരിഛേദനം ചെയ്യ പ്പെട്ടു. അബ്രാഹത്തിൻെറ വീട്ടിലെ എല്ലാ പുരുഷന്മാരും—വീട്ടിൽ പിറന്നവരും പരദേശികളിൽനിന്നു വിലയ്ക്കുവാങ്ങിയവരുമായ എല്ലാവരും—അവനോടൊപ്പം പരിഛേദനം ചെയ്യപ്പെട്ടു.

* * * *

പരിച്ഛേദനം: മനുഷ്യരക്ഷയുടെ ദൈവികപദ്ധതിയിലെ പരമപ്രധാനമായ ഒരു സംഭവമാണ് ഉല്പത്തി പതിനേഴാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുക. തന്നിൽനിന്നും ഒരു വലിയ ജനതയെ പുറപ്പെടുവിക്കുമെന്നും, താൻനിമിത്തം ഭൂമിയിലെ സകലജനങ്ങളും അനുഗ്രഹിക്കപ്പെടുമെന്നുമുള്ള ദൈവികവാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ടാണ് അബ്റാഹം ജന്മദേശംവിട്ട് അപരിചിതമായ കാനാൻദേശത്തേക്കുപോന്നത്. എന്നാൽ ഇപ്പോഠം അദ്ദേഹം വൃദ്ധനായിത്തുടങ്ങി. ഭാര്യ സാറായാകട്ടെ പ്രായാധിക്യത്താൽ ഇനി പ്രസവിക്കയില്ലെന്നും തീർച്ചയായി. ദാസീപുത്രനായ ഇശ്മായേൽ മാത്രമായിരുന്നു അവരുടെ അനന്തരാവകാശി. അപ്രകാരമൊരു ദാസീപുത്രനിൽക്കൂടിയായിരുന്നോ അബ്റാഹത്തിൻെറ സന്തതി പരമ്പരകഠം വർദ്ധിച്ച് അബ്റാഹം ഒരു അനുഗ്രഹകാരണമായി തീരേണ്ടിയിരുന്നത്? അല്ല, മനുഷ്യബുദ്ധിക്കു ഗ്രഹിക്കുവാൻ അസാദ്ധ്യവും അത്യാശ്ചര്യകരവുമായ തിരു അവതാരത്തിൻെറ സൂചനയെന്നവണ്ണം തികച്ചും അസാധാരണമായ വിധത്തിൽ അബ്റാഹത്തിൻെറ സന്തതിപരമ്പരയും ദൈവത്തിൻെറ ജനതയും രൂപംകൊള്ളേണ്ടിയിരുന്നു. ആ പുതിയ തലമുറകഠം അവരുടെ ദൈവികതെരഞ്ഞെടുപ്പിനു വിധേയമാകേണ്ടിയിരുന്നു. അബ്റാഹത്തിനും സാറായ്ക്കും സ്വാഭാവികനിലയിൽ സന്താനമുണ്ടാകയില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോഠം അതിനുള്ള സന്ദർഭവും ആഗതമായി. സർവ്വശക്തനായ ദൈവം അബ്റാഹത്തിനു സ്വയം വെളിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിനും സാറായ്ക്കും ഒരു പുത്രൻ ജനിക്കുമെന്നും അവനു ഇസഹാക്ക് എന്നു പേരിടണമെന്നും അവനിൽനിന്നു അനേകം ജനതകളും രാജാക്കന്മാരും ഉത്ഭവിക്കുമെന്നും അരുളിച്ചെയ്തു. അതിനു പ്രാരംഭമായി അബ്റാഹവും അവൻെറ ഭവനത്തിലെ സകലപുരുഷന്മാരും അവരെത്തന്നെ ദൈവത്തിനു സമർപ്പിക്കുവാനും ദൈവം ആവശ്യപ്പെടുകയായി. ആ വാഗ്ദാനവും സമർപ്പണവും പരിത്രാണചരിത്രത്തിലെ ആദ്യ ഉടമ്പടിയായിരുന്നു. ആ ഉടമ്പടിയുടെ പ്രകടമുദ്രയായിട്ടാണ് പരിച്ഛേദനം ആവിഷ്കരിക്കപ്പെടുക. ജീവൻെറ ഉറവിടമായ പുരുഷലിംഗത്തിൻെറ രക്താർച്ചനയാൽ തലമുറ—തലമുറകഠം ദൈവത്തിനു സ്വയം സമർപ്പിക്കുന്ന വിശുദ്ധകർമ്മമായിരുന്നു ഇസ്രായേലിനു പരിച്ഛേദനം. അധമനായ മനുഷ്യൻ ആ സമർപ്പണത്തിൽക്കൂടി ദൈവപുത്രനായി ഉയരുന്നു— 'അബ്റാം' സമൂഹങ്ങളുടെ പിതാവ് എന്നർത്ഥമുള്ള അബ്റാഹമായും, 'സാറായി' രാജാകുമാരി എന്നർത്ഥമുള്ള സാറ ആയും പരിവ

ത്നനം ചെയ്തു് രക്ഷണീയചരിത്രത്തിലെ ആദ്യജനത രൂപംകൊള്ളു കയാണു്.

അറേബ്യ, അബിസീന്യ, സെൻട്രൽ ആസ്ത്രേലിയ മുതലായ ദേശങ്ങളിൽ പരിഷ്കൃതരും അപരിഷ്കൃതരുമായ അനേകം ജന വിഭാഗങ്ങൾ ഇന്നു പരിച്ഛേദനം അനുഷ്ഠിച്ചുപോരുന്നുണ്ടു്. അവ രുടെ സംഖ്യ ഏതാണ്ടു് ഇരുപതുകോടിയോളം വരും. പ്രായപൂർത്തി യാകുമ്പോൾ ഒരു ജാതീയാചാരവും വിവാഹത്തിനുള്ള ഒരു പ്രാരംഭ നടപടിയും ആയിട്ടാണു് അതു പൊതുവെ കരുതപ്പെടുന്നതു്. പക്ഷേ അതിൻെറ ഉത്ഭവത്തെ സംബന്ധിച്ച ഖണ്ഡിതമായ ഒരഭിപ്രായം ചരിത്രപണ്ഡിതരോ നരവംശശാസ്ത്രജ്ഞരോ ഇന്നുവരെ നൽകിയി ട്ടില്ല. പ്രാചീന ഈജിപ്തിൽ ബി.സി. 22—ാംനൂററാണ്ടിൽ മുതിർന്ന ബാലന്മാർക്കു പരിച്ഛേദനം നടത്തിയിരുന്നതായി തെളിയുന്നുണ്ടു്. അതു് ഈജിപ്തിൽ ഒരു സാധാരണ ആചാരമായിരുന്നെന്നു ഗ്രീക്കു ചരിത്രകാരനായ ഹെറോഡോട്ടസ് പറയുന്നു. എന്നാൽ ഈജിപ്തി ലെ പുരോഹിത വർഗ്ഗത്തിൽപെട്ടവരല്ലാതെ മററു സാധാരണക്കാർ പരിച്ഛേദനം നടത്തിയിരുന്നില്ലെന്നും പണ്ഡിതപക്ഷമുണ്ടു്. ഇസ്രാ യേലിൻെറ അടിമത്ത കാലത്തു് ഈജിപ്തിൽ അപ്രകാരം ഒരാചാരം ഉണ്ടായിരുന്നില്ല എന്നാണു് ബൈബിളിൽനിന്നു മനസ്സിലാക്കാവു ന്നതു്. അബ്റാഹത്തിൻെറ ജന്മദേശമായിരുന്ന ബാബിലോണ്യ യിലോ അബ്റാഹം കുടിയേറിപ്പാർത്ത കാനാൻദേശത്തോ സമകാ ലീന ജനതകളാരും പരിച്ഛേദനം നടത്തിയതായി അറിവില്ല. ആകയാൽ അബ്റാഹത്തിൻെറയും കുടുംബാംഗങ്ങളുടെയും ആദ്ധ്യാ ത്മികജീവിതത്തിൽ വന്നുചേർന്ന ഗുരുതരമായ ഒരു പരിവർത്തന ത്തോടുകൂടിയാണു് അവർ പരിച്ഛേദനകർമ്മം നടത്തിയതെന്നു ന്യായമായി വിശ്വസിക്കാം.

അബ്റാഹവും കുടുംബാംഗങ്ങളും ഒരേദിവസംതന്നെ പരി ച്ഛേദനം നടത്തി. ഇസഹാക്കിനെ പ്രസവിച്ച എട്ടാംദിവസംതന്നെ പരിച്ഛേദനം നടത്തിയതു് ഉല്പത്തി 21—ാംഅദ്ധ്യായത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നു. ഈജിപ്തിലെ അടിമത്തകാലത്തുപോലും അബ്രാഹത്തിൻെറ പിൻഗാമികൾ പരിച്ഛേദനം നടത്തിയിരുന്നു എന്നു സ്പഷ്ടമാണു്. പിൽക്കാലത്തു് ഇസ്രായേലിനു വെളിയിൽ ചില ജനതകൾ പരിച്ഛേദനം അനുഷ്ഠിച്ചുപോന്നിട്ടുണ്ടെങ്കിലും അതൊരു മതാചാരമെന്ന നിലയിലല്ല. പ്രസവിച്ച എട്ടാംദിവസം

തന്നെ പരിഛേദനം നടത്തണമെന്ന നിഷ്കർഷ ഇസ്രായേലിൻ മാത്രമെ ഉണ്ടായിരുന്നതായി കാണുന്നുള്ളു. പരിഛേദനമേല്ലാത്ത ഏതൊരുവനും ദത്തുസമ്പ്രദായത്തിൽപോലും എബ്രായവംശത്വം അംഗീകരിക്കപ്പെട്ടിരുന്നില്ല. അവതരിച്ച ദൈവപുത്രൻ യേശു തന്നെയും എട്ടാംദിവസം പരിഛേദനം ഏല്പിക്കപ്പെട്ടു. ആദിമ യഹൂദക്രൈസ്തവരും പരിഛേദനത്തിൽ നിർബ്ബന്ധമുള്ളവരായിരുന്നു. വിജാതിയർ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ അവർ പരിഛേദനം നടത്തണമോ എന്നതു് ആദിമക്രൈസ്തവസഭയിലെ ഒരു ഗൗരവ പ്രശ്നമായിരുന്നു. അവർ പരിഛേദനം അനുഷ്ടിക്കേണ്ടതില്ലെന്നു ജറൂസലം കൗൺസിൽ തീരുമാനിച്ചു. പഴയ ഉടമ്പടിയിലെ രക്ഷയു ടെവാഗ്ദാനം ദൈവപുത്രന്റെ പരിത്രാണത്താൽ പൂർത്തീകരിക്കപ്പെ ടുകയും വിശ്വാസികൾ ജ്ഞാനസ്നാനത്താൽ ക്രിസ്തുവിനോടു സംയോ ജിക്കപ്പെടുകയും ചെയ്കനിമിത്തം പരിഛേദനം അനാവശ്യമെന്നു് വി. പൗലോസ് തീവ്രതയോടുകൂടി പഠിപ്പിച്ചിരുന്നതു് അദ്ദേഹ ത്തിന്റെ ലേഖനങ്ങളിൽ കാണാം.

**വെളിപാടുകളുടെ മനശാസ്ത്രം:** അബ്രാഹം ഊരിൽ നിന്നു വിളിക്കപ്പെട്ടശേഷം അദ്ദേഹത്തിനു പല ദൈവികദർശന ങ്ങൾ ഉണ്ടായതായും ദൈവവുമായി സംഭാഷണങ്ങൾ നടത്തിയ തായും നാം വായിക്കുകയുണ്ടായല്ലോ. അമ്മാതിരി പലദർശനങ്ങളും സംഭാഷണങ്ങളും ഇനിയും ഉണ്ടാകുന്നതായി നമുക്കു കാണാം. മാനു ഷികഭാവനകളെയെല്ലാം അതിലംഘിക്കുന്ന ഒരു ചിത്രീകരണം ഉല്പത്തി 18—ാംഅദ്ധ്യായത്തിലുണ്ടു്. അബ്രാഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു് ദൈവവും ദൈവദൂതന്മാരും ഒരു വൃക്ഷത്തണലിൽ ഭക്ഷണം കഴിക്കുന്ന രംഗമാണു് അതു്. വൈവിധ്യം നിറഞ്ഞ ദൈവികദർശനങ്ങളും, ദൈവ—മനുഷ്യ സംഭാഷണങ്ങളും ബാബേ ലിലെ പ്രവാസംവരെ പഴയ ഉടമ്പടിയിൽ നിത്യസംഭവങ്ങളായി രുന്നു എന്നു പറയാം. പ്രവാസത്തിനുശേഷം വിശുദ്ധഗ്രന്ഥവുമായി ബാബിലോണ്യയിൽനിന്നു ജറൂസലമിലേക്കുവന്ന എബ്രായപുരോ ഹിതൻ ദൈവവചനം ലഭിക്കാതെ ഖിന്നതപൂണ്ടതായും കാണാം. പഴയ ഉടമ്പടിയിലെ ദർശനങ്ങളുടെയും പ്രവചനങ്ങളുടെയും അന്തി മദശയാണതു്. യോവേലും സഖര്യാവുമായിരുന്ന പ്രവാചകശൃംഖ ലയിലെ അവസാനകണ്ണികൾ. പിന്നീടു നാനൂറോളം വർഷങ്ങൾക്കു ശേഷം ബി. സി. 165ൽ ജറൂസലംദേവാലയത്തിന്റെ ശുദ്ധീകരണ വും പുനഃപ്രതിഷ്ഠയും നിർവഹിച്ച യൂദമക്കബായൻ മുൻപു് അശു ദ്ധമാക്കപ്പെട്ട ബലിപീഠശിലകൾ എന്തുചെയ്യണമെന്നറിയാതെ

പ്രവാചകനിർദ്ദേശം ലഭിക്കുവാൻ കാത്തിരിക്കുന്ന രംഗം മക്കബായ പുസ്തകത്തിൽ ഉണ്ട്. പ്രവാചകരുടെ കാലം കഴിഞ്ഞുപോയതായി യൂദായും അനുയായികളും ഖേദിക്കുന്നതായിട്ടാണു തോന്നാവുന്നത്.

പരിഷ്കൃതവും അപരിഷ്കൃതവുമായ എല്ലാ മതങ്ങളുടെയും അടിസ്ഥാനശിലകളാണ് വെളിപാടുകളും പ്രവചനങ്ങളും. മനുഷ്യന് അജ്ഞാതവും ദുർഗ്രാഹ്യവുമായ ദൈവികരഹസ്യങ്ങൾ ദൈവംതന്നെ വെളിപ്പെടുത്തുന്നില്ലെങ്കിൽ മതങ്ങളുടെ ആസ്തിക്യത്തിനും ഭദ്രതയ്ക്കും ശാശ്വതമായ എന്തടിസ്ഥാനമാണുള്ളത്? പ്രാചീനമതപുരാണങ്ങളിലെ ദേവക്രീഡകൾ അന്ധവിശ്വാസത്തിന്റെ മിഥ്യാഫലങ്ങളും ഭാവനയുടെ തട്ടിപ്പുകളുമായി തള്ളിക്കളയുവാൻ ചരിത്രഗവേഷകർ മടികാണിച്ചിട്ടില്ല. ഉല്പത്തിഗ്രന്ഥത്തിൽ ആദ്യത്തെ പതിനൊന്നു അദ്ധ്യായങ്ങളിലുള്ള ദൈവമാനുഷീകരണങ്ങൾ (anthropomorphisms) ഭാവനാപരമായിരുന്നെന്നു വയ്ക്കുക. എന്നാൽ അബ്രാഹത്തിന്റെ ജീവിതകഥയോടുകൂടി ഒന്നിനൊന്നു സുവ്യക്തമായ ചരിത്രഘട്ടത്തിലാണല്ലോ നാം വ്യാപരിക്കുന്നത്. അദ്ദേഹത്തിന്റെയും പിൻഗാമികളുടെയും ദർശനങ്ങളും വെളിപാടുകളും മനുഷ്യന്റെ സാർവത്രികമായ അദ്ധ്യാത്മികതൃഷ്ണയുടെ ഭാവനാചിത്രങ്ങൾ മാത്രമായിരുന്നോ? എങ്കിൽ അതു മററങ്ങും കാണാത്തതെന്തുകൊണ്ട്? എബ്രായമതത്തിന്റെ അന്തസത്തയെ ബാധിക്കുന്ന പല പ്രശ്നങ്ങളും ഇവിടെ നമ്മുടെമുമ്പിൽ വന്നുചേരുന്നുണ്ട്. വെളിപാടുകളുടെ ദൈവശാസ്ത്രത്തെയും മാനസികപ്രവണതകളെയുംമററും സംബന്ധിച്ചുള്ള പഠനങ്ങൾ ഇന്നുവളരെ മുന്നോട്ടു പോയിട്ടുണ്ട്. ഈ സന്ദർഭത്തിൽ അതുമുഴുവൻ നാം പരാമർശിക്കേണ്ടതില്ല. വെളിപാടുകൾ സംബന്ധിച്ച എബ്രായ വിശ്വാസം എന്തായിരുന്നെന്നു പരിശോധിക്കുകയാണ് നമ്മുടെ പഠനത്തിന്റെ ആദ്യപടി.

എബ്രായ ജീവിതവും വെളിപാടുകളും സംബന്ധിച്ച ഒരു സമഗ്രപരിശോധനയിൽ സ്പഷ്ടമായ ചില പ്രത്യേകതകൾ കാണാം. എബ്രായമതജീവിതത്തിൽ വെളിപാടുകൾക്കുള്ള ബൃഹത്തായ സ്ഥാനമാണ് ഒന്നാമതായി നമ്മെ ആകർഷിക്കുക. ഗോത്രപിതാവായ അബ്രാഹം മുതൽ യൂദയാസാമ്രാജ്യത്തിന്റെ പതനം വരെയുള്ള പത്തു പതിന്നാലു നൂററാണ്ടുകാലത്തു തുടരെത്തുടരെ, തലമുറ തലമുറയായി, ദൈവദർശനങ്ങൾ ലഭിക്കുകയും ദൈവഭാഷണങ്ങൾ ശ്രവിക്കയുംചെയ്യുന്നവകാശപ്പെട്ട് അതു വിളിച്ചുപറഞ്ഞ

വിശിഷ്ടപുരുഷന്മാരുടെ ഒരു പരമ്പരതന്നെ ഉണ്ട്. വിജ്ഞാനമോ, സമ്പത്തോ, അധികാരമോകൊണ്ട് എന്തെങ്കിലും പ്രാമാണ്യം നേടിയവരല്ല അവർ—ദൈവത്തെ ദർശിക്കുകയോ ദൈവഭാഷണം ശ്രവിക്കയോ ചെയ്തു എന്നകാരണത്താൽ മാത്രം പരിഗണനലഭിച്ചവരാണ്. ലോകമതങ്ങളിൽ മറെറവിടെയാണ് ഈ സവിശേഷത കാണാൻ കഴിയുക?

അവരുടെ പ്രഭാഷണവിഷയങ്ങളും പ്രബോധനസമ്പ്രദായങ്ങളുമാണ് മറെറാരു പ്രത്യേകത. ഭൗതിക ഭാഗ്യനിർഭാഗ്യങ്ങളെ സംബന്ധിച്ച ജിജ്ഞാസ മനുഷ്യഹൃദയങ്ങളിൽ സാർവ്വത്രികമായി മുന്നിട്ടുനില്ക്കുന്ന ഒന്നാണ്. ആ ജിജ്ഞാസ സംതൃപ്തമാക്കാനുള്ള തന്ത്രമന്ത്രങ്ങളാണ് മിക്ക മതാചാര്യന്മാരുടെയും വെളിച്ചപ്പാടന്മാരുടെയും വശ്യത. മന്ത്രതന്ത്രങ്ങളിൽക്കൂടിയുള്ള ഭാവിദർശനത്തിനും അഭിലാഷസിദ്ധിക്കും വേണ്ടിയാണ് ജനങ്ങൾ അവരിൽ അഭയംതേടുന്നതും. പ്രാചീനകാലംമുതൽക്കേയുള്ള ഒരു പ്രവണതയാണിതു്. ഈജിപ്തും ബാബിലോണ്യയും താദൃശ മന്ത്രതന്ത്രങ്ങളുടെ കേന്ദ്രങ്ങളായിരുന്നു. എന്നാൽ എബ്രായരുടെ മതനിയമങ്ങളും ആചാരങ്ങളും അതു നിരോധിക്കയാണുചെയ്തിരുന്നതു്. ദൈവത്തെ നേരിട്ടുകാണുകയും ദൈവഭാഷണം ശ്രവിക്കയും ചെയ്ത എബ്രായപിതാക്കന്മാരും പ്രവാചകരും തങ്ങളുടെ സ്വന്തഭാവിയെ സംബന്ധിച്ച് അജ്ഞരായിരുന്നെന്നാണ് കാണുക. മനുഷ്യൻെറ ഇഛാശക്തികളെ സംതൃപ്തമാക്കാനുള്ള കുടിലോപായങ്ങളിൽ അജ്ഞതയും നിസ്സഹായതയുമാണ് അവരിൽ പ്രകടമാവുക. മനുഷ്യനു് എന്തു സംഭവിക്കുമെന്നല്ല, മനുഷ്യൻ എന്തു പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്നേ അവക്കു പറയാനുണ്ടായിരുന്നുള്ളു. മാനുഷിക ചര്യകളും പ്രവൃത്തികളും പൂർണ്ണമായി ദൈവികനിയന്ത്രണത്തിനു വിധേയമായിരിക്കണമെന്നു വിളിച്ചുപറഞ്ഞു് ലൗകികമാനദണ്ഡങ്ങളെയാകെ അവർ തട്ടിത്തെറിപ്പിച്ചു. പലരും ഭാവിസംഭവങ്ങൾ പ്രവചിച്ചു—പക്ഷെ അതു ദൈവിക നിയമങ്ങളുടെ ലംഘനത്താലുണ്ടാകുന്ന ശിക്ഷകളെയും രക്ഷയുടെ ആവിഷ്കരണത്തെയും സംബന്ധിച്ച മുന്നറിയിപ്പുകളായിരുന്നു. അതു പലപ്പോഴും രാജകീയതാല്പര്യങ്ങൾക്കും ജനഹിതത്തിനും വിരുദ്ധവുമായിരുന്നു. സെമിററിക്ക് ലോകത്തിലെ മററു മതാചാര്യന്മാരോടും മാന്ത്രികവീരന്മാരോടും അവരെ തുലനം ചെയ്യുക! രാജാധികാരവും ജനഹിതവും തൃപ്തിപ്പെടുത്താൻ ഈശ്വരസേവയും പ്രവചനങ്ങളും നടത്തിയവരാണ് ഒരുകൂട്ടർ. മററവരോ?

ദൈവികശാസനങ്ങൾക്കുവേണ്ടി രാജാധികാരത്തെയും ജനഹിതത്തെയും ധിക്കരിക്കാൻ ശങ്കിക്കാത്തവരാണ്.

ഈ സവിശേഷതകളുടെ കാരണമെന്തായിരുന്നു? മാനസികപ്രഭാവവും കല്പനാശക്തിയും ആയിരുന്നോ? ബാബിലോണ്യയുടെയും ഈജിപ്തിൻെറയും സാംസ്കാരികപ്രഭാവത്തോടു കിടനില്ക്കുന്ന എന്താണ് എബ്രായർക്കുണ്ടായിരുന്നതു്? ഗ്രീക്കുജനതയുടെ താത്വികപ്രഭാവത്തിനും റോമക്കാരുടെ സൈനികപാടവത്തിനും കാരണം എന്തായിരുന്നു എന്നാലോചിക്കുന്നതു് ഒരുപക്ഷെ അത്ഥശൂന്യമായിരിക്കും. കാരണം, മഹത്വം അതിൻെറ നിദാനത്തെ സ്വയം വ്യക്തമാക്കുന്ന ഒന്നല്ല. എങ്കിലും ഒരു കാര്യം സ്പഷ്ടമാണ്. റോമൻ ജനതയുടെ പൊതുവായ മുതൽക്കൂട്ടായിരുന്നു റോമയുടെ സൈനികപാടവം. ഗ്രീസിൻെറ സാമൂഹ്യസമ്പത്തായിരുന്നു അവളുടെതാത്വികപ്രഭാവം. എബ്രായരുടെ മതമഹത്വം അവരുടെ സാമൂഹ്യനേട്ടമായിരുന്നോ? മോഹികളും, അന്ധരും, ഉന്മത്തരും, അസ്ഥപ്രജ്ഞരും, കണ്ണു ടച്ച—തലതിരിഞ്ഞ നിദ്രാവലംബികളുമെന്നു തങ്ങളുടെ വക്താക്കളാൽതന്നെ പഴിക്കപ്പെട്ട ഒരു ജനസമൂഹമായിരുന്നു എബ്രായർ. ''അവരുടെ അകൃത്യങ്ങൾ തലയ്ക്കുമീതെ പെരുകി; പാപം മൂത്ത ജാതി, ദുഷ്കൃത്യങ്ങളുടെ ഭാരം ചുമക്കുന്നവർ; രാവിലെ എഴുന്നേററു് മദ്യംതേടി പാഞ്ഞുനടന്നു്, വീഞ്ഞുകുടിച്ചു ഉന്മത്തരായി സന്ധ്യാസമയം വൈകിച്ചവർ; വിരുന്നുകളിൽ കിന്നരവും വീണയും തപ്പും കുഴലുംകൊണ്ടു യാവെയെ ഉപേക്ഷിച്ചവർ; മരണത്തോടു സഖ്യതയും പാതാളത്തോടു ഉടമ്പടിയും ചെയ്തവർ''—ഇതെല്ലാമായിരുന്നു അവരുടെ യോഗ്യതകൾ. അവരുടെ ധാർമ്മികനിലവാരം ദൈവികഭാവനകൾ പ്രചോദിപ്പിക്കാൻ പര്യാപ്തവും പ്രേരകയോഗ്യവുമായിരുന്നെന്നു ചിന്തിക്കുവാൻപോലും പഴുതില്ല. സിസ്സറോയും സോക്രട്ടീസും തത്തുല്യരായ മഹാപുരുഷന്മാരും മനുഷ്യചരിത്രത്തിലേക്കു് അപൂർവ്വമായിമാത്രം പ്രക്ഷേപിക്കപ്പെട്ടുകാണുന്നവരാണ്. എന്നാൽ വെളിപാടുകളും പ്രവചനങ്ങളും എബ്രായജീവിതത്തിലെ നിരന്തരസംഭവങ്ങളായിരുന്നു. അതിൻെറ രഹസ്യമെന്തായിരുന്നെന്നു മനസ്സിലാക്കാൻ ആ സംഭവങ്ങളുടെ ഒരു സൂക്ഷ്മപരിശോധനതന്നെ ആവശ്യമായിരിക്കുന്നു. എങ്കിലും ഒരു ത്വരിതവീക്ഷണത്തിനേ ഇപ്പോൾ അവസരമുള്ളു.

''നിൻെറ ദേശത്തെയും കുടുംബത്തെയും പിതൃഭവനത്തെയും വിട്ട് ഞാൻ നിനക്കു കാണിച്ചുതരാനിരിക്കുന്ന ദേശത്തേക്കു പോവുക'' എന്ന് അബ്രാഹത്തിനോടു ദൈവം കല്പിച്ചു എന്നതു എബ്രായ വിശ്വാസത്തിൻെറ അത്താണിയായിരുന്നു. ആ ദൈവം അബ്റാഹത്തിനല്ലാതെ അബ്റാഹത്തിൻെറ സമകാലീനരിൽ മററാക്കും സുപരിചിതനായിരുന്നില്ല. അബ്റാഹത്തിൻെറ കാലശേഷം മററു ഗോത്രപിതാക്കൾക്കും ആ ദൈവംതന്നെ കാണപ്പെട്ട് അവരുടെ പിൻഗാമികളായി ഒരു മഹത്തായ ജനതയെ വാഗ്ദാനംചെയ്തു എന്നതും എബ്റായവിശ്വാസത്തിൻെറ നിരന്തരമൂല്യമായിരുന്നു. അബ്റാഹത്തിനും ഇസഹാക്കിനും യാക്കോബിനും ദൈവം പലപ്പോഴും പ്രത്യക്ഷനായി അവരോടു സംസാരിച്ചു—ഏതുവിധത്തിലെന്നുപറയാൻ നമുക്കു സാദ്ധ്യമല്ല, എങ്കിലും വിശ്വസിക്കാം, അത്ര ഹൃദയസ്പർശിയും യാഥാർത്ഥ്യബോധത്തോടുകൂടിയവയുമാണ് ആ വിവരണങ്ങൾ. അബ്റാഹത്തിൻെറ സദ്യയും, യാക്കോബിൻെറ മൽപിടുത്തവും എത്ര തെളിഞ്ഞ പരമാർത്ഥതയോടും ലാളിത്യത്തോടും കൂടിയാണ് വിവരിക്കപ്പെടുന്നത്! കഥാപുരുഷന്മാർ ആരെന്നുപോലും നാം ചിന്തിക്കയില്ല. അതിഥിയും യോദ്ധാവും ദൈവമായിരുന്നു എന്നറിയുമ്പോഴാണ് നാം സ്തബ്ധരായിത്തീരുക. ഹോമറിൻെറ ദൈവങ്ങളും മററനേകം പുരാണദേവന്മാരും മനുഷ്യരോടു സംസർഗ്ഗംചെയ്യുന്നുണ്ട് പുരാതന സാഹിത്യത്തിൽ. പക്ഷെ പച്ചമനുഷ്യരും തെമ്മാടികളും വഷളന്മാരുമായിരുന്നു എന്നതാണ് അവരുടെ വശ്യത. എന്നാൽ വൃക്ഷത്തണലിൽ അബ്റാഹത്തിൻെറ ഭക്ഷണംകഴിക്കുകയും ദർശനങ്ങളിലും നിദ്രാവേളയിലും സംസാരിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ രൂപവും ശബ്ദവും സംബന്ധിച്ച് അതു പ്രസ്താവിച്ചവരുടെ ഭാവനതന്നെയും എന്തായിരുന്നെന്നു നാം ആശ്ചര്യപ്പെടും. ഏതുവിധമായാലും അബ്റാഹവും മററു ഗോത്രപിതാക്കളും ദൈവത്തോട് ഉററസമ്പർക്കംപുലർത്തിയിരുന്നു എന്നത് എബ്റായവിശ്വാസത്തിൻെറ കാതലായിരുന്നു. സത്യദൈവത്തെ അടുത്തറിഞ്ഞ ആ പൂർവ്വപിതാക്കളുടെ യഥാർത്ഥ പിൻഗാമികൾ തങ്ങൾ മാത്രമായിരുന്നെന്നും, അബ്റാഹത്തിനും ഇസഹാക്കിനും യാക്കോബിനും ദൈവംനൽകിയ വാഗ്ദാനങ്ങളുടെ അവകാശികളാണ് തങ്ങളെന്നുമുള്ള ബോദ്ധ്യം എബ്റായരിൽ ദൃഢമായി വേരൂന്നിയിരുന്നു.

ആ സമ്പർക്കം മോശയുടെ കാലത്തു നിത്യം പുലർത്തിയിരുന്നെന്നുതന്നെ പറയാം. എബ്രായചരിത്രത്തിൽ ഇത്രമാത്രം ദൈവദർശനങ്ങളും ദൈവഭാഷണങ്ങളും മോശയെപ്പോലെ മററാക്കും ലഭിച്ചിട്ടില്ല. മോശ ദൈവത്തെ മുഖാഭിമുഖമായി കണ്ടു—മനുഷ്യൻ മനുഷ്യനെയെന്നതുപോലെ; കടങ്കഥകൾ കൂടാതെ വെളിവായി സംസാരിച്ചു: ദൈവത്തിൻെറ മുഖമല്ല—പിൻഭാഗമേ കാണാൻ അനുവദിക്കപ്പെട്ടുള്ളു—എന്നിങ്ങനെ പല പാരമ്പര്യങ്ങളും മോശയെ സംബന്ധിച്ചുണ്ട്. കത്തുന്ന മുൾപ്പടർപ്പിൻെറ പിന്നിലും, സീനാമലയിലെ പ്രകമ്പനത്തിലും മോശ ദൈവത്തെ ദർശിക്കുന്നുണ്ട്. പ്രമാണങ്ങൾ ലേഖനംചെയ്യപ്പെട്ട രണ്ടു കല്പലകകൾ ദൈവം മോശയ്ക്കുനൽകി — അമ്മാതിരി അനേകം കല്പലകകളിൽ ഒതുങ്ങാത്ത ഒരു നിയമസംഹിത മുഴുവൻ മോശയ്ക്കു ദൈവം ചൊല്ലിക്കൊടുത്തെന്നായിരുന്നു എബ്രായരുടെ വിശ്വാസം. ഈജിപ്തിൽനിന്നു കാനാൻദേശത്തേക്കുള്ള ദീർഘയാത്രയുടെ ദുർഘടഘട്ടങ്ങളിലെല്ലാം തുടരെ ദൈവം മോശയ്ക്കു കാണപ്പെട്ടു് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു എന്നും അവർ ഗാഢമായി വിശ്വസിച്ചു. പക്ഷെ ഇവിടെയും ദൈവത്തിൻെറ രൂപമെന്തെന്നു് ആക്കും ഒരു തുമ്പും കിട്ടുകയില്ല. മനുഷ്യനു ദർശിക്കാൻപററാത്ത ദൈവത്തിൻെറ മുഖവും പുറവുംകണ്ട മോശയ്ക്കു തന്നെയും ദൈവത്തിൻെറ രൂപം സംബന്ധിച്ച ധാരണ എന്തായിരുന്നുവോ! ഏതായാലും മോശ ദൈവത്തിൻെറ വക്താവായിരുന്നു എന്ന വസ്തുത നിഷേധിക്കുവാൻ വിഷമമാകും. എബ്രായചരിത്രത്തിലും മനുഷ്യവർഗ്ഗത്തിൻെറ ഭാവുകത്തിലും മോശയുടെ ആകർഷണം മനുഷ്യനിലേക്കു ദൈവത്തെ ആനയിച്ച മഹാപ്രവാചകനെന്ന നിലയിലാണു്. അന്യഥാ മോശയെ ചിത്രീകരിക്കാനുള്ള ശ്രമം എബ്രായചരിത്രം പുതുക്കി എഴുതുക എന്നതാണു്. അതിനു പലരും ശ്രമിച്ചിട്ടുണ്ടു്—പക്ഷെ ആ ശ്രമങ്ങളെല്ലാം അലസിപ്പോവുകയേ ചെയ്തിട്ടുള്ളു.

മോശയുടെ കാലശേഷം ഒന്നുരണ്ടു ശതാബ്ദങ്ങളുടെ വളർച്ചയിൽ എബ്രായജനത ഒരു രാഷ്ട്രമായി രൂപംപ്രാപിച്ചു. എബ്രായചരിത്രത്തിലെ പ്രക്ഷുബ്ധമായ ഒരു കാലഘട്ടം. കാനാൻദേശത്തെ പൂർവ്വനിവാസികളോടും നാടുവാഴികളോടുമുള്ള സംഘട്ടനത്തിൽ എബ്രായഗോത്രങ്ങളുടെ ചരിത്രപരമായ ഏകീകരണത്തിനു വഴി തെളിക്കുകയും സാംസ്കാരികപശ്ചാത്തലം സജ്ജമാക്കുകയുംചെയ്തു

ഒന്നാണ് ആ കാലസന്ധി. മോശയുടെ കാലത്തുതന്നെ ഭരണാധി കാരവും പൗരോഹിത്യവും വേർതിരിക്കപ്പെട്ടുന്നതിൻെറ ചലനങ്ങൾ നമുക്കു കാണാം. പൗരോഹിത്യം അതിൻെറ പാരമ്പര്യാവകാശത്തെ സാവധാനത്തിൽ ഉറപ്പിച്ചുകൊണ്ടാണ് മുന്നോട്ടു നീങ്ങുന്നതു്. ഭര ണാധികാരമാകട്ടെ അപ്രകാരമല്ല. എന്നാൽ അവയുടെയെല്ലാം സംവിധായകനും നിയന്താവും ദൈവം മാത്രമാണ്. അവരുടെ വിജ യാപജയങ്ങളെല്ലാം ദൈവകല്പിതങ്ങളാണ്. ദൈവവുമായി നിര ന്തരസമ്പക്കം പുലത്തി, ദൈവികവെളിപാടുകളെയും ദൈവവചന ങ്ങളെയും പൂണ്ണമായി ആശ്രയിച്ചാണ് അവരുടെനീക്കങ്ങൾ. മോശ യുടെ അടുത്ത പിൻഗാമിയായ ജോഷ്വയും പാരമ്പര്യകഥയിൽ ഒരു ചെറിയ മോശയായിട്ടാണ് ചിത്രീകരിക്കപ്പെട്ടുക. ജോഷ്വയെ പിന്തുടർന്ന ന്യായാധിപന്മാരുടെ, ഡബോറയുടെയും ഗിദയോൻെറ യുമെല്ലാം, വീരസാഹസികചെയ്തികളുടെ മൗലികസ്വഭാവവും ഇപ്ര കാരംതന്നെയാകുന്നു.

ഇനിയങ്ങോട്ടു രാജാധിപത്യത്തിൻെറ കാലമാണ്. സാവൂ ളിൻെറയും ദാവീദിൻെറയും കാലങ്ങളിൽ, രാജവാഴ്ചയുടെ പ്രാരംഭ ത്തിൽതന്നെ വെളിപാടുകളിൽ ഒരു പ്രത്യേകസ്വഭാവം ദൃശ്യമായി തുടങ്ങുകയാണ്. അതു് പ്രവാചകരുടെ ആവിർഭാവവുമാണ്. എബ്റായ മതജീവിതത്തിൽ പുരോഹിതന്മാക്കും ന്യായാധിപന്മാ ക്കും രാജാക്കന്മാക്കുമുണ്ടായിരുന്ന പങ്ക് അഗണ്യമല്ല. പക്ഷെ എബ്റായവിശ്വാസത്തിൻെറ ആന്തരികചൈതന്യം നിലനിത്തു കയും വളത്തുകയും സുവ്യക്തമായി പ്രകാശിപ്പിക്കയുംചെയ്തതു പ്രവാ ചകരായിരുന്നു. പ്രവാചകർ എന്ന പൊതുവായ വിവക്ഷ അസാ ധാരണരായ നാനാതരം വിശുദ്ധപുരുഷന്മാരെയും വിചിത്രസംഭവ ങ്ങളെയും ഉൾക്കൊള്ളും. ഒരു ചെറിയ പ്രതിഫലംമാത്രം വാങ്ങി നഷ്ടപ്പെട്ട സാധനങ്ങൾ കണ്ടെടുത്തുകൊടുത്തിരുന്ന ശാമുവലും, ദൈവം കല്പിച്ചപ്പോൾ അർദ്ധനഗ്നനും നിഷ്പാദുകനുമായി ജറൂ സലം നഗരവീഥികളിൽകൂടി നടക്കുവാൻ ലജ്ജിക്കാതിരുന്ന ദിവ്യ നായ ഏശയ്യയും, തോലുകരംധരിച്ച് ഏകാന്തവാസംനയിച്ച ഏലി യായും, കൊച്ചുകുട്ടികളെ ഭയപ്പെടുത്തിനടന്ന ഏലീശായും, ദൈവ കല്പനയാൽ വേശ്യാസ്ത്രീയെ വിവാഹംചെയ്ത ഹോശയായുമെല്ലാം പ്രവാചകനിരയിലെ വിചിത്രപുരുഷന്മാരാണ്. അല്പം മുശടത്തവും കുറെ വികൃതത്തവും ഉള്ളവരായിരുന്നു അവരിൽ പലരും. കൂർമ്മ ബുദ്ധിയിലും കൗശലങ്ങളിലും അവർ പൊതുവെ പിന്നോക്കമായി

രുന്നു. അധികാരവും പദവിയും അവരെ ആകർഷിച്ചില്ല. എങ്കിലും ദൈവം അവരെ വിളിച്ചു. അവർക്കു ദൈവത്തിൻെറ വചനം ലഭിച്ചു. ആ ഇരുതലവാളുകൊണ്ടാണ് അവർ ചരിത്രം രചിച്ചതു്.

ഈ ദൈവവിളിയും വചനലബ്ധിയും എപ്രകാരമായിരുന്നു എന്നു നോക്കാം. ബാലനായ ശാമുവൽ ഉറങ്ങിക്കിടന്നപ്പോളാണ് വിളികേൾക്കുന്നതു്. അടുത്തമുറിയിൽനിന്നു തൻെറ ഗുരുവായ വൃദ്ധ പുരോഹിതനാണു വിളിക്കുന്നതെന്നു പയ്യൻവിചാരിച്ചു. ഹോരബ് പർവ്വതത്തിൽ ഏലിയായുടെ അനുഭവം നോക്കുക. ചുഴലിക്കാററും ഭൂകമ്പവും മിന്നൽപ്രവാഹവും കഴിഞ്ഞു് ഒരു നേരിയ വായുചലനത്തിലാണ് ദൈവസാന്നിദ്ധ്യമുണ്ടായതു്. വജ്രോജ്ജ്വലവും അത്ഭുതകരവുമായ ഒരു മഹാരഥത്തിൽ ആസനസ്ഥനായിക്കൊണ്ടാണ് ദൈവം എസക്കിയേലിനു ദർശിതനാകുന്നതു്. ഏശയ്യയുടെ പ്രഥമ ദർശനം ഈ ഭാവനകളെയെല്ലാം അതിലംഘിക്കും. അദ്ദേഹം ദേവാലയത്തിലായിരുന്നു. അപ്പോഴാണ് യാവെയുടെ പ്രതാപം ദർശിക്കുക. സിംഹാസനാരൂഢനായ ഒരു ഗംഭീരപുരുഷൻെറ വസ്ത്രചലനം അദ്ദേഹം കണ്ടു. ''പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്നു സ്വർഗ്ഗീയജീവികളുടെ ഗാനാലാപവും കേട്ടു. അതു തൻെറ അന്ത്യം തന്നെയെന്നാണ് ഏശയ്യ കരുതിയതു്. പാപിയും അശുദ്ധനുമായ താൻ ദൈവത്തിൻെറമുമ്പിലാണ് നില്ക്കുന്നതെന്നു അദ്ദേഹം മനസ്സിലാക്കി ഭയന്നു സംഭ്രമിച്ചു. എങ്കിലും ''ആരെയാണ് നാം അയക്കേണ്ടതു്'' എന്നൊരുശബ്ദം ആരോടെന്നില്ലാതെ ചോദിച്ചപ്പോൾ ''ഞാൻ ഇവിടെയുണ്ടു്, എന്നെ അയയ്ക്കുക'' എന്നു പറയാതിരിക്കാൻ ഏശയ്യക്കു കഴിഞ്ഞില്ല. ഒരു ദൈവദൂതൻ ഒരു കൊടിലു കൊണ്ടു് ജ്വലിക്കുന്ന ഒരു തീക്കട്ട തോണ്ടിയെടുത്തു് ഏശയ്യയുടെ അധരങ്ങളിൽ ഉരസി! കൊടിലുകൊണ്ടു തീക്കട്ട തോണ്ടിയെടുക്കുന്ന ദൈവദൂതനും അധരങ്ങളെ പൊള്ളിച്ചു ദഹിപ്പിക്കാത്ത തീക്കട്ടയും നമ്മെ വിസ്മിതരാക്കും. ഏശയ്യ ഒരു പ്രതിഭാശാലിയും ഭാവനാസമ്പന്നനും ആയിരുന്നു — തർക്കമില്ല. മനുഷ്യാധരങ്ങളുടെ മാലിന്യവും ദൈവവചനത്തിൻെറ പരിശുദ്ധിയും തമ്മിലുള്ള വമ്പിച്ച അന്തരം ജ്വലിക്കുന്ന തീക്കട്ട സ്പഷ്ടമാക്കുന്നുണ്ടു്. എന്നാൽ, തന്നെ ഒരു പ്രവാചകനായി ദൈവം വിളിച്ചു എന്നതു് ഏശയ്യ സ്വയം സൃഷ്ടിച്ച ഒരു ഭാവനയായിരുന്നു എന്നു കരുതിക്കൂട. ചെകിട്ടത്തു ചുട്ട ഒരടി ലഭിക്കുന്നവൻ നക്ഷത്രമെണ്ണുമെങ്കിൽ മനുഷ്യൻ ദൈവത്തെ നേരിട്ടു കാണുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ എന്തായിരിക്കും? ഭൗതിക

വിമർശകർക്കും മന:ശാസ്ത്ര വിദഗ്ദ്ധർക്കും അതു വ്യക്തമാക്കുവാൻ സാധിക്കയില്ല. ദൈവിക ദർശനങ്ങൾ ലഭിച്ചവരെല്ലാംതന്നെ അത്യൽക്കടമായ മാനസിക വിഭ്രമത്തിനു് അധീനരായിട്ടുണ്ടെന്നാണു് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നതു്, മനുഷ്യന്റെ മലിനതയും ദൈവത്തിന്റെ പരിശുദ്ധിയും തമ്മിലുള്ള അന്തരം ബോദ്ധ്യമാകവെ ഏശയ്യ സംഭ്രമാധീനനായി. അതു് ഒരു ഭാവനയായിരുന്നെന്നു് ആരെങ്കിലും കരുതുന്നെങ്കിൽ ഇതാ മറെറാരു ചിത്രംകൂടി പരിശോധിച്ചുകൊള്ളുക.

ദൈവവചനം ലഭിച്ചവരുടെ മറെറാരു മാതൃകയാണു പ്രവാചകനായ ജറമ്യ. അദ്ദേഹത്തെ ഒരു പ്രവാചകനായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന ദൈവസന്ദേശം കേൾക്കുമ്പോൾ ജറമ്യ സംഭ്രമാധീനനാവുകയാണു്. താൻ ഒരു ബാലനും സംസാരിക്കാൻ അറിവില്ലാത്തവനുമാണെന്നു ജറമ്യ ആവലാതിപ്പെട്ടു. ''ഞാൻ അയക്കുന്നിടത്തെല്ലാം പോവുക'' എന്ന ശാസനമായിരുന്നു മറുപടി. ദൈവം ജറമ്യയുടെ വായിൽ സ്പർശിച്ചു സ്വവചനങ്ങളെ ജറമ്യയുടെ വായിലേക്കു പകർന്നു. ജറമ്യയുടെ ജീവിതത്തിലേററ കനത്ത ആഘാതമായിരുന്നു അതു്. ആ പ്രവാചകവൃത്തി അദ്ദേഹത്തിനു തെല്ലും സംതൃപ്തി നൽകിയില്ല. സ്വന്തം ജനങ്ങൾ തങ്ങളുടെ ദുഷ്ടതയാൽ നശിക്കുന്നു എന്നു് അവരെ പഴിക്കുവാൻ അദ്ദേഹം സദാ വിമുഖനായിരുന്നു--വിരസതയും ശക്തിഹീനതയുമാണു തോന്നിക്കൊണ്ടിരുന്നതു്. ദൈവവചനത്തിന്റെ പ്രഖ്യാപനം വരുത്തിക്കൂട്ടുന്ന എതിർപ്പുകളെയും പീഠനങ്ങളെയും കുറിച്ചു് അദ്ദേഹത്തിനു് ദൈവത്തോടു് ആവലാതിയുമുണ്ടു്. പക്ഷെ ദൈവത്തിന്റെ വചനം ജ്വലിക്കുന്ന അഗ്നിപോലെ ഹൃദയത്തിൽ വമിച്ചുകൊണ്ടിരുന്നു. അതു വഹിക്കാനും അമർത്താനും അദ്ദേഹം ശക്തനായില്ല -- പ്രഖ്യാപിക്കാതെ നിവർത്തിയുമുണ്ടായില്ല. എന്തൊരു മാനസിക വൈരുദ്ധ്യമാണു്! ജറമ്യയുടെ മാനുഷികധൈര്യം നഷ്ടപ്പെട്ടപ്പോഴെല്ലാം ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ടു. അതു് ഒരു കവചിതദുർഗ്ഗംപോലെ രക്ഷാകരവുമായിത്തോന്നി. കള്ളപ്രവാചകരെന്നു നാം പറയുന്നവരെപ്പററിയും അദ്ദേഹം ബോധവാനായിരുന്നോ എന്നു തോന്നിപ്പോകും. മനുഷ്യൻ സ്വന്തഭാവനകളെത്തന്നെ ദൈവവചനമെന്നു തെററിദ്ധരിച്ചു സ്വയം വഞ്ചിതനാകുന്നതിനെ സംബന്ധിച്ചും അദ്ദേഹം ചിന്താകുലനായിരുന്നു എന്നു കാണാം.

ജറമ്യയുടെ ദൈവവിളിയെ പലരും വെല്ലുവിളിച്ചു പക്ഷേ നിർജ്ജീവ പ്രതികരണങ്ങളേ അദ്ദേഹത്തിലുണ്ടായിരുന്നുള്ളു. ശാന്തമായി കാത്തുനിൽക്കാനല്ലാതെ മററൊന്നും പറയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എബ്രായചരിത്രത്തിൽ അതിലേറെ ശാന്തമായിരുന്ന ഒരു ഘട്ടത്തിലാണ് തന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുവാൻ അകാലികമായ ഇടിയും കൊടുങ്കാററും ശാമുവൽ വിളിച്ചുവരുത്തിയതു്. കാർമ്മൽ മലയുടെ മുകളിൽ ബാലിന്റെ പുരോഹിതന്മാരെ വെല്ലുവിളിച്ച ഏലിയായുടെ പ്രാർത്ഥനയാൽ ദൈവം മിന്നൽപിണരുകളയച്ചു് ഏലിയായുടെ ബലിവസ്തുക്കളെ ദഹിപ്പിച്ചു. ജറമ്യയുടെ കാലത്തു് യാവേയ്ക്കു ശക്തിക്ഷയം ഭവിച്ചോ? അഥവാ ജറമ്യയുടെ വിശ്വാസം കുറവായിരുന്നോ? ഒന്നുമല്ല. ജറമ്യയുടെ മറുപടി ഇടിയെയും മിന്നലിനെയുംകാൾ ഉറപ്പുനൽകുന്നതാണ്. കാരണം, അതു തികച്ചും മാനുഷികമാണ്—അദ്ദേഹത്തിന്റെ സ്വഭാവമേന്മയെ വിളിച്ചറിയിക്കുന്നതുമാണ്. ആ സ്വഭാവയോഗ്യതയാണ് കള്ളപ്രവാചകരിൽനിന്നും അദ്ദേഹത്തെ വേർതിരിച്ചുനിർത്തുന്ന സുപ്രധാന വസ്തുതയും. അവർ അദ്ദേഹത്തെ മർദ്ദിച്ചു. കാരണം സ്വന്തം വ്യക്തിത്വവും ആസ്തിത്വവുമെല്ലാം എതിർത്തിട്ടുകൂടി ദൈവത്തിന്റെ വചനം പ്രഖ്യാപിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മനുഷ്യൻ തങ്ങളുടെ വികാരങ്ങൾക്കും ബോദ്ധ്യങ്ങൾക്കും മൂലമായ ജീവിതവിശ്വാസങ്ങൾക്കുവേണ്ടി പീഢനങ്ങൾ സഹിക്കാറുണ്ട്—ആത്മാഹുതിചെയ്യാറുണ്ട്. പക്ഷേ സ്വന്തബോദ്ധ്യത്തിനും വ്യക്തിത്വത്തിനും വിരുദ്ധമായി ആരും അതുചെയ്യാറില്ല. ജറമ്യയുടെ സാക്ഷ്യം, അദ്ദേഹം സ്വയം ബോദ്ധ്യപ്പെടുകയല്ല, പ്രത്യുത ഒരന്യശക്തിയാൽ നിർബ്ബന്ധിക്കപ്പെട്ടു എന്നതാണ്. വിമനസ്സനായ ഒരു സാക്ഷി, ശക്തനാണ്—എന്നാൽ ആ ശക്തി തന്റെ സ്വന്തമല്ല—തനിക്കു വെളിയിൽനിന്നു ലഭിച്ചതുമായിരുന്നു. ഈ ആന്തരിക സംഘട്ടനം പ്രവാചകരിലെല്ലാം ഒരേയളവിലുണ്ടായിരുന്നു എന്നു കാണാനില്ല. പക്ഷേ തങ്ങളുടെ വെളിപാടുകളുടെയും പ്രവചനങ്ങളുടെയും അടിസ്ഥാനമായ പ്രേരണാശക്തി തങ്ങൾക്കതീതമാണെന്നു് അവർക്കു ബോദ്ധ്യമായിരുന്നു. അവരുടെ ചെയ്തികളും സൂക്തങ്ങളും ആ വസ്തുത തികച്ചും സ്പഷ്ടമാക്കുന്നുണ്ട്. ക്രിസ്ത്യൻ മിസ്റ്റിക്കുകളുടെ മാനസികാനുഭവങ്ങളിലും ഈദൃശസവിശേഷതകൾ കാണാം. അവ മനഃശാസ്ത്രവിമർശകരുടെ പരിധിയിൽ ഒതുങ്ങിനിൽക്കുന്നവയല്ല. അതിന്റെ നിദാനം വിശ്വാസത്തിന്റെ ചക്ഷുസുകൾക്കേ ദർശിക്കാൻ കഴിയൂ.

പഴയ ഉടമ്പടിയിൽ മനുഷ്യൻ ദൈവത്തെ ദർശിക്കുകയും ദൈവഭാഷണം ശ്രവിക്കയും ചെയ്തതിന്റെ പൊരുൾ എന്താണെന്നാണു് നാം പരിശോധിച്ചതു്. ദൈവം അവർക്കു കാണപ്പെടുകയും അവരോടു സംസാരിക്കുകയും, അതിന്റെ അനുഭവസ്ഥർ ദൈവത്തിന്റെ പ്രഭാഷകരായി പരിണമിക്കയും ചെയ്തു എന്ന ബോദ്ധ്യത്തിൽനിന്നു് തീർത്തും ഒഴിഞ്ഞുമാറാൻ ഇവിടെ നമുക്കു സാധിക്കുന്നുണ്ടോ? വളരെ നിസ്സാരമനുഷ്യരായിരുന്നു അവരിൽ പലരും. എന്നാൽ അവർ ദൈവത്തെ അറിഞ്ഞതു് ദൈവം അവരോടു സംസാരിച്ചതു നിമിത്തമായിരുന്നു എന്നു് എബ്രായർക്കുണ്ടായിരുന്ന ബോദ്ധ്യം എബ്രായവിശ്വാസത്തിൽനിന്നു വിച്ഛേദിക്കുവാൻ സാദ്ധ്യമല്ല.

# 13. അതിഥിപൂജ

ഉല്പത്തി 18-19

കഥാസാരം: വെയിലിൻെറ കാഠിന്യം നിമിത്തം അബ്രാഹം തൻെറ കൂടാരവാതിൽക്കൽ വിശ്രമിക്കയായിരുന്നു. അപ്പോൾ തനിക്കെതിരെ ദിവ്യതേജസുള്ള മൂന്നു പുരുഷന്മാർ നിൽക്കുന്നതു അബ്രാഹം കണ്ടു. അബ്രാഹം അവരുടെ പക്കലേക്കു് ഓടിച്ചെന്നു നാട്ടാചാരമനുസരിച്ചു കുമ്പിട്ടു അവരെ ബഹുമാനിച്ചു. തൻെറ ആതിഥ്യം സ്വീകരിച്ചു വേണ്ടത്ര വിശ്രമിച്ചു ഭക്ഷണം കഴിക്കാതെ പോകരുതേയെന്നു് അദ്ദേഹം അവരോടു് അഭ്യർത്ഥിച്ചു. അതിഥികൾ ക്ഷണനം സ്വീകരിച്ചു പാർശ്വത്തിലുണ്ടായിരുന്ന വൃക്ഷത്തിൻെറ തണലിൽ ഉപവിഷ്ടരായി. ഭക്ഷ്യപാനീയങ്ങൾ വേഗം തയ്യാറായി. അപ്പവും മാംസവും വെണ്ണയും പാലും അവരുടെ മുന്നിൽ നിരന്നു. അതിഥിസൽക്കാരം പ്രാചീന എബ്രായ ജനതയ്ക്കു് ഒരു മഹാസുകൃതമായിരുന്നു. അബ്രാഹം അതിഥികളെ പരിചരിച്ചുകൊണ്ടു് അവരുടെ അരികൽത്തന്നെ നിന്നു. അവർ ഭക്ഷിച്ചു സംതൃപ്തരായി. അപ്പോൾ അവരുടെ നായകൻ സാറായുടെ ക്ഷേമം അന്വേഷിച്ചു. ഇനിയും ഒരു വർഷം കഴിഞ്ഞു താൻ മടങ്ങിച്ചെല്ലുമെന്നും അപ്പോഴേക്കും അവൾ ഒരു പുത്രനെ പ്രസവിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. സാറാ കൂടാരവാതിൽക്കൽ വന്നു മറഞ്ഞുനിന്നു സംഭാഷണം ശ്രവിച്ചുകൊണ്ടിരുന്നു. ഹാസ്യവും പുഞ്ചിരിയുമാണു് അവൾക്കുണ്ടായതു്. തൻെറ ആർത്തവകാലമെല്ലാം കഴിഞ്ഞു; താനും ഭർത്താവും വൃദ്ധരായി; ഇനിയുംമക്കളുണ്ടാകുമെന്നു പറയുന്നതു പരിഹാസ്യമല്ലാതെ മറെറന്താണു്? സാറായുടെ അന്തർഗ്ഗതം ക്ഷണത്തിൽ അതിഥിയും മനസ്സിലാക്കി. ''എന്താണു സാറാ ചിരിച്ചതു്? കർത്താവിനസാദ്ധ്യമല്ലാത്ത കാര്യമുണ്ടോ?''—അദ്ദേഹം ശാന്തമായിചോദിച്ചു. മറഞ്ഞുനിന്നിരുന്ന തൻെറ ചിരിയും ചിന്തയും കണ്ടറിഞ്ഞ ആ മഹാപുരുഷനാരെന്നു് അവൾ ഭയപ്പെട്ടു. ''ഞാൻ ചിരിച്ചില്ല'' സംഭ്രമത്തോടുകൂടി അവൾ പ്രതിവചിച്ചു.

അതിഥികൾ വിശ്രമം കഴിഞ്ഞു യാത്രതിരിച്ചപ്പോൾ അബ്രാഹം അവരെ അനുയാത്രചെയ്തു. അവരിൽ നായകൻ തൻെറ അനുയായികളെ രണ്ടുപേരേയും സോദോമിലേക്കു പറഞ്ഞയച്ചശേഷം അബ്രാഹത്തിനു ചിലകാര്യങ്ങൾ വെളിപ്പെടുത്തി.

സോദോം—ഗൊമോറ നിവാസികളുടെ കഠിനപാപങ്ങൾ നിമിത്തം അവക്കും ആ നഗരങ്ങൾക്കും നിത്യനാശം ആസന്നമായിരിക്കുന്നു— കത്താവായ ദൈവം നേരിട്ടറിയിക്കയാണ്. അബ്രാഹത്തിൻെറ ഹൃദയം കലങ്ങിമറിഞ്ഞു. അതു തൻെറ മാതുലപുത്രൻ ലോത്തിൻെറയും കുടുംബാംഗങ്ങളുടെയും മാത്രം രക്ഷയെക്കുറിച്ചായിരുന്നില്ല, ആ നഗരവാസികളെ മുഴുവൻ സംബന്ധിച്ചായിരുന്നു. അത്യുന്നതനായ ദൈവമാണു സോദോമിൻെറ ശിക്ഷാവിധി പ്രഖ്യാപിക്കുന്നത്. എല്ലാം അറിയുന്ന അവിടുത്തെ സന്നിധിയിൽ എന്താണ് ഉണത്തിക്കാനുള്ളത്? നഗരത്തിൽ അമ്പതു നീതിമാന്മാരെങ്കിലുമുണ്ടെങ്കിൽ നഗരം നശിപ്പിക്കരുതേ എന്ന് അബ്രാഹം പ്രാത്ഥിച്ചു. കത്താവ് അതു സമ്മതിച്ചു. അപ്പോൾ അബ്രാഹത്തിനു സംശയമായി. നീതീകരിക്കപ്പെട്ടവർ അത്രയും ഇല്ലെങ്കിലോ? നാല്പത്തഞ്ചുപേരുണ്ടെങ്കിൽ നശിപ്പിക്കരുതെന്നു വീണ്ടും പ്രാത്ഥനയായി. അതും സമ്മതിക്കപ്പെട്ടു. പക്ഷെ വീണ്ടും സംശയമായി. നീതിമാന്മാർ നാല്പതുപേരേ ഉള്ളുങ്കിലോ? നാല്പതു്—മുപ്പതു്—ഇരുപതു്— അബ്രാഹം വീണ്ടും വീണ്ടും അപേക്ഷിച്ചു. വേണ്ട, പത്തുപേരെങ്കിലുമുണ്ടെങ്കിൽ നഗരത്തെ നശിപ്പിക്കയില്ലെന്നായിരുന്നു അവസാന സമ്മതം.

അതും അസാധ്യമായിരുന്നു. സോദോമിലെ സ്ഥിതിഗതികളറിയുവാൻ ചെന്നെത്തിയ കർത്തൃ ദൂതന്മാക്കു ലോത്ത് ആതിഥ്യം നൽകി. സന്ധ്യാസമയത്തു നഗരവാസികളായ പുരുഷന്മാരെല്ലാം കൂടി ലോത്തിൻെറ വീടുവളഞ്ഞു വാതിൽക്കൽ തടിച്ചുകൂടി. ലോത്തിൻെറ അതിഥികൾ രണ്ടുപേരെയും തങ്ങൾക്കു ഭോഗിക്കുവാൻ വിട്ടുകൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അതിഥികളെ അപമാനത്തിനു പാത്രമാക്കുകയോ? അതിൽഭേദം എന്തു ഞെരുക്കവും താനും കുടുംബാംഗങ്ങളും സഹിക്കുകയാണെന്നു ലോത്തു തീർച്ചയാക്കി. പുരുഷസ്പർശമേൽക്കാത്ത രണ്ടു പുത്രിമാർ തനിക്കുണ്ടെന്നും അവരെ കൊണ്ടുപോയി യഥേഷ്ടം ഭോഗിച്ചുകൊള്ളു എന്നും ലോത്ത് നഗരവാസികളോടു പറഞ്ഞു. എന്നാൽ അവരതു കേൾക്കാൻ തയ്യാറായില്ല. അക്രമത്തിനാണ് ഒരുങ്ങിയതു്. അപ്പോൾ അതിഥികൾ ലോത്തിനെ ഗൃഹത്തിനുള്ളിലേക്കുപിടിച്ചുവലിച്ചു വാതിലുകൾ ബന്ധിച്ചു. ഭവനഭേദനത്തിനുള്ള ശ്രമങ്ങൾ ഒന്നും നടപ്പാകാതെ വരികയാൽ നഗരവാസികൾ മടങ്ങിപ്പോയി. ലോത്തും കുടുംബാംഗങ്ങളും ആശ്ചര്യകരമായി സംരക്ഷിക്കപ്പെട്ടു.

നഗരത്തിൻെറ നാശം ആസന്നമായിരിക്കുന്നെന്നു് അതിഥികൾ ലോത്തിനു മുന്നറിവുനൽകി ഉടൻ സ്ഥലംവിട്ടു പൊയ്ക്കൊള്ളാൻ നിർദ്ദേശിച്ചു. പ്രഭാതമായപ്പോൾ അവർ ലോത്തിനെയും ഭാര്യയേയും അവരുടെ രണ്ടു പുത്രിമാരെയും നഗരത്തിനു വെളിയിൽ കൊണ്ടുപോയി പിന്തിരിഞ്ഞുനോക്കാതെ ഓടി രക്ഷപ്പെടുവാൻ ആജ്ഞാപിച്ചു. അടുത്തുണ്ടായിരുന്ന ഒരു ചെറിയ നഗരത്തിൽ അഭയംപ്രാപിക്കുന്നതിനു് ലോത്തു് അനുവാദംചോദിച്ചു. ദൂതന്മാർ അതു് അനുവദിക്കയുംചെയ്തു. അങ്ങനെ ലോത്തു് നിമിത്തം ആ ചെറിയ നഗരം രക്ഷപെടാനും അതിനു് 'സെഗോർ' എന്നു പേരു ലഭിക്കാനും ഇടയായി എന്നു പാരമ്പര്യം പറയുന്നു. ആകാശത്തുനിന്നു തീയും ഗന്ധകവും വർഷിച്ചു സോദോമും ഗൊമോറയും നാമാവശേഷമായി. ജിജ്ഞാസുവായി പിന്തിരിഞ്ഞു നോക്കിനിന്ന ലോത്തിൻെറ ഭാര്യ, അവളുടെ ജിജ്ഞാസക്കും അനുസരണക്കേടിനും ശിക്ഷിക്കപ്പെട്ടു് ഉപ്പുതൂണായിത്തീർന്നു.

ഉഗ്രപാപം: സ്വവർഗ്ഗഭോഗം പ്രകൃതിവിരുദ്ധമാണു്, അത്യുഗ്രമായ ദൈവകോപത്തിനും ശിക്ഷയ്ക്കും കാരണമാകുന്നു എന്നാണു് സോദോമിൻെറ കഥയെ ആസ്പദമാക്കി ബൈബിൾകർത്താവു പഠിപ്പിക്കുക. ഭീകരമായ തിന്മയിൽനിന്നും ശിക്ഷയിൽനിന്നും രക്ഷ നേടാൻ അതിൻെറ സാഹചര്യങ്ങളിൽനിന്നു നെട്ടോട്ടമേ മാർഗ്ഗമുള്ളു എന്നും, ആ പലായനത്തിൽ ജിജ്ഞാസയാലും മോഹാവേശത്താലും ശങ്കിച്ചുനിൽക്കുന്നവർ വീണ്ടും നിത്യനാശത്തിലേക്കുതന്നെ പതിക്കും എന്നാണു് ലോത്തിൻെറ ഭാര്യയുടെ അനുഭവം സ്ഥാപിക്കുക.

ഉപ്പുതൂണും മററും: മടിച്ചു മടിച്ചു പുറകിൽനിന്ന സ്ത്രീ ധൂമപടലങ്ങളിൽപെട്ടു മരിക്കുകയും അവളുടെ ജഡം ഉപ്പിൽപുതഞ്ഞു കട്ടപിടിക്കയും ചെയ്തിരിക്കാം. പ്രകൃതിയിലെ അസാധാരണമായ ഒരു സവിശേഷതയാണതു്. അതിൻെറ സാദ്ധ്യത ശാസ്ത്രീയമായി നിഷേധിക്കാവുന്നതുമല്ല. പോംപെയിലെ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്ന മനുഷ്യശരീരക്കട്ടകൾ അതു തെളിയിക്കുന്നു. സോദോമിലെ അഗ്നിപാതവും ഒരു സ്വാഭാവിക സംഭവമായിരുന്നെന്നു വരാം. ഭൂമിയുടെ അന്തർഭാഗത്തു കെട്ടിനിൽക്കുന്ന സ്ഫോടകവായുക്കളും ദ്രാവകങ്ങളും ഭൂചലനം നിമിത്തം പുറത്തേക്കു പൊട്ടിപ്പുറപ്പെടുകയും ഭയങ്കരമായ അഗ്നിബാധയുണ്ടാകയും ചെയ്യാമല്ലോ? അപൂർവ്വം ചില സംഭവങ്ങൾ അങ്ങനെ ഉണ്ടായിട്ടുണ്ടു്. സോദോ

മിലും അപ്രകാരം സംഭവിച്ചിരിക്കാം എന്നു ചാവുകടലിൻെറ പരിസരങ്ങളിലെ ഭൂപ്രകൃതി ചൂണ്ടിക്കാണിക്കുന്നു. പക്ഷെ സംഭവകാലം തിട്ടമല്ല. ലോത്തിൻെറ ജീവിതാനുഭവങ്ങളോടു ബന്ധപ്പെട്ടല്ലായിരുന്നെന്നും വരാം. എബ്രായവക്താക്കൾ തങ്ങളുടെ ദൈവിക തെരഞ്ഞെടുപ്പും അബ്രാഹത്തിൻെറ മഹത്വവും പ്രഖ്യാപിക്കാൻ പുരാതനമായ ആ പ്രകൃതിക്ഷോഭത്തെ സംഭവിച്ച പാരമ്പര്യംകൂടി ലോത്തിൻെറ ജീവിതത്തോടു ബന്ധപ്പെടുത്തിയതുമാകാം. ലോത്തും കുടുംബവും ശിഷ്ടചരിത്രത്തിൽ ഒഴിവാക്കപ്പെടുകയുമാണ്.

**ഗോത്രരക്ഷ:** ലോത്തിൻെറ ശിഷ്ടജീവിതത്തിലെ വിരസമായ ഒരുസംഭവം ഇതോടൊന്നിച്ചു ഉല്പത്തി 19—ാം അദ്ധ്യായത്തിൽ ഉണ്ട്. സോദോമിൻെറ നാശത്താൽ തങ്ങളുടെ ബന്ധുമിത്രാദികളെല്ലാം നഷ്ടപ്പെട്ടപ്പോൾ ലോത്തിൻെറ കാനാന്യപുത്രിമാർ ഭർത്തൃലബ്ധിയെസംബന്ധിച്ച് ആകുലരായി. സന്താനവാഞ്ഛയാൽ അവർ തങ്ങളുടെ പിതാവിനു മദ്യംനൽകി അദ്ദേഹത്തെ അസ്തപ്രജ്ഞനാക്കിയശേഷം അദ്ദേഹവുമായി സംഭോഗംചെയ്തു. സോദോമിൻെറ സാംസ്കാരിക നിലവാരംവച്ചുനോക്കിയാൽ ആ കാനാന്യയുവതികളിൽനിന്നു് അതിലേറെ സാന്മാർഗ്ഗികത പ്രതീക്ഷിക്കേണ്ടതില്ല. സെമിററിക്ക് ജനതകൾക്കു പൊതുവെ തങ്ങളുടെ ഗോത്രരക്ത സംരക്ഷണത്തിലുണ്ടായിരുന്ന നിഷ്കർഷയുടെയും, ലേവ്യഗ്രന്ഥത്തിൽ (18,19) കാണുന്ന ഗോത്രാഭ്യന്തര വിവാഹ **(Levirate Marriage)** നിയമങ്ങളുടെയും പിന്നിലുള്ള ഒരു സാമൂഹ്യപ്രവണതകൂടി ഇവിടെ ദ്യോതിപ്പിക്കപ്പെടുന്നുണ്ട്.

# 14. പുത്രബലി

ഉല്പ: 22. 1-19

പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു. അബ്രാഹം, അവിടുന്നു വിളിച്ചു. ഇതാ ഞാൻ, അവൻ വിളി കേട്ടു / ദൈവം കല്പിച്ചു: നീ സ്നേഹിക്കുന്ന നിൻെറ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു് മോറിയ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്നമലമുകളിൽ നീ അവനെ എനിക്കു് ഒരു ദഹനബലിയായി അർപ്പിക്കണം / അബ്രാഹം അതിരാവിലെ എഴുന്നേററു കഴുതയ്ക്കു ജീനിയിട്ടു് രണ്ടു വേലക്കാരെയും മകൻ ഇസ ഹാക്കിനെയുംകൂട്ടി ബലിക്കുവേണ്ട വിറകും കീറിയെടുത്തു് ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു / മൂന്നാം ദിവസം അവൻ തലഉയ ർത്തിനോക്കിയപ്പോഠം അകലെ ആ സ്ഥലംകണ്ടു / അവൻ വേല ക്കാരോടു പറഞ്ഞു: കഴുതയുമായി നിങ്ങഠം ഇവിടെ നിൽക്കുക. ഞാനും മകനും അവിടെ പോയി ആരാധിച്ചു തിരിച്ചുവരാം / അബ്രാഹം ദഹനബലിക്കുള്ള വിറകെടുത്തു് മകൻ ഇസഹാ ക്കിൻെറ ചുമലിൽ വച്ചു. കത്തിയും തീയും അവൻ തന്നെ എടുത്തു. അവർ ഒരുമിച്ചു മുമ്പോട്ടു നടന്നു / ഇസഹാക്കു് തൻെറ പിതാവായ അബ്രാഹത്തെ വിളിച്ചു, പിതാവെ. എന്താ മകനെ, അബ്രാഹം വിളികേട്ടു. ഇസഹാക്കു പറഞ്ഞു: തീയും വിറകും ഉണ്ടല്ലോ. എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടു് എവിടെ / അവൻ മറുപടി പറഞ്ഞു : ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തരും. അവർ ഒന്നിച്ചു മുമ്പോട്ടുപോയി /

ദൈവം പറഞ്ഞ സ്ഥലത്തെത്തിയപ്പോഠം അബ്ററാഹം ഒരു ബലിപീഠം പണിതു. വിറകു് അടുക്കിവച്ചിട്ടു് ഇസഹാ ക്കിനെ ബന്ധിച്ചു വിറകിനു മീതെ കിടത്തി / മകനെ ബലി കഴിക്കാൻ അബ്ററാഹം കത്തി കയ്യിലെടുത്തു / തൽക്ഷണം കർത്താ വിൻെറ ദൂതൻ ആകാശത്തുനിന്നു് അബ്ററാഹം, അബ്ററാഹം എന്നു വിളിച്ചു. ഇതാ ഞാൻ, അവൻ വിളികേട്ടു / ദൂതൻ പറഞ്ഞു: കുട്ടിയുടെ മേൽ കൈവയ്ക്കരുതു്. അവനെ ഒന്നും ചെയ്യരുതു്. നീ ദൈവത്തെ ഭയപ്പെടുന്നു എന്നു് എനിക്കു ഇപ്പോഠം ഉറപ്പായി. കാരണം, നിൻെറ ഏകപുത്രനെ എനിക്കു തരാൻ നീ മടികാ ണിച്ചില്ല / അബ്ററാഹം തലപൊക്കി നോക്കിയപ്പോഠം, തൻെറ പിന്നിൽ, മുഠംച്ചെടികളിൽ കൊമ്പു് ഉടക്കിക്കിടക്കുന്ന ഒരു മുട്ടാ

ടിനെ കണ്ടു. അവൻ അതിനെ മകനു പകരം ദഹനബലി അർപ്പിച്ചു / അബ്രാഹം ആ സ്ഥലത്തിനു 'യാവെയിരെ' എന്നു പേരിട്ടു. കർത്താവിൻെറ മലയിൽ അവിടുന്നു വേണ്ടതു പ്രദാനം ചെയ്യുന്നു എന്നു് ഇന്നുവരെയും പറയപ്പെടുന്നു / കർത്താവിൻെറ ദൂതൻ ആകാശത്തുനിന്നു് വീണ്ടും അബ്രാഹത്തെ വിളിച്ചു പറഞ്ഞു / കർത്താവു് അരുളിച്ചെയ്യുന്നു, നിൻെറ ഏക പുത്രനെപ്പോലും എനിക്കു തരാൻ മടിക്കായ്കയാൽ ഞാൻ ശപഥംചെയ്യുന്നു / ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിൻെറ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും ഞാൻ വദ്ധിപ്പിക്കും. ശത്രുവിൻെറ നഗര കവാടങ്ങൾ അവർ പിടിച്ചെടുക്കും / നീ എൻെറ വാക്കു് അനുസരിച്ചതുകൊണ്ടു് നിൻെറ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും / അബ്രാഹം എഴുന്നേററു തൻെറ വേലക്കാരുടെ അടുത്തേക്കുചെന്നു് അവരൊന്നിച്ചു് ബേർഷേബയിലേക്കുപോയി. അബ്രാഹം ബേർഷേബയിൽ പാത്തു.

* * * * *

**വിശ്വാസികളുടെ പിതാവു്:** അബ്രാഹത്തെ വിശ്വാസികളുടെ പിതാവു് എന്ന ഉന്നത പദവിയിലേക്കുയർത്തിയ സംഭവമാണു് ഉല്പത്തി 22-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുക. ദീർഘകാലത്തെ പ്രാത്ഥനയുടെയും പ്രത്യാശയുടെയും ഫലമായി അബ്രാഹത്തിനും സാറായ്ക്കും വാർദ്ധക്യകാലത്തു് അത്ഭുതകരമായി ലഭിച്ച ഏകപുത്രനായിരുന്നു ഇസഹാക്കു്. അവരുടെ ജീവിതാന്ത്യത്തിൽ സംതൃപ്തിയുടെയും സൗഭാഗ്യത്തിൻെറയും പൂനിലാവു പരത്തിയ പിഞ്ചുകുമാരൻ. അവൻ മാതൃവക്ഷസിൽ കിടന്നു മുലപ്പാൽ നുണഞ്ഞിറക്കിയപ്പോഴും, പിച്ചപിച്ചനടന്നു കുസൃതിത്തരങ്ങൾ കാട്ടിയപ്പോഴും ആ വൃദ്ധദമ്പതികളുടെ ആനന്ദം എന്തല്ലായിരുന്നു! ഇരവുപകലില്ലാതെ അവനിൽ കണ്ണുംകരളും നട്ടു് തള്ളിനീക്കിയ നിമിഷങ്ങൾ എത്രയല്ല! അവൻെറ ഭാവി ഭദ്രമാക്കുവാൻ ദാസിഹാഗാറിനെയും ഇശ്മായലിനെയും കുടുംബത്തിൽ നിന്നു ബഹിഷ്കരിച്ചു. അവരുടെ ജീവിതത്തിലെ ഏകാവലംബവും ഭാവി പരമ്പരയുടെ ആശാകേന്ദ്രവും അവനായിരുന്നു. അപ്പോഴാണു് ഇതാ ദൈവകല്പന, അവനെ ദഹനബലിയർപ്പിക്കണമെന്നു്! ക്ഷണികമായ സുഖസന്തോഷങ്ങൾക്കുവേണ്ടി സ്വന്തം മനസ്സാക്ഷിയുടെ

പ്രേരണകളിൽനിന്നും ഒളിച്ചോട്ടകയും ദൈവതിരുച്ചിത്തത്തെ ക്രൂസലെന്ന്യെ ധിക്കരിക്കയും ചെയ്യുന്നവരാണ് മനുഷ്യരിൽ നല്ല പങ്കും. പക്ഷെ അബ്ഹ്റാഹം എന്താണ ചെയ്തതു്? എല്ലാററിനും ഉടയവനായ ദൈവമാണ കല്പിക്കുക. എല്ലാം അവിടത്തെ ദാനമാണ് — ഈ ഓമനപ്പുത്രനും. മറെറാന്നും ആലോചിക്കാനില്ല. ദൈവകല്പന ഉടൻ നിറവേററുകതന്നെ. പിതാവും പുത്രനും മോറിയ മലയുടെ മുകളിലേയ്ക്ക് നടന്നുകയറുന്ന ശോകാത്മകരംഗം ഉദ്വേഗപൂർവ്വമല്ലാതെ എങ്ങനെ ഭാവനചെയ്യാം! ഹോമിക്കാനുള്ള കുഞ്ഞാട് എവിടെ അപ്പാ എന്നു ചോദിക്കുന്ന ബാലൻെറ നിഷ്കപടതയും, ദൈവം തന്നെ നൽകുമെന്നു പ്രതിവചിക്കുന്ന പിതാവിൻെറ നിശ്ചഞ്ചലതയും നമ്മെ സ്തബ്ധരാക്കും. ആ വൃദ്ധഹൃദയത്തിലെ വികാരങ്ങൾ എന്തല്ലായിരുന്നു! ദുഃഖവും നിരാശയുംകൊണ്ടു നിശ്ചേഷ്ടമായിരുന്നെന്നോ? അല്ല, ദൈവപരിപാലനയ്ക്കു സ്വയം സമർപ്പിച്ച, വീരസാഹസികമായ വിശ്വാസദാർഢ്യത്തോടുകൂടിയാണ് ആ വിശുദ്ധപുരുഷൻ മുന്നോട്ടുപോകുന്നതു്. മോറിയ മലയിലെ അത്യുജ്ജ്വലമായ ആ പരിത്യാഗത്തിൻെറ ഉൽക്കടരംഗം പൂർത്തീകരിക്കപ്പെട്ടതു പതിനെട്ടു നൂററാണ്ടുകൾക്കുശേഷം കാൽവരിയുടെ മുകൾപ്പരപ്പിലായിരുന്നു. ''നിൻെറ അനുസരണയ്ക്കു സമ്മാനമായി ഭൂമിയിലെ സകലജാതികളും നിൻെറ പിൻഗാമികളാൽ അനുഗ്രഹിക്കപ്പെടും'' എന്നു് മോറിയയിൽവച്ചു് അബ്ഹ്റാഹത്തിനു നൽകപ്പെട്ട വാഗ്ദാനം കാൽവരിയിൽ സംപൂർണ്ണമാക്കപ്പെട്ടു. മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വപുത്രനെ ക്രൂശുമരണത്തിനു സമർപ്പിച്ച സ്വർഗ്ഗീയ പിതാവിൻെറ പ്രതീകമായിട്ടാണ് അബ്ഹ്റാഹത്തിൻെറ ജ്യോതിർപ്രഭാവം പ്രതിഭാസിക്കുക.

അബ്ഹ്റാഹത്തിൻെറ ഈ ബലിയർപ്പണ കഥയിൽക്കൂടി മറെറാരമൂല്യസന്ദേശവും ബൈബിൾകർത്താവു സമകാലികർക്കു നൽകുകയായി. അതു് കാനാന്യരിലും മററു ജനങ്ങൾക്കിടയിലുമുണ്ടായിരുന്ന നരബലിയെ സംബന്ധിച്ചാണ് — മനുഷ്യജീവൻെറ പൂർണ്ണമായ ഉടയവനും അധികാരിയും ദൈവമാണെന്നും നരബലി അവിടന്നു് ഇഷ്ടപ്പെടുന്നില്ലെന്നും.

★★

# 15. നിത്യശാന്തി

ഉല്പ: 23. 1-20

**സാറായുടെ മരണം:** ദീഘ്ഘവും സുകൃതസമ്പന്നവുമായ രണ്ടു ജീവിതങ്ങറം അന്ത്യദശയെ സമീപിച്ചു. സാറാ ഹെബ്രോണിൽ വച്ചു നിര്യാതയായി. കാലിപ്പററങ്ങളെ വളത്തി അദ്ധ നാടോടിയായി ജീവിച്ചിരുന്ന അബ്റാഹത്തിനു തന്റെ ഭാര്യയുടെ മൃതദേഹം സംസ്കരിക്കുന്നതിനു യോഗ്യമായ സ്ഥലം സ്വന്തമായുണ്ടായിരുന്നില്ല. അബ്റാഹം നഗരത്തിലെ ഭ്രവുടമകളെ സമീപിച്ചു് സ്വഭാര്യയുടെ സംസ്ക്കാരത്തിനാവശ്യമായ സ്ഥലം ചോദിച്ചു. അബ്റാഹത്തിന്റെ ജീവിതവിശുദ്ധി നിമിത്തം അദ്ദേഹത്തെ ''ദൈവത്തിന്റെ പ്രഭു'' എന്നു ബഹുമാനിച്ചിരുന്ന നഗരവാസികറം അദ്ദേഹത്തിനു് ആവശ്യമായ സ്ഥലം നൽകുന്നതിൽ സന്തുഷ്ടരായി. ഹിത്യൻ എഫ്രോണിനു മാമ്രെക്കടുത്തുണ്ടായിരുന്ന നിലവും ഗുഹയും അബ്രാഹം വിലയ്ക്കെടുത്തു. നഗരവാതിലിനു സമീപംവെച്ചു പരസ്യമായി നാനൂറു നാണയങ്ങറംക്കുള്ള വെള്ളി തൂക്കിക്കൊടുത്തു് വാക്കാൽ കരാർചെയ്തു് നിലവും ഗുഹയും അബ്റാഹം സ്വന്തമാക്കി. സാറായുടെ മൃതശരീരം ആ ഗുഹയിൽ സംസ്കരിക്കപ്പെട്ടു.

**ഇസഹാക്കിന്റെ വിവാഹം:** സാറായുടെ മരണം അബ്രാഹത്തിന്റെ ചിത്തവൃത്തികളെ എങ്ങനെ ബാധിച്ചെന്നു വിവരമില്ല. എന്നാൽ തന്റെ പ്രിയപുത്രൻ ഇസഹാക്കിന്റെ ജീവിതം ആനന്ദപ്രദമാക്കുന്നതിനു് അബ്റാഹം നിഷ്കർഷിച്ചു. ഇസഹാക്കിനു യോജിച്ച ഒരു വധുവിനെ കണ്ടുപിടിക്കാൻ അബ്രാഹം തീർച്ചയാക്കി. തനിക്കു ചുററുമുള്ള കാനാന്യജനങ്ങളുടെ ജീവിതത്തെപ്പററി അറിഞ്ഞിരുന്നതിനാൽ പരിസരത്തുനിന്നും ആരെയെങ്കിലും സ്വീകരിക്കാൻ അബ്റാഹം തയ്യാറായില്ല. ഗോത്രാചാരമനുസരിച്ചാകാം, പൂർവ്വദേശത്തുള്ള തന്റെ ബന്ധുകുടുംബങ്ങളിൽനിന്നു് ആരെയെങ്കിലും തെരഞ്ഞെടുക്കണമെന്നായിരുന്നു തീരുമാനം. അങ്ങനെ അബ്റാഹം തന്റെ പ്രധാനസേവകനെ വിളിച്ചു് മെസൊപ്പൊട്ടേമ്യയിൽനിന്നു് ഇസഹാക്കിനു യോജിച്ച ഒരു വധുവിനെ അന്വേഷിച്ചു കൊണ്ടുവരാൻ ചുമതലപ്പെടുത്തി. നാട്ടാചാരമനുസരിച്ചു വധുവിന്റെ വീട്ടുകാർക്കു നൽകേണ്ട ധനവും

സമ്മാനങ്ങളും ആയി ഭൃത്യന്മാരോടുകൂടി അയാരം യാത്രപുറപ്പെട്ടു് ഹാരാനിൽ എത്തി. അവിടെ ഒരു കിണററുകരയിൽ സുന്ദരി യായ ഒരു യുവതിയുമായി അവർ സന്ധിച്ചു. യാത്രചെയ്തു ക്ഷീ ണിതരായിച്ചെന്ന സേവകനും അനുയായികാംക്കും ദാഹശമനത്തി നുവേണ്ട വെള്ളം കോരിക്കൊടുത്തു് അവാം അവരെ ഉപചരിച്ചു. സംതൃപ്തനായ സേവകൻ അവളുടെ വിവരങ്ങാം അന്വേഷിച്ചു. താൻ നാഹോറിൻെറ പൌത്രിയായ റബേക്കയാണെന്നും അവക്കു തൻെറ ഭവനത്തിൽ വിശ്രമിക്കാമെന്നും അവാം പറഞ്ഞറിഞ്ഞ പ്പോാം സേവകൻ കർത്താവിനെ വാഴ്ത്തി. അവൻ കൈവശ മുണ്ടായിരുന്ന ചില ആഭരണങ്ങാം അവളെ അണിയിച്ചു. യുവതി അവളുടെ വീട്ടിലെത്തി വിവരങ്ങളെല്ലാം കുടുംബാംഗങ്ങളെ അറി യിച്ചു. അവാം സഹോദരനായ ലാബാനോടുകൂടി ഉടനെ തിരി കെച്ചെന്നു് സേവകനെയും അനുചരന്മാരെയും അവരുടെ മൃഗങ്ങ ളെയുമെല്ലാം അവളുടെ വീട്ടിലേയ്ക്കു നയിച്ചു. സേവകൻ തൻെറ യജമാനൻെറ നിയോഗം റബേക്കയുടെ പിതാവു് ബത്തുവലി നെയും മററും ധരിപ്പിച്ചു. അവർ സന്തോഷപൂർവ്വം അവളെ ഇസ ഹാക്കിനു ഭാര്യയായി നൽകാൻ തീരുമാനിച്ചു. അവർക്കു മതി യായ സമ്മാനങ്ങാം നൽകി സേവകൻ റബേക്കയുമായി കാനാൻ ദേശത്തേയ്ക്കു മടങ്ങി. ഇസഹാക്കു് അവളെ വിവാഹം ചെയ്തു. അവർ ഗാഢാനുരക്തരായി ജീവിച്ചു. സാറായുടെ മരണം നിമി ത്തമുണ്ടായ ദുഃഖം പരിഹരിക്കപ്പെട്ടു് അബ്രാഹത്തിൻെറ ഭവന ത്തിലെ സൗഭാഗ്യചന്ദ്രിക വീണ്ടും പ്രകാശിച്ചു.

നിത്യനിദ്ര: അബ്രാഹം കെതൂറ എന്നൊരുവളെ പരി ഗ്രഹിച്ചതായും അവളിൽ ആറു പുത്രന്മാർ ഉണ്ടായതായും ഉല്പത്തി 25-ാം അദ്ധ്യായത്തിൽ പറയുന്നുണ്ടു്. ഒരു ന്യായഭാര്യ ഉണ്ടായിരി ക്കെത്തന്നെ സപത്നികളെയുംമററും പുലത്തുന്നതിനു് സമുദായികാ ചാരങ്ങാം തടസ്സമല്ലായിരുന്നു, ഗോത്രരക്ഷയ്ക്കും മററും അവശ്യംവേണ്ട ആാംശേഷിക്കു് അതു് ആവശ്യവുമായിരുന്നു—മുപ്പത്തെട്ടു നൂററാണ്ടു കാംക്കു മുമ്പുള്ള കാലഘട്ടമായിരുന്നു അതെന്നും നാം സ്മരിക്കണം. തൻെറ ജീവിതം വളരെ ദീർഘിക്കുകയില്ലെന്നു് അബ്രാഹത്തിനു ബോദ്ധ്യമായിത്തുടങ്ങിയിരിക്കാം. അദ്ദേഹം തൻെറ ദാസിപുത്ര ന്മാർക്കെല്ലാംവേണ്ട ധനംനൽകി അവരെ പിരിച്ചയച്ചു് ഇസഹാ ക്കിൻെറ പിന്തുടച്ച്യെഭദ്രമാക്കി. അദ്ദേഹം തൻെറ ആയുർദൈർഘ്യം മുഴവൻ ജീവിച്ചു വാർദ്ധക്യത്തിൽ മരിച്ചു തൻെറ ജനത്തോടു ചേക്ക

പ്പെട്ട എന്നാണ് ബൈബിൾകർത്താവ് ആ ധന്യജീവിതം സംഗ്രഹിച്ചിരിക്കുക. അബ്റാഹത്തിൻെറ മൃതശരീരം ഇസഹാക്കും ഇശ്മായേലുംകൂടി സാറായുടെ ശവകുടീരമായ മക്പേല ഗുഹയിൽത്തന്നെ അടക്കംചെയ്തു. ഹാറാം—എൽ—കലീൽ എന്ന ബ്രഹ്മാണ്ഡമായ മുസ്ലീംദേവാലയം ഇന്ന് ആ ശവകുടീരത്തെ ആവരണംചെയ്യുന്നെന്നു വിശ്വസിക്കപ്പെടുന്നു.

പുതിയ സന്തതികൾ: എബ്രായജനതയുടെ ദേശീയ മുന്നേററത്തിലും സാമ്രാജ്യസ്ഥാപനത്തിലും മതജീവിതത്തിലും എല്ലാം ഉററ പ്രചോദനം നൽകിയ ഒരു സ്മരണയായിരുന്നു അബ്റാഹത്തോടുള്ള ദൈവിക വാഗ്ദാനം. അതിൻെറ ആദ്ധ്യാത്മികപ്രാധാന്യത്തെ സംബന്ധിച്ച് അവർ തികച്ചും ബോധവാന്മാരല്ലായിരുന്നെന്നു സ്പഷ്ടമാണ്. അവരുടെ ഭൗതിക സുരക്ഷിതത്വത്തെയും കാനാൻദേശത്തിൻെറ ആധിപത്യത്തെയും സംബന്ധിച്ച ഒരു വാഗ്ദാനമായിട്ടാണ് അവർ അതു പരിഗണിച്ചിരുന്നതെന്നും വ്യക്തമാണ്. എബ്റായ രാജാധിപത്യത്തിൻെറ തകർച്ചയിലും ബാബേലിലെ അടിമത്തത്തിലും യേശുവിൻെറ കാലശേഷംപോലും അവർ ആ വാഗ്ദാനങ്ങളെ മുറുകിപ്പിടിച്ച ഭൗതിക വ്യാമോഹങ്ങൾ പുലർത്തി. സെബദീപുത്രന്മാരുടെ മാതാവ് തൻെറ പുത്രന്മാരുടെ സ്ഥാനമാനങ്ങൾക്കുവേണ്ടി യേശുവിനോടുചെയ്ത അഭ്യർത്ഥന നോക്കുക! അബ്രാഹത്തോടുള്ള വാഗ്ദാനവും ഒരു രക്ഷകൻെറ ആഗമനത്തെസംബന്ധിച്ച പ്രവചനങ്ങളും നിലനിർത്തിയ ഭൗതികവ്യാമോഹങ്ങൾ എത്ര ആഴമേറിയതായിരുന്നു എന്ന് അതു് സ്പഷ്ടമാക്കുന്നുണ്ടു്. നീതിയുടെ വിധിയാളനായ നിത്യരക്ഷകൻെറ ആഗമനത്തെ സംബന്ധിച്ച് ഏശയ്യയും മററു പല പ്രവാചകരും വ്യക്തമായ മുന്നറിയിപ്പുകൾ നൽകിയിരുന്നു. അബ്റാഹത്തിൻെറ പാരമ്പര്യത്തിൽ അഹങ്കരിച്ച ദൈവദ്രോഹികളായി ജീവിച്ച യഹൂദപ്രമാണികളിൽ ശാപവർഷം ചൊരിഞ്ഞുകൊണ്ടു് സ്നാപകയോഹന്നാൻ യേശുവിൻെറ ആഗമനം വിളിച്ചറിയിച്ചു. മനുഷ്യസാദ്ധ്യമല്ലാത്ത നിരവധി അത്ഭുതപ്രവർത്തികളാലും പ്രഭാഷണങ്ങളാലും യേശു തൻെറ ദിവ്യദൗത്യം പ്രഖ്യാപിച്ചിട്ടും അവർക്ക് അവരുടെ മായാമോഹങ്ങളിൽ നിന്ന് ഉണരുവാനോ അബ്റാഹത്തോടുള്ള ഉടമ്പടിയുടെ പൂർത്തീകരണം ദർശിക്കുവാനോ സാധിക്കാതിരുന്നതിൽ നാം അത്ഭുതപ്പെടും. അബ്റാഹത്തിൽനിന്നുള്ള പിന്തുടർച്ചയെപ്പററി രൂക്ഷമായ ഒരു സംവാദത്തിൽ യഹൂദസമൂഹം കല്ലെറിയുവാനൊരുങ്ങിയപ്പോൾ

യേശു അപ്രത്യക്ഷനാകേണ്ടിവന്നു. അത്രയും നൂററാണ്ടുകാംക്കശേഷം അബ്ʼറാഹത്തോടുള്ള ഉടമ്പടിയിൽ അവക്കുണ്ടായിരുന്ന വിശ്വാസ ദാർഢ്യവും തീവ്രമായ ഭൗതിക വ്യാമോഹവും അതിനു നിദാനമായ സംഭവങ്ങളുടെ ചരിത്രയാഥാത്ഥ്യത്തെ തെളിയിക്കുകയല്ലേചെയ്യുക! ദൈവം അബ്ʼറാഹത്തിനു നൽകിയ വാഗ്ദാനം ക്രിസ്തീയ ഉടമ്പടി യുടെ മുന്നോടിയും, അബ്ʼറാഹത്തിൻെറ സന്തതികാം പുതിയ ഉട മ്പടിയിലെ രക്ഷിതസമൂഹത്തിൻെറ പ്രതീകവുമായി ഇന്നു ക്രൈസ്ത വർ വീക്ഷിക്കുന്നു. യേശുവിനെ നിഷേധിച്ച മോശയുടെ പിൽക്കാ ലനിയമങ്ങളിൽ കുടുങ്ങിക്കിടന്ന യഹൂദജനതയെ അബ്ʼറാഹ ത്തിൻെറ ദാസീപുത്രനോടും, യേശുവിൻെറ രക്ഷിതസമൂഹത്തെ വാഗ്ദാനത്തിൻെറ സന്താനമായ ഇസഹാക്കിനോടും ബൈബിാം വ്യാഖ്യാതാക്കാം ഉപമിച്ചിരിക്കുന്നു.

**ഹിത്യൻെറ ഗുഹ;** ഹിത്യവംശജനായ എഫ്രോണിൽ നിന്നു മക്ʼപേല ഗുഹയും നിലവും അബ്രാഹം വിലയ്ക്കുവാങ്ങി യെന്നു നാം കാണുകയുണ്ടായല്ലൊ. ഈജിപ്ʼഷ്യൻ രേഖകളിൽ ''കേത'' എന്നും അസീറ്യൻരേഖകളിൽ ''ഹാത്തി'' എന്നും പഴയ ഉടമ്പടിയിൽ ''ഹിത്യർ'' (ഹേത്തിൻെറ മക്കാം) എന്നും അറിയ പ്പെടുന്ന ഒരു ജനവിഭാഗമാണ്ʼ ഹിത്യർ. ഉദ്ദേശം ബി. സി. മൂന്നാം സഹസ്രാബ്ദത്തിൽതന്നെ അസീറ്യയിലും ബാബിലോണ്യയുടെയും പാലസ്റ്റൈനിൻെറയും പല ഭാഗങ്ങളിലും അവർ വ്യാപിച്ചിരുന്ന തായി പറയപ്പെടുന്നു. ബി. സി. 19—ാംനൂററാണ്ടിൽ ഉത്തരസിറിയ യിലും ഏഷ്യമൈനറിലും അവർ ആധിപത്യം സ്ഥാപിച്ചു. ടക്കി യിൽ ബോഗാസ്കി എന്നറിയപ്പെടുന്ന ഹത്തുസസ്ʼ ആയിരുന്നു അവ രുടെ രാജകീയ തലസ്ഥാനം. എ. ഡി. 1906 മുതൽ അവിടെ നട ത്തിയിട്ടുള്ള പുരാതന ചരിത്രഗവേഷണങ്ങാംവഴി പതിനായിര ത്തോളം കുനോയിഫോം രേഖകാം അവിടെനിന്നുകണ്ടെടുത്തിട്ടുണ്ട്. പ്രാചീന പാലസ്റ്റൈൻ സംസ്ʼകാരത്തെപ്പററി വളരെ വെളിച്ചം നൽകുന്നവയാണ്ʼ അവ. അബ്രാഹവും എഫ്രോണും തമ്മിലുള്ള വസ്തുകൈമാററ നടപടികാംക്ക ഹിത്യരുടെ നടപടികളോടും നിയമ ങ്ങളോടും വളരെ സാമ്യതയുള്ളതായി പല ബൈബിാം ചരിത്രകാ രന്മാരും പറയുന്നു. ഹിത്യരെപ്പററി പഴയ ഉടമ്പടിയിൽ പല രേഖ കളുണ്ട്. ഇസ്രായേൽജനത കാനാൻദേശം അധീനമാക്കിയപ്പോാം അ വിടെ ഹിത്യർ വസിച്ചിരുന്നു. ദാവീദിൻെറ ചരിത്രത്തിൽ കാണുന്ന അഹിമലക്ക്ʼ, ഊറിയ എന്നിവരും സോളമൻെറ ചില ഭാര്യമാരും

ഹിത്യവംശജരായിരുന്നു. ജറൂസലം നഗരപിതാവു് ഒരു അമോര്യനും നഗരമാതാവു് ഒരു ഹിത്യയും ആയിരുന്നെന്നു് എസക്കിയേൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹിത്യരുടെ ഗോത്രപിതാവായ ഹേത്തു് നോഹിൻെറ പൗത്രൻ കാനൻെറ സന്താനമായിരുന്നെന്നു് ഉല്പത്തി 10—ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു.

മൃതദേഹങ്ങൾ ഗുഹാതലങ്ങളിൽ മറവുചെയ്യുന്നതായി പഴയ ഉടമ്പടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യസംഭവങ്ങൾ സാറയെയും അബ്രാഹത്തെയും സംബന്ധിച്ചവയാണു്. മൃതദേഹസംസ്കാരം അതിപ്രാചീനകാലംമുതൽക്കേ പാലസ്റ്റൈനിലും ഈജിപ്റ്റിലും ഉള്ള ഒരു ആചാരമായിരുന്നു. വളരെ അപൂർവ്വമായിമാത്രമേ എബ്രായരുടെ മൃതദേഹങ്ങൾ ദഹിപ്പിക്കപ്പെട്ടിരുന്നുള്ളു. മിക്കവാറും മണ്ണിൻെറഅടിയിൽ അവ മറവുചെയ്യപ്പെട്ടിരുന്നു. ആദ്യകാലത്തു പാറകൾക്കിടയിലുള്ള വിടവുകളിലോ ഭൂമിതുരന്നോ അവ നിക്ഷേപിക്കപ്പെട്ടിരുന്നു. ക്രമേണ ഒന്നും രണ്ടും മുറികളുള്ള ഭൂഗർഭശവകുടീരങ്ങൾ നിർമ്മിക്കപ്പെട്ടു. ഉരുട്ടിമാററാവുന്ന വലിയ ശിലാപാളികളാലോ പാറകളാലോ അവയുടെ പ്രവേശന മാർഗ്ഗങ്ങൾ അടയ്ക്കപ്പെട്ടിരുന്നു. അപ്രകാരമൊരു ഗുഹാതലത്തിലാണു് യേശുവിൻെറ മൃതശരീരം അടക്കം ചെയ്യപ്പെട്ടതു്.

# സോദരദ്വന്ദ്വികൾ

അബ്റാഹത്തിൻെറ പൗത്രന്മാരായിട്ടാണ് ഏസാവിനെയും യാക്കോബിനെയും ബൈബിൾ ചിത്രീകരിക്കുന്നതു്. യാക്കോബ് തൻെറ ജ്യേഷ്ഠൻെറ ദൗബ്ബല്യം ചൂഷണംചെയ്തു് ജ്യേഷ്ടാവകാശം തട്ടിയെടുത്തു. വളരെ കാലശേഷം അവരുടെ പിൻഗാമികളും കാനാൻ ദേശത്തിൻെറ ആധിപത്യത്തിനുവേണ്ടി പരസ്പരം പൊരുതി. ആ സോദരദ്വന്ദ്വികളുടെ കഥയാണ് ഉല്പത്തി 25 മുതൽ 36 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുക. യാക്കോബ് യഥാർത്ഥത്തിൽ അബ്റാഹത്തിൻെറ രക്തപൗത്രനല്ലായിരുന്നെന്നും, ബി. സി. 18–ാം നൂററാണ്ടിൽ കാനാൻ ദേശത്തേക്കു കുടിയേറിപ്പാർത്ത മറെറാരു എബ്റായ സമൂഹത്തിൻെറ നായകനായിരുന്നെന്നും ചില ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

# 16. ഇരട്ടകളുടെ വിക്രയം

ഉല്പ: 25. 29-34

ഒരിക്കൽ യാക്കോബ് പായസം ഉണ്ടാക്കിക്കൊണ്ടിരുന്ന പ്പോൾ ഏസാവു വിശന്നുതളർന്ന് വയലിൽനിന്നു വന്നു / അവൻ യാക്കോബിനോടു പറഞ്ഞു: ആ ചുവന്ന പായസം കുറച്ച് എനിക്കു തരിക. ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു—അതിനാൽ അവന് ഏദോം എന്നു പേരുണ്ടായി / യാക്കോബ് പറഞ്ഞു: ആദ്യം നിന്റെ കടിഞ്ഞൂലവകാശം എനിക്കു വിട്ടുതരിക / ഏസാവുപറഞ്ഞു: ഞാൻ വിശന്നു ചാകാറായി. കടിഞ്ഞൂലവകാശംകൊണ്ട് എനിക്കിനി എന്ത്? / എന്നാൽ ആദ്യമായി ശപഥം ചെയ്യുക— യാക്കോബ് പറഞ്ഞു. ഏസാവു ശപഥംചെയ്തു തന്റെ കടിഞ്ഞൂലവകാശം യാക്കോബിനു വിട്ടുകൊടുത്തു / യാക്കോബ് കുറെ അപ്പവും പയറു പായസവും ഏസാവിനുകൊടുത്തു / തീററിയും കുടിയും കഴിഞ്ഞ് അവൻ എഴുന്നേററുപോയി. അങ്ങനെ ഏസാവു തന്റെ കടിഞ്ഞൂല വകാശം നിസാരമായിക്കരുതി.

* * * * *

ഭാഗ്യദാനം: അബ്രാഹത്തിന്റെ മരണശേഷം ഇസഹാക്കി ന്റെയും റബേക്കയുടെയും ദാമ്പത്യജീവിതം സ്വച്ഛന്ദമായി മുന്നോട്ടുനീങ്ങി. പക്ഷെ റബേക്ക ഒരു വന്ധ്യയായി കാണപ്പെട്ടു. ഇസഹാക്കു സന്താനലബ്ധിക്കുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ദൈവം ആ പ്രാർത്ഥന സ്വീകരിച്ച് ഇസഹാക്കിനു സന്താനങ്ങളെ നൽകാൻ തിരുമനസ്സായി. റബേക്ക ഗർഭംധരിച്ചു. രണ്ടു ശിശുക്കൾ തന്റെ ഉദരത്തിലുണ്ടെന്ന് അവൾ മനസ്സിലാക്കി. അവൾ ശിശു ക്കളുടെ രക്ഷയെസംബന്ധിച്ച് ആകുലചിത്തയായി ദൈവിക വെളിപാട് തേടി. രണ്ടു ജാതികളുടെ മുൻഗാമികൾ അവളുടെ ഉദരത്തിലുണ്ടെന്നും അതിൽ ഒരുവംശം മററതിലും ശക്തിപ്പെടു മെന്നും ജ്യേഷ്ഠൻ അനുജനെ സേവിക്കുമെന്നും ദൈവം അവൾക്കു വെളിപ്പെടുത്തി. അവൾ യഥാകാലം രണ്ടുപുത്രന്മാരെ പ്രസവിച്ചു. അവരിൽ ആദ്യജാതൻ വെളിയിൽ വന്നപ്പോൾ അവന്റെ കാലിൽ ഉദരത്തിൽ കിടന്ന ശിശു പിടിച്ചിരുന്നെന്നും ഉടനെതന്നെ രണ്ടാ മനെയും പ്രസവിച്ചു എന്നുംമററുമാണ് പാരമ്പര്യകഥ. ചുവന്ന നിറ മുള്ളവനും രോമാവൃതമായ ശരീരത്തോടുകൂടിയവനുമായിരുന്ന

ഒന്നാമൻ. അവന് ഏസാവ് എന്നും രണ്ടാമന് യാക്കോബ് എന്നും പേരു നൽകി. ഏസാവു നല്ല ബലിഷ്ഠനായ ഒരു നായാട്ടുകാരനായി വളൎന്നുവന്നു. വേട്ടമാംസത്തിൽ രുചിപിടിച്ചിരുന്ന ഇസഹാക്ക് അവനെ കൂടുതൽ സ്നേഹിച്ചു. യാക്കോബ് ശാന്തനും സൗമ്യനും ആയിരുന്നു—അമ്മയുടെ സ്നേഹഭാജനവും. ആദ്യജാതനെന്ന നിലയിൽ പിന്തുടൎച്ചാവകാശം ഏസാവിനായിരുന്നു. എന്നാൽ ജനനത്തിൽ അല്പസമയത്തെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു എന്നതിനാൽ സഹോദരന്മാർ തമ്മിൽ കുറച്ചുമത്സരവും ഉണ്ടായി.

ഇങ്ങനെയിരിക്കെ ഒരിക്കൽ ഏസാവു വേട്ടയും കഴിഞ്ഞു വെറുംകയ്യോടെ ക്ഷീണിച്ചുതളൎന്നു ഭവനത്തിലെത്തി. അപ്പോൾ യാക്കോബ് രുചികരമായ ഒരു ഭക്ഷണം തയ്യാറാക്കിക്കൊണ്ടിരിക്കയായിരുന്നു. വിശന്നു തളൎന്നിരുന്ന ഏസാവു യാക്കോബിനോടു ഭക്ഷണംചോദിച്ചു. ജ്യേഷ്ടാവകാശത്തിനുവേണ്ടി വിലപേശുവാൻ പററിയ അവസരമെന്നു യാക്കോബ് കരുതി. ഏസാവു തൻെറ അവകാശം വിൽക്കുകയും ചെയ്തു. ഇവിടെ എന്താണ് കുററകരമായിട്ടുള്ളതു് ? രണ്ടുപേരും ഒരു ഗൎഭത്തിൽ ഒരുമിച്ചു ജനിച്ചവർ. ആചാരം ഏസാവനു് അനുകൂലമാണു്, പക്ഷെ ധാൎമ്മികദൃഷ്ടിയിൽ ഇരുവരും തുല്യാവകാശികളല്ലേ? വിശന്നു പരവശനായി ചെന്നവനോടു വിലപേശിയതു് ആധുനിക മാനദണ്ഡത്തിൽ അക്ഷന്തവ്യമാണു്. എന്നാൽ പ്രാചീന മാനദണ്ഡങ്ങൾ തുലോം വ്യത്യസ്ഥങ്ങളായിരുന്നല്ലോ? ഏസാവിൻെറ ദൗബ്ബല്യം പഴിക്കപ്പെടേണ്ടതോയെന്നതും ഒരു പ്രശ്നമാണു്. അവൻെറ പ്രവൃത്തി വെറും മൂഢതയായിരുന്നില്ലേ, സ്വന്തം മാതാപിതാക്കളോടു് അപേക്ഷിച്ചാൽ വേണ്ടതു ലഭിക്കുമായിരുന്നില്ലേ? അപ്പംചോദിച്ചാൽ കല്ലുനൽകുന്ന പിതാവുണ്ടോ എന്നു് യേശു പഠിപ്പിച്ചതു് ഇവിടെ സ്മരണയിൽ വരും. പക്ഷെ നമ്മുടെ സ്വന്തം ആസ്തിത്വത്തെ സ്പൎശിക്കുമ്പോൾ വേദാന്തങ്ങളെല്ലാമുപേക്ഷിച്ചു ഉദരപൂരണത്തിനും സുഖഭോഗങ്ങൾക്കുംവേണ്ടി എന്തു ചെയ്യാനും നാം മടിക്കയില്ല. നിസ്സാരമായ ജഡികസുഖങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി നമ്മുടെ മഹത്തായ ദൈവിക തെരഞ്ഞെടുപ്പിനെ, ക്രിസ്തുവിൻെറ ഭൗതികശരീരത്തിലെ ഭാഗഭാഗിത്വത്തെ, വലിച്ചെറിയാൻ മടിക്കാത്തവർ എത്രയെത്ര ?

ഏസാവിൻെറ ഉത്ഭവാവകാശം ലഭിച്ചതുകൊണ്ടുമാത്രം യാക്കോബിൻെറ നില ഭദ്രമായിരുന്നില്ല. പൈതൃകമായ അംഗീകാരവും ലഭിക്കേണ്ടിയിരുന്നു. ബുദ്ധിമതിയായ റബേക്ക അതിനുവേണ്ട തന്ത്രങ്ങൾ പ്രയോഗിച്ചു. ഇസഹാക്ക് ഈ വിവരങ്ങൾ അറിഞ്ഞിരുന്നെന്നു കരുതാൻ വയ്യ. അദ്ദേഹം വൃദ്ധനായി കാഴ്ച നഷ്ടപ്പെട്ടപ്പോൾ തൻെറ അന്തിമാനുഗ്രഹങ്ങൾ ഏസാവിനു നൽകുന്നതിനു തീർച്ചയാക്കി. ഇസഹാക്ക് അവനെ വിളിച്ചു, തൻെറ അനുഗ്രഹം സ്വീകരിക്കാൻ തനിക്കു് ഇഷ്ടമുള്ള വേട്ടമാംസംകൊണ്ടു രുചികരമായ ഭക്ഷണം തയ്യാറാക്കിക്കൊണ്ടുവരാൻ നിർദ്ദേശിച്ചു. അതുകേട്ടുകൊണ്ടിരുന്ന റബേക്ക ഏസാവു വെളിയിൽപോയ അവസരത്തിൽ യാക്കോബിനെ വിശേഷവസ്ത്രങ്ങൾ ധരിപ്പിച്ചു വേണ്ടവേഷവ്യത്യാസങ്ങൾ വരുത്തി രുചികരമായ ഭക്ഷണവുമായി ഇസഹാക്കിൻെറ പക്കൽ അയച്ചു. യാക്കോബ് തൻെറ ഭാഗം നന്നായി അഭിനയിച്ചു പിതാവിൻെറ അനുഗ്രഹങ്ങൾ വാങ്ങി. ഏസാവു വേട്ടമാംസം പാകംചെയ്തു ഭക്ഷണവുമായി പക്കലെത്തി അനുഗ്രഹം ചോദിച്ചപ്പോഴാണ് ഇസഹാക്കിനു സത്യാവസ്ഥ മനസിലായതു്. അദ്ദേഹം കുണ്ഠിതനായി. ഒരിക്കൽ നൽകിപ്പോയ അനുഗ്രഹങ്ങൾ തിരിച്ചെടുക്കാൻ വയ്യാത്തതുമായിരുന്നു — ഇപ്രകാരമാണ് ദൈവികാനുഗ്രഹങ്ങളും. ദൈവം തൻെറ അനുഗ്രഹങ്ങൾ ആരിൽനിന്നും പിൻവലിക്കുന്നില്ല, അവയുടെ അർഹതയെ മനുഷ്യൻ സ്വയം നഷ്ടപ്പെടുത്തുകയേ ചെയ്യുന്നുള്ളു. എന്നാൽ തീഷ്ണമായ പ്രാർത്ഥനയാൽ അവ വീണ്ടും ലഭിക്കുമെന്നു് ഏസാവിൻെറ അനുഭവം ദ്യോതിപ്പിക്കുന്നു. അവൻ ജ്യേഷ്ടാവകാശം സ്വയം നഷ്ടപ്പെടുത്തി, യാക്കോബിൻെറ വഞ്ചനയിൽ ക്രൂദ്ധനായെങ്കിലും പ്രതികാരത്തിനൊരുങ്ങാതെ സ്വപിതാവിൻെറ അനുഗ്രഹങ്ങൾക്കായി അവൻ മുട്ടിപ്പായി നിലവിളിച്ചു. ഇസഹാക്കു് തനിക്കു കഴിവതുപോലെ അവനെ അനുഗ്രഹിക്കയും ചെയ്തു. യാക്കോബും റബേക്കയും അവരുടെ വക്രതകൾക്കു് പരിഹാരംചെയ്യേണ്ടതായി വന്നു. ഏസാവിൻെറ കോപത്തെ ഭയന്നല്ലാതെ യാക്കോബിനു ജീവിക്കാൻ കഴിഞ്ഞില്ല. അവൻെറ ജീവരക്ഷയ്ക്കുവേണ്ടി അവനെ ഹാരാനിലെ ബന്ധുക്കളുടെ പക്കലേയ്ക്കു പറഞ്ഞുവിടാൻപോലും റബേക്ക പ്രേരിതയായി. അതു് ഒരു നിത്യവേർപാടുമായിരുന്നു.

യാക്കോബിൻെറ ഭാഗ്യോദയം ദൈവിക തെരഞ്ഞെടുപ്പിലുള്ള പ്രത്യേകതയെ ചൂണ്ടിക്കാണിക്കുന്ന ഒരു സംഭവമായിട്ടാണ് ചിത്രീകരിക്കപ്പെട്ടുക. സീമന്തപുത്രൻെറ പിന്തുടച്ച്ാവകാശം ഇസ്രായേൽ ജനതയ്ക്കിടയിൽ നിയമാവകാശമായിരുന്നു. എന്നാൽ ദൈവിക ദാനങ്ങളുടെ അവകാശം യാതൊരു ദായക്രമത്തിനും നിയമത്തിനും അധീനമല്ല, അവിടത്തെ തിരുമനസ്സിനുമാത്രം വിധേയമാണ്.

★★

# 17. ആരണ്യനഗരം

ഉല്പ: 26. 24-31

രാത്രിയിൽ കർത്താവ് അവനു പ്രത്യക്ഷനായി അരുളി ച്ചെയ്തു: നിന്റെ പിതാവായ അബ്രാഹത്തിന്റെ ദൈവമാണു ഞാൻ. നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടി ഉണ്ട്. എന്റെ ദാസനായ അബ്രാഹത്തെപ്രതി ഞാൻ നിന്നെ അനുഗ്രഹിക്കും; നിന്റെ സന്ത തികളെ വർദ്ധിപ്പിക്കയും ചെയ്യും / അതിനാൽ അവൻ അവിടെ ഒരു ബലിപീഠം നിർമ്മിച്ചു—കർത്താവിന്റെ നാമം വിളിച്ച് അപേ ക്ഷിച്ചു. അവർ അവിടെ കൂടാരമടിച്ചു. സേവകന്മാർ അവിടെ ഒരു കിണർ കുഴിച്ചു / അവനെ കാണുവാൻ ഗരാറിൽനിന്ന് അബിമ ലേക്ക് തന്റെ ആലോചനക്കാരനായ അഹൂസത്ത്, സേനാനി ഫിക്കോൽ എന്നിവരുമായി അവിടെ ചെന്നു / ഇസഹാക്ക് അവ രോടു ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്റെ പക്കലേക്കു വരു ന്നതു്? നിങ്ങൾ എന്നെ ദ്വേഷിക്കുകയും നിങ്ങളെ വിട്ടുപോവാൻ നിർബ്ബന്ധിക്കുകയും ചെയ്തില്ലേ? / അവർ പറഞ്ഞു; കർത്താവു നിന്നോടുകൂടെയുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു. ആക യാൽ നീയും ഞങ്ങളും തമ്മിൽ സന്ധിയായി ഒരുടമ്പടിയുണ്ടാക്കണ മെന്നു ഞങ്ങൾ കരുതി / ഞങ്ങൾ നിന്നെ ദ്രോഹിക്കാതെ സമാധാ നത്തിൽ വിട്ടയച്ചതിനാൽ നീ ഞങ്ങളെയും ഉപദ്രവിക്കുകയില്ലെന്നു സത്യംചെയ്യുക. നീ കർത്താവിനാൽ അനുഗ്രഹീതനാകുന്നു / ഇസ ഹാക്ക് ഒരു വിരുന്നു തയ്യാറാക്കി അവരെ സൽക്കരിച്ചു. അടുത്ത ദിവസം രാവിലെ അവർ പരസ്പരം സത്യംചെയ്തു. അനന്തരം ഇസഹാക്ക് അവർക്കു വിടനൽകുകയും അവർ അവന്റെ പക്കൽ നിന്നു സമാധാനത്തോടുകൂടി പിരിഞ്ഞുപോകയും ചെയ്തു / അന്നു തന്നെ ഇസഹാക്കിന്റെ സേവകർ എത്തി തങ്ങൾ കുഴിച്ചുകൊണ്ടി രുന്ന കിണറിൽ വെള്ളംകണ്ടെന്ന് അവനെ അറിയിച്ചു / അവൻ ആ കിണറിനു ഷേബ എന്നു പേരിട്ടു / അതിനാൽ ഇന്നും ആ പട്ട ണത്തിന് ബെർഷേബ എന്നാണ് പേരു്.

* * * *

**കാനാന്യമിത്രം:** ഇസഹാക്കിന്റെ ജീവിതത്തിൽ അദ്ദേ ഹത്തിന്റെ പിതാവായ അബ്രാഹത്തോടോ സന്താനങ്ങളോടോ ബന്ധമില്ലാത്ത ഒററപ്പെട്ട ചിലസംഭവങ്ങൾ ഉല്പത്തി 26-ാം അദ്ധ്യാ

യത്തിൽ വിവരിച്ചിട്ടുണ്ട്. അവയിൽ ഏററം പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് ഇസഹാക്കും ഗരാർ രാജാവായ അബിമലക്കും തമ്മിലുണ്ടായ ഉടമ്പടി. ഒരിക്കൽ നാടാകെയുണ്ടായ ക്ഷാമംനിമിത്തം ഇസഹാക്ക് അബിമലക്കിൻെറ സഹായംതേടി. റബേക്കയുടെ സൌന്ദര്യം തനിക്ക് ആപൽക്കരമാകാതിരിക്കാൻ വേണ്ടി ഇസഹാക്ക് അബിമലക്കിൻെറ മുമ്പിൽ റബേക്കയുടെ സഹോദരനായി നടിച്ചതായും പറയുന്നുണ്ടെങ്കിലും അതിൻെറ യാഥാർത്ഥ്യത്തെക്കുറിച്ചു പല ബൈബിൾ വ്യാഖ്യാതാക്കളും സംശയാലുക്കളാണ്. അബിമലക്ക് ഇസഹാക്കിനും റബേക്കയ്ക്കും സേവകർക്കും വേണ്ട സംരക്ഷണം നൽകി. ഇസഹാക്ക് ക്രമേണ കാർഷികവൃത്തിയിലും കാലിവളർത്തലിലും നല്ല ധനികനായിത്തീരുകയാൽ തദ്ദേശവാസികൾ അസൂയാകലുഷിതരായി. കാലിപ്പററങ്ങൾക്കു വെള്ളത്തിനുള്ള കിണറുകളെയും നീരുറവകളെയും സംബന്ധിച്ചു പല ശണ്ഠകളും ഉണ്ടായിത്തുടങ്ങി. അബിമലക്കിൻെറ സൗഹാർദ്ദവും കുറഞ്ഞുവന്നു. ഇസഹാക്ക് അവിടംവിട്ടുപോകണമെന്ന് അബിമലക്ക് നിർബ്ബന്ധിച്ചു. ആകയാൽ ഇസഹാക്കും കുടുംബവും മാറി മാറിസഞ്ചരിച്ച് ബേർഷേബയിൽ വാസമുറപ്പിച്ചു. ഇക്കാലമെല്ലാം അദ്ദേഹത്തിൻെറ സമ്പത്തും പരിചാരകവൃന്ദവും ഒന്നിനൊന്നു വർദ്ധിച്ചുവന്നു. ഒരുപക്ഷെ ആ കാരണത്താലായിരിക്കാം ഇസഹാക്കുമായി സ്ഥിരമായ ഒരു സമാധാന ഉടമ്പടി ചെയ്യുവാൻ അബിമലക്ക് പ്രേരിതനായത്. ഗരാൻനിവാസികളുടെ പൂർവ്വവിദ്വേഷവും കിണറുകളെസംബന്ധിച്ച ശണ്ഠകളും എല്ലാം ക്ഷമിച്ച് ഇസഹാക്ക് അബിമലക്കുമായി സ്ഥിരമായ മൈത്രിബന്ധം സ്ഥാപിച്ചു. ശാന്തിയും സമാധാനവുമേ ഇസഹാക്ക് പ്രധാനമായി ആഗ്രഹിച്ചിരുന്നുള്ളു. അതും പൂർവ്വാധികമായ സമ്പൽസമൃദ്ധിയും ഇസഹാക്കിനു ദൈവാനുഗ്രഹത്താൽ തുടരെ ലഭിച്ചു.

**ബേർഷേബ;** നാട്ടിൽ എവിടെയെങ്കിലും സ്ഥിരമായി വസിക്കാതെ പലയിടത്തും മാറിമാറി താമസിക്കാൻ ഗോത്രപിതാക്കന്മാരെ നിർബ്ബന്ധിച്ച ചില കാരണങ്ങളുണ്ടായിരുന്നു. ഒന്ന് പാലസ്റ്റൈനിലെ ഭൂപ്രകൃതിയും മറെറാന്ന് അവിടത്തെ മുൻനിവാസികളുടെ പ്രാബല്യവും ആയിരുന്നു. മദ്ധ്യധരണ്യാഴിയുടെ തീരത്തും യോർദ്ദാൻ തടത്തിലും നല്ല മഴ ലഭിക്കുന്നതും ഫലപുഷ്ടിയുള്ളതുമായ പ്രദേശങ്ങൾ പ്രബലരായ കാനാന്യരുടേയും മററു ജനസമൂഹങ്ങളുടെയും അധീനത്തിലായിരുന്നു. യൂദയാപർവ്വതനിരകളുടെ

ഉപരിതലങ്ങളും കിഴക്കോട്ടു ചാവുകടലിലേക്കുള്ള മലഞ്ചെരിവുകളുമാണ് പുതിയ പുതിയ ചെറു കുടിയേററസമൂഹങ്ങൾക്ക് അഭയസ്ഥാനമായിരുന്നതു്. അപ്രകാരമൊരു ഗിരിതടമാണ് അബ്രാഹം വാസമാക്കിയ ഹെബ്രോൺ. സമുദ്രനിരപ്പിൽനിന്നു 3000 അടിയോളം ഉയരത്തിലാണതു്-യൂദയാ പർവ്വതനിരകളുടെ മുകൾപ്പരപ്പിൽ-കിഴക്കോട്ടു പത്തുപതിമൂന്നു മൈൽ വീതിയിൽ കൽക്കെട്ടുകളും പാറക്കൂട്ടങ്ങളും നിറഞ്ഞ മലഞ്ചെരിവു്. ചാവുകടലിലെത്തുമ്പോൾ സമുദ്രനിരപ്പിൽനിന്നും 1300അടിയോളം താഴെയായി. ആണ്ടടക്കം എട്ടുപത്തുസെൻറീമീററിൽ കൂടുതൽ മഴ ലഭിക്കയില്ല. വരണ്ട കാലാവസ്ഥയും മററും നിമിത്തം ഒട്ടും വാസയോഗ്യമല്ലാത്ത പ്രദേശം. എങ്കിലും അങ്ങിങ്ങായി ചില പ്രബലവാസകേന്ദ്രങ്ങളുണ്ടായിരുന്നു. മഴയുടെ കുറവുനിമിത്തം പലപ്പോഴും കഠിനമായ ക്ഷാമം അവർക്കു നേരിടേണ്ടിവന്നു. അപ്പോഴെല്ലാം തങ്ങളുടെ പ്രധാന സമ്പത്തായ കാലിപ്പററങ്ങളുടെ തീററിക്കുവേണ്ടി അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോകേണ്ടതും ആവശ്യമായിത്തീൎന്നു.

ഹെബ്രോണിനു തെക്കു് അബ്രാഹത്തിനും മററു ഗോത്രപിതാക്കന്മാൎക്കുമുണ്ടായിരുന്ന പ്രധാന താവളമായിരുന്നു ബേർശേബ. ഹെബ്രോണിൽ നിന്നു് 28-മൈൽ തെക്കു്, ഇന്നത്തെ ബീർ-എസ്-ശേബയ്ക്കു രണ്ടരമൈൽ കിഴക്കുള്ള ടെൽ-എസ്-ശേബയാണു് ഈ പുരാതന നഗരം. സമുദ്രനിരപ്പിൽനിന്നു് ആയിരം അടിയോളം ഉയരത്തിലാണെങ്കിലും സമൃദ്ധമായി മഴലഭിക്കുന്ന ഒരു മരുപ്പച്ച. പാലസ്റ്റൈനിൽക്കൂടി ഈജിപ്റ്റിലേക്കുള്ള പ്രാചീന വാണിജ്യസംഘങ്ങളുടെ പ്രധാന ഗതാഗതമാൎഗ്ഗവും സങ്കേതസ്ഥലവുമായിരുന്നു അതു്. അബ്രാഹവും ഗരാർരാജാവു് അബിമലക്കുംതമ്മിൽ അവിടെ വച്ചു് കിണറുകളെസംബന്ധിച്ചു് ഒരു ഉടമ്പടി ചെയ്തതായും അതിൻെറ സാക്ഷ്യമായി അബ്രാഹം ഏഴു പെണ്ണാട്ടിൻകുട്ടികളെ അബിമലക്കിനു നൽകിയതായും ഉല്പത്തി 21—ാം അദ്ധ്യായത്തിൽ പറയുന്നുണ്ടു്. അവിടെയാണു് ഇസഹാക്കു വീണ്ടും കിണറുകുഴിപ്പിച്ചതും അബിമലക്കുമായി സന്ധിയും സത്യവും ചെയ്തതും. ശേബ എന്ന പദത്തിനു് ഏഴു് എന്നും സത്യം എന്നും അൎത്ഥമുണ്ടു്. എബ്രായജനതയ്ക്കു് ഏഴു് പൂജ്യമായ ഒരു സംഖ്യയുമായിരുന്നു. അബ്രാഹം, ഇസഹാക്കു് എന്നിവരുടെ സത്യങ്ങളുടെയും കിണറുകളുടെയും സൂചനയായി ആ സ്ഥലത്തിനു് ബേർശേബ എന്ന പേരുലഭിച്ചു എന്നാണു് എബ്രായപാരമ്പര്യം (**Bersheba = Well of seven, Well of oath**).

ഇസഹാക്ക് കുറേക്കാലം ബേർശേബയിൽ താമസിച്ചു. ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനം അവിടെവച്ച് ഇസഹാക്കിനോടും ആവർത്തിച്ചതായി എബ്രായർ വിശ്വസിച്ചു പോന്നു. ഇസഹാക്കും മററാളുകളുമായി കിണറുകളെ സംബന്ധിച്ചുണ്ടായ വഴക്കുകൾ അന്നത്തെ നാടോടിജീവിതത്തിൽ സാധാരണ സംഭവങ്ങളായിരുന്നു. അതൊഴിച്ചാൽ ഇസഹാക്കിൻെറ ജീവിതം തികച്ചും പ്രശാന്തമായിരുന്നു. കാനാൻദേശത്തെ രാഷ്ട്രീയാന്തരീക്ഷവും വളരെ ശാന്തമായിരുന്ന ഒരു ഘട്ടമാണതു്. ഇസഹാക്ക് അങ്ങുമിങ്ങും സഞ്ചരിച്ചു തൻെറ അന്ത്യകാലത്തു് ഹെബ്രോണിൽ വാസമുറപ്പിച്ചു. അദ്ദേഹത്തിൻെറ മൃതശരീരം ഏസാവും യാക്കോബും കൂടി ഹെബ്രോണിൽ സംസ്കരിച്ചതായി ഉല്പത്തി 35—ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**എബ്രായരുടെ സത്യങ്ങൾ:** പൗരാണിക കാലം മുതല്ക്കു തന്നെ പരസ്യ ഉടമ്പടികളിലും സ്വകാര്യ വ്യാപാരങ്ങളിലും ഉണ്ടായിരുന്ന ഒരു നടപടിയാണു് സത്യംചെയ്യൽ. ലിഖിത ഉടമ്പടികളുടെ ആവിർഭാവത്തിനുമുമ്പു് വാചികസത്യങ്ങൾക്കു് എത്രമാത്രം പ്രാധാന്യമുണ്ടായിരുന്നെന്നു് ഇന്നും അതിനുള്ള പ്രാധാന്യം നോക്കിയാൽ ബോദ്ധ്യമാകും. വാക്കാൽ കരാറുകളും സത്യപ്രതിജ്ഞകളും ഇന്നും നമ്മുടെ നിയമനടപടികളിൽ എത്രയോ പ്രധാനമാണു്! ഗുരുതരമായ പണവ്യവഹാരങ്ങളിൽ തെളിവുകളില്ലാതെവന്നാൽ വാദിപ്രതികളിൽ ആരെങ്കിലും പരസ്പരസമ്മതപ്രകാരം സത്യം ചെയ്താൽ അതിനു നിയമപിന്തുണ ലഭിക്കും. കേസുവിസ്താരങ്ങളിൽ വാദിയും പ്രതിയും സാക്ഷിയുമെല്ലാം സത്യമേ ബോധിപ്പിക്കു എന്നു് ആദ്യം തന്നെ കോടതിയിൽ സത്യംചെയ്യണം. അഭിഭാഷകരും, ന്യായാധിപരും, മന്ത്രിമാരും, രാഷ്ട്രത്തലവരും നിയമസഭാ പ്രതിനിധികളും മററു ചില സത്യങ്ങൾ ചെയ്തുകൊണ്ടാണു് ഔദ്യോഗികപദവികളിൽ പ്രവേശിക്കുക. ക്രൈസ്തവജ്ഞാനസ്നാനവും ചില സത്യപ്രതിജ്ഞകൾക്കുശേഷമാണു നൽകപ്പെടുന്നതു്. പുരോഹിതന്മാരും സന്യാസികളും ഔദ്യോഗികജീവിതമാരംഭിക്കുന്നതും ചില സത്യപ്രതിജ്ഞകളോടുകൂടിയാണു്. പ്രഥമദൃഷ്ടിയിൽ മിക്കവാറും അവയെല്ലാം ഏകപക്ഷീയമാണു്. മറുകക്ഷി അദൃശ്യനായ ദൈവവുമായിരിക്കും. മനുഷ്യർ തമ്മിൽതമ്മിലുള്ള സത്യങ്ങൾ സാധാരണ ദൈവനാമത്തിലോ, ദൈവസാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കപ്പെടുന്ന പരിസരങ്ങളിലോ (ബലിപീഠങ്ങൾ), പ്രതിമകളെയോ

വിശുദ്ധവസ്തുക്കളെയോ ദൈവപ്രീതി ലഭിച്ചിട്ടുള്ള പുണ്യപുരുഷന്മാരെയോ വിളിച്ചുപറഞ്ഞാണു് നിർവ്വഹിക്കപ്പെടുക.

പ്രാചീന മെസൊപ്പൊട്ടേമ്യയിൽ പൊതു ഉടമ്പടികളിലും സ്വകാര്യവ്യാപാരങ്ങളിലും മററും ഒരു സാധാരണനടപടിയായിരുന്നു സത്യംചെയ്യൽ എന്നു് അക്കാലത്തെ നിയമങ്ങളും രേഖകളും തെളിയിക്കുന്നു. പഴയ ഉടമ്പടിയിൽ കാണുന്ന സത്യച്ചടങ്ങുകൾ മെസൊപ്പൊട്ടേമ്യൻ നടപടികളോടു വളരെ സാമ്യതയുള്ളവയാണു്. അബ്ാഹം തൻെറ കൈകളുയർത്തി ദൈവനാമത്തിൽ സോദോം രാജാവിനോടു സത്യംചെയ്തതു് ഉല്പത്തി 14-ാംഅദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. സത്യത്തിൻെറ ഒരു സാധാരണ മാതൃകയായിരുന്നു അതു്. വളരെ വിചിത്രമായ മറെറാരു മാതൃക ഉല്പത്തി 24, 47 അദ്ധ്യായങ്ങളിൽ കാണാം, തുടയുടെ കീഴിൽ കൈവച്ചുകൊണ്ടു നിർവ്വഹിക്കപ്പെടുന്ന ഒരു സത്യച്ചടങ്ങു്. അതിൻെറ ബാദ്ധ്യത ഒരു കക്ഷിക്കേ ഉള്ളൂ. അബ്ാഹത്തിൻെറ പ്രധാനസേവകൻ ഇസഹാക്കിനു ഭാര്യയെ അന്വേഷിക്കാൻ നിയോഗിക്കപ്പെട്ടപ്പോൾ കാനാന്യസ്ത്രീകളെ തെരഞ്ഞെടുക്കുകയില്ലെന്നു് അബ്രാഹത്തിൻെറതുടയുടെ കീഴിൽ കൈവച്ചുകൊണ്ടു് സത്യംചെയ്തു. ഈജിപ്തിൽവച്ചു യാക്കോബ് മരണാസന്നനായപ്പോൾ പിതാക്കന്മാരുടെ ശവകുടീരത്തിൽ തൻെറ മൃതശരീരം അടക്കംചെയ്യണമെന്നു് തൻെറ തുടയുടെ കീഴിൽ യൗസേപ്പിൻെറ കൈവച്ചു് സത്യം ചെയ്യിച്ചു. ഒരു ദാസൻ യജമാനനോടോ, പുത്രൻ പിതാവിനോടോ ചെയ്തിരുന്ന ഗൗരവസംപൂർണ്ണമായ ഒരു സത്യമാണു് ഇതെന്നു തോന്നുന്നു. സത്യം ചെയ്യുന്നയാൾ മറുകക്ഷിയുടെ ലിംഗത്തിൽ സ്പർശിച്ചുകൊണ്ടായിരുന്നു ഈ സത്യംചെയ്തിരുന്നതെന്നു ചില പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ജീവൻെറ ഉറവിടമായ ദിവ്യാവയവമായിട്ടാണല്ലോ അവർ ലിംഗത്തെ കരുതിയിരുന്നതു്! സത്യംചെയ്യുന്നവൻ അവൻെറ ജീവനെപോലും മറുകക്ഷിയോടുള്ള വിധേയത്വം പ്രകടിപ്പിക്കുന്ന ഒരു ക്രിയയായിരിക്കണം അതു്. വാഗ്ദാനപാലനത്തിൽ എബ്രായരുടെ നിഷ്ഠ ഒന്നിനൊന്നു കുറഞ്ഞുവന്നതുകൊണ്ടാകാം തത്സംബന്ധമായി മോശയുടെ കാലത്തു രണ്ടു പ്രത്യേകകല്പനകൾ (രണ്ടും എട്ടും പ്രമാണങ്ങൾ) ഇസ്രായേലിനു നൽകപ്പെട്ടതു്. എന്നിട്ടും അവരുടെ സത്യസന്ധത എത്രമാത്രം അധഃപ്പതിച്ചു എന്നതിനു് കപടഭക്തരായ ശാസ്ത്രിമാർക്കും ഫരിസേയർക്കും യേശു നൽകിയ താക്കീതു് സ്പഷ്ടമാക്കുന്നു. (മത്തായി: 5. 33–37; 23. 16–22)

# 18. യാക്കോബിൻെറ വീട്ടതി.

ഉല്പത്തി 28—30

വേർപാട്ട്: ഏസാവിൻെറ ജ്യേഷ്ഠാവകാശം വിലയ്ക്കു ലഭിച്ചപ്പോഠം പാരമ്പര്യാചാരമനുസരിച്ച് ആദ്യജാതൻെറ അവകാശങ്ങഠം സ്വീകരിക്കാൻ തനിക്കു തികച്ചും അർഹതയുണ്ടെന്ന ഉത്തമബോദ്ധ്യമാകാം കപടവേഷംധരിച്ച് ഇസഹാക്കിൻെറ അനുഗ്രഹം വാങ്ങാൻ യാക്കോബിനെ ധൈര്യപ്പെടുത്തിയതു്. എന്നാൽ ദിവസങ്ങഠം മുന്നോട്ടുപോകുന്തോറും യാക്കോബിൻെറ വഞ്ചനയിൽ ഏസാവിനു രോഷം വർദ്ധിച്ചു വന്നു. ആകയാൽ യാക്കോബിൻെറ ജീവരക്ഷാർത്ഥം അവനെ അവിടെനിന്നു ദൂരേയ്ക്കു പറഞ്ഞയക്കാൻ വേണ്ട ഉപായം റബേക്ക സ്വീകരിച്ചു. അവഠം ഇസഹാക്കിനെ സമീപിച്ച് ഏസാവിൻെറ കാനാന്യഭാര്യയിൽ നിന്നും അവഠംക്കുണ്ടായിക്കൊണ്ടിരുന്ന ദുഃഖത്തെപ്പററി ആവലാതിപ്പെട്ടു. അപ്രകാരം യാക്കോബും ഏതെങ്കിലും കാനാന്യസ്ത്രീയെ ഭാര്യയാക്കിയാൽ പിന്നെ അവഠം എന്തിനു ജീവിക്കുന്നു എന്നായി രോദനം. അതുകുറിക്കുകൊള്ളുകയും ചെയ്തു. ഇസഹാക്കു യാക്കോബിനെ വിളിച്ചു വീണ്ടും തൻെറ അനുഗ്രഹങ്ങഠം നൽകി, അവൻെറ മാതുലനായ ലാബാൻെറ പക്കലേക്കു പോകുവാനും ലാബാൻെറ പുത്രിമാരിൽ നിന്നു് ഒരു ഭാര്യയെ തെരഞ്ഞെടുക്കുവാനും നിർദ്ദേശിച്ച് അവനെ പറഞ്ഞയച്ചു.

ബഥേൽ: ബൈബിളിൽ ''ആരാംനഹാരം'' എന്നും ''പദ്ദൻ ആരാം'' എന്നും പറയപ്പെടുന്നതു് വടക്കുപടിഞ്ഞാറൻ മെസൊപ്പൊട്ടേമ്യയിൽ ഹാരാൻ നഗരത്തെയും പരിസരങ്ങളെയും ഉഠംക്കൊണ്ടിരുന്ന പ്രദേശമാണു്. അബ്രാഹത്തിൻെറ സഹോദരൻ നാഹോറിൻെറ പിൻഗാമികഠം ആ പ്രദേശത്തു വസിച്ചിരുന്നു. ബേർശേബയിൽനിന്നു് അങ്ങോട്ടു പുറപ്പെട്ട യാക്കോബ് വടക്കോട്ട് യാത്ര ചെയ്തു് ജറുസലമിൽനിന്നും പതിനാലു മൈലോളം വടക്ക് ലൂസ് എന്ന സ്ഥലത്തു് ഒരു രാത്രി കഴിച്ചുകൂട്ടി. വഴിയരികിൽ ഒരു കല്ലു തലയണയായിവച്ചുകൊണ്ടു് യാക്കോബ് നല്ല ഉറക്കമായി. ഗാഢനിദ്രയിൽ അസാധാരണമായ ഒരു സ്വപ്നദർശനം! ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കെത്തുന്ന ഒരു ഗോവണിയിൽ കൂടി ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു.

അതിൻെറ മുകളിൽനിന്നു കർത്താവ് അവനോടുപറഞ്ഞു ''നിൻെറ പിതാവ് അബ്രാഹത്തിൻെറ ദൈവവും ഇസഹാക്കിൻെറ ദൈവവുമായ കത്താവു ഞാനാകുന്നു. നീ ശയിക്കുന്ന ഭൂമി നിനക്കും നിൻെറ പിൻഗാമികാംക്കും ഞാൻ നൽകും. അവർ ഭൂമിയിലെ ധൂളിപോലെ വദ്ധിക്കും-നാനാദിക്കിലേക്കും വ്യാപിക്കും. നിന്നിലും നിൻെറ പിൻഗാമികളിലും ഭൂമിയിലെ എല്ലാ ജാതികളും അനുഗ്രഹിക്കപ്പെടും. ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കയും നീ പോകുന്നിടത്തെല്ലാം നിന്നെ സംരക്ഷിക്കയും ചെയ്യും. നിന്നെ ഈ സ്ഥലത്തേക്കു തിരികെ കൊണ്ടുവരും. എൻെറ ഈ വാഗ്ദാനം പൂത്തിയാകാതെ ഞാൻ നിന്നെ കൈവിടുകയില്ല''.

യാക്കോബ് രാവിലെ ഉണന്ന് തൻെറ ദർശനത്തെപ്പററി ചിന്തിച്ചു. അതു ദൈവസാന്നിദ്ധ്യമുള്ള സ്ഥലമാണെന്നോത്ത് അവൻ ഭയചകിതനായി. ഉറക്കത്തിനു തലയണയായി ഉപയോഗിച്ച കല്ല് ഒരു തൂണായി നാട്ടിനിത്തി അതിൽ തൈലാഭിഷേകം ചെയ്ത് അവൻ ആ സ്ഥലം ദൈവത്തിനു പ്രതിഷ്ഠിച്ചു. തൻെറ യാത്രയിൽ സുരക്ഷിതനായി തിരിച്ചെത്തുവാൻ കത്താവ് അനുഗ്രഹിക്കുന്ന പക്ഷം അവിടെ ഒരു ദേവാലയം നിർമ്മിക്കുമെന്നും കത്താവിനു ദശാംശം നൽകുമെന്നും അവൻ പ്രതിജ്ഞ ചെയ്തു. പിന്നീടു പദ്ദൻ ആരാമിൽനിന്നു തിരിച്ചെത്തിയപ്പോാം അവൻ അവിടെ ഒരു സ്തൂപം നിർമ്മിച്ച് കത്താവിനെ ആരാധിച്ചതായും തൻെറ ഗോത്രത്തെ കത്താവിനു പ്രതിഷ്ഠിച്ചതായും സവിസ്തരമായ മറെറാരു കഥ ഉല്പത്തി 35—ാം അദ്ധ്യായത്തിലും ഉണ്ടു്. അവൻ ആ സ്ഥലത്തിന് ''ദൈവഭവനം'' എന്നത്ഥമുള്ള ബഥേൽ എന്ന പേരു നൽകിയെന്നുമാണ് പാരമ്പര്യകഥ.

യാക്കോബിനു ബഥേലിനോടുണ്ടായിരുന്ന സമ്പർക്കത്തെ സംബന്ധിച്ച കഥകാം യാവേയ പാരമ്പര്യത്തിലും എലോഹ്യ പാരമ്പര്യത്തിലും രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൽ ഏററവും പ്രബലമായിരിക്കുന്നതു് എലോഹ്യ പാരമ്പര്യമാണ്. ഇസ്രയേൽ ജനത ഈജിപ്തിൽ നിന്നു രക്ഷപെട്ടു കാനാൻദേശത്തു വന്നശേഷം കരസ്ഥമാക്കിയ രണ്ടാമത്തെ നഗരമാണു ബഥേൽ എന്നത്രെ ബൈബിാം ചരിത്ര പണ്ഡിതരുടെ അഭിപ്രായം. ജോഷ്വ 8-ാം അദ്ധ്യായത്തിൽ ഹായി നഗരത്തിനെതിരായ ആക്രമണമായിട്ടാണ് ആ ആക്രമണകഥ വിവരിക്കപ്പെട്ടിരിക്കുക. സോളമൻെറ സാമ്രാജ്യം

വിഭജിക്കപ്പെട്ടശേഷം വടക്കു് ഇസ്രായേലിലെ രണ്ടു പ്രബല ആരാധനാകേന്ദ്രങ്ങളിൽ ഒന്നായിരുന്നു ബഥേൽ. ജറൂസലമിനു വടക്കു് ഇന്നത്തെ ബയ്ത്തിൻ നഗരത്തിനു സമീപം 1934–ൽ പ്രൊഫസർ ആൽബ്രൈററിൻെറയും 1954–ൽ മറെറാരു സംഘത്തിൻെറയും ഗവേഷണങ്ങളുടെ ഫലമായി ഈ പഴയ നഗരത്തെ സംബന്ധിച്ച ധാരാളം വിവരങ്ങൾ ലഭ്യമായിട്ടുണ്ടു്. ബ്രഹ്മാണ്ഡമായ ചില ക്ഷേത്രങ്ങളോ പ്രാകാരങ്ങളോ അവിടെ ഉണ്ടായിരുന്നതായും ഇസ്രായേലിൻെറ ആക്രമണത്തോടുകൂടി നശിപ്പിക്കപ്പെട്ടതായും സ്പഷ്ടമാകുന്നു.

**രണ്ടുഭാര്യമാർ:** യാക്കോബു് ബഥേലിൽ നിന്നു പ്രയാണം തുടന്നു് പദ്ദൻ ആരാമിൽ എത്തി. അവിടെ ഒരു കിണററുകരയിൽ വച്ചു സ്വമാതുലൻ ലാബാൻെറ പുത്രി റാഹേലുമായി അവൻ സന്ധിച്ചു. അവൾ ലാബാൻെറ ആട്ടിൻപററങ്ങൾക്കു വെള്ളം കൊടുക്കുവാൻ അവയുമായി വരികയായിരുന്നു. കിണററുകരയിലുണ്ടായിരുന്ന മററു് ഇടയന്മാർ പറഞ്ഞു് അവൾ ലാബാൻെറ പുത്രിയെന്നു യാക്കോബു് മനസ്സിലാക്കി. അവൻ അവളെ ചുംബിച്ചു കരഞ്ഞുകൊണ്ടു് താൻ അവളുടെ പിതാവിൻെറ ചാർച്ചക്കാരനും റബേക്കയുടെ മകനുമാണെന്നും വെളിപ്പെടുത്തി. അവൾ ഓടിപ്പോയി അവളുടെ പിതാവിനെ വിവരം ധരിപ്പിച്ചു. ലാബാൻ ഉടനെ അവിടെയെത്തി അവനെ ആലിംഗനം ചെയ്തു സ്വീകരിച്ചു സ്വന്തഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോകുകയും അവൻ ലാബാനെ പരിചരിച്ചു് അവിടെ വസിക്കയും ചെയ്തു.

അങ്ങനെ ഒരു മാസത്തോളം കഴിഞ്ഞപ്പോൾ ലാബാൻ യാക്കോബിനെ വിളിച്ചു് അവൻ തൻെറ ഭാഗിനേയനായതുകൊണ്ടു വൃഥാ തന്നെ പരിചരിക്കേണ്ടതില്ലെന്നും വേണ്ട പ്രതിഫലം ആവശ്യപ്പെട്ടുകൊള്ളു എന്നും പറഞ്ഞു. ലാബാനു രണ്ടു പുത്രിമാർ ഉണ്ടായിരുന്നു—മൂത്തവൾ ലീയായും രണ്ടാമത്തവൾ റാഹേലും. ലീയായുടെ കണ്ണുകൾ നിഷ്പ്രഭങ്ങളായിരുന്നു. എന്നാൽ റാഹേൽ സുമുഖിയും മനോഹരിയുമായിരുന്നു. യാക്കോബു് അവളെ പ്രേമിച്ചു. ആകയാൽ അവളെ ഭാര്യയായി ആവശ്യപ്പെട്ടു. അതിനു് ഏഴുവർഷത്തെ സേവനം വാഗ്ദാനം ചെയ്യേണ്ടതായിവന്നു—ആചാരമനുസരിച്ചു് ഭാര്യാപിതാവിനു നൽകേണ്ട വിവാഹധനത്തിനുവേണ്ടി. നിറഞ്ഞ പ്രതീക്ഷകളോടും മധുരസ്വപ്നങ്ങളോടും കൂടിയാകണം യാക്കോബു് വാരങ്ങളും വർഷങ്ങളും പിന്നിട്ടതു്. ഏഴുവർഷക്കാലം

വേഗത്തിൽ കടന്നുപോയി. അപ്പോൾ യാക്കോബ് തന്റെ മാതുലനോടു പ്രതിഫലം ആവശ്യപ്പെട്ടു. ലാബാൻ ദേശവാസികൾക്കെല്ലാം കേമമായ ഒരു വിരുന്നുനൽകി കന്യകയെ ദാനംചെയ്തു. വധുവിനെ മൂടുപടമണിയിച്ച് രാത്രികാലത്താണ് ലാബാൻ യാക്കോബിനു നൽകിയതു്. അവൻ അവളെ ഭാര്യയായിസ്വീകരിച്ചു. പ്രഭാതത്തിൽ അവനു മനസ്സിലായി താൻ വഞ്ചിതനായെന്നു് — റാഹേലിനു പകരം ലീയായാണു നൽകപ്പെട്ടതു്. യാക്കോബ് ആ വഞ്ചനയെക്കുറിച്ചു ലാബാനോടു ചോദ്യംചെയ്തു. മൂത്തവളെ നിർത്തികൊണ്ടു് ഇളയവളെ വിവാഹം ചെയ്യിക്കുക പതിവില്ലെന്നും റാഹേലിനുവേണ്ടി ഏഴുവർഷം സേവനം അനുഷ്ഠിക്കുന്നപക്ഷം ലീയായുടെ കല്യാണവാരം കഴിഞ്ഞു് അവളെയും ഭാര്യയായി നൽകാമെന്നുമായിരുന്നു ലാബാന്റെ മറുപടി. അങ്ങനെ യാക്കോബ് റാഹേലിനെയും വിവാഹംചെയ്തു് ഏഴുവർഷം കൂടി സേവനമനുഷ്ടിച്ചു.

കാലക്രമത്തിൽ ലീയാ നാലു പുത്രന്മാരെ പ്രസവിച്ചു— രൂബൻ, ശിമയോൻ, ലേവി, യൂദാ. യാക്കോബ് റാഹേലിനെ അത്യധികം പ്രേമിച്ചിരുന്നെങ്കിലും അവൾ വന്ധ്യതനിമിത്തം ദുഃഖിതയായിരുന്നു. അവൾ തന്റെ ദാസിയായ ബിൽഹയെ യാക്കോബിനു ഭാര്യയായി നൽകി അവൾമുഖാന്തിരം തനിക്കു സന്താനങ്ങളെ നൽകാൻ പ്രേരിപ്പിച്ചു. യാക്കോബ് അവളെ ഭാര്യയായി സ്വീകരിച്ചു. അവൾ ദാൻ, നഫ്ത്താലി എന്നു രണ്ടു പുത്രന്മാരെ പ്രസവിച്ചു. ഈ സമയം ലീയാ തന്റെ ഗർഭധാരണം നിന്നുപോയെന്നു ഭയപ്പെടുകയാൽ റാഹേലിനോടുമത്സരിച്ചു തന്റെ ദാസി സെൽഫയെ യാക്കോബിനു ഭാര്യയായി നൽകി. ഗാദ്, ആശേർ എന്നു രണ്ടു പുത്രന്മാരെ അവളും പ്രസവിച്ചു. ഇങ്ങനെയിരിക്കെ ഒരു വിളവെടുപ്പുകാലത്തു രൂബൻ വയലിൽനിന്നു കുറെ ദൂദായിപ്പഴങ്ങൾ ശേഖരിച്ചു ലീയായ്ക്കു നൽകി. സിറിയയിലും ദക്ഷിണയൂറോപ്പിലും ധാരാളമായിക്കാണുന്ന ഒരു പഴവർഗ്ഗമാണു ദൂദായി— തക്കാളിപോലെയിരിക്കും. അതു് ലൈംഗികോത്തേജകവും സന്താനസംദായകവുമാണെന്നു പ്രാചീനകാലംമുതൽക്കേ വിശ്വസിക്കപ്പെട്ടിരുന്നു. റാഹേൽ ലീയായോടു് ഏതാനും ദൂദായിപ്പഴങ്ങൾ ആവശ്യപ്പെട്ടു. അതിനു പ്രതിഫലമായി യാക്കോബുമായി വീണ്ടും രമിക്കുന്നതിനു് റാഹേൽ ലീയായ്ക്കു് അവസരമുണ്ടാക്കികൊടുക്കേണ്ടിവന്നു. അങ്ങനെ ലീയാ പിന്നെയും ഇസാക്കർ, സെബുലോൺ

എന്നു രണ്ടു പുത്രന്മാരെയും ദീന എന്നൊരു പുത്രിയെയും പ്രസവിച്ചു. ഇക്കാലമത്രയും റാഹേൽ ആശവെടിയാതെ സന്താനലബ്ധിക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവളുടെ പ്രാർത്ഥന സഫലമാകയും ചെയ്തു. അവരം ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. ''ദൈവം എന്റെ അപമാനം നീക്കിയിരിക്കുന്നു. ദൈവം എനിക്കു വേറൊരു പുത്രനെക്കൂടി നൽകും'' എന്നുപറഞ്ഞു് അവരം തന്റെ പുത്രനു യൗസേഫ് എന്നു പേരിട്ടു. ഏതാനും വർഷങ്ങരംക്കു ശേഷം കാനാൻദേശത്തു വച്ച് റാഹേൽ ഒരു പുത്രനെക്കൂടി പ്രസവിച്ചു. അവനാണു് യാക്കോബിന്റെ കനിഷ്ഠപുത്രൻ ബഞ്ചമിൻ.

**സമ്പത്സമൃദ്ധി:** യാക്കോബിന്റെ വിവാഹകാര്യത്തിൽ ലാബാൻ യാക്കോബിനെ വഞ്ചിച്ചു. പക്ഷെ അവൻ സമാധാനചിത്തനായി ലാബാനെ വീണ്ടും സേവിച്ചതിനാൽ അവനു സന്താനങ്ങരം മാത്രമല്ല സമ്പത്തും വർദ്ധിച്ചു. യൗസേപ്പിന്റെ ജനനശേഷം യാക്കോബു തന്റെ പിതൃഭവനത്തിലേക്കു തിരിച്ചുപോകുവാൻ ലാബാന്റെ അനുവാദം ചോദിച്ചു. അവന്റെ സേവനം നഷ്ടപ്പെടുത്താൻ ലാബാൻ വിമുഖനായിരുന്നു. ആകയാൽ അവന്റെ സേവനം തുടരുന്നതിനുവേണ്ട പ്രതിഫലം നൽകാൻ ലാബാൻ സമ്മതിച്ചു. ആട്ടിൻപററങ്ങളിൽ വെള്ളനിറമുള്ളവയെല്ലാം ലാബാനും കറുപ്പുനിറവും പുള്ളികളും വരകളുമുള്ളവയെല്ലാം യാക്കോബും എടുക്കുവാൻ അവർ ഒരു കരാർ ചെയ്തു. യാക്കോബ് സ്വപ്നത്തിൽ ലഭിച്ച ദൈവികനിർദ്ദേശമനുസരിച്ച് ബലവും ആരോഗ്യവുമുള്ള ആടുകരം ഇണചേരുവാനും വെള്ളംകുടിക്കാനും ചെല്ലുന്ന സ്ഥലങ്ങളിൽ പച്ചയും വെളുപ്പും കാണത്തക്കവിധം വൃക്ഷങ്ങളുടെ തോലുകരം ഉരിഞ്ഞു് ആടുകളുടെ മുമ്പിൽ വിതറുകയും അവ വരകളും പുള്ളികളുമുള്ള കുട്ടികളെ ഉല്പാദിപ്പിക്കയും ചെയ്തു. (സ്പെയിനിലെ കുതിരവളർത്തൽ കേന്ദ്രങ്ങളിൽ ഈമാതിരി സമ്പ്രദായങ്ങരം സ്വീകരിച്ചിരുന്നതായി വി. ജറോം പറയുന്നുണ്ടു്.) ഏതുവിധമായാലും യാക്കോബിന്റെ മൃഗസമ്പത്തു് ലാബാന്റേതിനേക്കാരം വളരെ വർദ്ധിച്ചു. അതു ലാബാനും അവന്റെ പുത്രന്മാർക്കും അസൂയയ്ക്കു കാരണവുമായി.

★

# 19. പ്രത്യാഗമനം

ഉല്പത്തി 31-35

**പലായനവും സന്ധിയും:** യാക്കോബിൻെറ അഭിവൃദ്ധി യിൽ ലാബാനും പുത്രന്മാക്കും അസൂയ വർദ്ധിച്ചു് അവരുടെ പെരു മാററങ്ങളിൽ അതു പ്രകടമായിത്തുടങ്ങി. അപ്പോൾ തൻെറ പിതൃ ഭവനത്തിലേക്ക മടങ്ങിപ്പോകുവാൻ യാക്കോബിന്ന യാവെയുടെ കല്പന ലഭിച്ചു. അവൻ തൻെറ ഭാര്യമാരായ ലീയയോടും റാഹേലി നോടും വസ്തുതകൾ വിശദീകരിച്ചു. അവിടെനിന്നും പോകുകയായി രിക്കും എല്ലാവിധത്തിലും നല്ലതെന്നു് അവരും തീർച്ചയാക്കി. ആ സമയത്തു ലാബാൻ തൻെറ ആടുകളുടെ രോമം കത്രിക്കുവാൻ പോ യിരിക്കയായിരുന്നു. യാക്കോബു തൻെറ ധനവും സമ്പാദ്യവും എല്ലാം ശേഖരിച്ചു ഭാര്യമാരും സന്താനങ്ങളും പരിചാരകരും കാലി സ്സററങ്ങളുമായി കാനാൻദേശത്തേക്ക പുറപ്പെട്ടു. റാഹേൽ അവളുടെ പിതാവിൻെറ കുടുംബവിഗ്രഹങ്ങളും അപഹരിച്ചു രഹസ്യമായി കടത്തി. ലാബാൻ വിവരങ്ങൾ അറിയുമ്പോൾ ആ കുടുംബദൈവ ങ്ങളുടെ സ്വാധീനശക്തിയാൽ തങ്ങളെ ശപിക്കാതിരിക്കാനോ, അല്ലെങ്കിൽ അവ കൈവശമിരുന്നാൽ തങ്ങളുടെ യാത്രയും ഭാവിയും കുടുംബാവകാശങ്ങളും സുരക്ഷിതമായിരിക്കുമെന്നു കരുതിയോ ആകാം അവൾ അപ്രകാരം ചെയ്തതു്. എന്നാൽ അതു യാക്കോബു പോലും അറിഞ്ഞിരുന്നില്ല

മൂന്നാംദിവസം ലാബാൻ വിവരങ്ങൾ അറിഞ്ഞു. യാക്കോ ബ് അനുവാദം ചോദിക്കാതെയും അറിയിക്കാതെയും തന്നെ വിഢി യാക്കിയതിൽ മാത്രമല്ല ഗൃഹദൈവങ്ങളെക്കൂടി അപഹരിച്ചതിൽ ലാബാൻെറ രോഷം ഉഗ്രമായിരുന്നു. അയാൾ തൻെറ സകല ബന്ധു ബലത്തോടുംകൂടി യാക്കോബിനെ അനുധാവനംചെയ്തു ഗിലിയാദ് പർവ്വതത്തിൽ യാക്കോബിൻെറ ഒപ്പമെത്തി. എന്നാൽ യാക്കോബി നോടു യാതൊരു ശണ്ഠയുമുണ്ടാക്കരുതെന്നു ദൈവം ലാബാനു സ്വ പ്നത്തിൽ നിർദ്ദേശം നൽകുകയാൽ അവരുടെ കൂടിക്കാഴ്ച തികച്ചും സമാധാനപരമായിരുന്നു. ഗൃഹവിഗ്രഹങ്ങൾ അപഹരിച്ചതിനെപ്പ ററിയായിരുന്നു ലാബാൻെറ പ്രധാന ആക്ഷേപം. അതേസംബ ന്ധിച്ചു് അജ്ഞനായിരുന്ന യാക്കോബ് തൻെറ കൂട്ടത്തിൽ ആരുടെ യെങ്കിലും പക്കൽ നിന്നു് അവ കണ്ടെടുക്കാൻ കഴിയുമെങ്കിൽ കൈ വശക്കാരെ വധിച്ചുകൊള്ളുക എന്നു് ഖണ്ഡിതമായി പ്രസ്താവിച്ചു.

ലാബാൻ കൂടാരങ്ങൾതോറും പരിശോധന നടത്തി. റാഹേൽ വിഗ്രഹങ്ങളെടുത്തു് ഒട്ടകക്കോപ്പിനകത്തിട്ടു് അതിന്മേൽ ഇരിപ്പായി. തനിക്കു സ്ത്രീകളുടെ മുറ വന്നിരിക്കയാൽ എഴുന്നേൽക്കാൻ കഴിവില്ലെന്നു പറയുകയും നടിക്കുകയും ചെയ്തു് അവൾ പരിശോധനയിൽനിന്നു രക്ഷപെട്ടു. വിഗ്രഹങ്ങൾ ഒരിടത്തും കണ്ടുകിട്ടാതെ വന്നപ്പോൾ യാക്കോബു് കോപാകുലനായി. ലാബാൻ തൻെറ പേരിൽ ദുരാരോപണം ചെയ്തതിനെയും പദ്ദൻ ആരാമിൽവച്ചു താൻ അനുഭവിച്ച ക്ലേശങ്ങളെയും എണ്ണിപ്പറഞ്ഞു യാക്കോബു് ലാബാനെ കുററപ്പെടുത്തി. അതു് ഇരുവരുംതമ്മിൽ ശാശ്വതമായി ഒരു സന്ധിയിൽ കലാശിച്ചു. അവർ അവിടെ ഒരു കൽക്കൂമ്പാരം പടുത്തു് അതിനു 'സാക്ഷ്യത്തിൻെറ കൂമ്പാരം' എന്നർത്ഥമുള്ള 'ഗിലിയാദ്' എന്നും, 'കാവൽമാടം' എന്നർത്ഥമുള്ള 'മിസ്പ' എന്നും പേരിട്ടു. യാക്കോബു് തൻെറ പുത്രിമാരെ ഉപദ്രവിക്കുകയോ മററു സ്ത്രീകളെ പരിഗ്രഹിക്കുകയോ ചെയ്യില്ലെന്ന വ്യവസ്ഥയിൽ ലാബാൻ ആ കൂമ്പാരത്തിൻെറ അതിർത്തിരേഖകടന്നു യാക്കോബിനെ ഉപദ്രവിക്കുകയില്ലെന്നു സത്യംചെയ്തു. യാക്കോബും ആ കൂമ്പാരത്തിൻെറ അതിർത്തികടന്നു ലാബാനെ ശല്യപ്പെടുത്തുകയില്ലെന്നു തൻെറ പിതാക്കന്മാരുടെ(അബ്രാഹത്തിൻെറയും നാക്കോറിൻെറയും) ദൈവത്തെ സാക്ഷിയാക്കി ദൈവനാമത്തിൽ സത്യംചെയ്തു. അതിനുശേഷം യാക്കോബു് പർവ്വതത്തിൽ ഒരു ബലിയർപ്പിക്കുകയും അവരെല്ലാം ഒരുമിച്ചു സന്ധ്യഭോജനം കഴിക്കയും ചെയ്തു. പ്രഭാതത്തിൽ ലാബാൻ തൻെറ പുത്രിമാരെയും പൗത്രന്മാരെയും ചുംബിച്ചു യാത്ര പറഞ്ഞു സ്വദേശത്തേക്കു മടങ്ങിപ്പോയി........

അവരുടെ സംഗമസ്ഥാനമായ ഗിലിയാദ്പർവ്വതം എവിടെയാണെന്നു തിട്ടമല്ല. യോർദ്ദാൻ നദിയുടെ കിഴക്കുഭാഗത്തു് അമ്മോണിനു പടിഞ്ഞാറും ഹെഷ്ബോൺ–യാർമുക്കു് എന്ന രണ്ടു പോഷകനദികളുടെ ഇടയ്ക്കുമുള്ള പ്രദേശം ഒന്നാകെയും, ചിലപ്പോൾ അതിൻെറ ഏതാനും ഭാഗങ്ങൾ മാത്രമായും ബൈബിളിൽ ഗിലിയാദ് എന്നപേരിൽ പറയപ്പെടുന്നുണ്ടു്. നല്ല മഴയുള്ളതും ധാരാളം അരുവികളുള്ളതുമായ പ്രദേശമാണതു്. പ്രാചീനകാലം മുതൽക്കേ കാലിത്തീററകൾ സമൃദ്ധമായി വളരുന്ന ഒരു പ്രദേശമായി അവിടം അറിയപ്പെട്ടിരുന്നു. അവിടെ എവിടെയോവച്ചാണു് യാക്കോബും ലാബാനും സന്ധിച്ചതു് എന്നത്രേ അഭ്യൂഹം.

സ്നേഹാഞ്ജലി: യാക്കോബു ലാബാനുമായി സമാധാനപൂർവ്വം പിരിഞ്ഞെങ്കിലും കാനാൻദേശത്തേക്കുള്ള പ്രവേശനം വിഷമകരമായിരുന്നു. ഏസാവിൻെറ കോപത്തെ അവൻ ഭയന്നു കൊണ്ടിരുന്നു. ആകയാൽ തൻെറ ആഗമനം മുൻകൂട്ടി അറിയിക്കാൻ അവൻ തൻെറ ദാസന്മാരെ ഏസാവിൻെറ പക്കലേക്കു് അയച്ചു. അവർ മടങ്ങിയെത്തിയതു് യാക്കോബിനെ സ്വീകരിക്കുവാൻ ഏസാവു നാന്നൂറു് അനുചരന്മാരുമായി പുറകെ വരുന്നു എന്ന വാർത്തയോടുകൂടിയാണു്. അതു യാക്കോബിനെ ഭയചകിതനാക്കി. അവൻ തൻെറ കാലിപ്പററത്തെയും പരിചാരകരെയും രണ്ടായി വിഭജിച്ചു് ഒരു വിഭാഗത്തെ മുന്നോട്ടുവിട്ടു. ഏസാവിൻെറ ആക്രമണമുണ്ടാകുന്നപക്ഷം ബാക്കിയുള്ളവയോടുകൂടി ഓടിരക്ഷപെടാൻ ഒരു മുൻകരുതൽ മാത്രമായിരുന്നു അതു്. മാത്രമല്ല തൻെറ സഹോദരനെ പ്രീണിപ്പിക്കുവാൻ കാലിപ്പററങ്ങളിൽ നിന്നു കുറെ മൃഗങ്ങളെ തെരഞ്ഞെടുത്തു് പലഗണങ്ങളായി വേർതിരിച്ചു് ദാസന്മാരെ ഏല്പിച്ചു്, അവ ഏസാവിനു നൽകാൻ അവരെയും മുമ്പോട്ടയച്ചു. എന്നിട്ടും അവനു സമാധാനമുണ്ടായില്ല. ആ കൂടിക്കാഴ്ചയിൽ സംരക്ഷിക്കണേയെന്നു് ഹൃദയമുരുകി പ്രാർത്ഥിക്കയും ചെയ്തുകൊണ്ടിരുന്നു.

യാക്കോബിനു് അവൻെറ ഭാവിയെക്കുറിച്ചു് ആത്മവിശ്വാസം നൽകുന്ന ഒരു സംഭവം ഉടനെ ഉണ്ടായി. അവൻ തൻെറ ഭാര്യമാരെയും സന്താനങ്ങളെയും രാത്രിയിൽ യാബോക്ക്നദിയുടെ മറുകരയിലേക്കു് അയച്ചു. പകൽസമയത്തു പ്രയാസപ്പെട്ടു നദികടക്കുമ്പോൾ ആക്രമണമുണ്ടായാൽ വരാവുന്ന കുഴപ്പങ്ങളെ ഒഴിവാക്കാനായിരുന്നു അവരെ രാത്രിയിൽ മറുകരയ്ക്കു് അയച്ചതു്. അങ്ങനെ അവൻ തനിയെ നദീതീരത്തു ശേഷിച്ചപ്പോൾ ഒരു വിചിത്രപുരുഷൻ അവിടെ ആഗതനായി അവനോടു മല്പിടുത്തം തുടങ്ങി. കുറെ നേരമായപ്പോൾ പ്രതിയോഗിയുടെ ഒരു തട്ടുകൊണ്ടതുകൊണ്ടു് അവൻെറ തുടയുടെ തടം ഉളുക്കി. എങ്കിലും അവൻ പിടിവിട്ടില്ല. പ്രഭാതംവരെ മല്പിടുത്തം തുടന്നു. വെളിച്ചമായപ്പോൾ തന്നെ വിടുവാൻ പ്രതിയോഗി യാക്കോബിനോടു് ആവശ്യപ്പെട്ടു. പക്ഷെ ആ മനുഷ്യനിൽനിന്നും ഇനി ഉപദ്രവമുണ്ടാകയില്ലെന്നു എന്തുറപ്പാണുള്ളതു്? ആകയാൽ തന്നെ അനുഗ്രഹിക്കാതെ വിടുകയില്ലെന്നായി യാക്കോബ്. 'നിൻെറ പേരെന്താകുന്നു'? അപരൻ ചോദിച്ചു. 'യാക്കോബ്' എന്നു മറുപടി. അപരൻ പറഞ്ഞു: 'നിൻെറ പേരു് ഇനിമേൽ യാക്കോബ് എന്നായിരിക്കയില്ല. നീ ദൈവത്തോടും മനുഷ്യനോടും

മല്ലിടിച്ചു നിന്നതിനാൽ ഇസ്രായേൽ എന്നായിരിക്കും'. യാക്കോബ് തന്റെ പ്രതിയോഗിയുടെ പേരു് എന്തെന്നറിയിക്കുവാൻ അപേക്ഷിച്ചു. പക്ഷെ അദ്ദേഹം അതു വെളിവാക്കിയില്ല. യാക്കോബിനെ അനുഗ്രഹിച്ചുകൊണ്ടു് ഉടൻ മറയുകയാണുചെയ്തതു്. യാക്കോബിനു ബോദ്ധ്യമായി, അവൻ ഒരു ദൈവികപുരുഷനോടാണു മല്ലിടിച്ചതെന്നു്. ദൈവത്തെ നേരിട്ടുകണ്ടു മല്ലിടുത്തം നടത്തിയിട്ടും തനിക്കു ജീവഹാനി വന്നില്ലല്ലോയെന്നു് അവൻ സംഭ്രമിച്ചു് ആ സ്ഥലത്തിനു് 'പെനൂവൽ' എന്നു പേരിട്ടു. ദൈവത്തിന്റെ മുഖം എന്നാണു് അതിന്റെ അർത്ഥം. യോർദ്ദാൻ നദിയുടെ കിഴക്കുഭാഗത്തു് യാബോക്ക് ഉപനദിയുടെ വടക്കേക്കരയിലാണു് ആ സ്ഥലമെന്നു് പ്രസ്താവിക്കപ്പെടുന്നു. ന്യായാധിപനായ ഗിദയോൻ ആ പട്ടണം നശിപ്പിച്ചതായി ബൈബിളിൽ പറയുന്നുണ്ടു്. വേറെയും ചില ചരിത്രരേഖകൾ ആ സ്ഥലത്തെ സംബന്ധിച്ചുണ്ടു്.

യാക്കോബ് മറുകരയിലെത്തി തന്റെ ഭാര്യമാരോടും സന്താനങ്ങളോടും ചേർന്നു് ഏസാവിന്റെ ആഗമനം പ്രതീക്ഷിച്ചു നില്പായി. ഏസാവും ആൾക്കാരും ദൂരെനിന്നു വരുന്നതുകണ്ടു് അവരെ സ്വീകരിക്കുവാൻ അവർ ഒരുങ്ങിനിന്നു. ഏസാവു് അവരെ സമീപിച്ചപ്പോൾ യാക്കോബ് മുന്നോട്ടുചെന്നു നിലത്തു നമിച്ചുകൊണ്ടു് ഏസാവിന്റെ അരികിലെത്തി. ദീർഘകാലത്തെ വിരഹത്തിനുശേഷമുണ്ടായ സമാഗമം ഹൃദയഭേദകമായിരുന്നു. ഏസാവു യാക്കോബിന്റെ കഴുത്തിൽ വീണു് അവനെ ആലിംഗനം ചെയ്തു കരഞ്ഞു. യാക്കോബ് തന്റെ ഭാര്യമാരെയും സന്താനങ്ങളെയും ഏസാവിനു പരിചയപ്പെടുത്തി. അവർ മുന്നോട്ടുചെന്നു് ഏസാവിനെ നമസ്കരിച്ചു. യാക്കോബിന്റെ സമ്മാനങ്ങൾ സ്വീകരിക്കാൻ ഏസാവു മടിച്ചു. ''സഹോദര! എനിക്കു വേണ്ടത്ര ഉണ്ടു്'' എന്നു പറഞ്ഞു് ഉദാരമായി അവയെ തിരസ്കരിക്കാൻ ശ്രമിച്ചു. പക്ഷെ യാക്കോബ് നിർബ്ബന്ധിച്ചപേക്ഷിക്കയാൽ അതു സ്വീകരിക്കയും യാക്കോബിനെയും കുടുംബത്തെയും സ്വന്ത ദേശത്തേക്കു ക്ഷണിക്കുകയും ചെയ്തു. എങ്കിലും യാക്കോബ് പിന്നെയും സംശയാലുവായിരുന്നു. തന്റെ കാലിപ്പററങ്ങളും കുട്ടികളും യാത്രചെയ്തു ക്ഷീണിതരായിരിക്കയാൽ താൻ അവരുമായി സാവധാനം പിന്നീടു ചെന്നുകൊള്ളാമെന്നുപറഞ്ഞു് അവൻ ഒഴിഞ്ഞുമാറി. ഏസാവു് അന്നുതന്നെ സ്വസഹോദരനോടു യാത്രപറഞ്ഞു് മടങ്ങിപ്പോകയും ചെയ്തു. യാക്കോബ് സമാധാനചിത്തനായി ശേഖേം

നഗരത്തിലേക്കുനീങ്ങി പട്ടണത്തിനു സമീപം കൂടാരമടിച്ചു. അവൻ ആ സ്ഥലം അതിൻെറ ഉടമസ്ഥരായ ഹാമോറിൻെറ പുത്രന്മാരോടു വിലയ്ക്കുവാങ്ങി അവിടെ ഒരു യാഗപീഠംപണിതു് അതിനു് 'എൽ-എലോഹോ-ഇസ്രായേൽ' എന്നു പേരുനൽകി. 'ഇസ്രായേലിൻെറ ദൈവം ശക്തനാകുന്നു' എന്നാണു് അതിൻെറ അർത്ഥം. യാക്കോബിൻെറ കിണർ എന്ന സുപ്രസിദ്ധമായ ബൈബിൾ സ്ഥലം അവിടെയാകുന്നു. ജറൂസലമിൽനിന്നു നാല്പതുമൈൽ വടക്കും ശേഖേമിൽനിന്നു രണ്ടുമൈൽ കിഴക്കുമാണു് ആ സ്ഥലം.

**ശേഖേമിലെ കൊല:** യാക്കോബിൻെറ ശേഖേമിലെ വാസം ഭീകരമായ ഒരു കൂട്ടക്കൊലയ്ക്കു കാരണമാവുകയാണു ചെയ്തതു്. അവൻെറ പുത്രി ദീന ചില കാനാന്യകന്യകകളുമായി ചങ്ങാത്തമായി. ഒരിക്കൽ അവൾ തൻെറ സഖികളെ സന്ദർശിക്കാൻ നഗരത്തിലേക്കു പോവുകയായിരുന്നു. അപ്പോൾ ഹാമാറിൻെറ പുത്രൻ ശേഖേം അവളെ കണ്ടു മോഹാവിഷ്ടനായി. അവൻ അവളെ പിടിച്ചുകൊണ്ടുപോയി ബലാൽസംഗം ചെയ്തു. അതോടൊപ്പം അവളിൽ പ്രേമാർത്തനായി അവളെ സ്വഗൃഹത്തിൽ പാർപ്പിച്ചു. അവളെ തൻെറ ഭാര്യയായി വിവാഹം ചെയ്തു കിട്ടാൻ വേണ്ടതു ചെയ്യണമെന്നു് ഹാമാറിനോടു നിർബ്ബന്ധവുമായി. ദീനായെ അപമാനിച്ച വിവരം അറിഞ്ഞു യാക്കോബും പുത്രന്മാരും കോപാക്രാന്തരായിരുന്ന സമയത്തു ഹാമാറും ശേഖേമുംകൂടി വിവാഹാഭ്യർത്ഥനയുമായി ചെന്നുകയറി. ശേഖേമിനു ദീനായെ ഭാര്യയായി കൊടുക്കുന്നതിനുപകരം വേണ്ടത്ര സ്ത്രീധനവും സമ്മാനങ്ങളും നൽകാമെന്നും യാക്കോബിനും പുത്രന്മാർക്കും സർവ്വസ്വാതന്ത്ര്യത്തോടുകൂടി അവരുടെ ദേശത്തുവസിച്ചു വ്യാപാരം ചെയ്യാൻ അനുവദിക്കാമെന്നും അവർ പറയുകയായി. ഹാമാറിനോടും പുത്രന്മാരോടും എന്തുപായം പ്രയോഗിച്ചും പ്രതികാരം ചെയ്യണമെന്ന ചിന്തയാണു യാക്കോബിൻെറ പുത്രന്മാർക്കു മുന്നിട്ടുനിന്നതു്. തങ്ങളുടെ ജാതി ആചാരമനുസരിച്ചു് പരിച്ഛേദനം നടത്താത്തവർക്കു തങ്ങളുടെ സ്ത്രീകളെ നൽകാൻ പാടില്ലായ്കയാൽ ഹാമാറിൻെറ വംശക്കാരായ പുരുഷന്മാർ മുഴുവൻ പരിച്ഛേദനം നടത്തുന്നപക്ഷം ദീനായെ നൽകാമെന്നും ഇരുകൂട്ടർക്കും പരസ്പരം ബന്ധുത്വം സ്ഥാപിച്ചു് ഒരു ജനമായിത്തീരാമെന്നും യാക്കോബിൻെറ പുത്രന്മാർ പറഞ്ഞു. ശേഖേം തീർത്തു പ്രേമാന്ധനായിരുന്നതിനാൽ പരിച്ഛേദനം നടത്താൻ തീർച്ചയാക്കി. അവനു സ്വവംശത്തിലുണ്ടായിരുന്ന പ്രാമാണ്യംനിമിത്തം മററു നഗരവാസികൾ അവനു് അധീനരുമായിരുന്നു.

യാക്കോബിൻെറ കുടുംബവുമായി യോജിച്ചാൽ ഒരു വലിയ ആട്ടിൻ പററവും ഒട്ടേറെ മൃഗങ്ങളും മററു സമ്പത്തും തങ്ങൾക്കധീനമാകുമെന്നു ശേഖേം മററുള്ളവരെ വ്യാമോഹിപ്പിച്ചു. അങ്ങനെ അവരെല്ലാം ഒരേ ദിവസം പരിഛേദനം നടത്തി. അതിൻെറ മൂന്നാം ദിവസം പുരുഷന്മാരെല്ലാം പരിഛേദനത്തിൻെറ വേദനയാൽ നിസ്സഹായരായിരിക്കുമ്പോൾ ദീനയുടെ സഹോദരന്മാരായ ശിമയോനും ലേവിയും തങ്ങളുടെ ഖഡ്ഗങ്ങളുമായി നഗരത്തിലേക്കുചെന്നു് അവിടെ ഉണ്ടായിരുന്ന പുരുഷന്മാരെയെല്ലാം സംഹരിച്ചു. ഹാമാറിനെയും ശേഖേമിനെയും വധിച്ച് അവർ ദീനായെ തങ്ങളുടെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

ശേഖേമിൽ വാസംതുടരുന്നതു് ആപൽകരമായിരിക്കുമെന്നു് യാക്കോബ്മനസ്സിലാക്കി ബഥേലിലേക്കു മാറിപ്പോകുവാൻ തീരുമാനിച്ചു. യാക്കോബിൻെറയും അനുയായികളുടേയും ആദ്ധ്യാത്മികജീവിതത്തിലെ ഒരു നവീകരണ ഘട്ടമാണു നാം കാണുക. കൂടാരങ്ങളിലുണ്ടായിരുന്ന അന്യദേവന്മാരെയെല്ലാം നീക്കി സ്നാനംചെയ്തു ശുദ്ധിയായി വസ്ത്രങ്ങൾ മാറുവാൻ യാക്കോബ് അനുയായികളോടു നിർദ്ദേശിച്ചു. അവർ തങ്ങളുടെ പക്കലുണ്ടായിരുന്ന വിഗ്രഹങ്ങളും കർണ്ണാഭരണങ്ങളും യാക്കോബിനെ ഏല്പിച്ചു. യാക്കോബ് അവയെ ശേഖേമിനുസമീപം ഒരു വൃക്ഷച്ചുവട്ടിൽ കുഴിച്ചിട്ടു...... സ്നാനം ഒരു ആന്തരികശുദ്ധീകരണത്തിൻെറ അടയാളം കൂടിയാണു്. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ കർണ്ണാഭരണങ്ങൾ ഉപയോഗിച്ചിരുന്നെന്നും അവ്സ്ക്ക് കാനാന്യമതാചാരങ്ങൾക്കനുസരണമായി അന്ധവിശ്വാസദ്യോതകമായ എന്തെങ്കിലും പ്രത്യേകതകൾ ഉണ്ടായിരുന്നിരിക്കാം എന്നും ചില പണ്ഡിതന്മാർ അനുമാനിക്കുന്നുണ്ടു്. ശേഖേമിലെ സംഘട്ടനത്തിനുശേഷം ഒരു പുതിയ വാസസ്ഥാനത്തേയ്ക്കു പുറപ്പെടുന്നതിനുള്ള വേഷമാററവും മുൻകരുതലും ഇതിൽ ഉണ്ടായിരിക്കാം.

എല്ലാവരും ബഥേലിലേക്കു യാത്രയായി. ശത്രുക്കൾ ആരും അനുധാവനം ചെയ്യാൻ ധൈര്യപ്പെട്ടില്ല. യാക്കോബ് ബഥേലിലെത്തിയപ്പോൾ മുമ്പു തനിക്കു ദർശനമുണ്ടായ സ്ഥലത്തു് ഒരു സ്തൂപം നിർമ്മിച്ചു ദൈവത്തെ ആരാധിച്ചു. പിന്നീടു് അവർ അവിടെനിന്നും എഫ്രാത്തയിലേക്കു പുറപ്പെട്ടു...... എഫ്രാത്ത എന്ന സ്ഥലം ബത്ലഹം ആണെന്നു് ബൈബിളിൽ ചിലടത്തു് പ്രസ്താവിക്കപ്പെടുന്നുണ്ടു്. പക്ഷെ ആധുനിക ബൈബിൾ പണ്ഡിതന്മാർ

ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. ജറുസലമിൽനിന്നു തെക്കോട്ടു ബത്ലഹമിലേക്കുള്ള വഴിയിൽ ബത്ലഹമിനു് അഞ്ചു മൈൽ വടക്കുള്ള മലമുകളിലെ ഒരു ഗ്രാമമായിരുന്നു എഫ്രാത്തയെന്നു ചില പണ്ഡിതന്മാർ പറയുന്നു. യാക്കോബും അനുയായികളും അവിടെയെത്തിയപ്പോൾ ഗർഭിണിയായിരുന്ന റാഹേലിനു പ്രസവവേദനയായി. അവൾ ഒരു പുത്രനെ പ്രസവിച്ചു് അവനു 'എൻെറ വേദനയുടെ പുത്രൻ' എന്നർത്ഥമുള്ള 'ബനോനി' എന്നു പേരിട്ടു. യാക്കോബ് അവനു് 'വലതുകരത്തിൻെറ പുത്രൻ' എന്നർത്ഥമുള്ള 'ബഞ്ചമിൻ' എന്നും പേരുനൽകി. എന്നാൽ തൻെറ ഓമനപ്പുത്രനെ അധികസമയം കണ്ടാനന്ദിക്കുവാൻ റാഹേലിനു ഭാഗ്യമുണ്ടായില്ല. അവൾ ഉടൻതന്നെ മരണമടഞ്ഞു. ബത്ലഹമിലേക്കുള്ള വഴിയരികിൽ അവളുടെ മൃതദേഹം സംസ്കരിക്കപ്പെട്ടു. യാക്കോബ് അവിടെ ഒരു സ്മാരകസ്തംഭം നിർമ്മിച്ചതായും പറയപ്പെടുന്നു. ബത്ലഹമിൽനിന്നു് ഒരു മൈൽമാത്രം വടക്കു് റാഹേലിൻെറ കല്ലറയുണ്ട് എന്നറിയപ്പെടുന്ന ഒരു സ്മാരകമുണ്ടു്. പക്ഷെ അതു് റാഹേലിൻെറ യഥാർത്ഥ ശവകുടീരസ്ഥാനമാണെന്നു കരുതപ്പെടുന്നില്ല.

യാക്കോബ് പിന്നെയും തൻെറ യാത്ര തുടൎന്നു് ഹെബ്രോണിലെത്തി തൻെറ പിതാവിനെ കണ്ടു. ആ കൂടിക്കാഴ്ചയെസംബന്ധിച്ച വിശദമായി ഒന്നും പ്രസ്താവിക്കപ്പെടുന്നില്ല. ഇസഹാക്കിൻെറ അന്ത്യകാലമായിരുന്നു അതു്. അദ്ദേഹംമരിച്ചപ്പോൾ മൃതദേഹം സംസ്കരിക്കാൻ ഏസാവും യാക്കോബും ഉണ്ടായിരുന്നു എന്നേ രേഖയുള്ളു. അതിനുമുമ്പുതന്നെ റബേക്കയും നിര്യാതയായിരുന്നു.

★

# 20. ചില ചരിത്രവസ്തുതകൾ

ഉല്പത്തി 36

ഏസാവും പിൻഗാമികളും: മനുഷ്യവർഗ്ഗത്തിന്റെ സാർവ്വത്രികമായ ഐക്യത്തെയും ഒരു മൂലപിതാവിൽനിന്നുള്ള പിന്തുടർച്ചയെയും വ്യംഗ്യമാക്കുന്നതിനു മദ്ധ്യധരണ്യാഴിക്കു ചുററും എബ്രായവക്താക്കൾക്കു് അറിവുണ്ടായിരുന്ന ജനതകളെയെല്ലാം ഉൾക്കൊള്ളിച്ചു നോഹിന്റെ പിൻഗാമികളെന്ന നിലയിൽ വിപുലമായ ഒരു വംശാവലി ഉൽപത്തി 10-ാം അദ്ധ്യായത്തിൽ നൽകിയിട്ടുള്ളതു മുമ്പു നാം കാണുകയുണ്ടായി. ഇപ്രകാരം വലുതും ചെറുതുമായ പല വംശാവലികളും പഴയ ഉടമ്പടിയുടെ പല ഭാഗങ്ങളിലും കാണാം. ഇസ്രായേൽ ജനതയുടെ ചരിത്രദശയിൽ അവർക്കു് അധീനരും അവരോടു മമതയും സമ്പക്കവും പുലർത്തിയിരുന്നവരുമായ വിവിധ ജനവിഭാഗങ്ങളെ തങ്ങളോടു ബന്ധിക്കുന്ന ഒരു ശൃംഘലയായിട്ടാണു് ആ വംശാവലികൾ മിക്കതും നൽകപ്പെട്ടിട്ടുള്ളതു്. അവ അക്ഷരാത്ഥം യാഥാത്ഥ്യങ്ങളായിരുന്നെന്നു കരുതേണ്ടതില്ല. ഉല്പത്തി 36-ാം അദ്ധ്യായത്തിൽ ഏസാവിന്റെ വംശപരമ്പരയെ സംബന്ധിച്ചു നൽകുന്ന വിവരണം അതിനുദാഹരണമാണു്. ഏസാവു് യഹൂദിത്തു്, ബാസമത്തു് എന്ന ഹിത്യസ്ത്രീകളെ ഭാര്യമാരായി പരിഗ്രഹിച്ചതായി ഉല്പത്തി 26-ാം അദ്ധ്യായത്തിലും ഇശ്മായലിന്റെ പുത്രിയായ മഹലത്തിനെ വിവാഹം ചെയ്തതായി ഉല്പത്തി 28-ാം അദ്ധ്യായത്തിലും പറയുന്നുണ്ടു്. എന്നാൽ ഇവിടെ ഏസാവിന്റെ ഭാര്യമാരും, പിൻഗാമികളുടെ മാതാക്കളുമായി പറയുന്നതു് ആദാ, ഒഹോലിബാ എന്ന ഹിത്യവനിതകളെയും ഇശ്മായലിന്റെ പുത്രിയായ ബസമത്തിനെയും ആകുന്നു. ഈ വ്യത്യാസം എങ്ങനെ വന്നെന്നു പറയാൻ പഴുതു കാണുന്നില്ല. ഒരുപക്ഷെ വ്യത്യസ്ഥപാരമ്പര്യങ്ങളിൽപെട്ട വിവരണങ്ങൾ അപ്പാടേ പഞ്ചഗ്രന്ഥിയുടെ സംയോജകർ രേഖപ്പെടുത്തിയതാകാം. ഏതായാലും അതിലേറെ പ്രാധാന്യമർഹിക്കുന്ന മററു ചരിത്രവസ്തുതകൾ ഇവിടെ ഉണ്ടു്.

ഏസാവിന്റെ വംശപരമ്പരയിൽ ആറു പ്രധാന വിഭാഗങ്ങൾ നൽകപ്പെടുന്നുണ്ടു്. ഒന്നു്: ഏസാവും സന്താനങ്ങളും. രണ്ടു്: ഏസാവിന്റെ പിൻഗാമികളുടെ ഗോത്രങ്ങൾ. മൂന്നു്: ഏസാവിന്റെ വർഗ്ഗത്തിലെ പിൻഗാമികളായ പ്രഭുക്കന്മാർ.

നാലു്: ഏദോമ്യക്ക് മുമ്പു് സേയീർ പ്രദേശത്തുണ്ടായിരുന്ന ഹോര്യന്മാരും അവരുടെ ഭരണാധിപന്മാരും. അഞ്ചു്: ഏദോം രാജാക്കന്മാർ. ആറു്: കുടുംബങ്ങളോ വാസസ്ഥലങ്ങളോ ദേശാധിപത്യമോ അനുസരിച്ചു് ഏസാവിന്റെ പിൻഗാമികളും ഏദോമിന്റെ അധിപന്മാരുമായിരുന്നവർ. ഇവരിൽ ആറാമത്തെ വിഭാഗം ദാവീദ്ചക്രവർത്തി ഏദോം കീഴടക്കിയതിനുശേഷം അവിടെ നിയമിക്കപ്പെട്ട ഭരണാധിപന്മാരായിരുന്നെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പഞ്ചഗ്രന്ഥിയുടെ രചനാകാലം സംബന്ധിച്ച അനുമാനങ്ങൾക്കു് ഉപോദ്ബലകമായ ഒരു വസ്തുതയുമാണിതു്.

ഏസാവു സേയീർ പർവ്വതത്തിൽ വസിച്ചെന്നും അദ്ദേഹം ഏദോമ്യരുടെ പിതാവായിരുന്നെന്നും പ്രസ്താവിക്കപ്പെടുന്നുണ്ടു്. ചാവുകടലിനു തെക്കുപടിഞ്ഞാറുഭാഗത്തു് അയ്യായിരം അടിയോളം ഉയരംവരുന്ന ഒരു പർവ്വതനിരയാണു് സേയീർ. അതിന്റെ പരിസരത്തുണ്ടായിരുന്ന പ്രദേശങ്ങളും സേയീർ എന്നു പറയപ്പെട്ടിരുന്നു. മിക്കവാറും ആ പ്രദേശംതന്നെയാണു് പിന്നീടു ഏദോം എന്നു പറയപ്പെട്ടതു്. ഏസാവിന്റെ മക്കൾ അവിടത്തെ മുൻനിവാസികളായ ഹോര്യന്മാരെ തോല്പിച്ചു് ഏദോം കൈവശപ്പെടുത്തിയെന്നു് ആവർത്തനഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ടു്. (2. 12, 22). എന്നാൽ ബി. സി. 19–ാംനൂററാണ്ടു മുതൽ 13–ാംനൂററാണ്ടുവരെ അവിടെ ജനവാസമില്ലായിരുന്നെന്നു പുരാതന ചരിത്രഗവേഷകനായ നെൽസൺ ഗ്ലൂവക്കു് അനുമാനിച്ചിരിക്കുന്നു. ഹോര്യന്മാരുടെ യാതൊരു സാംസ്കാരികാവശിഷ്ടവും ഇന്നുവരെ അവിടെനിന്നു കണ്ടെടുക്കാനും കഴിഞ്ഞിട്ടില്ല. ഈജിപ്തിൽനിന്നും ഇസ്രായേലിന്റെ തിരിച്ചുവരവിനു് അല്പംമുമ്പുമാത്രം, ബി. സി. 13-ാംനൂററാണ്ടോടുകൂടി ഏദോമിൽ കുടിയേറിപ്പാർത്ത മറെറാരു സെമിററിക്ക് സമൂഹമായിരുന്നു ഏദോമ്യർ എന്നാകാം യഥാർത്ഥ ചരിത്രവസ്തുത. അവരുടെ കുടിയേററമുന്നവകാശത്തെ നിഷേധിച്ചു് അവരെ ആക്രമിച്ചു കീഴടക്കുന്നതിനു് ഒരു ന്യായീകരണം എന്ന നിലയ്ക്കായിരിക്കാം ഏസാവും യാക്കോബും തമ്മിലുള്ള അവകാശമത്സരങ്ങളും ജന്മാവകാശക്കൈമാററവും ഇസ്രായേൽ കണ്ടിരുന്നതു്. ഇസ്രായേൽ ഏദോമിനെ ആക്രമിച്ചു കീഴടക്കുന്നതിനുമുമ്പു് അവിടെ ഒരു ഗോത്രസംഘടനാ സമ്പ്രദായവും ഭരണക്രമവും നിലനിന്നിരുന്നെന്നാണു് ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ അവിടെ രാജാധിപത്യം നിലനിന്നിരുന്നതായിട്ടാണു് എബ്രായ പാരമ്പര്യം (ഉല്പ: 36, 31)

എബ്രായ രാജവാഴ്ചയുടെ കാലത്തു് ഏദോംനഗരങ്ങളിൽ വിശിഷ്ട മായ ഒരു സംസ്കാരം ഉണ്ടായിരുന്നതായി തെളിയുന്നു. അവരുടെ ദേശാതിർത്തികൾ പ്രതിരോധദുർഗ്ഗങ്ങളാൽ സംരക്ഷിക്കപ്പെട്ടിരുന്നു. തന്നിമിത്തം ശത്രുക്കൾക്കു പ്രവേശനം എളുപ്പമായിരുന്നില്ല. അറേബ്യയിൽനിന്നു സിറിയ, പാലസ്റ്റൈൻ തീരങ്ങളിലേയ്ക്കുള്ള രാജവീഥിയും ചെങ്കടലിലേക്കുള്ള പ്രവേശനമാർഗ്ഗവും ഏദോം വഴിക്കായിരുന്നു. വമ്പിച്ച ധാതുസമ്പത്തുള്ള ഒരു പ്രദേശമായിരുന്നതിനാൽ ഇസ്രായേലിനും മററു പല ജനതകൾക്കും അതൊരു കാമ്യപ്രദേശമായിത്തീൎന്നു. ഏസാവിനെ തങ്ങളുടെ ഗോത്രപിതാവായി ഏദോമ്യർ പരിഗണിച്ചിരുന്നു. എന്നാൽ അതിൻെറ ചരിത്രബന്ധം വ്യക്തമല്ല. ഒരുപക്ഷെ ഇസ്രായേലിൻെറ ചരിത്രത്തിൽ യാക്കോബിനുണ്ടായിരുന്നതിനു തുല്യമായ പദവിയാണു് ഏദോമ്യരുടെ ചരിത്രത്തിൽ ഏസാവിനുമുണ്ടായിരുന്നതെന്നു വരാം. ആ പാരമ്പര്യം ഇസ്രായേൽ തങ്ങളുടെ ചരിത്രത്തോടു സംയോജിപ്പിച്ചതുമാകാം.

**യാക്കോബിൻെറ അസ്തിത്വം:** ഏസാവിനെ സംബന്ധിച്ച ചരിത്രവസ്തുതകളോടുകൂടി യാക്കോബിനെ സംബന്ധിച്ചും ചില സംഗതികൾ മനസ്സിലാക്കേണ്ടതു് ആവശ്യമായിരിക്കുന്നു. പഴയ ഉടമ്പടിയിൽ ഏസാവിനു് അത്രവലരെ പ്രാധാന്യമില്ല. യാക്കോബാകട്ടെ അബ്രാഹത്തെപ്പോലെതന്നെ പ്രാമാണികനായ ഒരുവനാണു്.

ഉത്തരസിറിയയിലും യൂഫ്രട്ടീസ് നദിയുടെ മുകൾഭാഗങ്ങളിലും ഹാരാൻ, കാർക്കെമിശ് എന്നു പഴയഉടമ്പടിയിൽ പറയുന്ന നഗരങ്ങൾ ഉൾപ്പെടെ അവയ്ക്കു ചുററും ബി. സി. 12—ാംനൂററാണ്ടോടുകൂടി പ്രബലമായ ആരാമ്യനഗരരാഷ്ട്രങ്ങൾ വളൎന്നുവന്നതായി ചരിത്ര രേഖകളുണ്ടു്. ഈജിപ്ഷ്യൻ രേഖകളിൽ നഹാരിന (Naharina) എന്നും, അമർനെലിഖിതങ്ങളിൽ (Amarna Tablets) നഹ്റിന (Nahrina) എന്നും ആ പ്രദേശങ്ങൾ പറയപ്പെടുന്നു. സിറിയൻ മരുഭൂമിയിലെ അഹ്ലാമു എന്ന പ്രാചീന നാടോടിവർഗ്ഗങ്ങൾ ഈ പ്രദേശങ്ങളിലെ പൂർവ്വനിവാസികളെ ആക്രമിച്ചു കീഴടക്കിയും അവിടെ കുടിയേറിപ്പാർത്തും പല നൂററാണ്ടുകൾകൊണ്ടു് അവിടെ ആധിപത്യം നേടി. അവർ പിന്നീടു ആരാമ്യർ എന്നറിയപ്പെട്ടെന്നാണു പണ്ഡിതാഭിപ്രായം. ആ സ്ഥലങ്ങളോടു് ആരാം എന്ന പേരു് എബ്രായർ കൂട്ടിച്ചേർത്തു ആരാംനഹാരി, പദ്ദൻ ആരാം എന്നിങ്ങനെ പറഞ്ഞുവന്നു.

എബ്രായയ്ക്ക് ആരാമ്യരോടുള്ള ബന്ധം വളരെ പ്രാചീനമായിരുന്നെന്നു പഴയ ഉടമ്പടി സ്പഷ്ടമാക്കുന്നു. ഉല്പത്തി 10-ാം അദ്ധ്യായത്തിൽ നോഹിന്റെ പൗത്രനായിട്ടാണ് ആരാം പ്രത്യക്ഷനാകുന്നത്. അബ്രാഹത്തിന്റെ സഹോദരനായ നാക്കോർ ആരാംനഹാരിമിൽ ആണു വാസമുറപ്പിച്ചത്. യാക്കോബിന്റെ മാതുലനും ശ്വശുരനുമായ ലാബാൻ ഒരു ആരാമ്യനായിരുന്നെന്ന് ഉല്പത്തിഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ''എന്റെ പിതാവ് നാടോടിയായ ഒരു ആരാമ്യനായിരുന്നു'' എന്നു യാക്കോബിനെ സംബന്ധിച്ചും ആവർത്തനഗ്രന്ഥത്തിൽ (26.5) പ്രസ്താവിക്കുന്നുണ്ട്. ഇവരുടെ കാലഘട്ടങ്ങളിൽ ഹാരാനിലും പരിസരങ്ങളിലും പല ആരാമ്യനാടോടിക്കൂട്ടങ്ങളും വസിച്ചിരുന്നു എന്നതിൽ സംശയിക്കാനില്ല. എബ്രായ രാജവാഴ്ചയുടെകാലത്തു നിരന്തരമായ കലഹങ്ങളും യുദ്ധങ്ങളും ഉണ്ടായിരുന്നിട്ടുകൂടി എബ്രായർ സിറിയയിലെ പല ആരാമ്യരാഷ്ട്രങ്ങളോടും വാണിജ്യപരവും സാംസ്കാരികവുമായി ഉററ ബന്ധം പുലർത്തിയിരുന്നു. ആ രാഷ്ട്രങ്ങളുടെ തകർച്ചയാണ് പിന്നീടു ഇസ്രായേലിന്റെ അടിമത്വത്തിനും വഴിതെളിച്ചത്.

യാക്കോബിനെ ഒരു ആരാമ്യനായി ആവർത്തനഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നതു് യാക്കോബും ലാബാനുമായുള്ള ബന്ധം സാധൂകരിക്കുന്നുണ്ട്. യാക്കോബും ലാബാനും തമ്മിലുണ്ടായ ഗിലിയാദ് ഉടമ്പടി പിൽക്കാലത്തു ഗിലിയാദിന്റെ ആധിപത്യം സംബന്ധിച്ച ദമാസ്കസിലെ ആരാമ്യരാഷ്ട്രത്തിനെതിരായി ഇസ്രായേൽ ഉന്നയിച്ച അവകാശത്തിന്റെ ഒരു ന്യായീകരണമാവാമെന്നു ചില ബൈബിൾ പണ്ഡിതർ പറയുന്നു. അതുപോലെ ഏദോമിന്റെ ആധിപത്യം സംബന്ധിച്ച ഇസ്രായേലിന്റെ അവകാശം സ്ഥാപിക്കുന്നതിനുള്ള ഒരു യത്നമായിരിക്കാം ഏസാവിന്റെ ജ്യേഷ്ഠാവകാശവിക്രിയത്തിലും യാക്കോബിനു ലഭിച്ച പൈതൃകാനുഗ്രഹത്തിലും പ്രകടമാകുക. യാക്കോബിന്റെ ജീവിതകാലം ബി. സി. 1750നു് അടുത്തായിരുന്നെന്നു് ലഭ്യമായ സകല തെളിവുകളും സ്പഷ്ടമാക്കുന്നതായി പ്രമുഖ ബൈബിൾ ചരിത്രപണ്ഡിതനായ പ്രൊഫസർ ആൽബ്രൈററു പറയുന്നു. ആ കാലഘട്ടത്തിലെ പശ്ചിമ മെസൊപ്പൊട്ടേമ്യൻ ചരിത്രം സംബന്ധിച്ച ന്യൂസലിഖിതങ്ങൾ യാക്കോബിന്റെ ജീവിതസംഭവങ്ങളോടു സാമ്യമുള്ള പല നടപടികളും ഉണ്ടായിരുന്നതായി തെളിയിക്കുന്നു. തുഛമായ പ്രതിഫലത്തിനുവേണ്ടി ഉത്ഭവാവകാശത്തിന്റെ വില്പന, വാങ്മൂലസാക്ഷ്യ

ങ്ങളും അനുഗ്രഹങ്ങളും, കുടുംബദൈവങ്ങളുടെ ഉടമസ്ഥതനിമിത്തം ലഭിക്കുന്ന പാരമ്പര്യാവകാശം മുതലായ പലതും പ്രചുരപ്രചാരമുള്ള നടപടികളായിരുന്നു.

യാക്കോബിൻെറ പന്ത്രണ്ടു പുത്രന്മാക്ക് പിൽക്കാലത്ത് അവരുടെ പേരിലറിയപ്പെട്ടിരുന്ന ഗോത്രങ്ങളോടുള്ള ബന്ധം സംശയകരവും സങ്കീർണ്ണവുമാണ്. യാക്കോബ് ആ പന്ത്രണ്ടു ഗോത്രങ്ങളുടെയും മൂലപിതാവാണ് എന്നതിനോടു പൊരുത്തപ്പെടാത്ത ഒരു കൃത്രിമ വിഭജനമായിരുന്നു അതെന്നു പല വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. മദ്ധ്യപാലസ്റ്റൈനിൽ ശേഖേം, ബഥേൽ മുതലായ പ്രദേശങ്ങളോടാണ് യാക്കോബ് കൂടുതൽ ബന്ധപ്പെട്ടിരുന്നത്. യാക്കോബിൻെറ ഓമനപ്പുത്രൻ യൗസേപ്പിൻെറ പിൻഗാമികളായ രണ്ടു ഗോത്രങ്ങളാണ്, ഇസ്രായേൽജനം ഈജിപ്റ്റിൽനിന്നു രക്ഷപെട്ടുപോന്നശേഷം, ആ പ്രദേശങ്ങളിൽ വസിച്ചതായി പറയപ്പെടുന്നതും. എന്നാൽ ഇസ്രായേലിൻെറ പ്രത്യാഗമനത്തിനുശേഷമുണ്ടായ യുദ്ധങ്ങളുടെ വിവരണങ്ങളിൽ ഈ പ്രദേശങ്ങൾ കരസ്ഥമാക്കിയതായി യാതൊരു രേഖയുമില്ല. അതിനു മുമ്പുതന്നെ അവിടം ഈജിപ്റ്റിൽനിന്നു പോന്നവരുടെ മററുചില ബന്ധുസമൂഹങ്ങൾക്ക് അധീനമായിരുന്നെന്നും ആ പൂർവ്വനിവാസികളും ഈജിപ്റ്റിൽനിന്നുപോന്നവരും കൂടികലർന്ന് ഒരു ജനതയായിത്തീരുകയുമാണുചെയ്തതെന്നും കരുതപ്പെടുന്നു. ഈജിപ്റ്റിൽ യൗസേപ്പിൻെറ പ്രതാപകാലത്ത് യാക്കോബും സന്താനങ്ങളും ഈജിപ്റ്റിലേക്കുപോയപ്പോൾ യാക്കോബിൻെറ അനുയായികളിൽ ഒരു വിഭാഗം പാലസ്റ്റൈനിൽതന്നെ വസിച്ചെന്നോ, യാക്കോബിൻെറ മരണാനന്തരം ഈജിപ്റ്റിൽനിന്നു പൂർവ്വസ്ഥാനത്തേക്കു മടങ്ങിപ്പോന്നു എന്നോ ആകാം സംഭവിച്ചത്. എന്നാൽ അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും അധിവാസസ്ഥാനങ്ങളായിരുന്ന ഹെബ്രോൺ, നെഗേബ് മുതലായ തെക്കൻ പാലസ്റ്റൈൻ പ്രദേശങ്ങൾ യുദ്ധംചെയ്തു കീഴടക്കിയശേഷമാണ് യൂദായുടെ ഗോത്രക്കാർ അവിടെ വാസമുറപ്പിച്ചതെന്നു പ്രത്യാഗമനശേഷമുള്ള ചരിത്രം വ്യക്തമാക്കുന്നു. ഏസാവും യാക്കോബും ഏകോദരസഹോദരങ്ങളായിരുന്നെങ്കിൽ ഏസാവിൻെറ പിൻഗാമികളായ ഏദോമ്യരുടെ നേക്ക് ഇസ്രായേൽ ഒരിക്കലും ആക്രമണം നടത്തുമായിരുന്നില്ല എന്നാണ് അവരുടെ യുദ്ധചരിത്രങ്ങൾ ആകെക്കൂടി തെളിയിക്കുക.

ഏസാവിനോടും യാക്കോബിനോടും അവരുടെ പിൻഗാമികളെന്നു പറയപ്പെടുന്നവരോടും ബന്ധപ്പെട്ട ഈ വസ്തുതകളെല്ലാം പരിഗണിക്കുമ്പോൾ അതിപ്രധാനമായ ഒരു നിഗമനത്തിലേക്കു ബൈബിൾ ചരിത്രപണ്ഡിതർ പലരും നയിക്കപ്പെടുന്നുണ്ട്. അതു്, അബ്രാഹത്തിനുശേഷം ബി. സി. 18-ാം നൂററാണ്ടിൽ പാലസ്റ്റൈനിലേക്കു് ഉത്തര മെസൊപ്പൊട്ടേമ്യയിൽനിന്നു കുടിയേറിപ്പാർത്ത മറെറാരു എബ്രായ നാടോടിക്കൂട്ടത്തിൻെറ തലവനായിരുന്നു യാക്കോബ് എന്നത്രെ. യാക്കോബ് അബ്രാഹത്തിൻെറ പൗത്രനോ നേരിട്ടൊരു പിൻഗാമിയോ ആയിരുന്നെന്നുപോലും തീർത്തുപറയാൻ വയ്യ. എന്നാൽ ചരിത്രദൃഷ്ടിയിൽ, അബ്രാഹത്തിൻെറ സഹോദരൻ നാക്കോർ വഴിക്കോ അവരുടെ പൂർവ്വപിതാക്കൾ വഴിക്കോ യാക്കോബ് അബ്രാഹത്തോടു ബന്ധപ്പെട്ടിരുന്നെന്നും, അപ്രകാരമാണു് അബ്രാഹത്തിൻെറ പൗത്രനെന്നും ഇസഹാക്കിൻെറ പുത്രനെന്നും പറയപ്പെടുന്നതെന്നും വരാം. പിതാവു്, പുത്രൻ, സഹോദരൻ എന്ന സംജ്ഞകൾ അത്ര വ്യാപകമായ അർത്ഥത്തിലാണു് പഞ്ചഗ്രന്ഥിയിൽ പൊതുവെ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്.

ബൈബിളിൻെറ ചരിത്രസ്വഭാവം: യാക്കോബ് ഇസഹാക്കിൻെറ സന്താനമോ അബ്രാഹത്തിൻെറ വംശജനോ അല്ലായിരുന്നു എന്ന അഭിപ്രായം ആദ്യമായികേൾക്കുമ്പോൾ, ബൈബിൾ കഥകൾ അക്ഷരാർത്ഥം ചരിത്രസത്യങ്ങളെന്നു വിശ്വസിച്ചിട്ടുള്ള ചില ദുർബ്ബല മനസ്സുകൾക്കു് ചിന്താക്കുഴപ്പം ഉണ്ടാകാം. അബ്രാഹത്തോടു യാതൊരു ബന്ധവുമില്ലാത്ത ഒരു പുതിയ കുടിയേററ സമൂഹത്തിൻെറ നായകനായിരുന്നു യാക്കോബ് എന്നുതന്നെയിരിക്കട്ടെ, ബൈബിളിൻെറ മൗലികസന്ദേശങ്ങളിൽ എന്തു കുറവാണുണ്ടാവുക?

ഒന്നു്: ഏസാവിൻെറയും യാക്കോബിൻെറയും അവകാശ കൈമാററം ഒരു കല്പിതകഥയായിരുന്നു എന്ന തീരുമാനത്തിനു വഴി തെളിക്കും. എന്നാലും, താദൃശ നടപടികൾ ആ കാലഘട്ടത്തിലുണ്ടായിരുന്നെന്ന മററുതെളിവുകൾ ഉണ്ടല്ലോ? ഏസാവും യാക്കോബും തമ്മിൽ അപ്രകാരം ഒരു അവകാശ കൈമാററം ഉണ്ടായില്ലെങ്കിൽ തന്നെയും ആ വിവരണം സമുന്നയിക്കുന്ന സന്ദേശത്തിനു് എന്തു ഭംഗമാണുണ്ടാവുക? അമൂല്യങ്ങളായ അനുഗ്രഹങ്ങളുടെ ദാനത്തിൽ ദൈവത്തിനുള്ള പരമാവകാശത്തെയും, ദൈവികതെരഞ്ഞെടുപ്പിനെ നിസ്സാരമായി അവഗണിച്ചു തള്ളിക്കളയുന്ന മനുഷ്യപ്രകൃതിയുടെ ബുദ്ധിശൂന്യതയെയുംകുറിച്ചാണു് പ്രസക്തമായ ഒരു സന്ദേശം.

രണ്ട്: തൻെറ ജനതയുടെ ഭാഗഭാഗിത്വത്തിന് അബ്രാഹത്തെപ്പോലെ യാക്കോബിനെയും വിളിക്കുവാൻ ദൈവത്തിനു സ്വാതന്ത്ര്യമില്ലായിരുന്നെന്നോ, അതിനു യാക്കോബിനെ ദൈവം വിളിച്ചില്ലെന്നോ, വിളിച്ചെങ്കിൽ അതു ശരിയല്ലായിരുന്നെന്നോ പറയാൻകഴിയുമോ? പദ്ദൻ ആരാമിൽനിന്നു കാനാൻദേശത്തേക്കു പോകുവാൻ ദൈവം യാക്കോബിനോടു നിർദ്ദേശിച്ചില്ലെന്നോ, കാനാൻ ദേശത്തേക്കു പ്രവേശിക്കുന്നതിന് അനുവാദം നൽകിയില്ലെന്നോ ധ്വനിക്കുന്നുണ്ടോ? അവിടെ പ്രവേശിക്കുന്നതിനു ലഭിച്ച ദൈവികാംഗീകാരത്തിൻെറ സജീവമായ ആവിഷ്കരണമാണ് യാബോക്കുനദീതീരത്തുണ്ടായ മല്പിടുത്തം.

മൂന്ന്: ഇസ്രായേലിനെ ഒരു ജനതയായി നിലനിർത്തിയതു് ഒരു പൊതു പിതാവിൽക്കൂടിയുള്ള രക്തബന്ധമല്ലായിരുന്നു. ചരിത്രപരമായി നോക്കിയാൽ പല വർഗ്ഗങ്ങളുടെയും ഒരു സങ്കര സമൂഹമായിരുന്നു അവർ എന്നു കാണാം—ഇന്നത്തെ ക്രൈസ്തവസഭ പോലെ. അബ്രാഹത്തിൻെറ സന്താനങ്ങൾ എന്ന പദവിയിൽ അവരെ സംയോജിപ്പിച്ചുനിർത്തിയതു് അബ്രാഹത്തിനു സ്വയം വെളിപ്പെടുത്തിയ ഉടമ്പടിയുടെ ദൈവമായ യാവെയിലുള്ള വിശ്വാസമായിരുന്നു. ആ വിശ്വാസത്തിലും ഉടമ്പടിയിലും അവർക്കു ഭാഗഭാഗിത്വം നൽകിയ പ്രകടമുദ്രയായിരുന്നു പരിച്ഛേദനം—പ്രഥമദൃഷ്ടിയിൽ ക്രൈസ്തവജ്ഞാനസ്നാനംപോലെതന്നെ. അബ്രാഹത്തിൻെറ ദൈവമായ യാവെയിൽ വിശ്വസിക്കയും പരിച്ഛേദനം നടത്തുകയും ചെയ്ത സകലരും ആ ഉടമ്പടിയുടെ അവകാശികളായിത്തീരുകയും ഇസ്രായേലിൻെറ സമൂഹത്തിൽപെടുകയും യാവെയുടെ ജനതയെന്ന് അഭിമാനിക്കയും ചെയ്തു. എസ്രായുടെയും നെഹിമ്യാവിൻെറയും കാലത്തുണ്ടായ പരിഷ്കരണ നടപടികൾ ഇസ്രായേലിൻെറ ജാതീയമായ ഏകത്വത്തെയും രക്തപരിശുദ്ധിയെയും സംരക്ഷിക്കാനുള്ള നടപടികളായി പ്രഥമദൃഷ്ടിയിൽ തോന്നാമെങ്കിലും അവ യഥാർത്ഥത്തിൽ അന്യമതസ്ഥരുമായുള്ള സമ്പർക്കത്താൽ നഷ്ടപ്പെട്ട വിശ്വാസത്തെയും ജീവിതശുദ്ധിയെയും വീണ്ടെടുക്കുന്നതിനുള്ളശ്രമങ്ങളായിരുന്നു എന്നാണനുമാനിക്കേണ്ടതു്. എന്നാൽ തങ്ങളുടെ ദൈവികകർത്തവ്യങ്ങൾ മറന്ന് ആ തെരഞ്ഞെടുപ്പിനെ അർത്ഥശൂന്യമാക്കിയതുകൊണ്ടാണ് അബ്രാഹത്തിൽനിന്നുള്ള ജഡികപിന്തുടർച്ചയിൽ ദുരഭിമാനംപൂണ്ട ഫരിസേയപ്പരിഷകളോടു് ''ഈ കല്ലുകളിൽനിന്നുതന്നെയും അബ്രാഹത്തിനു സന്തതികളെ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയും'' എന്നു് യേശു പ്രഖ്യാപിച്ചതു്.

പുതിയ ഉടമ്പടിയിൽ വി. മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നതു് യേശുവിനു് യാദാവും യാക്കോബും ഇസഹാക്കും വഴിയായി അബ്്റാഹത്തിൽനിന്നുള്ള പിന്തുടർച്ചയെ പ്രഖ്യാപിക്കുന്ന ഒരു ദീർഘ വംശാവലിയോടുകൂടിയാണല്ലോ. ഈ വംശാവലിയിൽ ചില സ്്ഖലിതങ്ങൾ ഉണ്ടെങ്കിൽതന്നെയും ബൈബിളിന്റെ ആകെക്കൂടിയുള്ള വിശ്വാസ സംബന്ധമായ പ്രാധാന്യത്തിനോ യേശുവിന്റെ ചരിത്രാസ്ഥിതിത്വത്തിനോ എന്തെങ്കിലും തകരാറുണ്ടാകുമോ? ഒരിക്കലുമില്ല. പഴയ ഉടമ്പടിയിലെ ചരിത്രവസ്തുതകളെ സംബന്ധിച്ചു് നാം പ്രത്യേകം മനസ്സിലാക്കിയിരിക്കേണ്ട ഒരു പാഠമാണിതു്.

ബൈബിളിന്റെ ചരിത്രസ്വഭാവത്തെ സംബന്ധിച്ച ബൈബിൾ ഭക്തന്മാർക്കു ബോദ്ധ്യമായിരിക്കേണ്ട ചില സംഗതികളുണ്ടു്. ബൈബിളിനെസംബന്ധിച്ചു് ഇന്നുള്ള വീക്ഷണഗതിയെന്താണു്? ബൈബിൾ വിവരണങ്ങൾ അക്ഷരാർത്ഥം ആവിഷ്കൃത ചരിത്രസത്യങ്ങളെന്നാണു ഒരു വിഭാഗം വിശ്വാസികളുടെ ധാരണ. അതു ബൈബിളിന്റെ യഥാർത്ഥ സ്വഭാവത്തോടു യോജിക്കുന്നതല്ല. 'ഉല്പത്തി' മുതൽ 'വെളിപാടു'വരെയുള്ള ബൈബിൾ ഗ്രന്ഥങ്ങളുടെ ആവിഷ്കൃതസ്വഭാവം മുൻനിർത്തി അവയുടെ മുഖ്യകർത്താവു ദൈവമാകുന്നു എന്നതു കത്തോലിക്കരുടെ വിശ്വാസസത്യമാണു്. എന്നാൽ ആവിഷ്കൃതസത്യങ്ങളുടെ പ്രകാശനത്തിൽ അവയുടെ മാനുഷിക പ്രബോധകരുടെയും രചയിതാക്കളുടെയും വ്യക്തിത്വവും സാഹചര്യങ്ങളും അവയുടേതായ സ്വാധീനം ചെലുത്തിയിരുന്ന വസ്തുത അവഗണിക്കാമോ? ആ നിത്യസത്യങ്ങളുടെ പ്രബോധനത്തിനു് യുക്തവും വശ്യവുമായ പ്രകാശനമാർഗ്ഗങ്ങൾ സ്വീകരിച്ചപ്പോൾ ആനുകാലികമായ പല വർണ്ണനാരൂപങ്ങളും മററും തൽകർത്താക്കൾ സ്വീകരിച്ചിട്ടുണ്ടു്. പ്രപഞ്ചസൃഷ്ടിയെയും മനുഷ്യസൃഷ്ടിയെയും പ്രളയത്തെയും ബാബേൽ ഗോപുരത്തെയും മററും സംബന്ധിച്ച കഥകളിൽ അതു നാം വ്യക്തമായി കണ്ടിട്ടുള്ളതുമാണു്.

വിശ്വാസത്തിന്റെ നിലനില്പിനു് ആധാരമായ പരമസത്യങ്ങളെയും മററു ചരിത്രരേഖകൾ തെളിവുനൽകുന്ന സംഭവങ്ങളെയുമൊഴിച്ച യാതൊന്നിലും ബൈബിളിനു് അംഗീകാരം നൽകാൻ തയ്യാറില്ലാത്ത തീവ്രവാദികളും വിശ്വാസികളിൽ തന്നെയുണ്ടു്.

മാനുഷികവിജ്ഞാനത്തെ മതം, ദൈവശാസ്ത്രം, തത്വശാസ്ത്രം, ചരിത്രം, സാഹിത്യം, കല എന്നിങ്ങനെ വ്യവച്ഛേദിച്ചു വളർത്തിക്കൊണ്ടുവന്നിട്ടുള്ള ആധുനികസംസ്കാരത്തിൻെറപ്രവണതകൾ വ്യക്തികളെയും സംഭവങ്ങളെയും അവയുടെ പൂർണ്ണതയിൽ ദർശിക്കുവാൻ മനുഷ്യനെ അപ്രാപ്തനാക്കുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ട്. അതിൻെറ ഫലമാണ് ബൈബിളിനെസംബന്ധിച്ചുള്ള ഈ വിഭാഗീയ ചിന്താഗതി. മനുഷ്യജീവിതത്തെ മതം, ചരിത്രം, ശാസ്ത്രം, സംസ്കാരം എന്നൊന്നും വേർതിരിക്കാതെ പ്രകൃതിയിലും ചരിത്രത്തിലും മനുഷ്യൻ ദൈവവുമായി ഒത്തുചേർന്നു ജീവിക്കാൻ ശ്രമിച്ച ഒരു കാലഘട്ടത്തിൻെറയും ജനതയുടേയും പരിണതസമ്പത്താണു ബൈബിൾ. മതവും ചരിത്രവും സംസ്കാരവും എല്ലാം അതിൽ അലിഞ്ഞുചേർന്നിരിക്കയാണ്.

വ്യക്തികളുടേയും സമൂഹത്തിൻെറയും സാമ്പത്തിക - മാനസികപ്രേരണകളാണ് ചരിത്രത്തിനാധാരമായ പ്രമുഖ പ്രേരകശക്തിയായി ചരിത്രകാരന്മാർ കണക്കിലെടുക്കുന്നതു്. സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അവയുടെ മുഖ്യനായകരായ വ്യക്തികളുടെയോ സമൂഹങ്ങളുടെയോ മാനസിക - സാമ്പത്തിക പ്രവണതകളെ പരിശോധിച്ച് അവയെ യുക്തിയുക്തം കോർത്തിണക്കിക്കൊണ്ടാണ് ആധുനികലോകം ചരിത്രനിരീക്ഷണം ചെയ്യുന്നതു്. മാനുഷികപരിമിതികൾക്ക് അപ്പുറത്തേക്കുപോകാൻ ആ ചരിത്രഭാവനയ്ക്കു സാദ്ധ്യമല്ല. ആകയാൽ അതു സദാ അപൂർണ്ണവുമായിരിക്കും. വ്യക്തികളുടെയും സമൂഹത്തിൻെറയും ജീവിതത്തെസംബന്ധിച്ച വ്യക്തമായ ആരംഭവും അന്ത്യവും ഇല്ലാതെ അതു കറങ്ങിത്തിരിഞ്ഞുകൊണ്ടിരിക്കും.

ഇതിനു കടകവിരുദ്ധമായിരുന്നു പുരാതന നാഗരികതകളുടെ ചരിത്രവീക്ഷണം. അവക്കു മതവും ജീവിതവും അഭേദ്യഘടകങ്ങളായിരുന്നു. വിശ്വവിഖ്യാതങ്ങളായ പുരാണകഥകൾ പലതും പൗരാണികജനതകൾക്കു് ഒരു ചരിത്രകഥനം കൂടിയായിരുന്നു എന്നു പറയുന്നതു് അസംബന്ധമാകയില്ല. പ്രകൃതിസംഭവങ്ങളെല്ലാം ദൈവങ്ങളുടെ ക്രീഡാവിശേഷങ്ങളായി അവർ ദർശിച്ചു. ഇടിയുംമിന്നലും, മഹാമാരിയും പ്രളയവും, വേനലും വരൾച്ചയും, വാവും ഗ്രഹണവും എല്ലാം ഓരോരോ ദൈവങ്ങളുടെ ചെയ്തികളായിരുന്നു. വലിയ വ്യത്യാസങ്ങൾ കൂടാതെ കാലയളവിൽ ക്രമാനുഗതമായി ആവർത്തിച്ചുകൊണ്ടിരുന്ന ആ പ്രകൃതിഗതികളെ നിരീക്ഷിച്ച് പൗരാണികർ

അവരുടെ ദൈവങ്ങളുടെ സ്വഭാവത്തെ നിർണ്ണയിക്കുകയും പ്രാപഞ്ചികസംഭവങ്ങൾക്കെല്ലാം സൂത്രധാരന്മാരായി ഓരോരോ ദൈവങ്ങളെ കാണുകയും ചെയ്തു.

ജനനവും മരണവും, സാമ്രാജ്യങ്ങളുടെ വളർച്ചയും നാശവും, യുദ്ധങ്ങളും സന്ധികളുംമററും ഓരോ ഇഷ്ടദൈവങ്ങളുടെ ഭാഗ്യനിർഭാഗ്യങ്ങളോടു ബന്ധപ്പെടുത്തിയാണ് അവർ ചരിത്രനിരീക്ഷണം ചെയ്തതു്. പ്രപഞ്ചത്തെയും മനുഷ്യജീവിതത്തെയും അത്ര ഗാഢമായി നിയന്ത്രിച്ചുകൊണ്ടിരുന്ന ആ ദേവക്രീഡകളുടെ ഉത്ഭവകാലം ഏതായിരുന്നു? അന്ധകാരത്തിൻെറയും ശൂന്യതയുടെയും ക്ഷുദ്രശക്തികൾക്കെതിരായി ദൈവങ്ങൾ ഘോരസമരംചെയ്തു് ആധിപത്യംനേടിയ ഒരു പുണ്യപുരാതനകാലത്തെ അവർ സങ്കൽപിച്ചു. ആ വിജയത്തിൻെറ അനന്തരസംഭവമായിരുന്നു പ്രപഞ്ചസൃഷ്ടി. അങ്ങനെ പൗരാണികൎക്കു് മനുഷ്യജീവിതത്തെ സംബന്ധിച്ചു് ഒരാരംഭമുണ്ടായി. ആ ജീവിതത്തിൻെറ ലക്ഷ്യം ശക്തിയുടെയും പ്രതാപത്തിൻെറയും മൂത്തികളായ ദൈവങ്ങളോടു പൂൎണ്ണമായി ഐക്യപ്പെടുക എന്നതുമായിരുന്നു. അതിനുള്ള മാർഗ്ഗമോ? ദൈവങ്ങളുടെ ക്രീഡാവിശേഷങ്ങളായിക്കണ്ട പ്രകൃതിഗതികളെ പൂജിക്കുക, അവയോടു ഒട്ടിച്ചേരുക എന്നതുമായിരുന്നു. ജീവിതലക്ഷ്യത്തിൻെറ സാക്ഷാത്കാരവും ചരിത്രത്തിൻെറ പൂത്തീകരണവും അതായിരുന്നു. യുഗയുഗാന്തരങ്ങളിലേക്കു് ഈ പ്രകൃതിപൂജ ആവൎത്തിക്കുക എന്നതിൽകവിഞ്ഞു് ആ പൗരാണികചരിത്രങ്ങൾക്കു് വ്യക്തമായ അന്ത്യമില്ല. ആ ചരിത്രാവിഷ്കരണമാണ് മതപുരാണങ്ങളിലും ഇതിഹാസങ്ങളിലും ദൃശ്യമാവുക. ആ ചരിത്രദർശനത്തിനു് പ്രകൃത്യതീതമായ ഒരു ആരംഭം ഉണ്ടു്. പക്ഷെ അതു ദേവക്രീഡകളെ സംബന്ധിച്ച പരിമിതമാനുഷികഭാവനകളിൽനിന്നുത്ഭവിക്കുകനിമിത്തം മനുഷ്യനും മനുഷ്യവൎഗ്ഗത്തിനും സുനിശ്ചിതമായ ഒരു ലക്ഷ്യത്തെയും കർമ്മമാൎഗ്ഗത്തെയും പ്രദാനം ചെയ്യാൻ അതിനു സാദ്ധ്യമായില്ല.

ആധുനികവും പ്രാചീനവുമായ ഈ രണ്ടു ചരിത്രവീക്ഷണങ്ങളോടും തുലനംചെയ്യുമ്പോഴാണ് ബൈബിളിൻെറ ചരിത്രപ്രഭാവം നമുക്കു ദൃശ്യമാകുന്നതു്, അതു നിത്യരക്ഷയുടെ ചരിത്രമാണെന്നു് ഉടനെ പറയാൻ നമുക്കു കഴിയും. രക്ഷകനായ ദൈവം മനുഷ്യൻെറയും മനുഷ്യവർഗ്ഗത്തിൻെറയും ആരംഭത്തെയും അന്ത്യത്തെയും പ്രമാദരഹിതമായി വെളിപ്പെടുത്തിക്കൊണ്ടു് ജീവിതസാരഥ്യം

വഹിക്കുന്ന സമുജ്ജ്വലമായ ഒരു കർമ്മപന്ഥാവാണ് ആ ചരിത്രം ആവിഷ്കരിക്കുന്നതു്. അതിനു സുനിശ്ചിതമായ ഒരു ആരംഭവും അന്ത്യവും ഉണ്ടു്. അതു സർവ്വശക്തനായ ദൈവമാകുന്നു. അവിടന്നു ഗോത്രപിതാക്കളായ അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും ദർശനം നൽകിക്കൊണ്ടു് തന്റെ ആസ്തിക്യത്തെ സ്പഷ്ടമാക്കി. അവരുടെ സന്താനപരമ്പരകളെ ഈജിപ്തിലെ കൊടിയ ദുരിതങ്ങളിൽനിന്നും അത്ഭുതകരമായി രക്ഷിച്ചു കാനാൻദേശത്തേക്കു നയിച്ചുകൊണ്ടു് താൻ രക്ഷകനായ ദൈവമാണെന്നു വെളിപ്പെടുത്തി. മററു ജനതകളെല്ലാം അവരുടെ ദൈവങ്ങളെപ്പററിയുള്ള സ്വന്തം ഭാവനാചിത്രങ്ങരം നിർമ്മിച്ചുകൊണ്ടിരുന്നപ്പോഴാണ് ഇസ്രായേലിന്റെ ദൈവം സീനായ് മലയിൽ ഒരു വൻസമൂഹത്തിനു ദർശനം നൽകി താൻ രക്ഷകനായ ദൈവമാണെന്നു പഠിപ്പിച്ചതു്. പിന്നീടു് അവരുടെ ഭാഗ്യനിർഭാഗ്യങ്ങളിലെല്ലാം രക്ഷകനും മാർഗ്ഗദർശിയുമായി നിന്നുകൊണ്ടു് അവിടന്നു രക്ഷയുടെ ചരിത്രമാർഗ്ഗത്തെ പ്രവാചകർവഴി വിശദീകരിച്ചുകൊണ്ടിരുന്നു. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പരിപക്വമായ ഒരു ദശാസന്ധിയിൽ പുത്രനായ ദൈവം തിരുഅവതാരം ചെയ്തു് അവരോടു കൂടി ജീവിച്ചു മരിച്ചു പുനരുത്ഥാനം ചെയ്തു മനുഷ്യവർഗ്ഗത്തിനാകെ നിത്യസൗഭാഗ്യത്തിന്റെ ശ്രീകോവിൽ തട്ടിത്തുറന്നു......ഇതാണ് ബൈബിളിന്റെ ചരിത്രതന്തു. ബൈബിരം കേവലം മതബോധനപരം മാത്രമല്ല. മനുഷ്യചരിത്രത്തിൽ ദൈവത്തിന്റെ നിരന്തര സമ്പർക്കവും പരിരക്ഷണവും കർതൃത്വവും കൂടി വിളിച്ചറിയിക്കുന്ന ഒരു വിശുദ്ധ ചരിത്രമാണ് മുഖ്യമായും. ആ സമ്പക്ത്തിന്റെയും സംരക്ഷണത്തിന്റെയും പ്രബോധകരും പ്രകാശകരുമായിരുന്ന നിവേശിതകർത്താക്കരം ആ വിശുദ്ധചരിത്രരചനയ്ക്കു തങ്ങളുടെ ദേശീയ സംഭവങ്ങളെയും പൗരാണികപാരമ്പര്യങ്ങളെയും നാടോടിക്കഥകളെയും എല്ലാം ആധാരമാക്കിയിട്ടുണ്ടു്. ദൈവികസംരക്ഷണത്തിന്റെയും പരിപാലനയുടെയും ദൃശ്യവും അദൃശ്യവുമായ ചൈതന്യ ബഹിർസ്ഫുരണമാണ് അവയുടെ മുഖ്യചരിത്രാടിസ്ഥാനം-തദനുസൃതമായ ചരിത്രഖണ്ഡിതത്വമേ അവയ്ക്കു നൽകേണ്ടതുള്ളൂ.

# നൈൽ നദീമുഖത്ത്

യാവെദൈവം അബ്റാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും വാഗ്ദാനം ചെയ്തു, തേനും‌പാലും ഒഴുകുന്ന കാനാൻദേശം അവരുടെ സന്താനപരമ്പരകൾക്ക നൽകുമെന്ന്. എന്നാൽ ആ വാഗ്ദാനപൂർത്തീകരണത്തിനുമുമ്പായി ഒരു കടുത്ത പരീക്ഷണവും ആ പിൻഗാമികൾക്ക ചരിത്രഗതിയിൽ തയ്യാറാക്കപ്പെട്ടുകൊണ്ടിരുന്നു. പുരാതനസംസ്കാരകേന്ദ്രമായിരുന്ന ഈജിപ്തിലാണ് അതു സംവിധാനം ചെയ്യപ്പെട്ടതു്. അതിന്റെ പശ്ചാത്തലസംഭവങ്ങളാണ് ഉല്പത്തിഗ്രന്ഥം 37-ാം അദ്ധ്യായം മുതലുള്ള പ്രതിപാദ്യവിഷയം.

# 21. രണ്ടുസ്വപ്നങ്ങളും ഒരു കച്ചവടവും

ഉല്പത്തി 37, 28

''അവർ യൗസേപ്പിനെ കുഴിയിൽനിന്നു കയററി ഇരുപതു വെള്ളിത്തുട്ടുകൾക്കുവേണ്ടി ഇശ്മേല്യർക്കു വിൽക്കുകയും, അവർ അവനെ ഈജിപ്തിലേക്കു കൊണ്ടുപോകുകയും ചെയ്തു''

**വിദ്വേഷകാരണം;** യാക്കോബിൻെറ ഏററം വാത്സല്യ പുത്രനായിരുന്നു യൗസേപ്പ്. അവൻെറ ജ്യേഷ്ഠന്മാർ എല്ലാവരും കാലിപ്പററങ്ങളെ മേയിച്ചു പലയിടത്തും സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അവൻ മിക്കവാറും പിതാവിൻെറ ലാളനയിൽ ഭവനത്തിൽ വിഹരിച്ചു. ഇടയ്ക്കിടെ വയലിലെ വിളവുകൾ നോക്കുവാനോ ജ്യേഷ്ഠന്മാരുടെ വിവരങ്ങൾ അന്വേഷിക്കാനോ മാത്രം യാക്കോബ് അവനെ വെളിയിലേക്ക് അയച്ചിരുന്നു. ഒരിക്കൽ അവൻ തൻെറ സഹോദരന്മാരിൽ ചിലരുടെ ദുർന്നടപടികൾ യാക്കോബിനെ അറിയിച്ചു. പിന്നീടൊരിക്കൽ യാക്കോബ് വിശിഷ്ടമായ ഒരു നിലയങ്കി അവനു നൽകി. അതെല്ലാം ജ്യേഷ്ഠന്മാരുടെ വിദ്വേഷത്തിനും കാരണമായി. അപ്രകാരമിരിക്കെ അവനു രണ്ടു സ്വപ്നങ്ങൾ ഉണ്ടായി. വയലിൽ എല്ലാവരുംകൂടി കററകൾ കെട്ടിക്കൊണ്ടിരിക്കുമ്പോൾ യൗസേപ്പിൻെറ കററ നിവർന്നുനിൽക്കുകയും സഹോദരന്മാരുടെ കററകൾ അതിനെ കുമ്പിട്ടു നമസ്കരിക്കുകയും ചെയ്തു എന്നായിരുന്നു ഒന്നാമത്തെ സ്വപ്നം. മറേറതു്, സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും കൂടി അവനെ നമസ്കരിച്ചു എന്നായിരുന്നു. ലോകത്തിൻെറകപടതകളറിയാത്ത ബാലൻ തൻെറ സ്വപ്നങ്ങൾ വിളിച്ചുപറഞ്ഞു. യാക്കോബ് സ്വപ്നത്തിൻെറ ധ്വനി മനസ്സിലാക്കി അവനെ അല്പം ശാസിച്ചു എങ്കിലും ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ അവൻെറ സഹോദരന്മാക്ക് അസൂയ കത്തിക്കാളി. ഏതുവിധത്തിലും അവനെ കുടുംബത്തിൽനിന്നു് ഒഴിവാക്കണമെന്നായി ചിന്ത.

**സോദരവഞ്ചന:** അങ്ങനെയിരിക്കെ ഒരിക്കൽ ജ്യേഷ്ഠന്മാരുടെ വിവരങ്ങളന്വേഷിക്കുവാൻ യാക്കോബ് അവനെ ശേഖേമിലേക്കു് അയച്ചു. ശേഖേമിലെത്തിയപ്പോൾ അവൻെറ ജ്യേഷ്ഠന്മാർ വടക്കു് ദോഥാനിലേക്കു പോയിരിക്കുകയാണെന്നറിഞ്ഞു്

അവൻ അങ്ങോട്ടു പുറപ്പെട്ടു. ദൂരെനിന്നു് അവൻെറ ആഗമനം മനസ്സിലാക്കിയ സഹോദരന്മാർ അവനെ അപായപ്പെടുത്താൻ ആലോചനയായി. അവനെ കൊന്നു വല്ല കുഴിയിലും എറിഞ്ഞശേഷം ദുഷ്ടമൃഗങ്ങൾ കൊന്നതായി വരുത്തിവയ്ക്കാമെന്നായിരുന്നു പ്രഥമാഭിപ്രായം. ജ്യേഷ്ഠസഹോദരൻ രൂബനു് അവനെ രക്ഷിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ മററുള്ളവരെ പിണക്കാൻ ധൈര്യപ്പെട്ടില്ല. അവനെ കൊല്ലാതെ കുഴിയിൽ തള്ളിയാൽമതി എന്നു് രൂബൻ അവരെ പ്രേരിപ്പിച്ചു.......അനീതിയേയും അക്രമത്തെയും എതിക്കാൻ ധൈര്യമില്ലാതെ നയോപായങ്ങളാൽ പ്രീണിപ്പിക്കുന്ന ദുർബ്ബലമനസ്കരുടെ, പ്രത്യേകിച്ചു് അധികാരികളുടെ, ഒരു മാതൃകയാണു് ഇവിടെ രൂബനിൽ കാണുക. യാക്കോബിൻെറ സീമന്തപുത്രനും ഭാവിയിലെ ഗോത്രത്തലവനും എന്ന പദവിയിൽ രൂബനു് തൻെറ സഹോദരന്മാരെ അവരുടെ ദുഷ്കൃത്യത്തിൽനിന്നു് അധികാരപൂർവ്വം പിന്തിരിപ്പിക്കാമായിരുന്നു. പിന്നീടു പല നൂററാണ്ടുകൾക്കുശേഷം യേശുവിനെ കുരിശിലേററണമെന്നു് ക്ഷുഭിതരായ ജനക്കൂട്ടം ആക്രോശിച്ചപ്പോൾ ആ ദിവ്യപുരുഷനെ ക്രൂരമായ ചമ്മട്ടിയടിക്കു വിട്ടുകൊടുത്തു് സ്വന്തംകർത്തവ്യത്തിൽനിന്നു ഒഴിഞ്ഞുമാറിയ പീലാത്തോസിനെയും നാം ഇവിടെ അനുസ്മരിക്കും. മനുഷ്യജീവിതത്തിൽ എന്നും നീതിയുടെ കർത്തവ്യനിഷേധത്തിൽ ഭീരുത്വവും സ്വാർത്ഥതയും നിറഞ്ഞ സംഭവങ്ങൾ ഇങ്ങനെ ആവർത്തിക്കപ്പെടുന്നുണ്ടു്.

യൗസേപ്പ് സമീപമെത്തിയപ്പോൾ ജ്യേഷ്ഠന്മാർ അവൻെറ മേലങ്കി ഊരിയെടുത്തു് അവനെ ഒരു പൊട്ടക്കുഴിയിലേക്കു തള്ളി. എന്നാൽ അതു് വെള്ളമില്ലാതെ ഉണങ്ങിവരണ്ടുകിടന്നിരുന്നതിനാൽ അവനു ജീവാപായം ഉണ്ടായില്ല. കുറേക്കഴിഞ്ഞു് ഈജിപ്തിലേക്കുപോകുന്ന ഇശ്മേല്യരുടെ ഒരു കച്ചവടസംഘം അതിലേ വരുന്നതുകണ്ടു് യൗസേപ്പിനെ കൊല്ലാതെ അവർക്കു വിൽക്കുകയായിരിക്കും നന്നു് എന്നു യൂദാ അഭിപ്രായപ്പെട്ടു. അപ്പോൾ രൂബൻ സ്ഥലത്തില്ലായിരുന്നു. മററുള്ളവർ എല്ലാം യൂദായുടെ അഭിപ്രായത്തോടു യോജിച്ചു് അവനെ കുഴിയിൽനിന്നുകയററി ആ കച്ചവടസംഘത്തിനു് ഇരുപതു വെള്ളിത്തുട്ടുകൾക്കുവിററു. അവർ അവനെ ഈജിപ്തിലേക്കുകൊണ്ടുപോയി ഫറവോൻെറ ഉദ്യോഗസ്ഥനായ പൊത്തിഫേറിനു വിററു. ദൈവികസംരക്ഷണത്താൽ യൗസേപ്പ് അവിടെ സ്വതന്ത്രനും പ്രശസ്തനായ ഒരു ഭരണാധികാരിയും ആയിത്തീർന്നതു പിന്നാലെ കാണാം.

രൂബൻ തിരിച്ചെത്തി കുഴിയിൽ നോക്കിയപ്പോരം യൗസേപ്പിനെ കാണാതെ ദുഃഖിച്ച സഹോദരന്മാരോട്ട വിവരമന്വേഷിച്ചു. എന്നാൽ അവർ യാതൊന്നും അറിയാത്തഭാവം നടിച്ചു. അവർ ഒരു ആട്ടിൻകൊററനെക്കൊന്നു് അതിൻെറ രക്തത്തിൽ യൗസേപ്പിൻെറ മേലങ്കി മുക്കി അതു യാക്കോബിൻെറപക്കലേക്കു കൊടുത്തയച്ചു. യൗസേപ്പിനെ ഏതോ ദുഷ്ടമൃഗങ്ങരം കൊന്നതായിരിക്കുമെന്നു് യാക്കോബു് തീർച്ചയാക്കി, തൻെറ മകനോടുകൂടി പാതാളത്തിലിറങ്ങുമെന്നു പ്രലപിച്ചു ദുഃഖാർത്തനായി ദീർഘകാലം വിലപിച്ചു.

യൗസേപ്പിനെ വിലയ്ക്കെടുത്ത കച്ചവടസംഘക്കാരെ ഇശ്മേല്യരെന്നും മേദ്യാന്യരെന്നും പറയുന്നുണ്ടു്. ഇസ്രായേലിനോടു് ഉററബന്ധമുള്ള രണ്ടു വർഗ്ഗങ്ങളായിരുന്നു ഇശ്മേല്യരും മേദ്യാന്യരും. അബ്രാഹത്തിൻെറ ദാസീപുത്രനായ ഇശ്മായലിൻെറ പിൻഗാമികളായിരുന്നു ഇശ്മേല്യർ എന്നും, കെതുറായുടെ പുത്രൻ മേദ്യാൻെറ പിൻഗാമികളായിരുന്നു മേദ്യാന്യരെന്നും ഇസ്രായേൽ വിശ്വസിച്ചിരുന്നു. പലപ്പോഴും ആ രണ്ടു സമൂഹങ്ങളെ വിവേചനംകൂടാതെ ഇശ്മേല്യരെന്നും മേദ്യാന്യരെന്നും ബൈബിളിൽ പറയുന്നുണ്ടു്. രണ്ടും നാടോടിക്കൂട്ടങ്ങരം ആയിരുന്നു.

# 22. വഴിയിലെ വേശ്യ

ഉല്പത്തി 38.

കഥാസാരം: യാക്കോബിനു ലീയായിൽ ജനിച്ച നാലാമത്തെ പുത്രൻ യൂദായ്ക്കു് അദ്ദുല്ലാം നഗരത്തിൽ ഹീര എന്നൊരു കാനാന്യസ്നേഹിതൻ ഉണ്ടായിരുന്നു. ആ സ്നേഹിതന്റെ ഭവനത്തിൽവച്ച ഒരു കാനാന്യയുവതിയെ യൂദാ കണ്ടു് അവളിൽ പ്രണയബദ്ധനായി അവളെ വിവാഹംചെയ്തു. അവൾ ഏർ, ഓനാൻ, ശേല എന്നു മൂന്നു പുത്രന്മാരെ പ്രസവിച്ചു. ഏർ വളർന്നു പുരുഷപ്രായമായപ്പോൾ താമാർ എന്നൊരു കാനാന്യയുവതിയെ വിവാഹംചെയ്തു. എന്നാൽ അവന്റെ ദുർവൃത്തിനിമിത്തം അവൻ ദൈവകോപത്താൽ പെട്ടെന്നു നിര്യാതനായി. ഗോത്രപാരമ്പര്യങ്ങളനുസരിച്ചു പിന്തുടർച്ചാവകാശിയായിരിക്കേണ്ട സീമന്തപുത്രൻ വിവാഹശേഷം സന്താനങ്ങളുണ്ടാകാതെമരിച്ചാൽ അനുജൻ ജ്യേഷ്ഠത്തിയെ വിവാഹംചെയ്തു് അവളോടു ഭർത്തൃധർമ്മം അനുഷ്ടിക്കുവാൻ നിയമാനുസൃതം ബാദ്ധ്യസ്ഥനായിരുന്നു (ആവ: 5.10). ഗോത്രഭദ്രതയ്ക്കും ധനപരമായ അവകാശത്തർക്കങ്ങൾ ഒഴിവാക്കുന്നതിനും മററും സ്വീകരിക്കപ്പെട്ടിരുന്ന സാമൂഹ്യാചാരമായിരുന്നു അതു്. അപ്രകാരം യൂദാ തന്റെ രണ്ടാമത്തെ പുത്രൻ ഓനാനോടു് താമാറിനെ ഭാര്യയായി സ്വീകരിച്ചു് അവൾക്കു സന്താനങ്ങളെ നൽകുവാൻ നിർദ്ദേശിച്ചു. താമാറിനു സന്താനങ്ങളുണ്ടാകുന്നപക്ഷം ആ സന്താനത്തിനല്ലാതെ തനിക്കു പിന്തുടർച്ചാവകാശം ലഭിക്കയില്ലെന്നു കരുതിയ ഓനാൻ അവന്റെ ഭർത്തൃധർമ്മം വ്യഭിചരിക്കയാൽ ദൈവശിക്ഷയ്ക്കു വിധേയനായി മരിച്ചു. പിന്നീടു ശേഷിച്ചിരുന്നതു് ബാലനായ ശേലാ ആണു്. അവനെ താമാറിനു ഭർത്താവായി നൽകാൻ യൂദാ ബാദ്ധ്യസ്ഥനായിരുന്നു. എങ്കിലും മൂത്ത പുത്രന്മാരുടെ മരണത്തിൽ യൂദാ ഭയാശങ്കകൾക്കു് അധീനനായി ശേലായ്ക്കു പ്രായപൂർത്തിയാകട്ടെ എന്നു പറഞ്ഞു താമാറിനെ പിതൃഗൃഹത്തിലേക്കു് അയച്ചു. കുറെ കാലംകഴിഞ്ഞു യൂദായുടെ ഭാര്യ നിര്യാതയായി. എന്നാൽ യൂദാ ശേലായെ തനിക്കു ഭർത്താവായി നൽകാൻ സന്നദ്ധനല്ലെന്നു താമാർ മനസിലാക്കി. ആകയാൽ സന്താനലബ്ധിക്കുവേണ്ടി ആചാരമര്യാദകളനുസരിച്ചു് വേണ്ട കൗശലം പ്രയോഗിക്കാനും അവൾ തീർച്ചയാക്കി.

അപ്പോഠം ആടുകളുടെ രോമം മുറിക്കുന്ന ആഘോഷങ്ങഠംക്കു് യൂദായും ഹീരായും ഒരുമിച്ചു യാത്ര തിരിക്കുന്നു എന്നു് താമാറിനു് അറിവുകിട്ടി. അവഠം ഒരു ക്ഷേത്രാഭിസാരികയുടെ വേഷം അണിഞ്ഞു മുഖാവരണത്തോടുകൂടി വഴിയരികിൽ ഒരു ഗോപുരത്തിൽ കാത്തുനിന്നു. യൂദാ അവളെ കണ്ടു് ഒരു വേശ്യയെന്നു കരുതി അവളിൽ ആകൃഷ്ടനായി·അവളെ സമീപിച്ചു. അവളോടു രമിക്കുന്നതിനു പ്രതിഫലമായി ഒരു ആടിൻ കൊററനെ നൽകാമെന്നു സമ്മതിച്ചു് അതിനു പണയമായി യൂദാ തൻെറ മുദ്രമോതിരവും മോതിരച്ചരടും വടിയും അവഠംക്കു നൽകി. അങ്ങനെ താമാർ അവളുടെ ശ്വശ്രുരനുമായി സംഗമിച്ചു ഗർഭിണിയായി. അവളുടെ നടപടി ആചാരങ്ങളാൽ ന്യായീകരിക്കപ്പെടുന്നതുമായിരുന്നു. യൂദാ അവളെ വിട്ടുപോയപ്പോഠം അവഠം സ്വഭവനത്തിലേയ്ക്കു മടങ്ങിപ്പോകയും ചെയ്തു. മുദ്രമോതിരവും മററും മടക്കി വാങ്ങേണ്ടതിനു് വാഗ്ദാനമനുസരിച്ചു ആടിൻ കൊററനെയും കൊടുത്തു യൂദാ ഹീരായെ ഗോപുരത്തിലേക്കയച്ചു. പക്ഷെ ആ വേശ്യയെ കാണാനില്ലായിരുന്നു. മാത്രമല്ല, അവളെപ്പററി ഒരു അറിവും ലഭിച്ചതുമില്ല. മുദ്രമോതിരവും മോതിരച്ചരടും ആടിൻ കൊററനേക്കാഠം എത്രയോ വിലയേറിയതായിരുന്നു· യൂദാ തനിക്കു പററിയ അമളി മറച്ചുവയ്ക്കാൻ അന്വേഷണം മതിയാക്കയും ചെയ്തു.

രണ്ടു മൂന്നു മാസം കഴിഞ്ഞപ്പോഠം താമാർ പരസംഗം ചെയ്തു ഗർഭിണിയായിരിക്കുന്നു എന്നു യൂദായ്ക്കു് അറിവുകിട്ടി. അതിനുള്ള നിയമാനുസൃതശിക്ഷ തീയിൽ എറിഞ്ഞു കൊല്ലുക എന്നതായിരുന്നു. തൻെറ കനിഷ്ഠപുത്രൻെറ ഭാവിഭാര്യയെന്ന നിലയിൽ യൂദായ്ക്കു് അതിനു് അവളുടെമേൽ അധികാരവും ഉണ്ടായിരുന്നു. അപ്രകാരം അവളെ തീയിൽ എറിഞ്ഞു കൊല്ലുവാൻ യൂദാ ഏർപ്പാടുചെയ്തു. എന്നാൽ താമാർ തക്കസമയത്തു് മുദ്രമോതിരവും മററ് അടയാളങ്ങളും യൂദായുടെ പക്കൽ കൊടുത്തയച്ചു തൻെറ ഗർഭകാരണമായ പുരുഷനെ മനസ്സിലാക്കണമെന്നറിയിച്ചു. സത്യാവസ്ഥ മനസ്സിലാക്കിയ യൂദാ ശേലായെ അവഠംക്കു ഭർത്താവായി നൽകാതിരുന്ന സ്വകൃത്യ വിലോപത്തെക്കുറിച്ചു് അനുതപിച്ചു താമാർ തന്നെക്കാഠം നീതീകരിക്കപ്പെട്ടവഠം എന്നു ബോദ്ധ്യപ്പെടുകയും അവളെ ശിക്ഷയിൽ നിന്നു വിമുക്തയാക്കുകയും ചെയ്തു. അവഠം യഥാകാലം പേരസ്, സേരഹ് എന്നു രണ്ടു പുത്രന്മാരെ പ്രസവിച്ചു സംതൃപ്തജീവിതം നയിച്ചു. നിശ്ചയദാർഢ്യത്തിനും ബുദ്ധിസാമർത്ഥ്യത്തിനും പ്രസിദ്ധയായ ഒരു മാതൃകാ സ്ത്രീ ആയി പുരാതന

എബ്രായ സമൂഹങ്ങറം താമാറിനെ ബഹുമാനിച്ചു. അവളുടെ നാമം യേശുവിൻെറ മുൻഗാമികളുടെ വംശാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചരിത്രദൃഷ്ടിയിൽ:** യാക്കോബിനോടും യാക്കോബിൻെറ മററു സന്താനങ്ങളോടും യാതൊരു ബന്ധവുമില്ലാത്ത ഒററപ്പെട്ട ഒന്നാണ് യൂദായെ സംബന്ധിച്ച ഈ പാരമ്പര്യ കഥ. അതിൻെറ സാംസ്കാരിക പശ്ചാത്തലം ഇസ്രായേലിൻെറതല്ല, കാനാന്യജനതകളുടെയാണ്. യൂദായെ സംബന്ധിച്ച എബ്രായ പാരമ്പര്യങ്ങളിൽ യാതൊരു കലർപ്പുമില്ലാത്ത ആദ്യപാരമ്പര്യം ഇതായിരിക്കാമെന്നു ജസ്വിട്ടു പണ്ഡിതനായ ഫാ: ജോൺ മെക്കൻസി പറയുന്നു. ചരിത്ര വീക്ഷണത്തിൽ യൂദാ യാക്കോബിൻെറ പുത്രനല്ലായിരുന്നെന്നും ചില പ്രമുഖ വ്യാഖ്യാതാക്കറം അഭിപ്രായപ്പെടുന്നു. എബ്രായ രാജവാഴ്ചക്കാലത്തു യൂദായുടെ ഗോത്രങ്ങളും ഇസ്രായലും തമ്മിലുണ്ടായിരുന്ന അകൽച്ച അതിനു പ്രബലമായ ഒരുതെളിവായി അവർ ചൂണ്ടിക്കാണിക്കുന്നു. യാക്കോബിനോടെന്നതിലധികം അബ്രാഹത്തോടും ഇസഹാക്കിനോടും ആണ് യൂദായും പിൻഗാമികളും കൂടുതൽ ബന്ധപ്പെട്ടിട്ടുള്ളതായി അവർ കാണുക. ചരിത്ര വസ്തുതകറം എങ്ങനെ ആയാലും യൗസേപ്പിനെ സംബന്ധിച്ച ബൈബിറം കഥകളിൽ അത്യുന്നത മാനദണ്ഡം പുലർത്തിയ ഒരു ഉത്തമ സഹോദരനായിട്ടാണ് യൂദായെ ആവിഷ്കരിച്ചിരിക്കുന്നതു്. ഇസ്രായേലിൻെറ പിൽക്കാല ചരിത്രത്തിലും യൂദായുടെ പിൻഗാമികറം ഈ ഉന്നത പാരമ്പര്യം നിലനിർത്തിയതായി ചരിത്രം സാക്ഷാത്കരിക്കുന്നു.

# 23. കാരാഗൃഹത്തിൽനിന്നു കൊട്ടാരത്തിലേക്ക്

ഉല്പത്തി 39-41

ബന്ധനം: യൗസേപ്പ് പൊത്തിഫേറിൻെറ അടിമയായി വിൽക്കപ്പെട്ടെങ്കിലും ആ ദുരവസ്ഥയിൽ നിരാശനാകാതെ തൻെറ ദൈവമായ യാവെയിൽ ആശ്രയിച്ചു തൻെറ യജമാനനെ സേവിച്ചു. അവൻെറ സ്വാമിഭക്തിയും കർമ്മശേഷിയും മററു സൽഗ്ഗുണങ്ങളും കണ്ടു് പൊത്തിഫേർ സന്തുഷ്ടനായി. ഫറവോൻ ചക്രവൎത്തിയുടെ ഒരു പ്രധാന ഉദ്യോഗസ്ഥനെന്ന നിലയിൽ പൊത്തിഫേറിനു സ്വഗൃഹത്തിൽനിന്നു പലപ്പോഴും അന്യസ്ഥലങ്ങളിലേക്കു പോകേണ്ടിവന്നിരുന്നു. അപ്പോഴെല്ലാം പലകാര്യങ്ങളും യൗസേപ്പിനെ ഭരമേല്പിച്ചു. അവൻെറ പ്രവൃത്തികൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട പൊത്തിഫേറിനു് ഐശ്വര്യകാരണമായും തീൎന്നു. താമസിയാതെ പൊത്തിഫേർ യൗസേപ്പിനെ ഗൃഹകാര്യസ്ഥനായി ഉയൎത്തി, കുടുംബകാര്യങ്ങളെല്ലാം അവനെ ചുമതലപ്പെടുത്തി. അവയെല്ലാം ഭംഗിയായി നിർവ്വഹിക്കപ്പെടുകയും ചെയ്തു.

യൗസേപ്പ് കാര്യപ്രാപ്തിയിലും വിശ്വസ്തതയിലും മാത്രമല്ല വശ്യനായിരുന്നതു്. ആരോഗ്യവും പ്രസരിപ്പും തുളുമ്പുന്ന ഒരു സുകുമാരനായിരുന്നു അവൻ. അതു പൊത്തിഫേറിൻെറ ഭാര്യയിൽ ചില മോഹാവേശങ്ങളെ ഇളക്കി. അവൾ തൻെറ കാമപൂരണത്തിനു യൗസേപ്പിനെ പ്രേരിപ്പിച്ചു. എന്നാൽ അവൻ വഴിപ്പെട്ടില്ല. ഗുണവാനായ തൻെറ യജമാനനെ വഞ്ചിക്കുകയും ദൈവത്തോടു പാപം ചെയ്യുകയുമില്ലെന്നു് അവൻ തീൎത്തുപറഞ്ഞു. എങ്കിലും നാളുതോറും അവനെ വശീകരിക്കാൻ അവൾ ശ്രമിച്ചു. പക്ഷെ അനുനയങ്ങൾ ഒന്നിനൊന്നു നിഷ്ഫലമായി. ഇച്ഛാഭംഗം പ്രതികാരത്തിനു വഴി തെളിച്ചു. ഒരിക്കൽ പൊത്തിഫേർ എവിടെയോ പോയിരുന്ന സമയത്തു് യൗസേപ്പ് ഏതോ കൃത്യനിർവ്വഹണത്തിനായി ഭവനത്തിനുള്ളിലേക്കുചെന്നു. അപ്പോൾ അവൾ യൗസേപ്പിൻെറ വസ്ത്രത്തിൽ കടന്നുപിടിച്ചു് അവനെ ദുർവൃത്തിക്കു നിർബ്ബന്ധിച്ചു. എന്നാൽ അവൻ വസ്ത്രം ഉപേക്ഷിച്ചു് വെളിയിലേക്കു് ഓടിപ്പോയി. പകരം വീട്ടാൻ അതു നല്ല തെളിവായി. അവൾ ഭവനത്തിലുണ്ടായിരുന്നവരെയെല്ലാം വിളിച്ചുകൂട്ടി ധിക്കാരിയായ എബ്രായൻ തന്നെ മലിന

പ്പെടുത്താൻ ശ്രമിച്ചെന്നും താൻ ഉച്ചത്തിൽ നിലവിളിക്കുകയാൽ അവൻ വസ്ത്രം ഉപേക്ഷിച്ച് ഓടിപ്പോയെന്നും പരസ്യപ്പെടുത്തി. പൊത്തിഫേർ മടങ്ങിവന്നപ്പോൾ അവളുടെ പ്രലപനംകേട്ട യൗസേപ്പിനെ രാജദ്രോഹികൾക്കുള്ള കാരാഗൃഹത്തിലേക്ക് അയച്ചു.

പക്ഷെ അവിടെയും യൗസേപ്പിന്റെ ജീവിതം അത്ര ദുരിതകരമായിരുന്നില്ല. ഒരുപക്ഷെ പൊത്തിഫേറിനു തന്റെ ഭാര്യയുടെ ആരോപണത്തിൽ അത്ര ബോദ്ധ്യമില്ലാതെ ദയാപൂർവ്വമായ ഒരു ശിക്ഷയാണ് യൗസേപ്പിനു നൽകിയതെന്നുവരാം. അത്ര ദയയോടുകൂടിയാണ് കാരാഗൃഹപ്രമാണി യൗസേപ്പിനോടു വർത്തിച്ചതു്. കാരാഗൃഹവാസികളുടെ അന്വേഷകനും പരിചാരകനും ആയിട്ടാണ് യൗസേപ്പ് നിയോഗിക്കപ്പെട്ടതു്.

**രണ്ടു ബന്ദികൾ:** ഇങ്ങനെയിരിക്കെ രണ്ടു രാജസേവകർ അവിടേക്കു ആനയിക്കപ്പെട്ടു. ഒരുവൻ ഫറവോന്റെ ഭക്ഷ്യവാഹകനും അപരൻ ഫറവോന്റെ അപ്പക്കാരിൽ പ്രധാനിയും ആയിരുന്നു. അവരുടെ പരിചരണത്തിനു് യൗസേപ്പ് നിയുക്തനായി. ഒരുദിവസം രാവിലെ ബന്ദികൾ ഇരുവരും വിഷാദമനസ്സരായിരിക്കുന്നതുകണ്ടു് യൗസേപ്പ് അതിന്റെ കാരണം ആരാഞ്ഞു. ഇരുവർക്കും രാത്രിയിൽ ഓരോ സ്വപ്നങ്ങൾ ഉണ്ടായി, അതിന്റെ അർത്ഥം മനസ്സിലായില്ല. അതു വിശദീകരിക്കാൻ ആരുമില്ലല്ലോ എന്നായിരുന്നു വിഷാദകാരണം. സ്വപ്നവ്യാഖ്യാനം ദൈവത്തിനുള്ളതാണ്—എങ്കിലും സ്വപ്നങ്ങൾ കേൾക്കട്ടെ എന്നു യൗസേപ്പു പറഞ്ഞു. ഭക്ഷ്യവാഹകൻ തന്റെ മുന്നിൽ മൂന്നു ശിഖരങ്ങളുള്ള ഒരു മുന്തിരിച്ചെടി കണ്ടു. അതു തളിർത്തു പൂത്തു മുന്തിരിക്കുലകൾ വിളഞ്ഞു. അവൻ അവ പറിച്ച് അവയുടെ രസം ഫറവോന്റെ പാനപാത്രത്തിൽ പിഴിഞ്ഞു് ഫറവോനു കുടിക്കാൻ കൊടുത്തു—ഇതായിരുന്നു ഭക്ഷ്യവാഹകന്റെ സ്വപ്നം. മൂന്നുദിവസത്തിനകം ഭക്ഷ്യവാഹകനു ഫറവോന്റെ പ്രീതി ലഭിച്ച് ഉദ്യോഗത്തിൽ വീണ്ടും നിയമിക്കപ്പെടുമെന്നായിരുന്നു യൗസേപ്പിന്റെ വ്യാഖ്യാനം. അതു സംഭവിക്കുമ്പോൾ തന്നെ മറക്കാതെ തന്റെ സത്യാവസ്ഥ ഫറവോനെ ധരിപ്പിക്കണമെന്നും യൗസേപ്പ് അവനോടു അഭ്യർത്ഥിച്ചു. അപ്പക്കാരനും തന്റെ സ്വപ്നം വിവരിച്ചു. അവന്റെ തലയിൽ വെളുത്ത അപ്പംനിറച്ച മൂന്നു കുട്ടകൾ ഉണ്ടായിരുന്നു. അതിന്റെ മേലത്തെ കുട്ടയിൽ ഫറവോന്റെ അപ്പങ്ങൾ വച്ചിരുന്നു, അവ പക്ഷികൾ

തിന്നു — എന്നായിരുന്നു ആ സ്വപ്നം. മൂന്നു ദിവസത്തിനകം ഫറവോ അപ്പക്കാരനെ തലവെട്ടി മരത്തിൽ തൂക്കുമെന്നും അവന്റെ മാംസം പക്ഷികൾ തിന്നുമെന്നും യൗസേപ്പ് വ്യാഖ്യാനിച്ചു. അതിന്റെ മൂന്നാംദിവസം ഫറവോ തന്റെ തിരുനാൾ പ്രമാണിച്ചു പരിചാരകർക്കെല്ലാം ഒരു വിരുന്നു നൽകി. തടവിൽകിടന്ന ഭക്ഷ്യവാഹകനെയും അപ്പക്കാരനെയും ഫറവോ സ്മരിച്ചു. ഭക്ഷ്യവാഹകനെ വീണ്ടും ജോലിയിൽ നിയമിക്കാനും അപ്പക്കാരനെ തൂക്കിലിടാനും കല്പനയായി. യൗസേപ്പിന്റെ വ്യാഖ്യാനം യഥാർത്ഥമായി പരിണമിച്ചെങ്കിലും ഭക്ഷ്യവാഹകൻ അവന്റെ സൗഭാഗ്യാവസ്ഥയിൽ യൗസേപ്പിനെ മറന്നു. എങ്കിലും യൗസേപ്പ് തന്റെ ദൈവമായ യാവെയിൽ പൂർണ്ണമായി ആശ്രയിച്ചു കാരാലയജീവിതം തുടന്നു.

**കൊട്ടാര കാര്യസ്ഥൻ:** ബി. സി. 16-ാംനൂററാണ്ടുമുതൽ ഈജിപ്തിലെ രാജാക്കന്മാർ സ്വീകരിച്ച സ്ഥാനപ്പേരായിരുന്നു 'ഫറവോ'. മഹാഭവനം എന്നാണ് അതിന്റെ വാച്യാർത്ഥം. ബൈബിൾക്കഥകളിൽ കാലക്രമം നോക്കാതെ ഈജിപ്തിലെ രാജാക്കന്മാരെയെല്ലാം ഫറവോ എന്നു സംബോധനചെയ്തിരിക്കയാണ്.

യൗസേപ്പിന്റെ കാരാഗൃഹവാസകാലത്തു് ഈജിപ്തിലെ ഫറവോന്ന് ഒരു രാത്രിയിൽ വിചിത്രമായ രണ്ടു സ്വപ്നങ്ങൾ ഉണ്ടായി. അഴകും ദേഹപുഷ്ടിയുമുള്ള ഏഴു പശുക്കൾ നൈൽനദീതീരത്തു മേഞ്ഞുകൊണ്ടിരുന്നപ്പോൾ മെലിഞ്ഞു വിരൂപികളായ ഏഴുപശുക്കൾ നദിയിൽനിന്നു കയറിച്ചെന്ന് മററവയെ തിന്നു എന്നായിരുന്നു ഒന്നാമത്തെ സ്വപ്നം. ഒരു തണ്ടിൽ വിളഞ്ഞു സമൃദ്ധമായ ഏഴു കതിരുകൾ ഉണ്ടാകുകയും അതിന്റെ പിന്നാലെ ശുഷ്കിച്ചു കരിഞ്ഞ മററു ഏഴു കതിരുകൾ പൊട്ടിപ്പുറപ്പെട്ട് മുൻകതിരുകളെ തിന്നുകയും ചെയ്തു എന്നായിരുന്നു രണ്ടാമത്തെ സ്വപ്നം. ഫറവോ രാവിലെ ഉണന്ന് ആകുലചിത്തനായി സ്വപ്നം വ്യാഖ്യാനിക്കുവാൻ ഈജിപ്തിലെ മാന്ത്രികരും വിജ്ഞാനികളുമായ എല്ലാവരെയും കൊട്ടാരത്തിലേക്കു വിളിച്ചു തന്റെ സ്വപ്നം അവരെ അറിയിച്ചു. എന്നാൽ അതിന്റെ പൊരുൾ വ്യക്തമാക്കാൻ ആക്കും കഴിഞ്ഞില്ല. അപ്പോൾ ഫറവോന്റെ ഭക്ഷ്യവാഹകൻ തന്റെ തടങ്കൽക്കാലത്തുണ്ടായ സ്വപ്നത്തെയും അതു വ്യാഖ്യാനിച്ച യൗസേപ്പിനെയും കുറിച്ച് ഫറവോനെ അറിയിച്ചു. ഫറവോ ഉടൻ യൗസേപ്പിനു ആളയച്ചു. യൗസേപ്പ് ഈജിപ്തിലെ

ആചാരമനുസരിച്ച ക്ഷൗരംനടത്തി നല്ല വസ്ത്രങ്ങളും ധരിച്ചു് ഫറവോൻെറമുമ്പിൽ ഹാജരായി. ഫറവോൻെറ സ്വപ്നങ്ങൾ കേട്ട ശേഷം അതിൻെറ അർത്ഥം യൗസേപ്പ് വിശദമാക്കി. രാജ്യമാസകലം സുഭിക്ഷതയുടെ ഏഴുവർഷങ്ങൾക്കുശേഷം ഏഴുവർഷത്തേക്കു കഠിനമായ ക്ഷാമം പിടിപെടുമെന്നു ദൈവം വെളിപ്പെടുത്തിയിരിക്കയാണെന്നും, ആകയാൽ വിവേകമുള്ള ഒരു ഭരണാധികാരിയേയും മററു ഉദ്യോഗസ്ഥരെയും നിയമിച്ചു് ക്ഷാമത്തെ നേരിടുവാൻ വേണ്ട ധാന്യങ്ങൾ സുഭിക്ഷതയുടെകാലത്തു സംഭരിക്കണമെന്നും യൗസേപ്പ് അറിയിച്ചു.

യൗസേപ്പിൻെറ വ്യാഖ്യാനത്തിൽ ഫറവോനും മററു സേവകരും സംതൃപ്തരായി. അവൻെറ ജ്ഞാനത്തിലും ബുദ്ധിസാമർത്ഥ്യത്തിലും സംപ്രീതനായ ഫറവോ ഉടൻതന്നെ യൗസേപ്പിനെ രാജ്യത്തിലെ ഭരണാധികാരിയായി നിയമിച്ചു് അധികാരസൂചകമായി തൻെറ മുദ്രാമോതിരവും പട്ടുവസ്ത്രങ്ങളും നൽകി അതു വിളംബരം ചെയ്തു. യൗസേപ്പ് തനിക്കുലഭിച്ച അധികാരം കാര്യക്ഷമമായി വിനിയോഗിച്ചു. ഏഴുവർഷം രാജ്യമാസകലം സുഭിക്ഷതയുടെ കാലമായിരുന്നു. നഗരങ്ങൾതോറും ധാന്യശാലകൾ സ്ഥാപിച്ചു് യൗസേപ്പ് രാജ്യത്തിലെ ധാന്യമൊക്കെയും ശേഖരിച്ചു. ഇതിനിടയിൽ ഫറവോ ഔനിലെ പുരോഹിതൻ പൊത്തിഫേറയുടെ മകൾ ആസ്നത്തിനെ യൗസേപ്പിനു ഭാര്യയായി നൽകി. അവൾ രണ്ടു പുത്രന്മാരെ പ്രസവിച്ചു. യൗസേപ്പ് തൻെറ പൂർവ്വപിതാക്കളെ അനുസ്മരിച്ചുകൊണ്ടു് ആദ്യപുത്രനു് മനാസസ് എന്നും, ഈജിപ്റ്റിൽ വച്ചുലഭിച്ച ദൈവാനുഗ്രഹങ്ങളെ സ്തുതിച്ചുകൊണ്ടു് ദ്വിതീയപുത്രനു് എഫ്രേം എന്നും പേരുനൽകി. സുഭിക്ഷതയുടെ ഏഴുവർഷങ്ങൾ കഴിഞ്ഞപ്പോൾ ഉഗ്രമായ ക്ഷാമവും ആരംഭിച്ചു. ഈജിപ്റ്റിൽ മാത്രമല്ല സമീപദേശങ്ങളിലെല്ലാം കൊടും പട്ടിണി. ജനങ്ങൾ കൂട്ടംകൂട്ടമായി ഭക്ഷ്യധാന്യങ്ങൾക്കുവേണ്ടി ഫറവോനോടു നിലവിളിച്ചു. 'നിങ്ങൾ യൗസേപ്പിൻെറ പക്കലേക്കു പോകുവിൻ, അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്നായിരുന്നു ഫറവോൻെറ കല്പന.

# 24. സമാഗമം

ഉല്പത്തി 41-46

കുററസമ്മതം; ക്ഷാമം കഠിനമായപ്പോഠം ഭക്ഷ്യധാന്യ ങ്ങഠം വാങ്ങുന്നതിനു് യാക്കോബു് തന്റെ മൂത്തപുത്രന്മാർ പത്തുപേ രെയും ഈജിപ്തിലേക്കു് അയച്ചു. ഫറവോന്റെ സർവ്വാധികാരി യായി യൗസേപ്പ് ധാന്യവില്പനയുടെ മേൽനോട്ടം വഹിച്ചുവന്നു. യാക്കോബിന്റെ പുത്രന്മാർ യൗസേപ്പിന്റെ മുമ്പിലെത്തി അദ്ദേഹ ത്തെ നമസ്കരിച്ചു. യൗസേപ്പ് ഉടൻ അവരെ തിരിച്ചറിഞ്ഞു. പക്ഷെ അവർ യൗസേപ്പിനെ മനസ്സിലാക്കിയില്ല. അവരെ നന്നാ യി പരീക്ഷിക്കുവാൻ യൗസേപ്പ് അവരെ ചോദ്യംചെയ്തുതുടങ്ങി. രാജ്യത്തിലെ ദുർബ്ബലഭാഗങ്ങഠം മനസ്സിലാക്കാൻവന്ന ശത്രുചാരന്മാ രല്ലേ എന്നു് യൗസേപ്പ് ഭീഷണിപ്പെടുത്തി. അവർ ഭയന്നു് തങ്ങ ളുടെ കുടുംബചരിത്രമെല്ലാം പ്രസ്താവിച്ചു — യൗസേപ്പിനോടുചെയ്ത കഠിനത മറച്ചുവച്ചു. അവരുടെ മനസ്സിനെ നേർവഴിക്കു നയിക്കാ നാവാം യൗസേപ്പ് അവരെ ശത്രുചാരന്മാരെന്നു് വീണ്ടും ആരോ പിച്ചു തടവിലാക്കി. മൂന്നാംദിവസം അവരെ സ്വതന്ത്രരാക്കി. അവ രുടെ ഇളയസഹോദരനെ കൂട്ടിക്കൊണ്ടുവന്നു് സത്യം ബോദ്ധ്യപ്പെടു ത്തുന്നപക്ഷം അവരെ ശിക്ഷിക്കുകയില്ലെന്നും അതുവരെ ഒരാഠം തട വിൽ കിടക്കണമെന്നും മററുള്ളവക്കു വേണ്ട ധാന്യവുമായി സ്വന്ത നാട്ടിലേക്കു മടങ്ങിപ്പോകാമെന്നും യൗസേപ്പ് ആജ്ഞാപിച്ചു. അ പ്പോഠം യൗസേപ്പിനോടുചെയ്ത പാതകത്തിനുള്ള ദൈവശിക്ഷയാണു വന്നുഭവിച്ചിരിക്കുന്നതെന്നു രൂബൻ അനുജന്മാരെയെല്ലാം പരസ്യ മായി ശാസിച്ചു. സേവകർ ശിമയോനെ ബന്ധനത്തിലാക്കി. അവരുടെ ചാക്കുകളിൽ ധാന്യംനിറച്ചപ്പോഠം അതിന്റെവിലയായ ദ്രവ്യം അതിനുമീതെ മറച്ചുവയ്ക്കാനും യൗസേപ്പ് ഏർപ്പാടുചെയ്തു. യൗസേപ്പ് തന്റെ സഹോദരന്മാരുടെ മുമ്പിൽ മന:സാന്നിദ്ധ്യം പാലിച്ചെങ്കിലും സ്വഭവനത്തിൽ തനിച്ചായപ്പോഠം ദുഃഖാർത്തനായി വിലപിച്ചു.

കഴുതപ്പുറത്തു ധാന്യച്ചാക്കുകളുമായി യൗസേപ്പിന്റെ സഹോ ദരന്മാർ കാനാൻദേശത്തേക്കു മടങ്ങി. എന്നാൽ മാർഗ്ഗമദ്ധ്യേ ഒരു താവളത്തിൽവച്ചു് അവരിലൊരുവൻ കഴുതയ്ക്കു ധാന്യം നൽകുവാൻ ചാക്കഴിച്ചുനോക്കിയപ്പോഠം തന്റെ ദ്രവ്യമിരിക്കുന്നതുകണ്ടു മററുള്ള

വരോട വിവരംപറഞ്ഞു. അതിൻെറ കാരണമറിയാതെ അവർ ഭയന്നു. വീട്ടിലെത്തിയപ്പോഠം വിവരമെല്ലാം യാക്കോബിനെ ധരിപ്പിച്ചു. മററു ചാക്കുകഠം അഴിച്ചപ്പോഠം അവയിലും ദ്രവ്യമിരിക്കുന്നതുകണ്ടു് അവർ സംഭീതരായി. യൗസേപ്പിൻെറ മരണത്തെയും, ശിമയോൻെറ ബന്ധനത്തെയും, ഇനി തൻെറ കനിഷ്ഠപുത്രനെക്കൂടി ഈജിപ്തിലേക്കയച്ചാലുണ്ടാകുന്ന അപകടത്തെയും എല്ലാം പറഞ്ഞു യാക്കോബ് അത്യധികം ദുഃഖിച്ചു. റൂബൻ തൻെറ പിതാവിനെ ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനും കഴിവതു ചെയ്തുകൊണ്ടിരുന്നു.

**യൗസേപ്പും ബഞ്ചമിനും:** ക്ഷാമം ഒന്നിനൊന്നു കഠിനമായിത്തീർന്നപ്പോഠം ധാന്യങ്ങഠംക്കായി വീണ്ടും ഈജിപ്തിലേക്കു പോകുവാൻ യാക്കോബ് മക്കളോടുപറഞ്ഞു. പക്ഷെ ബഞ്ചമിനെക്കൂടാതെ പോകുന്നതിൽ പ്രയോജനമില്ലെന്നും അവനെ തിരികെ എത്തിക്കുന്നതിനു താൻ ഉത്തരവാദിത്വം ചെയ്തുകൊള്ളാമെന്നും യൂദാ ശഠിച്ചു. യാക്കോബ് അതിനു വഴങ്ങി. സുഗന്ധപ്പശ, സാമ്പ്രാണി, തേൻ മുതലായ പലതരം വിശിഷ്ടകാഴ്ചവസ്തുക്കളും വേണ്ടത്ര ദ്രവ്യവുമായി ബഞ്ചമിനേയുംകൂട്ടി സഹോദരന്മാർ എല്ലാവരുംകൂടി ഈജിപ്തിലേക്കു പോയി. അവർ യൗസേപ്പിൻെറ മുമ്പിൽ ചെന്നു. യൗസേപ്പു ബഞ്ചമിനെ കണ്ടപ്പോഠം അവരെയെല്ലാം തൻെറ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാനും തന്നോടുകൂടി അവക്കും ഭക്ഷണം ഒരുക്കുവാനും തൻെറ ഗൃഹകാര്യസ്ഥനോടു് ആജ്ഞാപിച്ചു. സഹോദരന്മാർ ഭയാശങ്കകളോടെയാണു് യൗസേപ്പിൻെറ ഭവനത്തിലേക്കുപോയതു്. ഇത്തവണ സർവ്വാധികാരി തങ്ങളെയെല്ലാം പിടിച്ചു് അടിമകളാക്കാനാണു് ഒരുങ്ങുന്നതെന്നു് അവർ ഭയന്നു. മുൻപു തങ്ങളുടെ ചാക്കിൽ ദ്രവ്യംകാണപ്പെട്ടതു് ഏററുപറഞ്ഞു് അതിൻെറ ഇരട്ടിദ്രവ്യം കൊണ്ടുവന്നിട്ടുണ്ടെന്നു് അവർ ഗൃഹകാര്യസ്ഥനെ അറിയിച്ചു. എന്നാൽ ദ്രവ്യം ചാക്കിൽ വരുവാൻ ഇടയാക്കിയതു് അവരുടെ ദൈവമായിരുന്നു എന്നും, ധാന്യത്തിൻെറ വില തങ്ങഠംക്കു കിട്ടിയിട്ടുണ്ടെന്നും അയാഠം അവരെ ആശ്വസിപ്പിച്ചു. തടവിൽ കിടന്ന ശിമയോനെയും സ്വതന്ത്രനാക്കി അവർ എല്ലാവരുംകൂടി യൗസേപ്പിൻെറ ഭവനത്തിൽ എത്തി. തങ്ങഠംക്കു അവിടെ ഭക്ഷണംകരുതിയിരിക്കുന്നതറിഞ്ഞു് അവർ സമാധാനചിത്തരായി. അധികാരിക്കു നൽകാനുള്ള കാഴ്ചദ്രവ്യങ്ങഠം എല്ലാം ഒരുക്കിവച്ചു.

യൗസേപ്പ് ഭക്ഷണത്തിനു ഭവനത്തിലെത്തിയപ്പോൾ അവർ സാഷ്ടാംഗം വീണു നമസ്കരിച്ചു. യൗസേപ്പ് അവരുടെ വൃദ്ധപിതാവിന്റെ വിവരങ്ങൾ ചോദിച്ചു. ബഞ്ചമിനെ കണ്ടപ്പോൾ യൗസേപ്പിന്റെ ഹൃദയം വിങ്ങി. യൗസേപ്പ് ഭവനത്തിനുള്ളിലേക്കുപോയി കണ്ണീരൊഴുക്കി ആത്മസംയമനം ചെയ്തു വെളിയിൽവന്നു് അവരെ ഭക്ഷണത്തിനിരുത്തി. ഈജിപ്തുകാരും എബ്രായരും ഒരുമിച്ചു പന്തിഭോജനം നടത്തുക പതിവല്ലായിരുന്നു. ആകയാൽ അവർ വേർതിരിഞ്ഞു ഭക്ഷണത്തിനിരുന്നു. യൗസേപ്പ് തന്റെ സഹോദരന്മാരെ പ്രായക്രമമനുസരിച്ച് ഇരുത്തുകയാൽ അവർ ആശ്ചര്യപ്പെട്ടു.

ചാക്കുനിറയെ ധാന്യങ്ങളുമായി യൗസേപ്പ് അവരെ അടുത്ത പ്രഭാതത്തിൽ യാത്രയാക്കി. ബഞ്ചമിന്റെ ചാക്കിൽ തന്റെ പാനപാത്രം ഒളിച്ചുവെയ്ക്കുന്നതിനു് യൗസേപ്പ് കാര്യസ്ഥനെ ചട്ടംകെട്ടിയിരുന്നു. അവർ നഗരാതൃത്തിക്കുവെളിയിൽ എത്തുന്നതിനുമുമ്പ് യൗസേപ്പിന്റെ നിർദ്ദേശാനുസരണം കാര്യസ്ഥൻ അവരെ പിന്തുടന്നു് പാനപാത്രമോഷണത്തിനെന്നുപറഞ്ഞു പിടികൂടി ചാക്കുകൾ ഓരോന്നു പരിശോധിച്ചു. ബഞ്ചമിന്റെ ചാക്കിൽ പാനപാത്രം കണ്ടപ്പോൾ അവർ ദുഃഖിച്ചു നിരാശരായി വസ്ത്രങ്ങൾ വലിച്ചുകീറി, യൗസേപ്പിന്റെ ഭവനത്തിലേക്കു എല്ലാവരുംകൂടി മടങ്ങിച്ചെന്നു് യൗസേപ്പിന്റെ മുമ്പിൽ സാഷ്ടാംഗംവീണു തങ്ങളുടെ കുററത്തിനു് എല്ലാവരും അടിമകളായിത്തീർന്നിരിക്കുന്നെന്നു് യൂദാ ഏററുപറഞ്ഞു. എന്നാൽ ബഞ്ചമിന്റെ പക്കൽ പാത്രം കാണുകയാൽ അവൻ മാത്രം അതിനു് അടിമയായി നിന്നാൽമതിയെന്നും മററുള്ളവക്കു് തിരികെ പോകാമെന്നും യൗസേപ്പ് പ്രസ്താവിച്ചു. അവരുടെ ഭയപ്പാടും അത്ര മാത്രമായിരുന്നു. യൂദാ വീണ്ടും യൗസേപ്പിനോട് അവരുടെ പിതാവിനുണ്ടാകാവുന്ന കഠിനദുഃഖത്തെ വിവരിച്ചു. ബഞ്ചമിനുപകരം തന്നെ അടിമയാക്കിവെച്ച് അവനെ വിട്ടയക്കണമെന്നു യൂദാ കേണപേക്ഷിച്ചു. യൗസേപ്പിനു തന്റെ സഹോദരങ്ങളുടെ ഹൃദയശുദ്ധി കൂടുതൽ പരീക്ഷിക്കാൻ വയ്യാത്തവിധം അവന്റെ വികാരങ്ങൾ ഉൽക്കടമായി. അവൻ അന്യരെയെല്ലാം വെളിയിലയച്ച് ''ഞാൻ യൗസേപ്പ് ആകുന്നു. എന്റെപിതാവു ജീവനോടുകൂടി ഇരിക്കുന്നോ'' എന്നു് ഉച്ചത്തിൽ കരഞ്ഞു് സ്വയം വെളിപ്പെടുത്തി. അവന്റെ സഹോദരന്മാർ അതുകേട്ടു സംഭ്രമിച്ചു സ്തബ്ധരായി നിന്നു. അവൻ അവരെ അരികിൽവിളിച്ച് തങ്ങളുടെ ജനത്തിന്റെ രക്ഷയ്ക്കായി ദൈവം ഇപ്രകാരമെല്ലാം വരുത്തിയെന്നുപറഞ്ഞു്

അവരെ സമാശ്വസിപ്പിച്ചു. ബഞ്ചമിനെ കെട്ടിപ്പിടിച്ചുകരഞ്ഞു്, സഹോദരന്മാരെയെല്ലാം ചുംബിച്ച് യൗസേപ്പ് അവരുടെ ഭയാശങ്കകളെ ദൂരീകരിച്ചു. അവർ സന്തോഷനിമഗ്നരായി.

യൗസേപ്പിൻെറ സഹോദരന്മാർ വന്നവിവരം രാജകൊട്ടാരത്തിൽ അറിവുകിട്ടി ഫറവോനും സേവകരും സന്തോഷിച്ചു. യൗസേപ്പിൻെറ പിതാവിനെയും കുടുംബാംഗങ്ങളെയുമെല്ലാം ഈജിപ്തിലേക്കാനയിക്കാൻ ഫറവോ നിർദ്ദേശം നൽകി. അതിനു് രാജകീയാഡംബരങ്ങളോടും വേണ്ട ധനധാന്യങ്ങളോടുംകൂടി യൗസേപ്പിൻെറ സഹോദരന്മാരെ കാനാൻദേശത്തേക്കു് അയക്കാനും ഫറവോ കല്പനയായി. അവർ വേഗം കാനാൻദേശത്തു മടങ്ങിയെത്തി. യൗസേപ്പ് ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞപ്പോൾ യാക്കോബിനു് വിശ്വസിക്കാൻ കഴിഞ്ഞില്ല. സംഭവങ്ങൾ എല്ലാം അവർ വിവരിച്ചു. അനന്തരം യാക്കോബ് തനിക്കുള്ളസകലതുമായി ഫറവോൻെറ രഥങ്ങളിൽ യാത്ര പുറപ്പെട്ടു. യാത്രാമദ്ധ്യേ ബർശേബയിൽ എത്തിയപ്പോൾ യാക്കോബ് തൻെറ പിതാവായ ഇസഹാക്കിൻെറ ദൈവത്തിനു ബലിയർപ്പിച്ചു. എബ്രായരുടെ ഒരു പൗരാണികാരാധനാസ്ഥലം അവിടെ ഉണ്ടായിരുന്നെന്നാണു നാം കരുതേണ്ടതു്. അവിടെ ദൈവമായ യാവെ യാക്കോബിനു സ്വപ്നദർശനങ്ങൾ നൽകി മടിക്കാതെ ഈജിപ്തിലേയ്ക്കു പൊയ്ക്കൊള്ളുവാനും, ഈജിപ്തിൽ അവരെ ഒരു വലിയജനതയാക്കി കാനാൻദേശത്തേക്കു മടക്കിക്കൊണ്ടുപോരുമെന്നും അറിയിച്ചു! അനന്തരം യാക്കോബ് യാത്രതുടന്നു് ഈജിപ്തിലെത്തി................പിതൃപുത്രസമാഗമം ഉല്പത്തി 46–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

---

# 25. ഗശേനിലെ എബ്രായർ

ഉല്പത്തി 47-50

പുനരധിവാസം: യാക്കോബും സന്താനങ്ങളും ഈജിപ്തിൽ ചെന്നുചേർന്നപ്പോൾ അവർ രാജസമക്ഷം ഹാജരാകണമെന്നു യൗസേപ്പ് അവരെ ധരിപ്പിച്ചു. അവരുടെ ജീവിതവൃത്തിക്കനുയോജ്യമായ പ്രദേശത്തു് അവരെ വസിപ്പിക്കണമെന്നായിരുന്നു യൗസേപ്പിന്റെ ഉദ്ദേശം. അതിനാൽ ഫറവോനെ സന്ദർശിക്കുമ്പോൾ ആചരിക്കേണ്ട ഉപചാരക്രമങ്ങളും മററും യൗസേപ്പ് തന്റെ സഹോദരന്മാരെയും പിതാവിനെയും ധരിപ്പിച്ചശേഷം അവരെ ഫറവോന്റെ സന്നിധിയിലേക്കു നയിച്ചു. പിതാക്കന്മാരുടെ കാലം മുതൽ തങ്ങൾ ഇടയരായിരുന്നെന്നും കാനാൻദേശത്തെ കഠിനമായ ക്ഷാമം നിമിത്തം കാലികളെ മേയ്ക്കുന്നതിനു നിവൃത്തിയില്ലാത്തതിനാൽ ഗശേൻ പ്രദേശത്തു വസിക്കാൻ അനുവദിക്കണമെന്നും അവർ ഫറവോനോടു അപേക്ഷിച്ചു. അപ്രകാരം അവർക്കു ഗശേൻപ്രദേശത്തു് ഏററവും നല്ലസ്ഥലത്തു മാന്യമായി വസിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാനും ഫറവോ ആജ്ഞനൽകി. യാക്കോബ് ഫറവോന്റെ സന്നിധിയിൽവച്ചു ഫറവോന് സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ ലഭിക്കാൻവേണ്ടി പ്രാർത്ഥിച്ചു. അനന്തരം അവർ ഗശേനിൽ വാസമുറപ്പിക്കയും ചെയ്തു.

യാക്കോബ് തന്റെ അന്ത്യകാലം സമീപിക്കുംതോറും തന്റെയും പിതാക്കന്മാരുടേയും ദൈവമായ യാവെ നൽകിയ ദർശനങ്ങളെയും അനുഗ്രഹങ്ങളെയും സ്തുതിച്ച് തന്റെ പിൻഗാമികളെ ധരിപ്പിച്ചുകൊണ്ടിരുന്നു. മരണം ആസന്നമായപ്പോൾ യാക്കോബ് സന്താനങ്ങൾക്കും പൗത്രന്മാർക്കും അനുഗ്രഹാശിസുകൾ നൽകി അവരുടെ ഭാവിയെ പ്രവചിച്ചു. തന്നെ കാനാൻദേശത്തു പിതാക്കന്മാരുടെ ശവകുടീരത്തിൽ സംസ്കരിക്കുമെന്നു യൗസേപ്പിനെക്കൊണ്ടു സത്യംചെയ്യിച്ചു. ആ വന്ദ്യവൃദ്ധന്റെ മൃതദേഹം സുഗന്ധദ്രവ്യങ്ങൾ പൂരട്ടി സന്താനങ്ങളും പരിചാരകരുമെല്ലാംചേർന്ന് രാജകീയാഡംബരത്തോടുകൂടി കാനാൻദേശത്തേക്കു സംവഹിച്ചു മാക്പേലയിൽ അടക്കംചെയ്തു. കുടുംബാംഗങ്ങളെല്ലാം വീണ്ടും ഈജിപ്തിലേക്കു മടങ്ങി. തങ്ങൾ പണ്ടു യൗസേപ്പിനോടു ചെയ്ത പാതകത്തെപ്പററി ചിന്തിച്ച് സഹോദരന്മാർ അവന്റെപ്രതികാരം ഭയപ്പെടാതിരുന്നില്ല.

എന്നാൽ യൗസേപ്പ് അവരുടെ ഭയാശങ്കകളെ ദൂരീകരിച്ച് അവരെ സ്നേഹപുരസ്സരം സംരക്ഷിച്ചു. അങ്ങനെ ആ ഹെബ്രായസമൂഹം ഗശേനിൽ സ്ഥിരവാസമാക്കുകയും ചെയ്തു.

യൗസേപ്പു തന്റെ ഔദ്യോഗിക കടമകൾ ഭംഗിയായി നിർവ്വഹിച്ചു. നാടാകെ തുടരെ ക്ഷാമം വർദ്ധിച്ചുവന്നപ്പോൾ ജനങ്ങൾക്കു നൽകിയ ധാന്യങ്ങളുടെ വിലയായി അവരുടെ ധനവും കാലിസമ്പത്തും ഭൂമികളും എല്ലാം ക്രമേണ ഫറവോന് അധീനമാക്കി യൗസേപ്പ് ഫറവോന്റെ ആധിപത്യം ഭദ്രമാക്കി. യൗസേപ്പിന്റെ പിൽക്കാലജീവിതം സംബന്ധിച്ച് ബൈബിൾ അധികമൊന്നും പ്രസ്താവിക്കുന്നില്ല—സംക്ഷിപ്തവിവരങ്ങളേ ഉള്ളു അദ്ദേഹം ദീർഘകാലം ജീവിച്ചിരുന്ന് പിൻഗാമികളുടെ വമ്പിച്ച ഒരു തലമുറയെ കണ്ടു. യാവെ അവരെ പൂർവ്വപിതാക്കൾക്കു വാഗ്ദാനംചെയ്യപ്പെട്ട ദേശത്തേക്കു തിരികെ കൊണ്ടുപോകുമെന്നു യൗസേപ്പ് വെളിപ്പെടുത്തി. അപ്പോൾ തന്റെ അസ്ഥികളും അവിടേക്കു കൊണ്ടുപോകണമെന്നു തന്റെ ബന്ധുക്കളോടു നിർദ്ദേശിച്ചാണ് യൗസേപ്പ് മരണംവരിച്ചതു്. അദ്ദേഹത്തിന്റെ മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശി ശവപ്പെട്ടിയിൽ സൂക്ഷിച്ചുകൊണ്ട് പിൻഗാമികൾ ഈജിപ്തിലെ വാസം തുടൎന്നു. ഇസ്രായേലിന്റെ ഭാവിദൗത്യത്തിന് ചരിത്രം അവരെ സജ്ജമാക്കിക്കൊണ്ടിരുന്നു.

ചരിത്രപശ്ചാത്തലം: ഈജിപ്തിൽ യൗസേപ്പിന്റേയും ബന്ധുക്കളുടെയും അഭ്യുദയത്തിനും അധിവാസത്തിനും സഹായകമായിത്തീർന്ന ചരിത്രസാഹചര്യങ്ങളെ സംബന്ധിച്ച് ഇന്നു വളരെ വെളിച്ചം ലഭിച്ചിട്ടുണ്ട്.

ഈജിപ്തിലെ പ്രധാന തലസ്ഥാനമായിരുന്ന മെംഫിസിന്റെ ഈജിപ്ഷ്യൻ നാമത്തിന് അനുരൂപമായ ഐയ്ജിപ്തോസ് (Aigyptos) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് ഈജിപ്ത് എന്ന പേരുണ്ടായതെന്ന് ശബ്ദശാസ്ത്രപണ്ഡിതർ പറയുന്നു. ആക്കേഡിയൻഭാഷയിൽ 'മുസ്രു' എന്നും ഹെബ്രായഭാഷയിൽ 'മിസ്രയിം' എന്നുമാണ് ഈജിപ്ത് പറയപ്പെട്ടിരുന്നതു്. ഉല്പത്തി 10–ാം അദ്ധ്യായത്തിൽ നോഹിന്റെ പൗത്രനായിട്ടാണ് മിസ്രയിം പറയപ്പെടുന്നതു്. മിസ്രയിമിന്റെ സന്താനങ്ങളായി പറയുന്ന ചില പേരുകൾ ഈജിപ്ഷ്യൻസ്ഥലങ്ങളെയും സൂചിപ്പിക്കുന്നുണ്ട്. പ്രാചീന ഹെബ്രായൎക്ക് ഈജിപ്തുമായുണ്ടായിരുന്ന അടുത്ത സമ്പൎക്കമാണ് അതു സൂചിപ്പിക്കുന്നതെന്നനുമാനിക്കാം.

ലോകത്തിലെ ഏററവും നീളംകൂടിയ നദികളിൽ ഒന്നായ നൈലിൻെറ തടമാണ് ഈജിപ്റ്റ് എന്നു സാമാന്യമായി പറയാം. തെക്കുവടക്കു ഏകദേശം അഞ്ഞൂറുമൈൽനീളമുണ്ടു് ആപ്രദേശത്തിനു്. അതിൻെറ ഏററവും ഒതുങ്ങിയ ഭാഗത്തു രണ്ടുമൈലും നദീമുഖത്തു് 375 മൈലും വീതിയുണ്ടു്. ഈജിപ്റ്റിൻെറ മൂന്നരശതമാനം മാത്രം വലിപ്പമുള്ള നദീമുഖത്താണ് ആ രാജ്യത്തുള്ള ജനങ്ങളിൽ നല്ലവഴി ഭാഗം (99%) ജീവിച്ചുപോരുന്നതു്.

ലോകചരിത്രത്തിലെ അതിപുരാതന നാഗരികതകളുടെ ഒരു പ്രധാനകേന്ദ്രമായിരുന്നു ഈജിപ്റ്റ്. അത്യുഷ്ണം നിറഞ്ഞ വേനൽക്കാലത്തുനൈൽനദീജലം പെരുകിക്കവിഞ്ഞു താഴ്ന്നപ്രദേശങ്ങളിലെല്ലാം സമൃദ്ധമായി എക്കൽ അടിയുമ്പോൾ പ്രകൃതിയുടെ ആ മഹാനുഗ്രഹം നഷ്ടപ്പെടാതെ പ്രയോജനകരമാക്കുവാൻ ചിറകളുറപ്പിക്കുന്നതിനും ചാലുകളും തോടുകളും തെളിക്കുന്നതിനും ജനതയുടെ സംയുക്തവും വ്യവസ്ഥാപിതവുമായ കഠിനാദ്ധ്വാനം പുരാതനകാലത്തു വേണ്ടിവന്നിരുന്നു. അങ്ങനെയാവാം ഈജിപ്റ്റിലെ ഏകാധിപത്യപരമായ രാജവാഴ്ചയും ഭരണക്രമവും രൂപംപ്രാപിച്ചതു്. ചരിത്രത്തിൽ ഏററവും വിസ്തൃതമായ ഏകാധിപത്യഭരണം ഉറച്ചുവളർന്ന ലോകരാഷ്ട്രങ്ങളിൽ ആദ്യത്തേതാണ് ഈജിപ്റ്റ്. പടിഞ്ഞാറു ലിബിയൻ മരുഭൂമിയും, കിഴക്കു ചെങ്കടലും അറേബ്യൻമരുഭൂമിയും, വടക്കു മെഡിററേനിയൻകടലും വലയം ചെയ്തു് അതിർത്തികൾ സുരക്ഷിതമായിരുന്നതിനാൽ അനേകം നൂററാണ്ടുകൾ ദീർഘിച്ച ദേശീയാധിപത്യവും രാജവാഴ്ചയും സമാധാനവും നൽകിയിട്ടുള്ള സംഭാവനയാണ് ഈജിപ്റ്റിൻെറ പുരാതന നാഗരികത. വെയിലിൽ ഉണക്കിയെടുത്ത ഇഷ്ടികകൊണ്ടു സാധാരണ ഭവനങ്ങളും നഗരങ്ങളും നിർമ്മിക്കപ്പെട്ടു. അവ കാലഗതിയിൽ നശിച്ചു നാമാവശേഷമായി. എന്നാൽ ദേശവാഴികളായിരുന്ന മഹാരാജാക്കന്മാർ നദീമുഖത്തുനിന്നു് അറുനൂറുമൈലോളം ഉള്ളിലേക്കു് നൗകകൾ അയച്ച് അശ്വാൻ പർവ്വതനിരകളിൽനിന്നും പാർശ്വങ്ങളിൽനിന്നും ഭീമശിലകൾ ശേഖരിച്ചു കയററിയിറക്കി തങ്ങളുടെ തലസ്ഥാനസമീപം ബ്രഹ്മാണ്ഡങ്ങളായ ശവകുടീരങ്ങൾ പടുത്തുയർത്തി. അവയാണ് കാലത്തിൻെറ നശ്വരതയെ വെല്ലുവിളിച്ചുകൊണ്ടു നിൽക്കുന്ന പിരമിഡുകൾ. മൃതദേഹങ്ങളിൽ സുഗന്ധദ്രവ്യങ്ങൾ ലേപിച്ചു അക്ഷയമായി സൂക്ഷിച്ചിരിക്കുന്ന അവരുടെ വൈദ്യശാസ്ത്ര നേട്ടങ്ങൾ — മമ്മികൾ — ശാസ്ത്രലോകത്തിലെ മഹാത്ഭുതങ്ങളിൽ

ഒന്നാണ്. അവരുടെ മൺതളിക ലിഖിതങ്ങളും പാപ്പിരുരേഖകളും ചുമർചിത്രങ്ങളും പ്രാചീനചരിത്രത്തിൻെറ അമൂല്യരേഖകളായി തീർന്നിരിക്കയാണ്.

യേശുവിനു പതിനായിരം വർഷങ്ങൾക്കുമുമ്പ് ഈജിപ്തിൽ മനുഷ്യവാസമുണ്ടായിരുന്നതായി കരുതപ്പെടുന്നു — ആഫ്രിക്കൻവർഗ്ഗത്തിൽപെട്ട ആദിമവാസികൾ. പിന്നീട് ഏഷ്യയിൽനിന്നു ചില സെമിററിക്ക്വർഗ്ഗക്കാർ അവിടേക്കു കുടിയേറിപ്പാർത്ത് ആദിമനിവാസികളുമായി യോജിച്ച് ഒരു സങ്കരജനത രൂപംപ്രാപിച്ചു. നൈൽനദീതടത്തിൻെറ മുകൾഭാഗത്തും കീഴ്ഭാഗത്തുമായി രണ്ടു പ്രാചീന രാഷ്ട്രങ്ങൾ ഉണ്ടായിരുന്നതായും, ബി. സി. 30—ാം നൂററാണ്ടിലോ അതിനുമുമ്പോ അവ സംയോജിപ്പിക്കപ്പെട്ട് ഒരു രാഷ്ട്രമായിത്തീർന്നതായും അനുമാനിക്കപ്പെടുന്നു. അതേ തുടർന്ന് ബി. സി. 18—ാംനൂററാണ്ടുവരെ ഉദ്ദേശം 14 സ്വദേശീയ രാജവംശങ്ങൾ ഈജിപ്തിൻെറ ഭരണസാരഥ്യം വഹിച്ചു. ബി. സി. 2850 മുതൽ അവരുടെ തലസ്ഥാനം മെംഫിസ് ആയിരുന്നു. ബി. സി. 1730ൽ ഏഷ്യാഭൂഖണ്ഡത്തിൽനിന്നു ചില സെമിററിക്ക് സമൂഹങ്ങൾ ഇരച്ചുകയറി ഈജിപ്തിൻെറ ആധിപത്യം കരസ്ഥമാക്കി. നൈൽനദീമുഖത്തിനു സമീപമുള്ള അവാരീസ് (താനിസ്) നഗരം തലസ്ഥാനമാക്കി അവർ 150 വർഷത്തോളം ഈജിപ്തിൽ രാജവാഴ്ച നടത്തി. പരദേശികൾ എന്നർത്ഥമുള്ള 'ഹിക്സോസ്' എന്നാണ് അവർ ഈജിപ്തിൻെറ ചരിത്രത്തിൽ അറിയപ്പെടുന്നത്. വിദേശിയനായ യൗസേപ്പിനു ഫറവോൻെറ കാരുണ്യംനേടുവാനും ഭരണാധികാരിയായി ഉയരുവാനും സഹായകമായ കാലം അതായിരുന്നു എന്നനുമാനിക്കപ്പെടുന്നു. യൗസേപ്പിൻെറ സഹോദരന്മാരും ബന്ധുക്കളുമായ എബ്രായർ വാസമുറപ്പിച്ച ഗശേൻ രാജകീയ തലസ്ഥാനമായ അവാരിസിനു വളരെ സമീപവുമായിരുന്നു. ഉല്പത്തിഗ്രന്ഥത്തിൽ 40-ാം അദ്ധ്യായം മുതലുള്ള സംഭവവിവരണങ്ങൾ അക്കാലത്തെ ഈജിപ്തിലെ സംസ്കാരത്തെയും നടപടികളേയും സവിശേഷമായി ദ്യോതിപ്പിക്കുന്നവയാണ്.

# അനുബന്ധം

[ഉല്പത്തിഗ്രന്ഥത്തിൽ വിവിധ പ്രബോധനപാരമ്പര്യങ്ങളുടെ സങ്കലനം സംബന്ധിച്ച ഒരു ഏകദേശരൂപം ജെറോം ബിബ്ലിക്കൽ കമൻട്രി നൽകുന്ന പ്രകാരം. പഞ്ചഗ്രന്ഥിയെ മുഴുവൻ സംബന്ധിച്ച് കുറേക്കൂടി വിശദമായ ഒരു വിശകലനം ഈ ഗ്രന്ഥത്തിന്റെ രണ്ടാം വാല്യത്തിൽ നൽകുന്നതാണ്.]

| വിഷയം | വിവരണം | പാരമ്പര്യം |
|---|---|---|
| **പ്രാക്തനചരിതം** | | |
| സൃഷ്ടി | 1 /—2-4a | P |
| സ്ത്രീ-പുരുഷ സൃഷ്ടി | 2 4b-25 | J |
| പതനം | 3 1-24 | J |
| കായേനും ആബേലും | 4 1-16 | J |
| കായേന്റെ വംശാവലി | 4.17-26 | J |
| ആദാംമുതൽ നോഹവരെ വംശാവലി | 5 1-32 | P |
| പ്രളയം, ആമുഖം | 6.1-22 | J & P |
| പ്രളയകഥ | 7.1—8-22 | J & P |
| നോഹിനോട് ഉടമ്പടി | 9.1-17 | P |
| നോഹിന്റെ സന്തതികൾ | 9 18-27 | J |
| ജനതകളുടെ വ്യാപ്തി | 10.1-32 | P & J |
| ബാബേലിലെ ഗോപുരം | 11 1-9 | |
| അനന്തര വംശാവലി | 11.10-32 | P & J |
| **ഗോത്രപിതാവ്** | | |
| അബ്രാഹത്തിനു വിളി | 12 1-9 | J & P |
| അബ്രാഹം ഈജിപ്തിൽ | 12 10-30 | J |
| ലോത്തിന്റെ വേർപാട് | 13 1-8 | J, P |
| അബ്രാഹത്തിന്റെ പോരാട്ടം | 14 1-24 | P |
| വാഗ്ദാന നവീകരണം | 15 1-20 | J, E |
| ഹാഗാറിന്റെ പലായനം | 16.1-6 | J, P |
| പരിഛേദനം | 17 1-27 | P |
| പുത്രവാഗ്ദാനം, സോദോം-ഗൊമോറ | 18.1—19-38 | J |
| അബ്രാഹം ഗരാറിൽ | 20 1.18 | E |
| ഇസഹാക്കും ഇശ്മായേലും | 21 1.21 | J & P |
| അബ്രാഹവും അബിമെലെക്കും | 21.22-34 | E |
| പുത്രബലി | 22 1-24 | E, J |
| മക്പേലയുടെ വിലക്കെടുപ്പ് | 23 1.20 | P |
| ഇസഹാക്കിന്റെ വിവാഹം | 24.1-67 | J |
| അബ്രാഹത്തിന്റെ പിൻഗാമികൾ | 25.1-18 | P & J |
| **ഇസഹാക്കും യാക്കോബും** | | |
| ഏസാവിന്റെയും യാക്കോബിന്റെയും ജനനം | 25.19-34 | J, P |

| | | |
|---|---|---|
| ഇസഹാക്ക ഗെരാറിലും ബേർശേബായിലും | 26.1 35 ... | J, P |
| യാക്കോബിന് അനുഗ്രഹം ... | 27.1-45 ... | J |
| യാക്കോബിൻെറ പലായനം ... | 27.46—28.9 | P |
| ബഥേലിലെ ദർശനം ... | 28.10-22 ... | J & E |
| യാക്കോബിൻെറ വിവാഹങ്ങൾ ... | 29.1-30 ... | J, E |
| യാക്കോബിൻെറ സന്തതികൾ ... | 29.31—30.24 | J & E |
| യാക്കോബ് ലാബാനെ മട്ടപ്പിക്കുന്നു | 30.25.43 ... | J, E |
| യാക്കോബിൻെറ വിടവാങ്ങൽ ... | 31.1-21 ... | E, J |
| ലാബാൻ യാക്കോബിനെ പിന്തുടരുന്നു | 31.22-42 ... | E, J |
| ലാബാനും യാക്കോബും ഉടമ്പടിയിൽ | 31.43—32.3 | J & E |
| ഏസാവിനെ കാണാൻ ഒരുക്കം ... | 32 4.22 ... | J & E |
| യാക്കോബിൻെറ മല്പിടുത്തം ... | 32.23-33 ... | J |
| യാക്കോബും ഏസാവും-കൂടിക്കാഴ്ച ... | 33 1-20 ... | J, E |
| ദീനായെ ബലാൽസംഗംചെയ്യുന്നു ... | 34.1-31 ... | J & E |
| യാക്കോബ് ബഥേലിൽ ... | 35 1-29 ... | E & P |
| ഏസാവിൻെറ പിൻഗാമികൾ ... | 36.1-4 ... | P |

## യൗസേപ്പിൻെറ ചരിത്രം

| | | |
|---|---|---|
| യൗസേപ്പ് വില്ക്കപ്പെടുന്നു ... | 37 1-36 ... | J & E |
| യൂദായും താമാറും ... ... | 38 1-30 ... | J |
| യൗസേപ്പിനെ പ്രലോഭിപ്പിക്കുന്നു ... | 39.1-23 ... | J |
| യൗസേപ്പ് ബന്ദികളുടെ സ്വപ്നങ്ങൾ പൊരുളതിരിക്കുന്നു | 40.1-23 ... | E |
| ഫറവോൻെറ സ്വപ്നങ്ങൾ വിശദീകരിക്കുന്നു ... | 41 1-57 ... | E, J |
| യൗസേപ്പും സഹോദരന്മാരും, ആദ്യത്തെ കൂടിക്കാഴ്ച ... | 42 1-38 ... | E, J |
| ഈജിപ്തിലേക്കു രണ്ടാമത്തെ യാത്ര | 43.1-34 ... | J, E |
| യൂദാ ബെഞ്ചമിനുവേണ്ടി ആവലാതിപ്പെടുന്നു ... | 44 1-34 ... | J |
| യൗസേപ്പ് സ്വയം വെളിപ്പെടുത്തുന്നു | 45 1-28 ... | J & E |
| യാക്കോബ് ഈജിപ്തിലേക്ക് ... | 46 1 31 ... | J, E & P |
| എബ്രായർ ഈജിപ്തിൽ ... | 47 1-31 ... | J & P |
| യാക്കോബ് യൗസേപ്പിൻെറ പുത്രന്മാരെ സ്വീകരിക്കുന്നു ... | 48.1.22 ... | J & E P |
| യാക്കോബിൻെറ അനുഗ്രഹങ്ങൾ | 49.1-33 ... | J |
| യാക്കോബിൻെറ സംസ്കാരം - യൗസേപ്പിൻെറ അന്ത്യചെയ്തികൾ | 50.1 26 ... | J, E & P |

E = എലോഹ്യ (Elohistic) പാരമ്പര്യം
Y/J = യാഹ്വേയ (Yawhistic) പാരമ്പര്യം
P = ആചാര്യ (Priestly) പാരമ്പര്യം

LIBRARY
15829

3 'യേശുക്രിസ്തു വിരുദ്ധ വീക്ഷണങ്ങളിൽ' കേരളസഭക്ക് അനർഘമായ ഒരു സംഭാവന''

പ്രൊഫ. ജോർജ്ജ് ഓണക്കൂർ
തിരുവനന്തപുരം

''യുക്തിവാദികളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുന്നു''

മാർ. ജോർജ്ജ് പുന്നക്കോട്ടിൽ
കോതമംഗലം ബിഷപ്പ്

''ക്രിസ്തുവിൻെറ വ്യക്തിത്വം പൂർണ്ണമായി പ്രകാശിപ്പിക്കുന്നു''

റൈററ്. റവ. ററി. എസ്
ജോസഫ്
സി. എസ്. ഐ. ബിഷപ്പ്
കോട്ടയം

# ആദ്യ ഉടമ്പടി Vol - I
# ആദിമപിതാക്കൾ

മാത്യു ജെ. പള്ളിത്താനം.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ സമ്മേളിച്ച 2344 കത്തോലിക്ക സഭാദ്ധ്യക്ഷന്മാർ ഒത്തൊരുമിച്ച് അഭൂതപൂർവ്വമായൊരു പ്രഖ്യാപനം നടത്തി—ക്രിസ്തുവിൻെറ തിരുശരീരം പോലെതന്നെ ദൈവവചനവും ജീവൻെറ ഭോജനം ആകുന്നു എന്ന്. സുരക്ഷിതമായും ഫലപ്രദമായും ആ ദൈവികജീവൻ ഏവർക്കും സ്വാംശീകരിക്കത്തക്കവിധം മതിയായ ഭാഷ്യങ്ങളോടുകൂടിത്തന്നെ ബൈബിൾ അക്രൈസ്തവർക്കുപോലും നല്കുവാൻ മെത്രാന്മാർക്കുള്ള കടമയെയും കൗൺസിൽ ഊന്നിപ്പറഞ്ഞു? രാഷ്ട്രപിതാവായ ഗാന്ധിജി 1920_ൽ ബൈബിളിനെക്കുറിച്ചു പറഞ്ഞതോർത്താൽ ... നമുക്കു ബൈബിളിനോടുള്ള പ്രതിപത്തിയെക്കുറിച്ചു ലജ്ജിക്കേണ്ടതായിവരും: ''ബൈബിൾ! ഏതു വഴിയിലേക്കു തിരിയണമെന്ന് എനിക്ക് അറിയാൻ വയ്യാത്ത പല ഘട്ടങ്ങളുണ്ടായി. എന്നാൽ ഞാൻ ബൈബിളിലേക്കു തിരിയുകയും ശക്തി നേടുകയും ചെയ്തിട്ടുണ്ട്...ബൈബിൾ പാരായണം എനിക്കു നിർവൃതി നല്കുന്നു...ബൈബിളിനെ ഞാൻ വണങ്ങുന്നു...ക്രിസ്തുവിൻെറ ഗിരിപ്രഭാഷണം എനിക്കു നിർവൃതി നൽകുന്നു. ആ മധുരോക്തികൾ ഇന്നും എൻെറ ആത്മവേദന പരിഹരിക്കാൻ ശക്തമായിരിക്കുന്നു''. ബൈബിളിലെ അത്യന്തം സങ്കീർണ്ണവും പ്രശ്നജനകവുമായ വിവരണങ്ങളാണു പഞ്ചഗ്രന്ഥിയിലുള്ളവ. അവയിൽ അന്തർലീനമായ ജീവാമൃതം നുകർന്ന് ആത്മനിർവൃതി നേടണോ? ഈ ആദ്യ ഉടമ്പടിയോളം സഹായകമായ മറെറാരു വിശിഷ്ട ഭാഷ്യം കേരളത്തിൽ ഇന്നോളം ഉണ്ടായിട്ടില്ല.

വില 15.00

വിതരണം

ജനതാ ബുക്ക്സ്ററാൾ

തേവര—എറണാകുളം—ആലുവ

JS 00090 / SN 00150 / 828315 / 1650-1

# ആദ്യഉടമ്പടി

JANATHA BOOKS
ERNAKULAM

മാത്യു.ജെ.പള്ളിത്താനം

0.82

Indic Digital Archive Foundation
gpura.org